ധനകാര്യം

## 2014–2015 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിലെ

## ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V–ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥന യുടെയും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് ഭൂനികുതി എന്ന VI–ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാ ഭരണവും പലവകയും എന്ന XI–ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI–ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ കാണിച്ചിട്ടുള്ള പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്ന തിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014–2015 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 3–2–2014–ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക. | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ രൂപ. |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| (i) | കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | 76,36,70,000 | – | 152,73,40,000 | – | 152,73,40,000 |
| (ii) | ഭവന നിർമ്മാണം | 40,59,38,000 | 21,88,33,000 | 81,18,77,000 | 43,76,67,000 | 124,95,44,000 |
| (iii) | ഭൂനികുതി | 158,50,80,000 | – | 317,01,62,000 | – | 317,01,62,000 |

| | | | | | | |
|---|---|---|---|---|---|---|
| (iv) | ജില്ലാഭരണവും പല വകയും | 150,55,36,000 | – | 301,10,71,000 | – | 301,10,71,000 |
| (v) | പ്രകൃതി ക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 108,57,00,000 | – | 217,14,00,000 | – | 217,14,00,000 |

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V–ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ കാണിച്ചിട്ടുള്ള പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതി എന്ന VI–ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാ ഭരണവും പല വകയും എന്ന XI–ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI–ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള

തുകകൾ 2014–15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V–ാം നമ്പർ ധനാഭ്യർത്ഥനയെയും ഭവനനിർമ്മാണം എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയെയും ഭൂനികുതി എന്ന VI–ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാഭരണവും പലവകയും എന്ന XI–ാം നമ്പർ ധനാഭ്യർത്ഥനയെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI–ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശുപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ V – കാർഷികാദായനികുതിയും
വിൽപ്പന നികുതിയും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1) ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാർഷികാദായനികുതിയും വിൽപ്പന നികുതിയും എന്ന V–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ചെക്ക്

പോസ്റ്റുകൾ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2) ശ്രീ. പി. തിലോത്തമൻ: സർ, കാർഷികാദായനികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതായും തന്മൂലം ഉണ്ടായിട്ടുള്ളതായും പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3) ശ്രീ. വി. ശശി: സർ, കാർഷികാദായനികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (വാണിജ്യ നികുതി ഊർജ്ജിതവും സമയബന്ധിതവുമായും പിരിച്ചെടുക്കുന്നതിനുള്ള താൽപര്യക്കുറവ് മൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4) ശ്രീ. കെ. രാജു: സർ, കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ട്രെയിൻ മുഖേനയുള്ള കള്ളക്കടത്തും, നികുതി വെട്ടിപ്പും കണ്ടെത്തി തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന

സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5) ശ്രീ. ഇ. കെ. വിജയൻ: സർ, കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേതാണ് (ചെക്ക് പോസ്റ്റുകളെ ആധുനികവൽക്കരിച്ച് അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതു കാരണം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6) ശ്രീ. എം. ചന്ദ്രൻ: സർ, കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേതാണ് (നികുതി സ്രോതസ്സുകളിൽ നിന്നും കൃത്യമായി നികുതി പിരിക്കാതെ വീണ്ടും പുതിയ നികുതി ഭാരം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7) ശ്രീ. രാജു എബ്രഹാം: സർ, കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേതാണ് (ചെക്ക് പോസ്റ്റുകൾ കാലോചിതമായി നവീകരിക്കാത്തതിനാൽ നികുതി വെട്ടിപ്പ് തടയാൻ കഴിയാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8) ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേതാണ് (സംസ്ഥാന ലോട്ടറി നടത്തിപ്പിൽ വീഴ്ച വരുത്തുന്നതു മൂലം ഖജനാവിന് നഷ്ടം ഉണ്ടാക്കുന്നത് തടയാൻ കഴിയാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9) ശ്രീ. പി. കെ. ഗുരുദാസൻ: സർ, കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേതാണ് (സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും നികുതി വെട്ടിപ്പ് നടത്തുന്നത് തടയാൻ സാധിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10) ശ്രീ. എളമരം കരീം: സർ, കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേതാണ് (കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തി അധിക വിഭവ സമാഹരണം നടത്താൻ സാധിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11) ശ്രീ. എ. കെ. ബാലൻ: സർ, കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേതാണ് (വൻകിട

തോട്ടമുടമകൾ കാർഷിക മേഖലയിൽനിന്നും നൽകേണ്ട നികുതി വെട്ടിക്കുന്നത് തടയാൻ യാതൊന്നും ചെയ്യാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12) ഡോ. ടി. എം. തോമസ് ഐസക്: സർ, കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേതാണ് (റവന്യൂക്കമ്മി കുറച്ചുകൊണ്ടു വരുന്നതിന് സർക്കാരിന് സാധിക്കാത്തതിനെക്കുറിച്ച് സി.എ.ജി. നടത്തിയതായി പറയപ്പെടുന്ന വിമർശനം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

13) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേതാണ് (അന്തർസംസ്ഥാന ബസ്സുകളിലും തീവണ്ടികളിലും അനധികൃതമായി സാധനങ്ങൾ കടത്തുന്നതുമൂലമുണ്ടാകുന്നതായി പറയപ്പെടുന്ന നികുതി നഷ്ടത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

കാർഷികാദായനികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 152,73,40,000 ക. യിൽ

നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

14. ശ്രീ. കെ. സുരേഷ് കുറുപ്പ്
15. ശ്രീ. കെ. വി. വിജയദാസ്
16. ശ്രീ. സി. കൃഷ്ണൻ
17. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
18. ശ്രീ. എം. ഹംസ
19. ശ്രീ. ബി.ഡി. ദേവസ്സി
20. ശ്രീ. കെ. ദാസൻ
21. ശ്രീ. വി. ചെന്താമരാക്ഷൻ
22. ശ്രീ. കെ. കെ. നാരായണൻ
23. ശ്രീമതി കെ. കെ. ലതിക
24. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
25. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
26. ശ്രീ.പി. റ്റി. എ. റഹീം
27. ശ്രീ. പുരുഷൻ കടലുണ്ടി
28. ശ്രീ. എ. പ്രദീപ് കുമാർ
29. ശ്രീ. ബി. സത്യൻ
30. ശ്രീമതി കെ. എസ്. സലീഖ
31. പ്രൊഫ. സി. രവീന്ദ്രനാഥ്
32. ശ്രീ. സി. കെ. സദാശിവൻ
33. ശ്രീ. ബാബു. എം. പാലിശ്ശേരി

ധനാഭ്യർത്ഥന നമ്പർ XXI – ഭവനനിർമ്മാണം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1) ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഭവനനിർമ്മാണം എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 124,95,44,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (എം.എൻ. ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ പരാജയപ്പെട്ടതുമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2) ശ്രീ. പി. തിലോത്തമൻ: സർ, സർ, ഭവനനിർമ്മാണം എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 124,95,44,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ കഴിയാതെ പോയതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3) ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഭവനനിർമ്മാണം എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 124,95,44,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ഇടത്തരം വരുമാനക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതികൾ ഭവന നിർമ്മാണ ബോർഡ് മുഖേന ആവിഷ്ക്കരിച്ച് നടപ്പാക്കാതിരിക്കുന്നതായി പറയപ്പെടുന്ന

സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4) ശ്രീ. വി. ശശി: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 124,95,44,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (പ്രവാസികൾക്കായി പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ കഴിയാതിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5) ശ്രീ. കെ. രാജു: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 124,95,44,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഭവനരഹിതരായ മുഴുവൻ പേർക്കും ഭവനം നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6) ശ്രീ. ഇ. കെ. വിജയൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 124,95,44,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ഭവന നിർമ്മാണ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7) ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 124,95,44,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് നടപ്പാക്കിവന്ന ഭവനനിർമ്മാണ പദ്ധതികളെല്ലാം സ്തംഭിച്ചിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8) ശ്രീ. ബി. സത്യൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 124,95,44,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ഭവനനിർമ്മാണ ബോർഡിന് പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുക്കാത്തതുമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9) ശ്രീമതി കെ. എസ്. സലീഖ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 124,95,44,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുന്നതായി പറയപ്പെടുന്ന ഭവന നിർമ്മാണ പദ്ധതികളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10) ശ്രീ. സി. കെ. സദാശിവൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 124,95,44,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ഭവനനിർമ്മാണ ബോർഡിന് ധനസഹായം നൽകിയിരുന്ന സ്ഥാപനങ്ങൾ ധനസഹായം നിർത്തൽ

ചെയ്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11) പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 124,95,44,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക അപര്യാപ്തത മൂലം ഭവനനിർമ്മാണ ബോർഡിന് പദ്ധതികളൊന്നും നടപ്പിലാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 124,95,44,000 രൂ. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

12. ശ്രീ. കെ. സുരേഷ് കുറുപ്പ്

13. ഡോ. ടി. എം. തോമസ് ഐസക്

14. ശ്രീ. കെ. വി. വിജയദാസ്

15. ശ്രീ. രാജു എബ്രഹാം

16. ശ്രീ. പി. റ്റി. എ. റഹീം

17. ശ്രീ. കെ. രാധാകൃഷ്ണൻ

18. ശ്രീ. പുരുഷൻ കടലുണ്ടി

19. ശ്രീ. എ. പ്രദീപ് കുമാർ

20. ശ്രീ. കെ. കെ. നാരായണൻ

21. ശ്രീമതി കെ. കെ. ലതിക

22. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

23. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

24. ശ്രീ. സി. കൃഷ്ണൻ

24. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

25. ശ്രീ. എം. ഹംസ

26. ശ്രീ. പി. കെ. ഗുരുദാസൻ

27. ശ്രീ. എളമരം കരീം

28. ശ്രീ. ബി. ഡി. ദേവസ്സി

29. ശ്രീ. കെ. ദാസൻ

30. ശ്രീ. വി. ചെന്താമരാക്ഷൻ

31. ശ്രീ. എം. ചന്ദ്രൻ

32. ശ്രീ. എ. കെ. ബാലൻ

33. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ധനാഭ്യർത്ഥന നമ്പർ VI – ഭൂനികുതി

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1) ശ്രീ. കെ. വി. വിജയദാസ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 317,01,62,000 ക. ഒരു ഉറു പ്പികയായി കുറവുചെയ്യേണ്ടതാണ് (ഭൂമി തട്ടിപ്പിനിരയായവരുടെ ഭൂനികുതി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2) ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 317,01,62,000 ക. ഒരു ഉറു പ്പികയായി കുറവുചെയ്യേണ്ടതാണ് (കടകംപള്ളിയിൽ കേസിലുള്ള ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥരിൽ നിന്നുള്ള നികുതിപിരിവിനെ അഡ്വക്കേറ്റ് ജനറൽ തടഞ്ഞതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള ളിച്ചിട്ടുള്ള 317,01,62,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ട താണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

3. ശ്രീ. വി. ശശി

4. ശ്രീ. ഇ. ചന്ദ്രശേഖരൻ

5. ശ്രീമതി ഗീതാ ഗോപി

6. ശ്രീമതി ഇ. എസ്. ബിജിമോൾ

7. ശ്രീ. മുല്ലക്കര രത്നാകരൻ

8. ശ്രീ. ഇ. കെ. വിജയൻ

9. ശ്രീ. കെ. രാജു

10. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

11. ശ്രീ. എം. ഹംസ

12. ശ്രീ. പി. കെ. ഗുരുദാസൻ

13. ശ്രീ. എളമരം കരീം

14. ശ്രീ. ബി.ഡി.ദേവസ്സി

15. ശ്രീ. കെ. ദാസൻ

16. ശ്രീ. വി. ചെന്താമരാക്ഷൻ

17. ശ്രീ. എം. ചന്ദ്രൻ

18. ശ്രീ. എ. കെ. ബാലൻ

മി. സ്പീക്കർ: കട്ട് മോഷനുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, കട്ട്മോഷനുകൾ വളരെ വ്യർത്ഥമായിട്ടുള്ള അഭ്യാസമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ അവതരിപ്പിക്കുന്ന മോഷനിൽ ഏതെങ്കിലും പ്രത്യേക സവിശേഷ പ്രശ്നത്തിൽ ജനശ്രദ്ധ കൊണ്ടുവരുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ സംസാരിക്കാനും വോട്ടിംഗ് തന്നെ കട്ട്മോഷനോടൊപ്പം ഉണ്ടാകുമായിരുന്നു.

ഇന്ന് അങ്ങനെയൊന്നുമല്ല. അതുകൊണ്ട് ഇത് പുന:പരിശോധനയ്ക്ക് വിധേയമാക്കണമെന്നാണ് എന്റെ അഭിപ്രായം.

നമ്മുടെ സംസ്ഥാനം അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മിനിഞ്ഞാ ന്നത്തെ  പ്രസംഗം കേട്ടപ്പോൾ മനസ്സിലായത് ഇങ്ങനെയൊരു സംഭവം കേരളത്തിലുണ്ടെന്ന ധാരണ അദ്ദേഹത്തിനില്ലായിരുന്നു എന്നാണ്. ഓരോ ദിവസം കഴിയുന്തോറും സ്ഥിതിഗതികൾ കൂടുതൽ മോശമായിക്കൊണ്ടിരിക്കു കയാണ്. നമ്മുടെ കയ്യിൽ കാശില്ലാതെ വരുമ്പോഴാണ് കടം മേടിക്കുന്നത്. ഏപ്രിലിൽ രണ്ടായിരം കോടി രൂപയും, മേയ് മാസത്തിൽ 1200 കോടി രൂപയും ഈ വർഷം രണ്ട് മാസം പിന്നിടുമ്പോൾതന്നെ കടം വാങ്ങിക്കഴിഞ്ഞിരിക്കുന്നു. ജൂൺ മാസത്തേയ്ക്കുള്ള 800 കോടി രൂപയുടെ അപേക്ഷയും കൊടുത്തിട്ടുണ്ട്. അത് ജൂണിൽ കിട്ടുമോയെന്ന് അറിയില്ല. കാരണം, ഓരോ ക്വാർട്ടറിലും വാങ്ങാവുന്ന പണത്തിന് പരിധി കൽപ്പി ച്ചിട്ടുണ്ട്.  കഴിഞ്ഞ വർഷം ആദ്യത്തെ രണ്ട് മാസം ആകെ എടുത്തത് 1200 കോടി രൂപ മാത്രമാണ്. കഴിഞ്ഞ വർഷം ആദ്യത്തെ രണ്ട് മാസം 1200 കോടി രൂപ കൊണ്ട് കാലക്ഷേപം ചെയ്യാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇത്തവണ 3200 കോടി രൂപ വേണ്ടിവന്നു. ഇതിൽനിന്ന് നമുക്ക് ഊഹിക്കാവുന്നതാണ് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി എങ്ങോട്ടാണ് നീങ്ങി ക്കൊണ്ടിരിക്കുന്നതെന്ന്. ഇത് അതീവ ഗൗരവമായ സ്ഥിതിവിശേഷമാ ണെന്നാണ് ഞാൻ കരുതുന്നത്. ഇത് ഞൊണുക്ക് വിദ്യകൾകൊണ്ട് മൂടിവച്ചിട്ട് യാതൊരു കാര്യവുമില്ലായെന്നാണ് ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ.എം. മാണി ഇവിടെ കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ കമ്മിയൊന്നുമില്ല, എല്ലാം നിയന്ത്രണവിധേയമാണ് എന്നൊക്കെ പറഞ്ഞു. ബഡ്ജറ്റ് ചർച്ചയിൽ അതായിരുന്നു എന്റെ പ്രധാനപ്പെട്ട വാദം. അങ്ങ് അതിനെ പുച്ഛിച്ച് തള്ളുകയും ചെയ്തു. കണക്കുകളൊക്കെ ചില അസംഷൻസിനെ അടിസ്ഥാനമാക്കിയുള്ളതാണ്. ഡോ. തോമസ് ഐസക്കിന് അദ്ദേഹത്തിന്റെ അസംഷൻ, എനിക്ക് എന്റെ അസംഷൻ എന്നൊക്കെ പറഞ്ഞുപോയി. ഇപ്പോൾ അസംഷനൊക്കെ മാറ്റിവയ്ക്കാം. കാരണം ഇപ്പോൾ സി.ആന്റ്.എ.ജി.യുടെ പ്രിലിമിനറി അക്കൗണ്ട്സ് കണക്ക് വന്നിട്ടുണ്ട്. വരുമാനം 11 ശതമാനവും ചെലവ് 20 ശതമാനവും വർദ്ധിക്കുമെന്നാണ് അങ്ങ് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത്. പക്ഷേ കണക്ക് തയ്യാറാക്കുന്നതിനുവേണ്ടി അനുമാനിച്ചപ്പോൾ വരുമാനം 24 ശതമാനം വർദ്ധിക്കും. ചെലവ് 14 ശതമാനം മാത്രമെ വർദ്ധിക്കുക യുള്ളൂയെന്നും കമ്മി റവന്യൂ ഡെഫിസിറ്റ് 2270 രൂപയായിരുന്നത് 6208 രൂപയായി മാത്രമെ വർദ്ധിക്കുകയുള്ളൂ എന്ന് ശഠിച്ചു. സി.ആന്റ്.എ.ജി.യുടെ കണക്ക് പ്രകാരം 10621 രൂപയാണ് ഇപ്പോൾ കമ്മി റവന്യൂ ഡെഫിസിറ്റ്. ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ കമ്മി റവന്യൂ ഡെഫിസിറ്റ് 2227 ആണെന്നു പറഞ്ഞു. ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ കമ്മി 0.54 (പോയിന്റ് അഞ്ച് നാല്) ശതമാനം ആയിരുന്നു. അതുവച്ച് അങ്ങ് പറഞ്ഞ കാര്യങ്ങളൊക്കെ ഈ സഭയ്ക്കകത്തുള്ളവർക്ക് ഓർമ്മയുണ്ട്. എങ്ങനെയാണ് അടുത്ത വർഷമാകുമ്പോൾ മിച്ച ബഡ്ജറ്റായി മാറുന്നത്. ഇപ്പോൾ നമ്മുടെ റവന്യൂ കമ്മി 2.64 ശതമാനം ആണ്. വായ്പ എടുക്കുന്നതിനെ കഠിനമായി

എതിർത്തിരുന്ന ഒരാളാണ് അങ്ങ്. സംസ്ഥാനം കടക്കെണിയിലേയ്ക്ക് പോകുന്നുവെന്ന് അങ്ങ് എപ്പോഴും പറയാറുള്ളതാണ്. എന്നാൽ ഇപ്പോൾ എന്താണുണ്ടായത്. സംസ്ഥാന വരുമാനത്തിന്റെ മൂന്ന് ശതമാനം മാത്രമേ വായ്പയെടുക്കാൻ കേന്ദ്ര സർക്കാർ അനുവദിക്കൂ. അങ്ങ് സ്പെഷ്യൽ സാങ്ഷൻ വാങ്ങി പരിധി കടന്നും വായ്പയെടുത്തതിന്റെ ഫലമായി കഴിഞ്ഞ വർഷത്തെ ധനക്കമ്മി 14177 കോടി രൂപയാണ്, അതായത് 3.52 ശതമാനം. മൂന്ന് ശതമാനം മാത്രമെ വായ്പയെടുക്കാൻ അനുവദിക്കുക യുള്ളൂ. അനുവദനീയമായ പരിധിയും കവിഞ്ഞ് സ്പെഷ്യലായി കേന്ദ്ര സർക്കാരിൽനിന്നും അനുവാദം വാങ്ങി വായ്പ എടുക്കേണ്ടിവന്നു. ഇത് ഗൗരവമായ ഒരു സ്ഥിതിവിശേഷമാണ്. റവന്യൂ കമ്മി കൂടുക എന്നു പറഞ്ഞാൽ നമുക്ക് ലഭിക്കുന്ന റവന്യൂ വരുമാനം അതായത് നികുതികളും മറ്റ് ഗ്രാന്റുകളുംകൊണ്ട് ചെലവ് നടത്താൻ തികയാതെ, ശമ്പളം കൊടുക്കാനും ബാക്കിയുള്ള ചെലവുകൾക്കുമായി ദൈനംദിന ചെലവിന് വായ്പ എടുക്കേണ്ടി വരുന്നു. അങ്ങനെ വായ്പയെടുത്ത് ദൈനംദിന ചെലവിന് വിനിയോഗിച്ചതിന്റെ ഫലമായി ഇപ്പോൾ കോൺട്രാക്ടർമാർക്ക് 3000 കോടി രൂപ കുടിശ്ശിക വന്നു. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് വിളിച്ചുകൂട്ടിയ സെമിനാറിൽ ഞാൻ രണ്ടുമൂന്ന് തവണ പരസ്യമായി പ്രസംഗി ച്ചിരുന്നു. അദ്ദേഹം വളരെ ഭാഗ്യം ചെയ്ത ഒരു മന്ത്രിയാണ്. കാരണം കേരള സമ്പദ്ഘടന (കേരള ധനകാര്യം) ഒരു പുതിയ ഘട്ടത്തിലേയ്ക്ക് കട ക്കുകയാണ്. നമ്മുടെ റവന്യൂ കമ്മി ഇല്ലാതാകാൻ പോകുകയാണ്. നിയമം പാസ്സാക്കിയിട്ടുണ്ട്. മൊത്തത്തിലുള്ള ഗതിയും അങ്ങനെയാ യിരുന്നു. അതുകൊണ്ട് ഒരു സംശയവുമില്ല. റവന്യൂ കമ്മി പൂജ്യമായാൽ

വായ്പ എടുക്കുന്നത് മുഴുവൻ റോഡിന്റെയും പാലത്തിന്റെയും പണിക്കുവേണ്ടി കൊടുക്കാം. എം.എൽ.എ.മാർ ആവശ്യപ്പെടുന്ന റോഡുകളും പണിയാം. ഇത് പുതിയൊരു ഘട്ടമാണ്. അങ്ങനെയൊരു ഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയാകാൻ കഴിഞ്ഞത് മഹാഭാഗ്യ മെന്ന് പറഞ്ഞു. ഇപ്പോൾ അദ്ദേഹം എങ്ങനെ നിന്ന് പിഴയ്ക്കാമെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സകല കോൺട്രാക്ടർമാരും വന്നു കൊണ്ടിരിക്കുകയാണ്. അവർക്ക് കൊടുക്കാൻ പണമില്ല. ഈ വർഷം ഇത് മെച്ചപ്പെടുമോ? കഴിഞ്ഞ വർഷത്തെ ദു:സ്ഥിതി കഴിഞ്ഞു. ഇനി അതിനെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. ധനകാര്യ വകുപ്പിന്റെ ഡിമാന്റ് ചർച്ച ചെയ്യുമ്പോൾ ഞങ്ങൾക്ക് ചോദിക്കാനുള്ള ചോദ്യം ഈ വർഷം മെച്ചപ്പെടുമോ; അപ്പുറത്തിരിക്കുന്നവർക്കും വളരെ പ്രധാനപ്പെട്ട കാര്യമാ ണിത്. നിങ്ങളും ഇത് കേൾക്കുക. കഴിഞ്ഞവർഷം ഏപ്രിൽ മാസത്തിൽ സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനം (വാറ്റ്, സെയിൽസ് ടാക്സ്, മോട്ടോർ വെഹിക്കിൾസ് ടാക്സ്, എക്സൈസ് ടാക്സ്, സ്റ്റാമ്പ് ഡ്യൂട്ടി) 2222 കോടി രൂപയാണ്. എ.ജി.യുടെ കണക്ക് പ്രകാരം ഈ വർഷം ഏപ്രിൽ മാസത്തിൽ സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനം 2441 കോടി രൂപ. 221 കോടി രൂപ കൂടി 9.8 ശതമാനമാണ് വർദ്ധനവ്. വലിയ പ്രതി സന്ധിയൊക്കെയുണ്ടായ കഴിഞ്ഞ വർഷവും 11 ശതമാനം നികുതിവരുമാന വർദ്ധനവുണ്ടായി എന്നുപറയുമ്പോൾ ഈ വർഷം പ്രതിസന്ധി പരിഹരി ക്കാൻ പോകുന്നുവെന്ന് പറയുമ്പോഴും എ.ജി.യുടെ അവസാനത്തെ ഒരു മാസത്തെ കണക്ക് കിട്ടിയപ്പോൾ നികുതി വരുമാനത്തിലെ വർദ്ധനവ് കേവലം 9.8 ശതമാനം മാത്രമാണ്. ഇനി മെയ് മാസത്തെ കണക്കുകൂടി

പറയാം. മെയ് മാസത്തെ എ.ജി.യുടെ കണക്ക് വന്നിട്ടില്ല. ഡിപ്പാർട്ടുമെന്റിന്റെ കണക്കാണുള്ളത്. ഡിപ്പാർട്ടുമെന്റിന്റെ കണക്കനുസരിച്ച് കഴിഞ്ഞ വർഷം മെയ് മാസത്തിൽ 2630 കോടി രൂപയും ഈ വർഷം 2888 കോടി രൂപയും പിരിഞ്ഞു. 8.6 ശതമാനമാണ് വർദ്ധനവ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം ഒരുപാട് മോഹമൊക്കെയുണ്ടാകും. എന്ത് മോഹം നടക്കണമെങ്കിലും വരുമാനം വേണം. ഓരോന്ന് എടുത്ത് നോക്കാം. ഏപ്രിൽ മാസത്തിൽ സെയിൽസ് ടാക്സ് 12.3 ശതമാനവും മെയ് മാസത്തിൽ 11.3 ശതമാനവുമാണ് വർദ്ധനവ്. മോട്ടോർ വെഹിക്കിൾസ് ടാക്സ് ഏപ്രിൽ മാസത്തിൽ 6.4 ശതമാനവും മെയ് മാസത്തിൽ −22.9 (മൈനസ് ഇരുപത്തി രണ്ട് പോയിന്റ് ഒമ്പത്) ശതമാനവുമാണ്. എക്സൈസ് നികുതിയിൽ ഏപ്രിൽ മാസത്തെ വർദ്ധനവ് 54 ശതമാനവും മെയ് മാസത്തെ വർദ്ധനവ് 52 ശതമാനവുമാണ്. ഇത് യാദൃശ്ചികമായി സംഭവിച്ച ഒന്നല്ല. യഥാർത്ഥത്തിൽ സെയിൽസ് ടാക്സിലും വാറ്റ് ടാക്സിലും ഉണ്ടായിരിക്കുന്ന വർദ്ധനവ് ബിവറേജസിന്റെ സെയിൽസ് ടാക്സാണ്. മദ്യത്തിൽനിന്ന് എക്സൈസ് നികുതിയും സെയിൽസ് ടാക്സുമുണ്ട്. വാറ്റ് നികുതി, സെയിൽസ് ടാക്സ് എന്നിവയുടെ വർദ്ധനവ് എന്നുപറയുന്നത് യഥാർത്ഥ ത്തിൽ മദ്യത്തിന്റേതാണ്. മദ്യത്തിൽ നിന്നുള്ള വരുമാനം മാത്രമെ കൂടുന്നുള്ളൂ. സ്റ്റാമ്പ് ഡ്യൂട്ടിക്കും രജിസ്ട്രേഷനും ഏപ്രിൽ മാസത്തിൽ −30 (മൈനസ് മുപ്പത്) ശതമാനവും മെയ് മാസത്തിൽ −16 (മൈനസ് പതിനാറ്) ശതമാനവുമാണ്. എന്താണ് സംഭവിക്കുന്നത്; ഇത് ഗൗരവമായ ഒരു സ്ഥിതിവിശേഷമാണെന്ന് നിങ്ങൾ അംഗീകരിക്കണം. ഇത് പരിഹരിക്കാൻ നികുതി ഭരണത്തിൽ സമൂലമായ പൊളിച്ചെഴുത്ത് വേണം.

നിങ്ങൾക്കിപ്പോൾ ടാക്സ് കമ്മീഷണറുണ്ടോ? പല വകുപ്പുകളോടൊപ്പമുള്ള ടാക്സ് സെക്രട്ടറിയുണ്ട്. ടാക്സ് കമ്മീഷണറില്ല. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ മൂന്നുനാല് പ്രാവശ്യം ടാക്സ് കമ്മീഷണറുടെ ചാർജ്ജുള്ള യാൾ വന്നപ്പോൾ ചോദിക്കുന്നതിന് എന്താണ് മറുപടി പറയേണ്ടതെന്ന് അദ്ദേഹത്തിന് അറിയില്ല. എങ്ങനെയാണ് നികുതി വകുപ്പ് നടത്തിക്കൊണ്ട് പോകുന്നത്. നികുതി സെക്രട്ടറി കൃത്യമായി മറുപടിയെല്ലാം പറഞ്ഞു. ദൈനംദിന ഭരണത്തിൽ ടാക്സ് കമ്മീഷണർക്കാണ് ചുമതല. ഡയറക്ടറേറ്റിൽനിന്ന് മുകളിലോട്ട് വരുന്ന ഫയൽ മാത്രമേ സെക്രട്ടറിക്ക് നോക്കാനുള്ളൂ. ആദ്യം ആർബിട്രറിയായി ഇടപെടുന്നത് അവസാനിപ്പിക്കണം. അതിന് നിയമമുണ്ട്. വാറ്റ് എന്നുപറയുന്നത് ആർബിട്രറിയല്ല. ഒരാൾ കൂടുതൽ ഇൻപുട്ട് ടാക്സ് തുടർച്ചയായി വാങ്ങുന്നുണ്ടെങ്കിൽ അതിന്റെ അർത്ഥം അയാൾ ധാരാളം സാധനങ്ങൾ വാങ്ങുന്നു പക്ഷേ, വിൽക്കുന്നില്ല എന്നാണ്. അത് സ്റ്റോക്കിൽ കാണും. സ്റ്റോക്ക് വർദ്ധിച്ചുക്കൊണ്ടിരിക്കുന്നുണ്ടെങ്കിൽ സ്റ്റോക്കും സെയിൽസും തമ്മിലുള്ള അനുപാതം വികലമായിട്ടുണ്ട്. അതുകൊണ്ട് ഒരു ഡിക്ടറ്റീവിനെപ്പോലെ നിങ്ങൾക്ക് ഈ നികുതിയുടെ പുറകെ പോയി ഇതിൽ അവ്യക്തതകളുണ്ട്, എന്തുകൊണ്ടാണ് നിങ്ങളുടെ ഇൻപുട്ട് ടാക്സ് ഇങ്ങനെ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്, അല്ലെങ്കിൽ എന്തുകൊണ്ട് നിങ്ങളുടെ ഔട്ട്പുട്ട് ടാക്സ് വർദ്ധിക്കുന്നില്ല എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കാം. പക്ഷേ ഈ രീതി നടക്കുന്നില്ല. ഇങ്ങനെ ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സംവിധാനം ഇന്ന് കേരളത്തിലുണ്ട്. ഈ സംവിധാനം കേരളത്തിൽ മാത്രമേയുള്ളൂ. ഇതു വച്ച് ആരെങ്കിലും സ്ക്രൂട്ടണി നടത്തണ്ടേ? അതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തണ്ടേ? അതിനുപകരം ആർബിട്രറിയായി ഒരാൾ

ഒരു ചോദ്യം ചോദിക്കുമ്പോൾത്തന്നെ പാടില്ല, അതില്ല, ഇതില്ല, ഡെഫനിറ്റ്ലി നമുക്ക് ചില നിബന്ധനകൾ വയ്ക്കാം. സാങ്കേതികമായി ഇന്നയിന്ന കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഹരാസ് ചെയ്യാൻ പാടില്ല. അത് മുകളിൽനിന്നും ഇടപെടും. ബാക്കിയുള്ളത് അതിന്റെ റൂട്ടീൻ പ്രവർത്തനത്തിലൂടെ നടക്കണ്ടേ. ഇതല്ല ഇപ്പോൾ നടക്കുന്നത്. എല്ലാ തലങ്ങളിലും അനധികൃതമായ ഇടപെടലാണ്. ഏത് ഉദ്യോഗസ്ഥരോട് വേണമെങ്കിലും ചോദിച്ചു നോക്കൂ.

വാളയാർ നമ്മുടെ അഭിമാനമായിരുന്നു. 4 വർഷം അഴിമതിയുണ്ടായിട്ടില്ല. അവിടെ ഒരു അഴിമതിക്കേസിൽ പിടിക്കപ്പെട്ടാൽ തെളിവിന് വന്നവർക്ക് 25,000 രൂപ കൊടുക്കുമെന്ന് പറഞ്ഞിട്ട് വന്നിട്ടില്ല. അവിടെ ഒരു വണ്ടി പിടിച്ചുകഴിഞ്ഞാൽ അവരെ വിടാനായി ഉടൻ ഫോൺ വരും. 10 പ്രാവശ്യം ഫോൺ വന്നുകഴിഞ്ഞാൽ ആർക്കെങ്കിലും താല്പര്യം കാണുമോ; പോയി പോയി പഴയതിലും കഷ്ടമായി. ചെക്ക്പോസ്റ്റിന്റെ പ്രത്യേകത നമ്മൾ നികുതി പിരിക്കുന്നതിൽ 90% ഉല്പന്നവും കേരളത്തിന് പുറത്തുനിന്നുവരികയാണ്. വരുന്നവഴിക്ക് ചെക്ക്പോസ്റ്റിൽവച്ച് ഏത് കച്ചവടക്കാരനാണ് കൊണ്ടുവരുന്നതെന്ന് ചോദിച്ചാൽപ്പിന്നെ ആ കച്ചവടക്കാരൻ വിറ്റപ്പോൾ ഇത് കണ്ടോ എന്ന് നോക്കിപോകാം. ഓരോ കച്ചവടക്കാരനും ചെക്ക്പോസ്റ്റിൽ വച്ച് കൊണ്ടുവന്നതെത്രയെന്നുവച്ച് കിട്ടിക്കഴിഞ്ഞാൽ നികുതി വരുമാനത്തിന്റെ പകുതി പ്രശ്നം തീർന്നു. ഇത് ഗൗരവമായിട്ടുള്ള കാര്യമാണ്. ഇത് നിങ്ങളുടെ മാത്രം പ്രശ്നമായി ഞാൻ കാണുന്നില്ല. കേരളത്തിലെ നികുതി വരുമാനമെന്ന് പറഞ്ഞാൽ നിങ്ങൾ ഭരിച്ചാലും ഞങ്ങൾ ഭരിച്ചാലും ഇത് നട

ന്നുപോകേണ്ടകാര്യമാണ്. അതിന് ഒരിക്കൽ തിരിച്ചടി വന്നിട്ടുണ്ടെങ്കിൽ പിന്നീട് ഉണ്ടാക്കാമെന്ന് പറയുന്നത് വളരെ പ്രയാസമായിട്ടുള്ള കാര്യമാണ്. ഈ അനധികൃതമായ ഇടപെടൽ ഇവിടെമാത്രമല്ല അങ്ങയുടെ വകുപ്പിലെ പല സ്ഥാപനങ്ങളിലും കാണാം. ഞാൻ ഗൗരവമായിട്ടുള്ള ആക്ഷേപം ഉന്നയിക്കുകയാണ്. മാനസികപ്രയാസംകൊണ്ടാണ് പറയുന്നത്. കെ.എഫ്.സി. എന്നുപറഞ്ഞ സ്ഥാപനത്തിൽ 40% നോൺ പെർഫോർമിംഗ് അസെറ്റായി എഴുതിത്തള്ളിയതാണ്. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളും അവസാനിപ്പിച്ചതുപോലെ കെ.എഫ്.സി.യും അവസാനിപ്പിക്കാൻ തീരുമാനിച്ചിരുന്നതാണ്. ഞാൻ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ ഈ പ്രശ്നം ഉന്നയിച്ചു. അവർ പറഞ്ഞു ഇതിന്റെ പുറകെ നടക്കാൻ ഞങ്ങളില്ലായെന്ന്. ഇവിടെ മുഴുവൻ രാഷ്ട്രീയക്കാരെയും ഡയറക്ടർ ബോർഡിൽ നിന്ന് മാറ്റി. മാനേജ്മെന്റ് വിദഗ്ദ്ധൻമാർ, ഫിനാൻസ് സെക്രട്ടറി ഇവരെയെല്ലാം മാറ്റി. എന്നിട്ട് റൺ ചെയ്യാൻ പറഞ്ഞു. അവർ പരിശോധിച്ചുനോക്കിയപ്പോൾ **എൻ.പി.** ഉണ്ട് അതിന്റെ പ്രൊവിഷൻ നടത്തിയിട്ടുണ്ട്. വൈപ്പ് ഔട്ട് ചെയ്തിട്ടുണ്ടെങ്കിൽ ക്ലീൻ സ്ലേറ്റായി. വൈപ്പ് ഔട്ടൊക്കെ ചെയ്തുകഴിഞ്ഞപ്പോൾ നെറ്റ്‌വർത്ത് നെഗറ്റീവായി. 160 കോടി രൂപ കൊടുത്ത് റീക്യാപ്പിറ്റലൈസ് ചെയ്തു. അങ്ങനെ കേരള സംസ്ഥാനത്ത് സർക്കാരല്ലാതെ സ്വതന്ത്രമായി മണി മാർക്കറ്റിൽ ബോണ്ടിറക്കി പൈസ വാങ്ങിക്കാൻ കഴിയുന്ന ഒരു സർക്കാരിന്റെ ഏകസ്ഥാപനമായി അത് മാറി. അങ്ങനെയാണ് 250 കോടി രൂപ വാങ്ങിയത്. ഇനിയും വാങ്ങിക്കാം. പക്ഷെ ഇത് പഴയസ്ഥിതിയിലേക്ക് സ്ലിപ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്. കാരണം രാഷ്ട്രീയപ്രവർത്തകരെ ഡയറക്ടർ ബോർഡിൽ വച്ചു. രാഷ്ട്രീയ പ്രവർത്തകർ മോശമായിട്ടൊന്നുമ

ല്ല. പക്ഷെ അവിടെയുണ്ടായ സ്ഥിതിവിശേഷം എന്താണെന്നുവച്ചാൽ ചില രുടെ പണി വായ്പ കൊടുക്കുന്നതിൽ സേച്ഛാധിപരമായിട്ടുള്ള ഇടപെട്ട് അതിന് പെർസെന്റേജ് വാങ്ങുകയാണ്. ഞാൻ ഗൗരവമായി പറയുകയാണ്. നിയമസഭയിൽ ഞാനാദ്യമായാണ് ഒരു ഡയറക്ടറിനെക്കുറിച്ച് ആരോപണം ഉന്നയിക്കുന്നത്. ഡയറക്ടർ ബോർഡ് മെമ്പറായ കൊട്ടാരക്കര പൊന്നച്ചൻ, സ്പെസിഫിക്കായിട്ടുള്ള ഒരു കേസ് ഞാൻ വയ്ക്കുകയാണ്. വാളകത്ത് ഒരു റിസോർട്ട് തുടങ്ങുന്നതിനായി ശീനിവാസൻ എന്നയാളുടെ ഒരു അപേക്ഷയു ണ്ടായിരുന്നു. അതിന് 15 കോടി രൂപ അനുവദിച്ചു. അപ്പോൾ 20 ലക്ഷം രൂപ കമ്മീഷൻ ചോദിക്കുന്നു. അവസാനം അത് കൊടുത്തുകഴിഞ്ഞപ്പോൾ 2% വച്ച് വേണമെന്ന് ചോദിക്കുന്നു. അങ്ങയുടെ പേര് പറഞ്ഞുകൊണ്ട് ................ഞാൻ അങ്ങേയ്ക്ക് എതിരായിട്ട് ആക്ഷേപം ഉന്നയിക്കുന്നില്ല. അങ്ങയുടെ പേരുപറഞ്ഞുകൊണ്ടാണ് വാങ്ങിയത്. ഈ കമ്പനിയുടെ കൺസൾട്ടന്റ്സ് ശ്രീ. സന്തോഷ്, ഈ കമ്പനിയുടെ പ്രൊമോട്ടറുടെ അനു ജൻ ശ്രീ. ഷാജി, ഇവർ രണ്ടുപേരുമായുള്ള ഇന്റർവ്യൂവിന്റെ വീഡിയോ ചിത്രം എന്റെ കൈയ്യിലുണ്ട്. മാണിസാറിന് ആവശ്യമുണ്ടെന്നുപറഞ്ഞാണ് പൈസ കൊടുത്തതെന്ന് അവർ സമ്മതിക്കുന്നു. ഈ കളിയിൽ ഒരാൾ മാത്ര മാണ് എന്ന് സംശയിക്കരുത്. രണ്ടുപേർ ഇൻഡിപെൻഡന്റായി വീഡിയോ യിൽ കണ്ടുകഴിയുമ്പോൾ, കേട്ടുകഴിയുമ്പോൾ ഞാൻ പറയും ഇത് ഗൗരവ മായ കാര്യമാണ്. മാണിസാർ ഇത് ഞാൻ പരത്തി വഷളാക്കുന്നില്ല. അങ്ങ് ഇദ്ദേഹത്തിനെ മാറ്റിനിർത്തി അന്വേഷിക്കണം. അവിടെ നടക്കുന്ന നിയമന ങ്ങളിൽ............ ആരെവേണമെങ്കിലും ക്ലാർക്കായി നിയമിച്ചോളൂ; സീനിയർ ഓഫീസേഴ്സ് എന്നൊക്കെ പറഞ്ഞിട്ട് അവരാണ് കമ്പനി മുഴുവനും..............

മനസ്സിന് സ്വല്പം പ്രയാസമുള്ളതുകൊണ്ടാണ് പറയുന്നത്. ആ സ്ഥാപനത്തെക്കുറിച്ച് ഞാനത്രയ്ക്ക് സ്വപ്നം കണ്ടിട്ടുണ്ട്. വേറൊരു സ്ഥാപനം ഗിഫ്റ്റ്. ഞാനും ശ്രീ. പി. ചിദംബരവുമായിട്ടുള്ള അനൗപചാരിക ചർച്ചയിൽ കേരളത്തിൽ ഇങ്ങനെ ഒരുപാട് കാര്യങ്ങളുണ്ടല്ലോ നിങ്ങൾക്ക് ഒരു ധനകാര്യസ്ഥാപനം നടത്തിക്കൂടേ എന്ന് പറഞ്ഞു. ഞാൻ ആവാം എന്ന് പറഞ്ഞു അങ്ങനെയാണ് 20 കോടി രൂപ അനുവദിച്ചത്. നമ്മുടെ ശ്രീ. ജോസ് സിറിയക് സെക്രട്ടറി ആയിരുന്നു. ശ്രീ. ജോസ് സിറിയക് പറഞ്ഞത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിലാണ് വയ്ക്കേണ്ടതെന്ന്. അങ്ങനെയാണ് ഗിഫ്റ്റ് എന്ന സ്ഥാപനം ഇവിടെ വരുന്നത്. ഇൻഡ്യാ ഗവൺമെന്റുമായി എം.ഒ.യു. വച്ചു. അത് ഏറ്റവും നല്ല ബിൽഡിംഗാണ്, നിങ്ങൾ പോയി കാണേണ്ടതാണ്. കേരളത്തിലെ ആദ്യത്തെ ഗ്രീൻ ബിൽഡിംഗിലൊന്നാണ്. ഈ ഗിഫ്റ്റ് എന്നുപറയുന്ന സ്ഥാപനത്തിന് ആളെ കേരളത്തിൽ കിട്ടില്ല. സെന്റർ ഫോർ ഡവലപ്പമെന്റ് സ്റ്റഡീസിലെ പ്രൊഫസർ പോസ്റ്റുകൾപോലും ഒഴിഞ്ഞുകിടക്കുകയാണ്. കാരണം ഈ കേരളമെന്നുപറയുന്ന ഈ മൂലയിലേക്ക് ഡൽഹി വിട്ട് ആരും വരില്ല. അതുകൊണ്ട് വളരെ ശ്രമിച്ച് ഇന്റർവ്യൂവിന് വിളിച്ചപ്പോൾ 4 പേർ കേരളത്തിൽനിന്നും ആ സ്ഥാപനത്തിൽ നിന്ന് 2 പേരും വന്നു. ഇന്റർവ്യൂ ബോർഡിൽ ഇൻഡ്യയിൽ ഏറ്റവും പ്രഗത്ഭരായിട്ടുള്ളവരാണ്, അവർ പരിശോധിച്ചിട്ട് പറഞ്ഞു 4 പേരും പ്രാപ്തരല്ല എന്ന്. അങ്ങനെ യു.പി.എ. സർക്കാരിന്റെ അഡ്വൈസറായിരുന്ന ശ്രീ. ഗോവിന്ദറാവു, മാർക്സിസ്റ്റുകാരനാണെന്ന് ധരിക്കുകയൊന്നുംവേണ്ട, ശ്രീ. ഗോവിന്ദറാവു 4 പേരെ, ഐ.ജി.ഡി.ആർ.-ലെ എം.എച്ച്. സൂര്യനാരായണ, ശ്രീ. പിനാക്കി ചക്രവർത്തി, നാഷണലൈസ്ഡ് റിപബ്ലിക് ഫിനാൻസ് ആന്റ് പോളിസി, സെന്റർ

ഫോർ ഡെവലപ്മെന്റ്സിലെ ശ്രീ. ഡി. നാരായണ എന്നിവരെ സെലക്ട് ചെയ്തു. ആദ്യം പറഞ്ഞ രണ്ടുപേരും വരാൻ തയ്യാറായില്ല. ശ്രീ. ഡി. നാരായണ വന്നു. അയാൾക്കെതിരെ സ്ഥാനം കിട്ടാത്ത ഒരാൾ കേസ് കൊടുത്തു കേസ് ഹൈക്കോടതി തള്ളി. അയാൾ 60 വയസ്സ് കഴിഞ്ഞുവെന്നുപറഞ്ഞ് എക്സ്റ്റൻഷൻ കൊടുത്തില്ല. 65 വയസ്സ് വരെയുള്ള ഒരാൾക്ക് ഡയറക്ടറാവാമെന്നുംപറഞ്ഞ് പരസ്യം കൊടുത്തിരുന്നു. എന്നിട്ട് നാഷണൽ സേവിംസിന്റെ ഡയറക്ടറായിരുന്ന ശ്രീ. ജോസ് ജേക്കബ്ബിനെയാണ് വച്ചിരിക്കുന്നത്. ശ്രീ. ഉമ്മൻചാണ്ടി നിങ്ങൾ ഒരുപാട് സ്വപ്നം കാണുന്നവരാണല്ലോ നോളഡ്ജ് സൊസൈറ്റി, ഇത്, അത് എന്നൊക്കെ പറഞ്ഞിട്ട് ഇങ്ങനെയാണോ നോളഡ്ജ് സൊസൈറ്റിയുണ്ടാക്കുന്നത്. ഈ ജന്മത്ത് ഒരു അക്കാഡമിക് പേപ്പർ ഫിനാൻസിനെ സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളയാളാണോ ഇയാൾ? ഇയാളെ ഡയറക്ടറാക്കിവെച്ചിട്ട് ഇൻഡ്യയിലെ പ്രാമാണികൻമാരായ വിദ്വാൻമാരോട് കേരളത്തിൽ ഞങ്ങളിങ്ങനെയൊക്കെ ചെയ്യുന്നു നിങ്ങൾ ഒന്ന് വരണമെന്ന് പറയാനുള്ള ............

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി: സർ, അങ്ങയുടെ പേഴ്സണൽ പ്രെജുഡിസിസൊക്കെ ഇങ്ങനെ നിയമസഭയിൽ പറയാൻ പാടില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, എന്റെ അഭിപ്രായങ്ങളാണ് ഞാൻ പറയുന്നത്. മാണിസാറിന് മാണിസാറിന്റെ അഭിപ്രായങ്ങൾ പറയാനുള്ള എല്ലാ അവകാശങ്ങളുമുണ്ട്. നമ്മൾ വെറെയാരുടെയും മെഗാ ഫോൺ അല്ല. നമ്മുടെ നിലപാടുകളെപ്പറ്റി വർത്തമാനം പറയാൻ പറ്റുന്നതാണ്. ഇദ്ദേഹമുണ്ടല്ലോ......... എനിക്കെന്താ വ്യക്തി വിരോധം. ഈ മനുഷ്യനെയല്ലേ നേരത്തെയുള്ള സെർച്ച് കമ്മിറ്റി പരിശോധിച്ചിട്ട് അർഹതയില്ലെന്ന് പറഞ്ഞ് ശ്രീ. ഗോവിന്ദറാവുവിനെ

പ്രത്യേകമായി ചർച്ച ചെയ്യാൻവേണ്ടി ഏർപ്പെടുത്തിയത്. എങ്ങനെ നിങ്ങൾ അദ്ദേഹത്തെ ഡയറക്ടറാക്കും? 30 പേരുടെ ഗവേണിംഗ് ബോഡിയുണ്ടാക്കിയപ്പോൾ ഗവേണിംഗ് ബോഡി മെമ്പേഴ്സ് എല്ലാവരുംകൂടി പറഞ്ഞു മിനിസ്റ്ററെ ചെയർമാനാക്കി കഴിഞ്ഞാൽ രാഷ്ട്രീയ ഇടപെടലുണ്ടാകുമെന്ന്. അപ്പോൾ മിനിസ്റ്ററായ ഞാൻ രാജിവച്ചു. എന്നിട്ട് തീരുമാനമെന്താണ്, അത് ബൈലോയിലുള്ളതാണ്. ഇനി ഗവേണിംഗ് ബോഡിയിലെ മൂന്നിൽ ഒന്ന് മൂന്നാംവർഷം റിട്ടയർ ചെയ്യും. നിലവിലുള്ള ഗവേണിംഗ് ബോഡി തെരഞ്ഞെടുക്കും. എന്താ മാണിസാറെ ചെയ്യുന്നത്, നിലവിലുള്ള ഗവേണിംഗ് ബോഡി പിരിച്ചുവിട്ടു. പിരിച്ചുവിടാൻ നിങ്ങൾക്ക് അവകാശമില്ല. പിരിച്ചുവിട്ടിട്ടോ...... ഇൻഡ്യസർക്കാരുമായി എം.ഒ.യു. ഉണ്ടല്ലോ, അതിൽ ഇന്നയിന്ന ആൾക്കാർ വേണമെന്നുണ്ടല്ലോ, നമ്മുടെ ഉദ്യോഗസ്ഥന്മാരെയും ബാക്കി രണ്ടുമൂന്നുപേരെയും വച്ച് ഗവേണിംഗ് ബോഡി ഉണ്ടാക്കിയിരിക്കുന്നു. ഇങ്ങനെയാണോ സെന്റേഴ്സ് ഓഫ് എക്സലൻസ് ഉണ്ടാക്കുന്നത്? ആ മഹാപാതകം ചെയ്യരുത്. ഇപ്പോൾ നാലഞ്ച് പ്രൊഫസർമാരേയും ബാക്കിയുള്ളവരെയും എടുക്കാൻവേണ്ടിയുള്ള ഏർപ്പാടാണുണ്ടാക്കിയിരിക്കുന്നത്. ഇത് ഒരുകാലത്തും നന്നാക്കാൻ പറ്റില്ല. കാരണം, ഇവർ ജീവിതാവസാനം വരെയും കയറി ഇരിക്കുകയല്ലേ. ഇങ്ങനെ ഒരു സ്ഥാപനത്തെ നശിപ്പിക്കരുത്. അങ്ങ് ഇതിന്റെ ദൈനംദിന കാര്യങ്ങളൊന്നും നോക്കുന്നുണ്ടാവില്ല. ഞാൻ അങ്ങയെ വ്യക്തിപരമായ വിമർശനമായിട്ടല്ല കെ.എഫ്.സി. യുടെ കാര്യത്തിൽ പറയുന്നത്. പക്ഷെ നമ്മൾ ഇങ്ങനെ തല്പരകക്ഷികളുടെ ഉപകരണങ്ങളായി മാറാൻ പാടില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുന്നത് ഇത് കേരളത്തിന്റെ അഭിമാനമാവേണ്ട സ്ഥാപനമാണ്.

ഇന്ത്യയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് കഴിഞ്ഞ് പബ്ലിക് ഫിനാൻസിനുള്ള ഏക സ്ഥാപനമാണിത്. അത് ഇങ്ങനെ പോകാൻ പാടില്ല. എനിക്ക് വേറെ ഒരുപാട് കാര്യം പറയാനുണ്ട്. ഒരു പ്രാവശ്യംകൂടി സഭയിൽ സന്ദർഭം കിട്ടുമ്പോൾ ഞാനത് പറഞ്ഞുകൊള്ളാം. ഗൗരവമായിട്ടുള്ള സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാന സർക്കാർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി അത് മനസ്സിലാക്കണം. ആദ്യത്തെ 4 മാസം കൊണ്ടുതന്നെ 4000 കോടി രൂപ വായ്പയെടുക്കാനായി അപേക്ഷ കൊടുക്കുക, കഴിഞ്ഞ വർഷത്തിന്റെ ഇരട്ടിയാണത്. അപ്പോൾ ഈ വർഷം എങ്ങനെയിരിക്കും. കഴിഞ്ഞവർഷം അവസാനിച്ചപ്പോൾ എന്തെല്ലാം .......

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>ശ്രീ. കെ. സി. ജോസഫ്</u> : സർ, അങ്ങയുടെ 2009–10–ലെ ബഡ്ജറ്റ് പ്രസംഗമാണ്. അങ്ങ് ബഡ്ജറ്റിൽ പണം വകയിരുത്താതെ പതിനായിരം കോടി രൂപയുടെ മാന്ദ്യവൃദ്ധി പാക്കേജ് പ്രഖ്യാപിച്ചു. അതിന്റെ മുഴുവൻ സാമ്പത്തിക ബാധ്യതയും വന്നത് പിന്നീടാണ്. അതും കടക്കെണിക്ക് കാരണമായിട്ടില്ലേ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, വളരെ ഗൗരവതരമായിട്ടുള്ള ചോദ്യമാണ് അങ്ങ് ഉന്നയിച്ചിട്ടുള്ളത്. നമ്മുടെ നിലവിലുണ്ടായിരുന്ന ബഡ്ജറ്റിംഗ് രീതിയിൽനിന്ന് അറിഞ്ഞുകൊണ്ടുള്ള ചുവടുമാറ്റമാണ്. ഇവിടെയുണ്ടായിട്ടുള്ള ബഡ്ജറ്റിംഗ് രീതി എന്താണ്? ഇപ്പോഴും ചട്ടത്തിൽ ഇങ്ങനെയാണോ? പൊതുമരാമത്ത് വകുപ്പിന് എത്ര തുക മാറ്റിവയ്ക്കും? 100 കോടി രൂപയാണെന്നിരിക്കട്ടെ, 150% അവർക്ക് എ.സ്. കെടുക്കാം. കാലാകാലങ്ങളായി ഇതാണ് തത്വം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വർഷം വന്നിട്ട് എന്താ

യി? ഒരുകാര്യം വളരെ വ്യക്തമാണ്. കേരളം റവന്യൂ കമ്മി ഇല്ലാതാകുന്ന സംസ്ഥാനമായി മാറാൻ പോവുകയാണ്. സപ്പോസ് ഈ വർഷം റവന്യൂ കമ്മി ഇല്ലെന്നിരിക്കട്ടെ, അതിന്റെയർത്ഥം നിങ്ങളുടെ വായ്പയെടുക്കുന്ന പണം മുഴുവൻ ചെലവഴിക്കാൻ പറ്റുന്ന രീതിയിൽ നിങ്ങളുടെ ബില്ലുകൾ പാസ്സാകാൻ റെഡിയായി വരണമെന്നാണ്. ഈ പഴയ ചട്ടവും നിയമവും വച്ചുകൊണ്ട് ഒരുലക്ഷം കോടിരൂപയാണ് ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ പണം ഇന്ന് ഇന്ത്യാ ഗവൺമെന്റിന്റെ സെക്യൂരിറ്റിയിൽ ഇട്ടിരിക്കുന്നത്.

<u>മി. സ്പീക്കർ</u>: യെസ് ..... പ്ലീസ്.....കൺക്ലൂഡ്..........

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഉടനെ നിർത്താം. റവന്യൂ ചെലവ് പറ്റില്ല, റവന്യൂ കമ്മി പൂജ്യമാണ്. ബാക്കി പണം വരുന്നത് എന്തു ചെയ്യണം. ഈ പണം ഈ ചട്ടം മാറ്റാതെ ചെലവാക്കാൻ കഴിയില്ല. അവർ കൊണ്ടുപോയി ഇന്ത്യാസർക്കാരിന്റെ സെക്യൂരിറ്റിയിലിടുന്നു. 9% പലിശക്കു വാങ്ങുന്ന പണം മൂന്നര-നാല് ശതമാനത്തിന് ഇന്ത്യാഗവൺമെന്റ് സെക്യൂരിറ്റിയിലിടുന്നു. കേരളത്തിന്റെ അവസ്ഥ വരരുത് എന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ്. അന്നത്തെ ഫിനാൻസ് സെക്രട്ടറി ശ്രീ.ഗോയലിന് കാര്യങ്ങൾ ബോധ്യപ്പെടാൻ കുറച്ച് സമയമെടുത്തു. ഇന്ത്യയിലെ പ്രാമാണികരായ ചില വിദ്വാൻമാരുംകൂടിച്ചേർന്നാണ് ഇങ്ങനെയുള്ള ചുവടുമാറ്റം കേരളത്തിന്റെ ധനനയത്തിൽ വേണമെന്ന് തീരുമാനിച്ചത്. നികുതിവരുമാനം 20% ഉയരുന്നതിനുപകരം 10%-ൽ താഴേക്കു വന്നതിന്റെ ഫലമായിട്ടാണ് അതിപ്പോൾ തെറ്റാൻ കാരണം. നിങ്ങൾ റവന്യൂ ചെലവുകളുണ്ടാക്കിയതിന്റെ ഫലമായി റവന്യൂ കമ്മി കൂടിയതാണ് താളം തെറ്റാൻ കാരണം. ഗൗരവമായിട്ടുള്ള പ്രശ്നങ്ങളിൽ ചിലത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ

പരിഗണനയ്ക്കുവേണ്ടി ഞാൻ വച്ചിട്ടുണ്ട്. അദ്ദേഹം മുൻവിധികൾ ഒഴിവാക്കിക്കൊണ്ട്, പേഴ്സണൽ prejudice മാറ്റിവച്ചുകൊണ്ട് പരിശോധിക്കുമെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഇന്നലെ ലോക ഫുട്ബോളിൽ ഗോൾ കീപ്പർമാരുടെ ദിവസമായിരുന്നു. ബ്രസീലിന്റെ വിജയം നിഷേധിച്ചത് മെക്സിക്കോയുടെ ഗോളിയായിരുന്നെങ്കിൽ നമ്മുടെ എം.എൽ.എ. ടീമിനെ ജയിപ്പിച്ചത് നമ്മുടെ ഗോളിതന്നെയാണ്. അവർക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുകയാണ്. സാധാരണക്കാരന് ആശ്വാസം നൽകുന്ന നിരവധി പ്രവർത്തനങ്ങൾ കാഴ്ചവച്ച സർക്കാരിനു വേണ്ടിയുള്ള ധനാഭ്യർത്ഥനയാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിന്നത്. ഭൂമിയില്ലാത്തവർക്ക് ഭൂമിയും കിടപ്പാടമില്ലാത്തവർക്ക് കിടപ്പാടവും കൊടുക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ഒരളവുവരെ വിജയിക്കുകയും ചെയ്ത സർക്കാരാണിത്. സീറോ ലാന്റ്ലെസ്സ് പദ്ധതി ഇന്ത്യയ്ക്കൊട്ടാകെ പുതുമയുള്ള പദ്ധതിയായിട്ടാണ് കേരളത്തിൽ നടപ്പാക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് ഭൂമിയില്ലാത്ത ഒരാൾപോലും സംസ്ഥാനത്തുണ്ടാകാൻ പാടില്ല എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ വളരെ ശ്രമകരമായ ജോലി റവന്യൂ വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഓരോ ജില്ലയിലും ഭൂമിയില്ലാത്തവരുടെ രജിസ്ട്രേഷനെടുത്താൽ പതിനായിരക്കണക്കിനാളുകൾ അപേക്ഷിച്ചിരിക്കുന്നതുകാണാം. പല ജില്ലകളിലും കൊടുക്കാൻ ഭൂമിയില്ല. എറണാകുളം പോലുള്ള ജില്ലയിൽ കൊടുക്കാൻ കഴിയുന്ന ഭൂമിയുടെ അളവ് വളരെ ചുരുക്കമാണ്. പക്ഷേ അതിന്റെ എത്രയോ ഇരട്ടിയാണ് അപേക്ഷകർ. അതുകൊണ്ട്

മൂന്നോ നാലോ സെന്റ് ഭൂമി കൊടുക്കുന്നതിനുപകരം നഗരങ്ങളിലെ ചേരിക ളിൽ താമസിക്കുന്നവരുൾപ്പെടെയുള്ളവർക്ക് വൺ പ്ലസ് ടു എന്ന രീതിയിൽ ഫ്ളാറ്റുകൾ പണിതുകൊടുക്കാനുള്ള പദ്ധതിയെക്കുറിച്ച് എന്തുകൊണ്ട് ആലോചിച്ചുകൂടാ. ഭൂമി നമ്മുടെ സംസ്ഥാനത്തില്ല. റൊട്ടി കപ്പടാ മകാൻ ഔർ മകാൻ (ഭക്ഷണം, വസ്ത്രം, വീട്) എന്നുള്ളത് ഇന്നും നമ്മുടെ സംസ്ഥാ നത്തും ഭാരതത്തിലും നിലനിൽക്കുന്ന ഒരു മുദ്രാവാക്യമാണ്. കേരളത്തിൽ ഭൂപരിഷ്ക്കരണ നിയമം പാസ്സാക്കിയത് രണ്ടാം കേരള നിയമസഭയാണ്. 1964–ലെ ശ്രീ. ആർ. ശങ്കറിന്റെ മന്ത്രിസഭയുടെകാലത്ത് ശ്രീ. പി. ടി. ചാക്കോ അവതരിപ്പിച്ച ലാന്റ് റിഫോംസ് ആക്ടിൽ പിന്നീട് മാറ്റങ്ങൾ വരുത്തി. 1969–ൽ വന്ന മാറ്റമനുസരിച്ചാണ് കേരളത്തിലെ കുടികിടപ്പുകാർക്ക് 10 സെന്റും പാട്ടക്കുടിയാൻമാർക്ക് ഭൂമിയും കിട്ടിയത്. 1970 സെപ്തംബർ 1–ന് നടപ്പിലായ ആ നിയമം കേരളത്തിലെ ഭൂമിയില്ലാത്തവരുടെ മാഗ്നാകാർട്ടയാ യിരുന്നു. 40 ലക്ഷം പേർക്കാണ് അതിന്റെ പ്രയോജനം കിട്ടിയത്. ഇപ്പോൾ സമഗ്രമായൊരു ഭൂപരിഷ്ക്കരണ നിയമത്തിന് സമയമായി. കാരണം ഭൂമി യുടെ വിനിയോഗത്തിലും മറ്റുകാര്യങ്ങളിലും മാറ്റങ്ങൾ വരുത്തിയെങ്കിൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കൂ. 17–ാം തീയതി റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിച്ച രണ്ടാം വിഷയ നിർണ്ണയ കമ്മിറ്റിയുടെ റിപ്പോർട്ടിൽ നമ്മുടെ റീസർവ്വേയുടെ സംവിധാനത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 1960–ൽ ആരംഭിച്ച റീസർവ്വേ, 1634 വില്ലേജുകളുള്ളതിൽ 864 വില്ലേജുകളിൽ മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂവെന്നും ബാക്കിയുള്ളവ പൂർത്തിയാക്കണ മെന്നുണ്ടെങ്കിൽ ഇന്നത്തെ രീതിയിലെങ്കിൽ അതിന് 60 വർഷം വേണമെ ന്നുമാണ്. ഇനി 60 വർഷംകൂടി വർക്ക് ചെയ്തെങ്കിൽ മാത്രമേ ഇന്നത്തെ രീതി

യിൽ റീസർവ്വേ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ എന്നത് എന്തൊരു അലാർമിംഗ് സിറ്റുവേഷനാണ്. 17-ാം തീയതി ഈ സഭയിൽ അവതരിപ്പിച്ച വിഷയനിർണ്ണയ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിരിക്കുകയാണ്. ആ കമ്മിറ്റി റിപ്പോർട്ടുതന്നെ പറയുന്നു ഇത് ഔട്ട്സോഴ്സ് ചെയ്യണമെന്ന്. ഇത് ഔട്ട്സോഴ്സ് ചെയ്തുകൊണ്ട് ആധുനികമായ ഉപകരണങ്ങൾ വാങ്ങണം. ഈ റീസർവ്വേ അഞ്ച് വർഷത്തിനകം പൂർത്തിയാക്കാൻ കഴിയണം. മാത്ര വുമല്ല റീസർവ്വേ കഴിഞ്ഞിരിക്കുന്ന വില്ലേജുകളിലും നിരവധി പരാതികളുണ്ട്. വളരെ അശാസ്ത്രീയമായാണ് റീസർവ്വേ നടക്കുന്നത്. ഉദ്യോഗസ്ഥർ വന്ന് ഇത് ആരുടെ ഭൂമിയാണെന്ന് ചോദിക്കുന്നു. ആരെങ്കിലും പറയും ഇന്ന ആളുടെ ഭൂമിയാണെന്ന്. അവരുടെ പേരിൽ അത് എഴുതിക്കൊടുക്കും. കേരള ത്തിന് പുറത്തുള്ള പലരുടേയും ഭൂമി സർക്കാർ ഭൂമിയായി മാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെ റീസർവ്വേ നടത്തി അതിനകത്തുള്ള പരാതികൾ പരിഹരി ക്കാൻ റവന്യൂ വകുപ്പുമന്ത്രി മുൻകയ്യെടുക്കണം. വേണ്ടിവന്നാൽ അദാ ലത്തുകൾ വിളിച്ചുകൂട്ടി ഇതിന് പരിഹാരമുണ്ടാക്കണമെന്നാണ് എന്റെ അഭ്യർത്ഥന. റീസർവ്വേ ഡിപ്പാർട്ടുമെന്റിൽ സ്റ്റാഫ് വളരെ കുറവാണ്. പുറമ്പോ ക്കുകളുടെ അവകാശം ലോക്കൽ ബോഡീസിനാണ്. പക്ഷേ അവർക്ക് തീരു മാനമെടുക്കാൻ കഴിയുന്നില്ല. അളക്കാൻ സർവ്വേയുടെ ആൾ വരണം. പല പ്പോഴും മാസങ്ങളോളം കാത്തിരിക്കേണ്ടിവരും. അതുകൊണ്ട് അക്കാര്യ ത്തിൽ അങ്ങ് ശ്രദ്ധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എറണാകുളം ജില്ലയി ലാണ് മെട്രോയടക്കം ഏറ്റവുമധികം നിർമ്മാണപ്രവർത്തനം നടക്കുന്നത്. അപ്പോൾ ആ ജില്ലയിലുള്ള സർവ്വേ ഉദ്യോഗസ്ഥമാരെയൊക്കെ ഈ കാര്യ ങ്ങൾക്ക് വേണ്ടി വിടുന്നു. അതുകൊണ്ടുതന്നെ എറണാകുളം ജില്ലയിൽ റീ സർവ്വേ നടത്തുന്ന ഉദ്യോഗസ്ഥനമാരുടെ എണ്ണം കുറഞ്ഞുവരികയാണ്.

കേരളത്തിൽ എല്ലാവർഷവും പ്രകൃതിക്ഷോഭംമൂലം വമ്പിച്ച നാശനഷ്ടം ഉണ്ടാകുകയാണ്. വരൾച്ച കഴിഞ്ഞാലുടൻ മഴക്കെടുതിയായി. വേനൽമഴ പോലും വലിയ തോതിൽ ദുരന്തങ്ങൾ ഉണ്ടാക്കുന്നു. പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരം നാമമാത്രമാണ്. അതുപോലും വളരെ ഡിലേയാകുന്നു. ഒരു രസരമായ വസ്തുത കടൽ ക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ വകുപ്പില്ല. കടൽ ഇളകിമറിഞ്ഞ സുനാമിയിൽ തകർന്നുപോയ വഞ്ചിക്കും വലയ്ക്കും ഇഞ്ചിനുമൊക്കെ നഷ്ടപരിഹാരം കൊടുക്കാൻ കേന്ദ്രത്തിന്റെ സ്പെഷ്യൽ പാക്കേജ് വന്നപ്പോൾ മാത്രമാണ് നമുക്ക് കഴിഞ്ഞത്. ആ പാക്കേജ് കഴിഞ്ഞു. കഴിഞ്ഞയാഴ്ചയുണ്ടായ കടൽക്ഷോഭത്തിൽ വഞ്ചികൾ തകരുകയും വലകൾ നഷ്ടപ്പെടുകയും കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടു പോലും നമുക്ക് ഒന്നും കൊടുക്കാൻ കഴിയുന്നില്ല. ഇന്നത്തെ രീതിയനുസരിച്ച് ഒരു വീട് പൂർണ്ണമായും തകർന്നാൽ കൊടുക്കാൻ കഴിയുന്നത് അങ്ങേയറ്റം ഒരുലക്ഷം രൂപയാണ്. അതും വില്ലേജ് ആഫീസറും വില്ലേജുമാനും വന്ന് അളന്ന് തിട്ടപ്പെടുത്തി ഇത്ര രൂപ നഷ്ടപ്പെട്ടു എന്ന് എഴുതിക്കൊടുത്താൽ കളക്ടറുടെ അടുത്ത് ചെല്ലുമ്പോൾ അത് വെട്ടിക്കുറയ്ക്കും. ഇന്ന് നിരവധി പേർക്ക് ഭവനം നഷ്ടപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഇന്നുള്ള ചട്ടങ്ങളിൽ മാറ്റം വരുത്തണം. കേന്ദ്രത്തിനെ കൊണ്ട് അംഗീകരിപ്പിക്കണം. അതുപോലെ മത്സ്യബന്ധനോപകരണങ്ങൾ ചീനവലയുണ്ട്, കടലിൽ പോകുന്നവരുടെ ഉപകരണങ്ങൾ ഉണ്ട്. അത് നഷ്ടപ്പെട്ടാൽ അവർക്കും നഷ്ടപരിഹാരം കൊടുക്കാൻ സംവിധാനമുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. സുനാമിക്ക് ശേഷമാണ് ഡിസാസ്റ്റർ മാനേജുമെന്റിനെ കുറിച്ച് നാം ആലോചി

ച്ചത്. ഇപ്പോൾ ഡിസാസ്റ്റർ മാനേജുമെന്റ് അതോറിറ്റി ഉണ്ടാക്കിയിട്ടുണ്ട്. അതിന് മറ്റ് സംവിധാനം നമുക്ക് വേണ്ടേ? ഡിസാസ്റ്റർ മാനേജുമെന്റ് അതോറിറ്റി ഇഫക്ടീവായി പ്രവർത്തിക്കണമെങ്കിൽ പ്രത്യേക മേൽനോട്ടവും മോണിറ്ററിംഗും വേണം. എന്നുമാത്രമല്ല പ്രകൃതി ദുരന്തം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ റിലീഫ് സെന്റേഴ്സ് വേണ്ടേ? വെള്ളം കൂടുമ്പോൾ അവരെ ഒരു സ്കൂളിൽ കൊണ്ടുപോയി താമസിപ്പിക്കും. പ്രായമായ പെൺകുട്ടികൾ ആരെങ്കിലും അവിടെപ്പോയി താമസിക്കുമോ? അതുകൊണ്ട് റിലീഫ് സെറ്റിൽമെന്റിന് സംവിധാനമുണ്ടാകണം. ഞാൻ മനസ്സിലാക്കിയിടത്തോളം കേന്ദ്രം ഡിസാസ്റ്റർ മാനേജുമെന്റ് അതോറിറ്റിക്ക് പണം അനുവദിച്ചിട്ടുണ്ട്. അത് വളരെ ഇഫക്ടീലായി ചെലവഴിക്കാൻ കഴിയണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് ഡിസാസ്റ്റർ മാനേജുമെന്റിനെ സംബന്ധിച്ചാണ് പറയുന്നത്. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ഏതെങ്കിലും തരത്തിൽ അപകടത്തിൽപ്പെട്ടാൽ പെട്ടെന്ന് അവിടെ എത്തുന്നതിനുവേണ്ടിയുള്ള സംവിധാനം ഉണ്ടാകണം. രക്ഷാപ്രവർത്തനത്തിനായി ബോട്ടുകളൊക്കെ ഉണ്ടെങ്കിലും പല ബോട്ടുകളും പ്രവർത്തനരഹിതമാണ്. കോട്ടപ്പുറത്തും കൊടുങ്ങല്ലൂരിലുമുള്ള ബോട്ടുകൾ വർക്ക് ചെയ്യാൻ കഴിയുന്നില്ല. അത്തരത്തിലുള്ള ഈ സംവിധാനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതല്ലേ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, തീർച്ചയായിട്ടും പരിഷ്ക്കരിക്കണം. ഇപ്പോഴുള്ള ബോട്ടുകൾ ഡിസാസ്റ്റർ മാനേജുമെന്റിന്റേതല്ല. നമ്മുടെ ഡിപ്പാർട്ടുമെന്റുകൾ വാടകയ്ക്കെടുക്കുന്ന ബോട്ടുകളാണ്. ഇപ്പോൾ ഡിസാ

സ്റ്റർ മാനേജുമെന്റ് അതോറിറ്റിക്ക് കേന്ദ്രം പണം കൊടുക്കുകയാണ്. ആ പണം ഉപയോഗിച്ച് ആധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഉണ്ടാക്കാൻ കഴിയും എന്നതാണ് എന്റെ അഭിപ്രായം. കേരളത്തിൽ ഏറ്റവും കൂടുതൽ എണ്ണ കൈകാര്യം ചെയ്യുന്ന തുറമുഖമാണ് കൊച്ചി. എല്ലാ എണ്ണക്കമ്പനികളുടെയും സ്റ്റോറേജ് അവിടെയാണ്. റിഫൈനറി ഉണ്ട്. ഒരു ദുരന്തം ഉണ്ടാകാതിരിക്കട്ടേയെന്ന് നമുക്ക് പ്രാർത്ഥിക്കാം. എണ്ണക്കമ്പനികളിൽ ദുരന്തം ഉണ്ടായാൽ എങ്ങനെ നേരിടുമെന്ന് ആലോചിച്ചിട്ടുണ്ടോ? നമ്മൾ ഒരിക്കലും അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. അതുകൊണ്ടുതന്നെ അങ്ങനെയൊന്നും ഉണ്ടാകരുതെന്ന് പ്രാർത്ഥിക്കുന്നതിനോടൊപ്പം അത് മുൻകൂട്ടി കണ്ട് അത് ഉണ്ടായാൽ എങ്ങനെ നേരിടണം എന്ന് ആലോചിക്കണം. അതിന് എക്വിപ്മെന്റ്സ് വേണ്ടേ? ഇരുപതും ഇരുപത്തിയഞ്ചും നിലകളുള്ള ബിൽഡിംഗുകൾ കൊച്ചിയിലും തിരുവനന്തപുരത്തും ആയിക്കഴിഞ്ഞു. അങ്ങനെയുള്ള കെട്ടിടങ്ങളുടെ മുകളിൽ അപകടം ഉണ്ടായാൽ എങ്ങനെയാണ് അവിടെ എത്തുന്നത്; അതിനുപറ്റിയ ഉപകരണങ്ങൾ വാങ്ങണ്ടേ? അതുകൊണ്ടുതന്നെ ഡിസാസ്റ്റർ മാനേജുമെന്റ് അതോറിറ്റിയെ ശക്തിപ്പെടുത്താനും ആധുനിക ഉപകരണങ്ങൾ വാങ്ങാനും നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ചെറിയ കാരണങ്ങളുടെ പേരിൽ നിരവധി പേർക്ക് പട്ടയം കൊടുക്കാൻ കഴിയുന്നില്ല. മട്ടാഞ്ചേരിയിൽ മഹാരാജാവിന്റെ കാലത്ത് കൊടുത്ത രണ്ടും മൂന്നും സെന്റ് ഭൂമിയുണ്ട്. ഗ്രൗണ്ട് റെന്റാണെന്നാണ് അതിന് പറയുന്നത്. റെന്റ് വാങ്ങി ഭൂമി കൊടുത്തു. അവർക്കും പട്ടയം കൊടുക്കാൻ കഴിയുന്നില്ല. അതിന്റെ ഫയൽ അങ്ങയുടെ കയ്യിലുണ്ട്. തീർച്ചയായും അങ്ങ് കൊച്ചിയുടെ പട്ടയ വിതരണത്തിന് സഹായിച്ചിട്ടുണ്ട്. പത്ത്

നാല്പത് കൊല്ലമായി പട്ടയം കൊടുക്കാത്ത 287 പേർക്ക് പട്ടയം കൊടുക്കാൻ അങ്ങേയ്ക്കു കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. അതുപോലെ ഇനാം പട്ടയം പോക്കുവരവ് നടത്തുന്നില്ല. ഇനാം പട്ടയം എന്ന് പറയുന്നത് രാജാവിന്റെ ഭാഗത്തുനിന്നും ദേവസ്വങ്ങൾക്ക് കിട്ടിയ ഭൂമി അവരുടെ കൈവശത്തുനിന്നും വാങ്ങിയതാണ്. കഴിഞ്ഞ എട്ട് മാസം മുൻപുള്ള ഉത്തരവിലൂടെ ഇനാം പട്ടയം പോക്കുവരവ് ചെയ്തു കൊടുക്കുന്നില്ല. അതുംകൂടി അങ്ങ് ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയാണ്. റവന്യൂ വകുപ്പിന്റെ ഭാഗത്ത് നിന്നും ജനങ്ങൾക്കനുകൂലമായ നിരവധി നടപടികൾ ഉണ്ടാകുന്നു. ഈ പ്രതികൂല സാഹചര്യത്തിലും കേരളത്തിന്റെ സാമ്പത്തികസ്ഥിതി ശക്തമായി നയിച്ചു മുന്നോട്ട് കൊണ്ടുപോകുന്ന മാണി സാറിന്റെ സംഭാവന കേരളത്തിന്റെ വികസനത്തുലുണ്ട്. രണ്ട് മന്ത്രിമാരും അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഭൂമിയുമായി ബന്ധപ്പെട്ട് ഒരുപാട് പദ്ധതികൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. അത് പ്രായോഗിക തലത്തിൽ എത്രമാത്രം ഭംഗിയായി നടക്കുന്നുവെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. കോൺഗ്രസ്സിന്റെ തന്നെ നേതാവ് ശ്രീ. പി. റ്റി. തോമസ് അദ്ദേഹത്തിന് സീറ്റ് കിട്ടാത്തതിനെക്കുറിച്ച് ഇന്ന് ഒരു ആരോപണം പോലെ പറഞ്ഞത്, ഇടുക്കിയിൽ പട്ടയം കൊടുക്കാതിരുന്നത് ഒരു കോൺഗ്രസ് നേതാവിന്റെ ഇടപെടൽ കൊണ്ട് റവന്യൂ വകുപ്പുമന്ത്രി ചെയ്തെന്നാണ്. 7200 പേർക്കുള്ള പട്ടയം റെഡിയായിരുന്നു. ഇങ്ങനെ

യാണ് പെരുമാറുന്നതെങ്കിൽ, കേരളത്തിലെ ഭൂമിയില്ലാത്തവർക്ക് ഭൂമി കിട്ടുന്നതും ഭൂമിയുള്ളവർക്ക് ആ ഭൂമി സർവ്വേ ചെയ്ത് അവകാശം കിട്ടുന്നതിൽ ഈ ഗവൺമെന്റിന്റെ നിലപാട് എങ്ങനെയാണെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. എനിക്ക് തന്നെ അനുഭവമുള്ള ഒരു കാര്യമുണ്ട്. എന്റെ മണ്ഡലമായ ചടയമംഗലത്ത് മുല്ലപ്പന്തൽ എന്ന എസ്റ്റേറ്റിൽനിന്നും മൂന്നേക്കറിലധികം ഭൂമി റവന്യൂ വകുപ്പിന്റെ കസ്റ്റഡിയിലാണ്. 101 ബെനിഫിഷ്യറീസിനെ തെരഞ്ഞെടുത്തതിൽ 70 പേർക്ക് 4 സെന്റ് വച്ച് ഭൂമി അളന്ന് തിരിച്ചിട്ട് ആറുമാസമായി. എന്ത് ഇടപെടൽ കൊണ്ടാണ് ആ ഭൂമി ബന്ധപ്പെട്ടവർക്ക് കൊടുക്കാതിരിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കേണ്ടതുണ്ട്. ഇതുപോലുള്ള ഒരുപാട് സംഭവങ്ങൾ കേരളത്തിൽ നടക്കുകയാണ്. കേരളത്തിൽ ഭൂമിയില്ലാത്തവർക്ക് ഉള്ള ഭൂമി തന്നെ നൽകുന്നതും പട്ടയം ഇല്ലാത്തവർക്ക് പട്ടയം കൃത്യമായി കൊടുക്കുന്നതിലും നടപടികൾ പൂർത്തിയാക്കിയതിൽ ആ നടപടി അനുസരിച്ച് പൂർത്തിയാക്കി ഇംപ്ലിമെന്റ് ചെയ്യുന്നതിൽ വരുന്ന വീഴ്ചകൾ ആരോപണമായി ഭരണകക്ഷിനേതാക്കന്മാർ തന്നെ ഉന്നയിക്കുമ്പോൾ ഗവൺമെന്റ് അത് ഗൗരവമായി എടുക്കുകയും അടിയന്തരമായി പരിഹാരം കാണാൻ ശ്രദ്ധിക്കുകയും വേണം. രണ്ടാമത്തേത് നമ്മുടെ ഭൂമിയുമായി ബന്ധപ്പെട്ടാണ്. കേരളത്തിന്റെ ഭൂമിയാണ് കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. കടലിനും മലയ്ക്കും ഇടയ്ക്ക് കിടക്കുന്ന നമ്മുടെ ഭൂമിയുടെ തനിമ നഷ്ടപ്പെട്ടാൽ,.............ലോകത്ത് ഇതുപേലെ സൗന്ദര്യമുള്ളതും വിലയുള്ളതും പ്രകൃതി അനുഗ്രഹിക്കപ്പെട്ടതുമായ ഭൂമി വേറെയില്ലെന്നാണ് എല്ലാ പഠനങ്ങളും പറയുന്നത്. എന്നാൽ ആ ഭൂമി സ്വാഭാവികമായും നശിച്ചുകൊണ്ടിരിക്കുകയാണ്. ആ ഭൂമിയുടെ സർവ്വനാശത്തിൽ ഒരു ചെറിയ അളവിലെങ്കിലും അറുതി വരു

ന്നതിനുവേണ്ടിയാണ് നെൽ വയൽ നീർത്തട സംരക്ഷണ നിയമം ഈ സഭ തന്നെ 2008-ൽ ഐകകണ്ഠേന പാസാക്കിയത്. ആ നിയമം നിയമമാകണമെങ്കിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഡേറ്റാ ബാങ്ക് പ്രഖ്യാപിക്കണമെന്നതാണ്. എന്റെ തന്നെ ഒരു ചോദ്യത്തിന് ഉത്തരമായി മന്ത്രി മറുപടി നൽകിയത് കേരളത്തിലെ ആയിരത്തിയറുപതോളം പ്രഖ്യാപിക്കപ്പെടേണ്ട നോട്ടിഫിക്കേഷനിൽ 873 ഉം പൂർത്തിയായിയെന്നാണ്. എന്നാൽ കേരളത്തിൽ 8 ജില്ലകളിലായി പ്രഖ്യാപിക്കപ്പെട്ടതിൽ നൂറിൽ താഴെ പഞ്ചായത്തുകളാണ്. ഗവൺമെന്റിന്റെ മനോഭാവം എങ്ങനെയാണ്? ഈ ഗവൺമെന്റിന് കഴിഞ്ഞ ഗവൺമെന്റിനെ കുറ്റം പറയാം. പക്ഷെ ഈ ഗവൺമെന്റ് വന്നിട്ട് മൂന്നുവർഷമായി. ഇത്രയും പ്രഖ്യാപിക്കപ്പെടാൻ യോഗ്യമായിരിക്കുമ്പോൾ ഈ നികത്തുന്നവർക്കെതിരായി കോടതിയിൽ നിലനിൽക്കുന്ന കേസുകൾ ഉൾപ്പെടെ വിധി ഉണ്ടാകണമെങ്കിൽ ആ കേസുകൾ തന്നെ കേരളത്തിൽ ക്രിമിനൽ കുറ്റമായി അംഗീകരിക്കണമെങ്കിൽ വയൽ വയലാണെന്നും കര കരയാണെന്നും പ്രഖ്യാപിക്കേണ്ടതുണ്ട്. തൊള്ളായിരത്തിൽ താഴെ കേസുകൾ നിലനിൽക്കുമ്പോൾ ഭൂമിയുടെ അതിർ തിരിച്ച് കൃഷിവകുപ്പും റവന്യൂ വകുപ്പും ബന്ധപ്പെട്ടവരും നോക്കി പ്രഖ്യാപിക്കപ്പെടാൻ യോഗ്യമായ നോട്ടിഫിക്കേഷന് യോഗ്യമായിരിക്കുമ്പോൾ എന്തുകൊണ്ടാണ് അത് പ്രഖ്യാപിക്കാത്തത്; ആരെ സഹായിക്കാനാണ് പ്രഖ്യാപിക്കാത്തത്; ഏതെങ്കിലും സ്ഥാപിത താൽപര്യം ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റിനുണ്ടോ? 100-ൽ താഴെയുള്ളത് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. എണ്ണൂറ്റിയെഴുപത്തിമൂന്നെണ്ണം റെഡിയായിരിക്കുന്നുവെന്ന് ഉത്തരത്തിലുണ്ട്. പ്രഖ്യാപിക്കാതിരിക്കുന്നതിന് തടസ്സമില്ല. എന്തുകൊണ്ടാണ് പ്രഖ്യാപിക്കാത്തത്; എന്താണിതിന് തടസ്സം? ആ കേസു

കൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ തീർച്ചയായിട്ടും കേരളത്തിൽ ഒരു പാട് ആക്ഷേപങ്ങൾ നിലനിൽക്കുന്നുണ്ട്.

അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ (ശ്രീ. മോൻസ് ജോസഫ്)

ആറൻമുള വിമാനത്താവളത്തിന്റെ കാര്യത്തിൽ, വനം-പരിസ്ഥിതി മന്ത്രാലയം, ഗവൺമെന്റ് ബന്ധപ്പെട്ട് ആ പ്രോജക്ടുമായി സഹകരിക്കുകയില്ലെന്ന് പറഞ്ഞത് ഇപ്പോൾ മാത്രമാണ്. ആ ദിവസം ഹൈക്കോടതിയിൽ രണ്ട് കർഷകർ  കൃഷി ചെയ്യാൻ യോഗ്യമായി കോഴിത്തോടിന്റെ സ്വാഭാവികമായ ഒഴുക്ക് പുന:സ്ഥാപിച്ചു കിട്ടണമെന്ന ആവശ്യമുന്നയിച്ച് കൊടുത്ത ഒരു കേസിൽ, ഒരുമാസത്തിനകം   അത് പുന:സ്ഥാപിച്ചുകൊടുക്കണമെന്ന് കോടതിയിൽ നിന്നും അവർക്ക് അനുകൂലമായി  വിധിയുണ്ടായി. സ്വാഭാവികമായി കേരളത്തിലെ വയലുകളും നീർത്തടങ്ങളും മലകളും പാറകളും പുഴകളും  മറ്റുസംവിധാനങ്ങളും നിലനിർത്തുന്നതിന് ഇവിടെയുള്ള നിയമങ്ങൾ ശക്തമായി നടപ്പാക്കാനുള്ള ബാദ്ധ്യത റവന്യൂ വകുപ്പിനാണ്. എന്തുകൊണ്ട് റവന്യൂവകുപ്പ് ഉദ്യോഗസ്ഥരും റവന്യൂ വകുപ്പിന്റെ നടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ ബാദ്ധ്യതപ്പെട്ടവരും,...........കോടതിയിൽ നിന്ന് ഒരുപാട് വിമർശനം.... ഇതിന്റെ കൂട്ടത്തിലാണ് കടകംപള്ളിയും എറണാകുളത്തെ ഭൂമി കച്ചവട മാഫിയയുടെ ഇടപെടലും കരം സ്വീകരിക്കാൻ  നിർബന്ധിച്ചിട്ടും സ്വീകരിക്കാത്ത അവസ്ഥയും വരുന്നത്. ഇതുമായി ബന്ധപ്പെട്ട് എം. എൽ.എ.-മാർ പല തവണ സബ്മിഷൻ ഉന്നയിക്കേണ്ടി വന്നു. കേരളത്തിലെ ഭൂമിയേയും, ഭൂമിയിലെ സാധാരണ മനുഷ്യന്റെ അവകാശത്തേയും സംബന്ധിച്ച്........ ഉള്ള ഭൂമി വയലാണെങ്കിൽ വയലായി സംരക്ഷിക്കുന്നതിനും മല സംരക്ഷിക്കുന്നതിനും ഗവൺമെന്റിന്റെ താൽപ്പര്യം

ആരോടാണെന്ന് നടപടികളിൽ കൃത്യമായി പ്രഖ്യാപിക്കപ്പെടുന്നില്ലെന്നു മാത്രമല്ല, അത് ജനങ്ങൾക്കും പ്രകൃതിക്കുമെതിരാണെന്നും അത് മാഫിയയ്ക്ക് അനുകൂലമാണെന്നുമാണ് പല നടപടികളിലൂടെയും പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. ലോകത്തിന്റെ മഹാകവിയായ രവീന്ദ്രനാഥ ടാഗോർ പറഞ്ഞിട്ടുള്ളത് കാതോർത്തിരിക്കുന്ന സ്വർഗ്ഗത്തിന് സംസാരിക്കാനുള്ള ഇവിടത്തെ ആത്മാവുള്ള ജീവിയാണ് മരങ്ങൾ എന്നാണ്. അങ്ങനെയാണെങ്കിൽ കേരളത്തിലെ വയലും കരയും കാവും കുളവും ജല സംവിധാനങ്ങളും ഭൂമിയുടെ സ്വാഭാവിക സൗന്ദര്യവും സംരക്ഷണവുമെല്ലാം നിലനിർത്തേണ്ടത് റവന്യൂ വകുപ്പാണ്. അതിൽ റവന്യൂവകുപ്പ് അക്ഷരാർത്ഥ ത്തിൽ പരാജയപ്പെട്ടിരിക്കുകയാണ്. കേരളത്തിലെ ഭൂമിക്ക് ജലം കുടിക്കാനും ശുദ്ധിയായി സൂക്ഷിക്കാനുമുള്ള കഴിവുണ്ട്. എല്ലാ ഭൂമിക്കും ജല കുടിക്കാനും ജലത്തെ ശുദ്ധീകരിക്കാനുമുള്ള കഴിവില്ല. ഇതുപോലുള്ള ഭൂമി അമേരിക്കയിലും ലാറ്റിൻ അമേരിക്കയിലുമൊക്കെയേയുള്ളൂ. നമ്മുടെ വെള്ളം ഔഷധഗുണമുള്ളതാണ്. ഭൂമിക്കടിയിലെ ഭൂതലജലം ഒഴുകി താഴെ വരുന്നതുകൊണ്ട് ശുദ്ധീകരിക്കപ്പെട്ടതാണ്. തമിഴ്നാട്ടിൽ അങ്ങനെയല്ലാത്തത് അവരുടെ ഭൂതല പ്രത്യേകത കൊണ്ടാണ്. പ്ലാനിംഗ് കമ്മീഷന്റെ റിപ്പോർട്ടനു സരിച്ച് കേരളം നേരിടുന്ന ഭീകരമായ ഒരു അവസ്ഥ ജലദൗർലഭ്യമാണ്. അത് ഭാവിയിൽ ഒരുപക്ഷേ പരിഹരിക്കാൻ കഴിയുകയില്ല. ഭാരതപ്പുഴയും പെരി യാറും ഉൾപ്പെടെയുള്ള 4 പ്രധാന നദികളിലെ ജലം ആന്ധ്രയിലെ കൃഷ്ണാനദിയിലെ ജലത്തിന്റെ പകുതിയാണ്. നമ്മുടെ മറ്റ് 40 നദികളിലെ ജലം ഗോദാവരിയുടെ മൂന്നിലൊന്നാണ്. ഭൂമിയുടെ ജലം കുടിക്കാനുള്ള കഴിവും ശുദ്ധീകരിക്കാനുള്ള കഴിവും മിക്കവാറും നഷ്ടപ്പെട്ടുവെന്നാണ്

പ്ലാനിംഗ് ബോർഡിൽ നിന്നും ഈ വർഷം കിട്ടിയ റിപ്പോർട്ടിൽ പറയുന്നത്. ഇത് നിയന്ത്രിക്കുന്നതിന് എന്ത് സംവിധാനമാണുള്ളത്? എന്ത് പരിഹാരമാണുള്ളത്? കേരളത്തിൽ താലൂക്കുകൾ പ്രഖ്യാപിച്ചു. ഒരു ഗവൺമെന്റ് എത്രത്തോളം രാഷ്ട്രീയമായി, ഭരണകക്ഷിയുടെ ഏറ്റവും വലിയ സ്വാഭാവികമല്ലാത്ത സ്വാർത്ഥ താൽപ്പര്യൾക്ക് അടിമയാകുന്നുവെന്നാണ് 12 താലൂക്കുകളുടെ പ്രഖ്യാപനത്തിൽ നിന്നും മനസിലാകുന്നത്. കൊട്ടാരക്കര താലൂക്ക് വിഭജിക്കണമെന്ന് പണ്ടേ എല്ലാ കമ്മീഷൻ റിപ്പോർട്ടുകളിലുമുള്ളതാണ്. പക്ഷേ അതൊന്ന് തുറന്നുകാണാൻ, ജനാധിപത്യ സംവിധാനം ഒരു ഭരണകക്ഷി സംവിധാനത്തിന്റെ ഒറ്റക്കണ്ണ് സംവിധാനമല്ല, അത് ഭരണപക്ഷവും പ്രതിപക്ഷവുമെന്ന ഇരട്ടക്കണ്ണിൽ നോക്കി തീരുമാനമെടുക്കാനുള്ള കെൽപ്പാണ് ജനാധിപത്യത്തിന്റെ നന്മയായി പ്രതിഫലിക്കുന്നത്. ഒറ്റക്കണ്ണ് മാത്രമുള്ള ആ കണ്ണുതന്നെ ദുഷ്ടക്കണ്ണായി മാറുന്ന സംവിധാനമാണ് ഭരണകക്ഷിയുടെ റവന്യൂ വകുപ്പിന്റെ എല്ലാ നിലപാടുകളിലും കണ്ടത്. ഞാൻ അതിനെക്കുറിച്ച് നേരത്തേ പറഞ്ഞതാണ്. പക്ഷേ അതൊന്നും പരിഗണിക്കപ്പെട്ടില്ല. എന്നാലും ഒന്നുകൂടി ഉന്നയിക്കുകയാണ്. കഴിഞ്ഞദിവസം വന്ന ചർച്ചകളിൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ തെരഞ്ഞെടുപ്പ് വല്ലാതെ ചർച്ചചെയ്യപ്പെട്ടു. ഞാൻ ബന്ധപ്പെട്ടവരോട് ഒരു കാര്യമേ പറയുന്നുള്ളൂ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് ഒരുപാട് ഞെട്ടലുണ്ട്. കേരളത്തിൽ 8 സീറ്റ് കിട്ടിയതിൽ ഞങ്ങൾക്ക് വേണമെങ്കിൽ സന്തോഷിക്കാം. പക്ഷേ ഇന്ത്യയെ നോക്കുമ്പോൾ ഇന്ത്യയിലെ ഇടതുപക്ഷത്തിന് സന്തോഷിക്കാൻ പറ്റില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ചിരിക്കാൻ പറ്റില്ലെന്നുമാത്രമല്ല. ഉള്ളിൽ കരയാനും പറ്റാത്ത ഒരു വിമ്മിഷ്ടമാണ്. ഇത് ഇന്ത്യൻ രാഷ്ട്രീയത്തിൽ മതേതരത്വ രാഷ്ട്രീയ ജനാധിപത്യ സംവിധാനത്തെ നോക്കിക്കാണുന്ന ജനസമൂഹത്തെ

പ്രതിനിധീകരിക്കുന്ന എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുമുണ്ട്. ഞങ്ങൾക്ക് ആ ഞെട്ടലല്ല, 20–ൽ 20 സീറ്റ് കിട്ടിയാലും ഞങ്ങൾക്ക് ഈ ഞെട്ടൽ ഇതുപോലെയുണ്ടാകുമായിരുന്നു. എല്ലാം നഷ്ടപ്പെടുമ്പോഴും, ഭരണകക്ഷിയിൽ നിന്നുണ്ടായ ചില ശബ്ദങ്ങൾ എനിക്ക് അസഹ്യമായി തോന്നി. ഇവിടെ സംഭവിച്ചത് കേരളത്തിലെ ജയമെന്നാണ് അവർ പറയുന്നത്. അതൊന്ന് പരിശോധിക്കണം. ഇവിടെ രണ്ടുതരം വർഗ്ഗീയതയുണ്ട്. പ്രായപൂർത്തിയായ വർഗ്ഗീയതയും പ്രായപൂർത്തിയാകാത്ത വർഗ്ഗീയതയും. പ്രായപൂർത്തിയായ വർഗ്ഗീയതയാണ് ശ്രീ നരേന്ദ്ര മോദിയെങ്കിൽ പ്രായപൂർത്തിയാകാത്ത വർഗ്ഗീയതയാണ് യു.ഡി.എഫ്. ഇവിടെ ജയിച്ചത് പ്രായപൂർത്തിയാകാത്ത വർഗ്ഗീയതയാണ്, രാഷ്ട്രീയമല്ല. അത് അവർ പരിശോധിച്ചാൽ മതി. ഞാൻ ഒരു കാര്യമേ അവരോട് പറയുന്നുള്ളൂ. കോൺഗ്രസ്സിൽ നിന്ന് എത്ര പേരാണ് ബി.ജെ.പി.–യിലേയ്ക്ക് പോയത്. ഡോ. മൻമോഹൻ സിംഗിന്റെ സഹോദരൻ തെരഞ്ഞെടുപ്പ് വേദിയിൽ ശ്രീ. മോദിയെ കെട്ടിപ്പിടിക്കാൻ ചെന്നപ്പോൾ സ്വാഭാവികമായും കോൺഗ്രസ്സിന്റെ എത്ര ആളുകളാണ് ഒഴുകി അവിടെയെത്തിയത്. അതെന്തുകൊണ്ടാണെന്ന് കോൺഗ്രസ് ആലോചിക്കണം. കോൺഗ്രസ്സിന് എന്തുകൊണ്ട് ശ്രീ. മോദിയെ നേരിടാൻ പറ്റിയില്ലെന്നും, ശ്രീ. മോദിയുടെ ദർശനത്തിനെയും പ്രസംഗത്തിനെയും പ്രചരണത്തിനെയും എന്തുകൊണ്ട് എതിർക്കാൻ കഴിഞ്ഞില്ലെന്നും കോൺഗ്രസ്സുകാർ ആലോചിക്കണം. ബോംബെ നഗരത്തിൽ 1949 നവംബർ 14–ാം തീയതി ജവഹർലാൽ നെഹ്റു തന്റെ ജന്മദിനത്തിനുനടത്തിയ ഒറ്റപ്രസംഗത്തിന്റെ അലയിൽ ഗോൾവാൽക്കർ ഉണ്ടാക്കിയ മാലിന്യത്തെ മുഴുവൻ വൃത്തിയാക്കിയാണ് തിരിച്ചുപോയതെന്ന്

പറയാൻ പത്രങ്ങൾക്ക് കഴിഞ്ഞിരുന്നു. ഇന്ന് നെഹ്റു കുളിച്ച കുളത്തിൽ കുളിക്കാൻ യോഗ്യതയുള്ള ഒരു നേതാവെങ്കിലും ഇന്ത്യയിൽ കോൺഗ്രസ്സിനുണ്ടോ? ഇവിടെ കോൺഗ്രസ് തിരിച്ചുവരുമെന്ന് നേതാക്കന്മാർ പ്രഖ്യാപിച്ചു. തിരിച്ചുവന്നാൽ നല്ലത്. പക്ഷേ തിരിച്ചുവരണമെങ്കിൽ വല്ലാതെ തിരുത്തണം. വല്ലാതെ തിരുത്താനുള്ള മോഹം ഇപ്പോഴും കോൺഗ്രസിനില്ല. ബി.ജെ.പി.-യും അതുപോലുള്ള വർഗ്ഗീയതയും വന്നാൽ നിങ്ങളും മരിക്കും ഞങ്ങളും മരിക്കും. പക്ഷെ നിങ്ങൾ മരിക്കുന്നത് ആത്മഹത്യയായിരിക്കും, ഞങ്ങൾ മരിക്കുന്നത് രക്തസാക്ഷിത്വം കൊണ്ടായിരിക്കും. അങ്ങനെയാണ് എൽ.ഡി.എഫ്. നേരിടുന്നത് എന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കാർഷികാദായ നികുതിയും വില്പ നികുതിയും ഭവന നിർമ്മാണം, ഭൂനികുതി, ജില്ലാഭരണം, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഏതൊരു സർക്കാരിന്റേയും മുഖമുദ്ര എന്നുപറയുന്നത് അതിന്റെ ധനകാര്യ മാനേജ്മെന്റാണ്. ഒരു സർക്കാരിനെ ജനങ്ങൾ വിലയിരുത്തുന്നത് ധനകാര്യ മാനേജ്മെന്റിലൂടെയാണ്. കരുതലും വികസനവും എന്ന മുദ്രാവാക്യം അക്ഷരംപ്രതി യാഥാർത്ഥ്യമാക്കുന്നതിന് നമുക്ക് കഴിയുന്നത് ധനകാര്യ മാനേജ്മെന്റിൽ അതിവിദഗ്ദ്ധനായ ഒരു ധനകാര്യവകുപ്പുമന്ത്രി നമുക്കുണ്ട് എന്നതുകൊണ്ടാണ്. സ്റ്റേറ്റിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്ന മാണി സാർ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട്

അനുവദിക്കുന്നതിൽ ഉദാരമായ സമീപനം സ്വീകരിക്കുന്നു എന്നതാണ് അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയായി നമ്മൾ കാണുന്നത്. പൂ ചോദിച്ചവർക്ക് പൂന്തോട്ടം നൽകുന്ന മന്ത്രിയാണ് നമ്മുടെ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. അതുകൊണ്ടുതന്നെയാണ് കേരളത്തിലെ ജനങ്ങൾ ഒന്നടങ്കം പറഞ്ഞു കൊണ്ടിരിക്കുന്നത് ഇത്രയധികം വികസനപ്രവർത്തനങ്ങൾ നടന്ന ഒരു കാലഘട്ടം കേരളചരിത്രത്തിൽ ഇന്നുവരെയും ഉണ്ടായിട്ടില്ല എന്ന്. ആ രീതിയിലുള്ള വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കു ന്നത്. നേരത്തേ ഇവിടെ സംസാരിച്ച ആളുകൾ പറഞ്ഞു, കോൺട്രാ ക്ടർമാർക്ക് കുറച്ച് കുടിശ്ശിക കൊടുക്കാനുണ്ട് എന്ന്. അക്കാര്യത്തിലും ഉദാരമായ സമീപനം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയിൽ നിന്നും ഉണ്ടാകുമെന്നുതന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. കോൺട്രാക്ടർമാർ ബഹിഷ്കരണ ഭീഷണി മുഴക്കിയിട്ടുണ്ട്. അത്തരത്തിൽ ഒരു സാഹചര്യം ഉണ്ടാകാതെ ധനകാര്യവകുപ്പുമന്ത്രി ശ്രദ്ധിക്കുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇവിടെ ഒരുപാട് ഗവൺമെന്റുകൾ മാറിമാറി വന്നു. മാറി മാറി വന്ന ഗവൺമെന്റുകളൊക്കെ സംസ്ഥാനം ഭരിച്ചിട്ടും വീടില്ലാത്ത പലയാളുകൾക്കും വീടുണ്ടാക്കിക്കൊടുക്കാൻ സാധ്യമായിട്ടില്ല. കയറിക്കിടക്കാൻ ഒരു കൂരയില്ലാത്ത നിരവധി ആളുകൾ ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട്. ഭൂമിയില്ലാത്ത മുഴുവൻ ആളുകളെയും ഭൂവുടമകളാക്കി മാറ്റുന്നതിനുവേണ്ടി ഭൂരഹിതരില്ലാത്ത കേരളം എന്ന പദ്ധതിക്ക് രൂപം നൽകിയ ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. ഈ ഗവൺമെന്റ് മറ്റൊരു പദ്ധതിക്കുകൂടി രൂപം നൽകുകയാണ്. ഭവനരഹിതരില്ലാത്ത കേരളം എന്ന പദ്ധതിക്ക് രൂപം നൽകി വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീടുണ്ടാക്കിക്കൊടുക്കുന്നതിന് നമ്മുടെ ഗവൺമെന്റിന് കഴിയണം. ഇവിടെ

വർഷങ്ങൾക്കുമുമ്പ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ കൊണ്ടുവന്ന ലക്ഷംവീട് പദ്ധതിയുണ്ട്. ആ ലക്ഷം വീടുകളിൽ താമസിക്കുന്നത് ഒരു വീട്ടിൽ രണ്ടു കുടുംബങ്ങളാണ്. അവിടെ എത്തുന്ന ജനപ്രതിനിധികളോട് അവിടെത്താമസിക്കുന്ന ആളുകൾ പറഞ്ഞു കൊണ്ടിരിക്കുന്നത് ഈ വീടൊന്ന് ഒറ്റവീടാക്കിത്തരണം എന്നാണ്. ഒരുപക്ഷേ അന്നത്തെ കാലഘട്ടത്തിൽ രണ്ടുകുടുംബത്തിന് ഒരുവീട്ടിൽ താമസിക്കാമായിരുന്നു. ഇന്ന് ഒരു വീട്ടിൽ രണ്ടുകുടുംബം താമസിക്കുക എന്നു പറഞ്ഞാൽ നമുക്ക് ആലോചിക്കാൻ പോലും പറ്റാത്ത കാര്യമാണ്. ആ ഒരു പ്രത്യേക സാഹചര്യം മനസ്സിലാക്കി ലക്ഷം വീടുകൾ വിഭജിച്ച് ഒറ്റവീടുകളാക്കി നൽകുന്നതിനുള്ള തീരുമാനം കൂടി ഗവൺമെന്റ് എടുക്കേണ്ടതുണ്ട് എന്നുഞാൻ ഈ സന്ദർഭത്തിൽ അഭിപ്രായപ്പെടുകയാണ്. ഇവിടെ സാധാരണ ജനങ്ങൾ എപ്പോഴും ബന്ധപ്പെടുന്ന വളരെ പ്രധാനപ്പെട്ട ഓഫീസാണ് റവന്യൂ ഓഫീസുകൾ. വില്ലേജ് ഓഫീസ് ആകട്ടെ, താലൂക്ക് ഓഫീസ് ആകട്ടെ, കളക്ടറേറ്റുകളാകട്ടെ- റവന്യൂ ഓഫീസുകളാണ് ജനങ്ങൾ എപ്പോഴും ബന്ധപ്പെടുന്ന ഓഫീസ്. ഇന്ന് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പാക്കിയതുമൂലം സേവനകാര്യത്തിൽ കുറേ കാര്യങ്ങളൊക്കെ എളുപ്പമായി നടത്താൻ സാധിക്കുന്നുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ് എങ്കിൽപ്പോലും എല്ലാവിഭാഗം ജനങ്ങളും അത്തരത്തിൽ ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കുന്ന സംവിധാനത്തിലേയ്ക്ക് മാറിയിട്ടില്ല. ഇപ്പോഴും ജനങ്ങൾ അഞ്ചുരൂപ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിച്ച് നേരിട്ട് വില്ലേജ് ഓഫീസിൽ പോയി സർട്ടിഫിക്കറ്റ് വാങ്ങുന്നതാണ് എളുപ്പം എന്ന് ചിന്തിക്കുന്നവരും ആ രീതിയിൽ പ്രവർത്തിക്കുന്നവരും ഇന്ന് നമ്മുടെ സമൂഹത്തിൽ ഒട്ടേറെയുണ്ട്. നേരത്തേ ഇവിടെ ശ്രദ്ധക്ഷണിക്കൽ

അവതരിപ്പിച്ചുകൊണ്ട് പ്രിയപ്പെട്ട ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെ ഇതിന്റെ പ്രധാനപ്പെട്ട കാരണം പല അക്ഷയ സെന്ററുകളും കാര്യക്ഷമമായി പ്രവർത്തിക്കാത്തത് ഒരു ഘടകമാണ്. അക്ഷയ സെന്ററുകളിൽ സേവനത്തിന് പലപ്പോഴും ന്യായമില്ലാത്ത രീതിയിൽ ചാർജ് ഈടാക്കുന്നത് നമുക്ക് കാണാൻ കഴിയും. അതുകൊണ്ട് എനിക്ക് പറയാനുള്ളത് അക്ഷയ സെന്ററുകൾക്കുപുറമേ മുമ്പുണ്ടായിരുന്ന സംവിധാനത്തെപ്പോലെ നേരിട്ട് വില്ലേജ് ഓഫീസുകളിൽ ചെന്നാലും അവിടെ അപേക്ഷ കൊടുത്താൽ സർട്ടിഫിക്കറ്റ് ലഭിക്കുന്ന സൗകര്യം നിലനിർത്തണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. മറ്റൊരു കാര്യം, അപേക്ഷ നൽകിയ അന്നേ ദിവസം തന്നെ റേഷൻ കാർഡ് കൊടുക്കാൻ വളരെ വിപ്ലവകരമായ തീരുമാനമെടുത്ത ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അതുപോലെ തന്നെ റവന്യൂ ഓഫീസുകളിൽ എന്തെങ്കിലും ഒരു സർട്ടിഫിക്കറ്റിന് അപേക്ഷ കൊടുത്താൽ സാധാരണക്കാരായ ആളുകൾ നിരന്തരമായി ഓഫീസുകളിൽ കയറിയിറങ്ങുന്നതൊഴിവാക്കാൻ അന്നുതന്നെ സർട്ടിഫിക്കറ്റ് നൽകുന്നതിനു വേണ്ടിയുള്ള സംവിധാനുമുണ്ടാകണം. എന്നാൽ മാത്രമേ ജനങ്ങളുടെ ദുരിതത്തിന് അറുതി വരുത്താൻ സാധ്യമാവുകയുള്ളൂ. ഇന്ന് നമ്മുടെ നാട്ടിൽ എല്ലാ രംഗത്തും മാറ്റമുണ്ടായിട്ടുണ്ട്. എങ്കിൽപ്പോലും ഇനിയും മാറാത്ത ഒരു വിഭാഗമുണ്ട്. 'എന്നെ തല്ലണ്ട അമ്മാവാ ഞാൻ നന്നാകില്ല' എന്നു പറയുന്ന പോലെ റവന്യൂ വകുപ്പ് ഒരു മാറ്റവുമില്ലാതെ തുടരുകയാണ്. അവിടെ ഇരിക്കുന്ന പല ഉദ്യോഗസ്ഥന്മാരുടെയും മനോഭാവത്തിൽ മാറ്റമുണ്ടാകണ്ടേ; വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് നടക്കുന്ന ജനപ്രതിനിധി കൾക്കൊക്കെ അറിയാം. പലപ്പോഴും അതിന് തടസ്സമായി നിൽക്കുന്നത്

സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. എൽ.എ. എന്നുപറയുന്ന വിഭാഗം, വികസനത്തെ തുരങ്കം വയ്ക്കാനും വികസനം മുടക്കാനും മാത്രമായ ഒരു വിഭാഗമായി എൽ.എ. വിഭാഗം റവന്യൂ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുകയാണ്. എൽ.എ. വകുപ്പിലെ ജീവനക്കാരെ നിയന്ത്രിക്കാൻ ആരുമില്ലാത്ത സ്ഥിതിയാണ് ഇന്ന് നമുക്ക് കാണാൻ കഴിയുന്നത്. ഡി.ഡി.സി.-യിലും മറ്റുമൊക്കെ എൽ.എ. വിഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഞങ്ങൾ ഉന്നയിച്ചാൽ അതിന് വ്യക്തമായ മറുപടികൾ പോലും ഉദ്യോഗസ്ഥരിൽ നിന്ന് ലഭിക്കാത്ത സ്ഥിതിയുണ്ട്. എന്റെ മണ്ഡലത്തിൽ ഒരു പാലത്തിന്റെ പണി കഴിഞ്ഞിട്ട് അഞ്ചുവർഷം കഴിഞ്ഞു. ഇപ്പോഴും സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നം തീരാത്തതുകൊണ്ട് ആ പാലം ജനങ്ങൾക്കുവേണ്ടി തുറന്നുകൊടുക്കാൻ കഴിയാത്ത സ്ഥിതി നിലനിൽക്കുക യാണ്. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ഉദ്യോഗസ്ഥന്മാരുടെ നിലപാടിൽ മാറ്റമുണ്ടാകേണ്ടതാണ്.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ പറഞ്ഞതുപോലെ കാലതാമസം ഉണ്ടാകുകയാണ്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് കെ.എസ്.ഇ.ബി.-ക്ക് സബ്സ്റ്റേഷൻ ഉണ്ടാക്കാൻ വേണ്ടി വിട്ടുകൊടുത്ത 40 സെന്റ് സ്ഥലം രണ്ടു വർഷം മുമ്പ് കൈമാറാമെന്ന് രജിസ്ട്രേഷൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടെ ങ്കിലും ഇന്നുവരെയായി സാങ്കേതിക നൂലാമാലകളിൽ കിടക്കുകയാണ്. പഴയ അഞ്ചോ എട്ടോ ആധാരങ്ങൾ പരിശോധിച്ച് വില കണക്കാക്കി ....അഡ്ജസ്റ്റ്മെന്റ് മാത്രം നടത്തിയാൽ മതി. അതിനുപോലും സമയമെടുക്കു ന്നതുവഴി സാമ്പത്തിക നഷ്ടം, റിവൈസ്ഡ് എസ്റ്റിമേറ്റ് വരുമ്പോൾ അതിന്റെ

നഷ്ടം ഒക്കെ വരുന്നു. എ.എസ്. കിട്ടിയ വർക്കുകൾക്കുപോലുമുള്ള അക്വിസിഷൻ നടപടി ലഘൂകരിക്കാൻ അടിയന്തര നടപടി, ഇതിന് മാറ്റം വരണമെന്നും മെമ്പർക്ക് അഭിപ്രായമില്ലേ?

ശ്രീ. പി. ഉബൈദുള്ള: സർ, അതാണ് ഞാൻ പറഞ്ഞുകൊണ്ടിരുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപൊലെ ഓരോ നിയോജകമണ്ഡലങ്ങളും പരിശോധിച്ചാൽ ഇതുപോലെ ധാരാളം പ്രശ്നങ്ങൾ ഇപ്പോഴും അവശേഷിക്കുകയാണ്. എൽ.എ. വിഭാഗവുമായി ബന്ധപ്പെട്ട് ധാരാളം വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടുനിൽക്കുകയാണ്. ഇതിന് പരിഹാരം വേണ്ടേ; ഇതിന് ആരാണ് പരിഹാരം കാണേണ്ടത്, എങ്ങനെയാണ് പരിഹാരം കാണേണ്ടത് എന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകമായ ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇങ്ങനെ എൽ.എ. വിഭാഗത്തിലുള്ള ജീവനക്കാരെ ആർക്കും നിയന്ത്രിക്കാൻ കഴിയാതെ കയറൂരിവിടുന്ന സ്വഭാവം ഒരിക്കലും നമുക്ക് ഭൂഷണമല്ല. ഇവിടെ ഓപ്പറേഷൻ കുബേരയിലൂടെ ബ്ലേഡ് മാഫിയകളെ മുഴുവൻ പിടിച്ചുകെട്ടാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണിത്. അങ്ങനെയുള്ള ഒരു ഗവൺമെന്റിന് ഈ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ മാത്രം നിയന്ത്രിക്കാൻ കഴിയില്ല എന്നുപറഞ്ഞാൽ നമുക്ക് വിശ്വസിക്കാൻ കഴിയുമോ; അതുകൊണ്ട് അതിനുള്ള ആർജ്ജവം ഗവൺമെന്റ് കാണിക്കേണ്ടതുണ്ട്. അതുപോലെ തന്നെ നമ്മുടെ ഭൂമി ഏറ്റെടുക്കുന്ന ആളുകളുണ്ട്, വികസന പ്രവർത്തനങ്ങൾക്ക് സ്ഥലം കൊടുത്തിട്ടുള്ള ആളുകളുണ്ട്. ആ സ്ഥലമെടുപ്പ് നടപടികൾ സുതാര്യമാക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നവർക്ക് നീതിപൂർവ്വവും ന്യായവുമായ സഹായം ലഭ്യമാക്കുന്നതിനുംവേണ്ടി റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പോളിസി 2012-

2013-ൽ രൂപീകരിച്ചെങ്കിൽപ്പോലും ഭൂമി വിട്ടുകൊടുത്തവരുടെ പ്രശ്നങ്ങൾ ഇപ്പോഴും പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. സ്വന്തം കിടപ്പാടം വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വിട്ടുകൊടുത്ത പാവപ്പെട്ട ആളുകൾക്ക് മതിയായ നഷ്ടപരിഹാരം ലഭിക്കാതെ ഇന്നും അവർ കോടതികളിൽ കയറിയിറങ്ങുകയാണ്. വീണ്ടും വക്കീലന്മാർക്ക് ഫീസും കൊടുത്ത് അതിന് പണം ചെലവഴിക്കേണ്ട സ്ഥിതിയാണ് വികസന പ്രവർത്തനങ്ങൾക്ക് ഭൂമി വിട്ടുകൊടുത്ത ആളുകൾക്ക് ഇന്നുള്ളത്. അതിനും അടിയന്തരമായി പരിഹാരം കാണേണ്ടതുണ്ട്. ഭൂമി വിട്ടുകൊടുത്ത ആളുകൾക്ക് ന്യായമായ വില കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. സർവ്വേ വകുപ്പിലെ സ്ഥിതിയും ഇതുപോലെയാണ് വ്യത്യസ്തമല്ല. റീസർവ്വേ കഴിയുമ്പോൾ മൂന്നു തലമുറ മുമ്പുള്ള ആളുടെ പേരിൽ ഭൂമി ചാർത്തിക്കൊടുക്കുന്ന മറിമായം നടത്താൻ വിദഗ്ദ്ധരാണ് സർവ്വേ വകുപ്പിലെ ഉദ്യോഗസ്ഥർ. ഇവിടെ റീ-സർവ്വേ നടക്കുന്നു എന്നു പറഞ്ഞു. ഭൂമിയുള്ളവരുടെ ബുദ്ധിമുട്ടുകളൊന്നും മനസ്സിലാക്കാൻ കഴിയാത്ത ഉദ്യോഗസ്ഥന്മാരാണ് സർവ്വേ വകുപ്പിൽ ഉള്ളത്. അതുകൊണ്ട് സർവ്വേ വകുപ്പിലെ ഉദ്യോഗസ്ഥർക്കും പ്രത്യേകമായ പരിശീലനം ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നൽകേണ്ടതുണ്ട്. അതോടൊപ്പം സർവ്വേ റെക്കോർഡുകൾ ലഭ്യമല്ലാത്ത അവസ്ഥ നിലനിൽക്കുകയാണ്. നേരത്തേ ഇവിടെ പറഞ്ഞതുപൊലെ 10-43 വർഷങ്ങൾക്കുമുമ്പ് റീസർവ്വേ ആരംഭിച്ചെങ്കിൽപ്പോലും ഇതുവരെ അതിന് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഭൂരേഖകൾ അടിസ്ഥാനപ്പെടുത്തിയുള്ള സേവനങ്ങൾ ഫലപ്രദമായ രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് കേന്ദ്രഗവൺമെന്റ് നാഷണൽ ലാന്റ് റെക്കോർഡ്സ്

മോഡണൈസേഷൻ പ്രോഗ്രാം ആവിഷ്കരിച്ചത്. രാജ്യത്തൊട്ടാകെയുള്ള ഭൂമിയുടെ റീസർവ്വേ വളരെ വേഗം പൂർത്തിയാക്കുക, ഭൂരേഖ സംബന്ധിച്ച എല്ലാ വിവരങ്ങളും ശേഖരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച NLRMP-യിൽ ഉൾപ്പെടുത്തി കേരളത്തിലെ റീസർവ്വേ നടപടികൾ അതിവേഗം പൂർത്തീകരിക്കുന്നതിനുവേണ്ടിയാണ് ഭൂമി കേരളം പദ്ധതിക്ക് നമ്മൾ രൂപം നൽകിയത്. ഇതിന്റെ ഭാഗമായി കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ നിലവിൽ വരികയുണ്ടായി. മൂന്ന് വർഷത്തിനുള്ളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിക്കണമെന്നാണ് ഭൂമികേരളം പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ആറ് വർഷമായിട്ടും ഫലപ്രദമായി ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഈ പദ്ധതി നടപ്പാക്കിയ അഞ്ച് വില്ലേജുകളിൽ ഒന്ന് എന്റെ മണ്ഡലത്തിലെ മേൽമുറി വില്ലേജാണ്. ഇന്നും റീസർവ്വേ ജോലികൾ പൂർത്തീകരിക്കാൻ സാധിക്കാതെ അവതാളത്തിൽ ആയികിടക്കുകയാണ് ആ വില്ലേജ്. ഇങ്ങനെ സർക്കാർ വകുപ്പുകളിൽ ഓരോന്ന് എടുത്തുപരിശോധിച്ചാൽ, സർക്കാർ വകുപ്പുകളെ മൊത്തത്തിൽ കമ്പ്യൂട്ടറൈസ് ചെയ്തു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നമ്മുടെ ജീവിതകാര്യങ്ങളൊക്കെ എളുപ്പമാക്കുന്നതിന്റെ ശ്രമം നടത്തിക്കൊണ്ടിരിക്കുമ്പോൾപോലും ഇപ്പോഴും പല ഉദ്യോഗസ്ഥരും റോബോട്ടുകളെപ്പോലെയാണോ എന്ന് സംശയിക്കേണ്ട സ്ഥിതിയാണ് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥന്മാരെ കാണുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ എത്തുന്ന പതിനായിരക്കണക്കിനുള്ള പരാതികളിൽ മഹാഭൂരിപക്ഷവും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ടായിരിക്കും. നിയമസഭാ കമ്മിറ്റികളിലെ സിറ്റിംഗിൽ മഹാഭൂരിപക്ഷ

വും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതായിരിക്കും. അങ്ങനെ ജനങ്ങളുമായി നിരന്തരമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന റവന്യൂ വകുപ്പിൽ വളരെ മോശമായിട്ടുള്ള പ്രവണത റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്ന് ഉണ്ടാകുന്നത് എന്നത് എങ്ങനെയാണ് എന്നുനമ്മൾ പരിശോധിക്കേണ്ടതുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങൾ അനുഭാവപൂർവ്വം കേൾക്കാനുള്ള മന:സ്ഥിതി പോലും ഇല്ലാത്ത ഒരു മനോഭാവമുള്ളവരാണ് ഇന്നവിടെ ഇരിക്കുന്നത്. എല്ലാ വരെയും ഞാൻ കുറ്റപ്പെടുത്തുന്നില്ല. ചുരുക്കം ചിലരെങ്കിലും ആ ഒരു മനോഭാവമുള്ളവരാണ്. അതിന് ഒരു മാറ്റമുണ്ടാകണം. അത്തരത്തിലുള്ള ആളുകളുടെ മനോഭാവം വച്ചുകൊണ്ടുതന്നെയായിരിക്കും ഒരുപക്ഷേ കേൾക്കാനുള്ള അവകാശം സ്ഥാപിച്ചുകിട്ടാൻ ഒരു പുതിയ നിയമം വരാൻ പോകുന്നു എന്നാണ് കേൾക്കുന്നത്.

ഇവിടെ സേവനാവകാശ നിയമവും വിവരാവകാശ നിയമവും ഒക്കെ വന്നു, എന്നിട്ടുപോലും വേണ്ടത്ര മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞില്ല. ഇനി കേൾക്കാനുള്ള അവകാശം പോലും വകവച്ചുകൊടുക്കുന്ന നിയമം വരാൻ പോകുന്നു. എന്ത് നിയമം ഉണ്ടായിട്ടും കാര്യമില്ല. ഈ നിയമം കർശന മായി നടപ്പാക്കുന്നതിനുള്ള ആർജ്ജവം ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടാ യാൽ മാത്രമേ ഈ കാര്യങ്ങളൊക്കെ നടപ്പാക്കുന്നതിന് സാധിക്കുകയുള്ളൂ. ഒരുപാട് നല്ല കാര്യം ജനങ്ങൾക്കുവേണ്ടി ചെയ്തിട്ടുള്ള ഒരു ഗവൺമെന്റാണ് യു.ഡി.എഫ്.-ന്റെ ഗവൺമെന്റ് എന്ന കാര്യത്തിൽ ഒരാൾക്കും സംശയമില്ല. ആ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഇത്തരം നല്ല പ്രവർത്തനങ്ങളുടെ ശോഭ കെടുത്തുന്ന പ്രവർത്തനം ചിലരിൽ നിന്നും ഉണ്ടാകുന്നുവെങ്കിൽ അവരെ നിയന്ത്രിക്കാൻകൂടി നമുക്ക് കഴിയണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ

നേട്ടങ്ങൾക്കുള്ള അംഗീകാരമാണ് ഈ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ച് കണ്ടത്. ഒരു ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഒരിക്കലും ഇല്ലാത്ത വിധം ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി പറയുമോ ഇത് ലോക്സഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പാണെങ്കിൽപോലും ഇത് സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനത്തെ വിലയിരുത്തുന്ന തെരഞ്ഞെടുപ്പായിരിക്കുമെന്ന്. അങ്ങനെ പറയാൻ ധൈര്യം വന്നത് അതിനുമാത്രം ജനക്ഷേമകരമായ പ്രവർത്തനങ്ങളും റിക്കാർഡ് വികസന പ്രവർത്തനങ്ങളും നമ്മുടെ സംസ്ഥാനത്ത് നടക്കുന്നുവെന്ന ഒറ്റക്കാരണം കൊണ്ടാണ്. സാധാരണ ഗതിയിൽ അങ്ങനെയൊരു വാദം മുഖ്യമന്ത്രി ഉയർത്തുമ്പോൾ വെല്ലുവിളിച്ച് രംഗത്തുവരാറാണ് പ്രതിപക്ഷം ചെയ്യാറുള്ളത്. എന്നാൽ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും അങ്ങനെ, സംസ്ഥാന ഗവൺമെന്റിന്റെ വിലയിരുത്തലാവും എന്ന് പറയാൻ കഴിഞ്ഞില്ല. അവർക്കുപോലും പറയാൻ കഴിയില്ല. ഈ ഗവൺമെന്റ് ജനവിരുദ്ധമാണെന്നും, ഈ ഗവൺമെന്റിന്റെ നടപടി ഒരു കാര്യത്തിൽപോലും അവർക്ക് വിമർശിക്കാനും കഴിയില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവ് ഈ സഭയിൽ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. സഭയിൽ വരുന്ന അടിയന്തര പ്രമേയത്തിന്റെ വിഷയം കണ്ടാലറിയാം. ഈ ഗവൺമെന്റിനെതിരായി ഒന്നും പറയാനില്ലാത്തതിനാലാണ് വിലകുറഞ്ഞ വിഷയങ്ങളും അപ്രധാനമായ വിഷയങ്ങളുമൊക്കെ ഉന്നയിച്ച് അടിയന്തര പ്രമേയങ്ങളൊക്കെ അവതരിപ്പിച്ച് അതൊരു മാമൂൽ ചടങ്ങായി നടത്തിപ്പോകുന്നത്. അങ്ങനെ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന നല്ല പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ഈ ലോക്സഭാ തെരഞ്ഞെടുപ്പിൽ ലഭിച്ചത്. ഇവിടെ 12 സീറ്റിൽ യു.ഡി.എഫ്. ജയിച്ചു. റിക്കാർഡ് ഭൂരിപക്ഷത്തോടുകൂടിയാണ് യു.ഡി.എഫ്.-ന്റെ പല സ്ഥാനാർത്ഥികളും തെരഞ്ഞെടു

ക്കപ്പെട്ടത്. ഇടതുപക്ഷക്കാരൻ ജയിച്ചുവെന്നു പറയുന്ന സീറ്റുകളെ സംബന്ധിച്ച് നമുക്കറിയില്ലേ; ഏതാണ് കാസർഗോഡ് മണ്ഡലം; സഖാവ് എ. കെ. ഗോപാലൻ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ വെല്ലുവിളിച്ച മണ്ഡലമാണ് കാസർഗോഡ് മണ്ഡലം. ആ കാസർഗോഡ് മണ്ഡലത്തിൽ യൂത്ത് കോൺഗ്രസിന്റെ നേതാവ്, ഞങ്ങളുടെ യുവനേതാവ് ശ്രീ. ടി. സിദ്ദിഖ് പരാജയപ്പെട്ടത് 6000 വോട്ടുകൾക്കാണ്. സഖാവ് എ.കെ.ജി.-യുടെ മരുമകൻ 6000 വോട്ടുകൾക്കാണ് അവിടെ കഷ്ടിച്ച് രക്ഷപെട്ടത്. കൊല്ലം പാർലമെന്റ് മണ്ഡലത്തിൽ മത്സരിച്ച സഖാവ് എൻ. കെ. പ്രേമചന്ദ്രൻ 35000 വോട്ടുകൾക്കാണ് ജയിച്ചത്. പരനാറി എന്ന് ഇന്നേവരെ ഒരു രാഷ്ട്രീയ നേതാവും മറ്റൊരു രാഷ്ട്രീയ നേതാവിനെക്കുറിച്ച് വിശേഷിപ്പിക്കാത്ത പദം പ്രയോഗിച്ചിട്ടുപോലും അദ്ദേഹം 35000 വോട്ടുകൾക്ക് വിജയിച്ചു. സഖാവ് എൻ. കെ. പ്രേമചന്ദ്രനെക്കുറിച്ച് അപ്പുറത്തിരിക്കുന്നവരായാലും ഇപ്പുറത്തിരി ക്കുന്നവരായാലും മാന്യനായ രാഷ്ട്രീയക്കാരനെന്നായിരുന്നു ഇതുവരെ നമ്മളെല്ലാവും പരസ്പരം പറഞ്ഞിരുന്നത്. അദ്ദേഹത്തെ അപ്പുറത്തിരിക്കുന്ന വർ പോലും അത്തരത്തിൽ മോശക്കാരനായി ശ്രീ. എൻ. കെ. പ്രേമചന്ദ്രനെപ്പോലെയുള്ള ഒരാളെ പറഞ്ഞിട്ടില്ല. അദ്ദേഹം കഴിഞ്ഞകാലത്ത് മന്ത്രിയായപ്പോൾ നല്ല മന്ത്രിയായിരുന്നുവെന്ന് പുറത്ത് നിന്നൊക്കെ അഭിപ്രായം പറഞ്ഞവരും കേട്ടവരുമാണ് ഞങ്ങളൊക്കെ. അങ്ങനെയൊരാ ളെക്കുറിച്ച് അത്തരം മോശമായ പദപ്രയോഗം നടത്തി ജയിച്ചുകഴിഞ്ഞിട്ടും വിട്ടില്ല. ജയിച്ചുകഴിഞ്ഞപ്പോൾ പറഞ്ഞത്, ചെറ്റയെന്നാണ്. ഇത്തരത്തിലുള്ള ഒരു സംസ്കാരമാണ് മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്കാരമെങ്കിൽ, മാർക്സിസ്റ്റ് പാർട്ടിക്ക് വരുംനാളുകളിൽ ബംഗാളിലെ പാർട്ടിയുടെ ഗതിതന്നെ കേരളത്തിൽ വരുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതിന്റെ

സൂചനകളാണ് ഈ തെരഞ്ഞെടുപ്പിൽ കണ്ടത്. കോഴിക്കോട്ടും വടകരയിലുമടക്കം സി.പി.ഐ.(എം)ന്റെ ശക്തികേന്ദ്രമെന്ന് അവർ വിശേഷിപ്പിക്കുന്ന എല്ലാ ലോക്സഭാ മണ്ഡലങ്ങളിലും അതിദയനീയമായ പരാജയം അവർക്കേൽക്കേണ്ടിവന്നത് ഇത്തരത്തിലുള്ള നിലപാടുകൊണ്ടാണ്. അതുകൊണ്ട് ഇനിയെങ്കിലും സി.പി.ഐ.(എം.)–ന്റെ സുഹൃത്തുക്കൾ ഈ നിലപാട് തിരുത്തണം. ഇവിടെ നേരത്തെ സംസാരിച്ച ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞത് വർഗ്ഗീയതയെ ഞങ്ങൾ താലോലിക്കു ന്നുവെന്നാണ്. ആരാണ് വർഗ്ഗീയതയെ താലോലിച്ചത്; ഈ തെരഞ്ഞെടുപ്പിൽ നമ്മൾ കണ്ടില്ലേ; മതമേലദ്ധ്യക്ഷൻമാരെയും കോടീശ്വരൻമാരെയുമൊക്കെ സ്ഥാനാർത്ഥികളാക്കിയത് ആരാണ്; പാർട്ടിക്കുവേണ്ടി സിന്ദാബാദ് വിളിക്കുന്ന പാർട്ടിക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന എത്രയാളുകൾ മാർക്സിസ്റ്റ് പാർട്ടിക്കകത്തുണ്ട്; ആ കേഡർമാരെയൊക്കെ മാറ്റിനിർത്തി, ഇവിടെ മതമേലദ്ധ്യക്ഷന്മാരുടെ ഉപദേശം സ്വീകരിച്ചും കോടീശ്വരന്മാരെയു മൊക്കെ സ്ഥാനാർത്ഥികളാക്കി രാഷ്ട്രീയത്തിലെ എല്ലാ മൂല്യങ്ങളും തർക്കുന്ന ഒരു പ്രവർത്തനമാണ് ഇടതുപക്ഷക്കാർ ഇക്കാലത്ത് നടത്തുന്നത്. വഹാബും വഹാബിന്റെ വാപ്പയും മുസ്ലീം ലീഗാണ്. അത് പരിശോധിക്കണം. പി. അബ്ദുൾ വഹാബ് സാഹിബിന്റെ വാപ്പ പി. വി. അലവിക്കുട്ടി സാഹിബ്, ഞങ്ങളുടെ മഹാനായ നേതാവ് സി. എച്ച്. മുഹമ്മദ് കോയ സാഹിബിനോ ടോപ്പം പാർട്ടിക്കുവേണ്ടി പ്രവർത്തിച്ചയാളാണ്. വഹാബ് മുസ്ലീം യൂത്ത് ലീഗിന്റെ നിയോജകമണ്ഡലം ഭാരവാഹിയായി സംഘടനാ രംഗത്ത് വന്നയാ ളാണ്. അദ്ദേഹം സമ്പന്നനല്ല. പണമുള്ളവർക്ക് രാഷ്ട്രീയം വേണ്ട എന്നല്ല ഞങ്ങൾ പറഞ്ഞത്. ഇവിടെ പണക്കാരെമാത്രം നോക്കി ഇന്നലെവരെ മറ്റു പാർട്ടിയിൽ നിന്നിരുന്നയാളുകളെ കൂറുമാറ്റിക്കൊണ്ടുവന്ന്, കാലുമാറ്റിക്കൊ

ണ്ടുവന്ന് സ്ഥാനാർത്ഥികളാക്കുന്നതിനെക്കുറിച്ചാണ് ഞങ്ങൾ പറഞ്ഞത്. വർഗ്ഗീയതയെക്കുറിച്ചൊന്നും ഞങ്ങൾക്കാരും പഠിപ്പിച്ചുതരേണ്ട കാര്യമില്ല. ഞങ്ങളുടെ മഹാനായ നേതാവ് സി. എച്ച്. മുഹമ്മദ് കോയ മുമ്പ് പറഞ്ഞിട്ടുണ്ട് 'ബഹറിൽ മുസല്ലയിട്ടാലും ആർ.എസ്.എസ്.-നെ ഞങ്ങൾ വിശ്വസിക്കില്ല' എന്ന്. ഇന്നും ഇന്നലെയുമല്ല, അന്നുമുതൽ ഇന്നേവരെയും ആർ.എസ്.എസ്.-നും സംഘ്പരിവാർ ശക്തികൾക്കുമെതിരായ രാഷ്ട്രീയ നിലപാടാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്. പക്ഷെ, ആ രാഷ്ട്രീയ നിലപാട് സ്വീകരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. 1989-ൽ രാജീവ് ഗാന്ധി രാജ്യത്തെ പ്രധാനമന്ത്രിയാകുമ്പോൾ രണ്ടേരണ്ട് എം.പി.-മാർ ഉണ്ടായിരുന്ന ബി.ജെ. പി.-യെ ഇന്ന് രാജ്യത്തിന്റെ പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് ഉയർത്തിയതിൽ വലിയ പങ്ക് ഇടതുപക്ഷക്കാരുംകൂടി വഹിച്ചിട്ടുണ്ട്. നിങ്ങളുടെകൂടി രാഷ്ട്രീയ സമീപനത്തിന്റെ ഭാഗമായിട്ടാണ്, അന്ധമായ കോൺഗ്രസ്സ് വിരോധം പ്രചരിപ്പിച്ച്, ഈ രാഷ്ട്രീയ നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായി ട്ടാണ് ബി.ജെ.പി.-ക്ക് അധികാരത്തിൽ വരാൻ കഴിഞ്ഞതെന്ന കാര്യം നിങ്ങളോർക്കണം.

<u>മി. ചെയർമാൻ</u>: അങ്ങ് കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഉത്തർപ്രദേശിൽ 80 പാർലമെന്റ് സീറ്റുണ്ട്. അതിൽ 72 സീറ്റ് നേടിയത് ബി.ജെ.പി.-യാണ്. ഞങ്ങൾ അവിടെ ഒരു അസംബ്ലി സീറ്റിൽപോലുമില്ല. ഞങ്ങളെക്കൊണ്ടാണോ ബി.ജെ.പി. ജയിച്ചത്; ഗുജറാത്തിലും രാജസ്ഥാനിലും ഞങ്ങളാരുമില്ല. അവിടെയൊക്കെ ജയിച്ചത് സി.പി.ഐ.(എം.)-നെക്കൊണ്ടാണോ? നിങ്ങൾ കോൺഗ്രസിനെ പിന്താങ്ങി വഴിതെറ്റി പോകാതെ നല്ല വഴിക്ക് ചിന്തിക്ക്.

<u>മി. ചെയർമാൻ</u>: ശ്രീ. പി. ഉബൈദുള്ള, അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. പി. ഉബൈദുള്ള: സർ, നിങ്ങൾ ഉത്തർപ്രദേശിലും ബീഹാറിലും ഉണ്ടോയെന്നല്ല ചോദ്യം. നിങ്ങളുള്ളടിത്ത് നിങ്ങൾ പോയല്ലോ; നിങ്ങൾ 10 –35 കൊല്ലം ഭരിച്ച പശ്ചിമബംഗാളിൽ ഇപ്പോൾ എന്താണ് സ്ഥിതി; വട്ടപ്പൂജ്യം അല്ലേ. 2 സീറ്റല്ലേ ഉള്ളത്. പിന്നെ എന്തിനാണ് അങ്ങോട്ടൊക്കെ പോകുന്നത്, ഇവിടെ തിരുവനന്തപുരത്ത് നിങ്ങൾ മൂന്നാം സ്ഥാനത്തല്ലേ; എങ്ങനെയാണത്? ഒരുപക്ഷെ നിങ്ങളുടെ ആളുകൾ ബി.ജെ.പി.–ക്ക് വോട്ട് ചെയ്തിട്ടുണ്ടാവും. അല്ലാതെങ്ങനെയാണ് ശ്രീ. ഒ. രാജഗോപാൽ മുന്നിലെത്തുക. നമ്മൾ അങ്ങനെയൊരു വാദപ്രതിവാദത്തിലേയ്ക്ക് പോകണ്ട.

മി. ചെയർമാൻ: അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. പി. ഉബൈദുള്ള: നിങ്ങൾ നിലപാട് തിരുത്തണം. മതേതരകക്ഷി കൾ യോജിച്ചു നിൽക്കണം. ബി.ജെ.പി.–ക്ക് എതിരായ നിലപാട് എന്നും സ്വീകരിക്കണം എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ആ നിലപാടിൽ ഉറച്ചു നിൽക്കുന്ന പാർട്ടിയാണ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ്. ആ നിലപാടുമായി ഞങ്ങൾ മുന്നോട്ടുപോകും.

ശ്രീ. ഇ. പി. ജയരാജൻ: സർ, നിങ്ങളുടെ കോൺഗ്രസ്സിന്റെ നിലപാടിൽനിന്നും വ്യത്യസ്തമായ സമീപനം സ്വീകരിക്കാൻ സന്നദ്ധമാണോ; ഞങ്ങൾ ശക്തമായി കോൺഗ്രസ്സിനെ എതിർക്കുന്നുണ്ട്. കോൺഗ്രസ്സുമായുള്ള ആ നിലപാട് ഉപേക്ഷിക്കാൻ നിങ്ങൾ സന്നദ്ധമാണോ?

മി. ചെയർമാൻ: ശ്രീ. പി. ഉബൈദുള്ള, അതിന് മറുപടി പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കോൺഗ്രസ്സിതര ബി.ജെ.പി. ഇതര ഗവൺമെന്റെന്നാണ് അവിടെ പറഞ്ഞത്.

കോൺഗ്രസ്സിനെ താഴെയിറക്കിയിട്ട് ആരാണ് വരാനുള്ളതെന്ന് കാണിച്ചുതരൂ. 543 അംഗങ്ങളുള്ള പാർലമെന്റിൽ സ്വതന്ത്രന്മാരെ മുഴുവൻ കൂട്ടിയാൽ 12 അംഗങ്ങളുള്ള നിങ്ങൾക്കെന്താണ് ചെയ്യാൻ കഴിയുക. പിന്നെ ഏതാണ് ഈ ബദൽ? നിങ്ങൾ ഇരുട്ടിൽ തപ്പുകയാണ്. ഇരുട്ടിൽ തപ്പുന്ന ഒരു ബദലിന്റെ കൂടെ നിൽക്കാൻ ഞങ്ങളെപ്പോലെയുള്ള ഉത്തരവാദപ്പെട്ട രാഷ്ട്രീയ പാർട്ടിക്ക് കഴിയില്ല. ഞങ്ങൾക്ക് വ്യക്തമായ രാഷ്ട്രീയ നിലപാടുണ്ട്. ആ രാഷ്ട്രീയ നിലപാടുമായി ഞങ്ങൾ മുന്നോട്ട് പോകും. അതുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

ശ്രീമതി ജമീല പ്രകാശം: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവയുടെ പേരിലെല്ലാം അനാവശ്യമായിട്ടുള്ള ധൂർത്തും ആഢംബരവുമൊക്കെ നടത്തി പല കുടുംബങ്ങളും, തറവാടുകളും പണ്ടു കാലങ്ങളിൽ തകർന്നടിയുന്നത് കണ്ടിട്ടാണ് ശ്രീനാരായണ ഗുരുദേവനും, ശ്രീ. മന്നത്തു പത്മനാഭനും മറ്റും അത്തരത്തിലുള്ള അനാവശ്യ ധൂർത്തും ആഢംബരവും നിർത്തണമെന്ന് ശക്തമായിട്ട് പറഞ്ഞിരുന്നത്. ഞാൻ പ്രതിനിധാനം ചെയ്യുന്ന കോവളം നിയോജക മണ്ഡലത്തിൽ കരിങ്കുളം എന്നു പറയുന്ന പ്രദേശത്തെ ഒരു ഈഴവ കുടുംബത്തിൽ കെട്ടു കല്യാണം നടത്താൻ ആരംഭിച്ചു. ആ ഭവന ത്തിൽ അതേദിവസം ആ സമയത്ത് ചെന്നുകയറി കെട്ടു കല്യാണം നിർത്തി വയ്പ്പിച്ചുകൊണ്ടാണ് ശ്രീനാരായണ ഗുരുദേവൻ വളരെ പ്രചാരത്തിലുണ്ടാ യിരുന്ന ആ ദുരാചാരത്തിന്, അനാവശ്യത്തിന് എന്നന്നേക്കുമായി അറുതി വരുത്തിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ 3

വർഷമായിട്ട് എന്തിനും ഏതിനും ഉത്സവങ്ങളും മേളകളുമാണ് സംഘടിപ്പിച്ചു കൊണ്ടിരിക്കുന്നത്. സാമ്പത്തിക ഭാരം കൊണ്ട് ജനങ്ങളും, സംസ്ഥാന മാകെയും നട്ടം തിരിയുമ്പോൾ ഇത്തരം മേളകളും മറ്റും സംഘടിപ്പിക്കുന്നതി നുവേണ്ടി ദശലക്ഷക്കണക്കിന് രൂപയാണ് ധൂർത്തടിച്ചുകൊണ്ടിരിക്കുന്നത്. അത്തരത്തിലൊരു ഉദ്ഘാടന മാമാങ്കമാണ് കഴിഞ്ഞ 2013 സെപ്റ്റംബർ 30–ാം തീയതി തിരുവനന്തപുരത്ത് സെൻട്രൽ സ്റ്റേഡിയത്തിൽ 'ഭൂരഹിതരി ല്ലാത്ത കേരളം' എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ടത്. ഉത്ഘാടന കർമ്മം നിർവ്വഹിക്കാനായി ശ്രീമതി സോണിയാ ഗാന്ധിയെ ഇവിടെ വരുത്തി. ഭൂരഹി തരായിട്ടുള്ള 2,43,000 പേർ കേരളത്തിലുണ്ടെന്നും അവരിൽ 1 ലക്ഷം പേർക്ക് ഉടനെ ഭൂമി നൽകുമെന്നുമാണ് നമ്മുടെ മുഖ്യമന്ത്രി ആ വേദിയിൽ വച്ച് പ്രഖ്യാപിച്ചത്. എന്നാൽ വിവരാവകാശ നിയമം വഴി ലഭ്യമായ രേഖയിൽ പറയുന്നത് ഇതുവരെ 36,000 പേർക്കു മാത്രമേ പട്ടയം നൽകിയിട്ടുള്ളു എന്നാണ്. അതിൽത്തന്നെ 20% പേർക്കുപോലും ഭൂമി കൈമാറി കിട്ടിയി ട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. കിട്ടിയവരിൽത്തന്നെ നല്ലൊരു വിഭാഗത്തിനും വാസയോഗ്യമല്ലാത്ത ഭൂമിയാണ് കിട്ടിയിരിക്കുന്നതെന്നത് വളരെ വേദനയോടുകൂടി പറയട്ടെ. പട്ടയം കിട്ടിയവർ തങ്ങൾക്ക് ലഭിച്ച പട്ടയഭൂമി തേടി എവിടെയാണ് ആ വാഗ്ദത്ത ഭൂമി എന്നുപറഞ്ഞ് അലയു കയാണ്. സംസ്ഥാന വ്യാപകമായിട്ട് ആ അലച്ചിൽ നടക്കുന്നു എന്നാണ് പത്ര റിപ്പോർട്ടുകൾ. ഭൂരഹിതരില്ലാത്ത കേരളം എന്നു പറയുന്ന ആ പദ്ധതി യുടെ താളം തെറ്റിയിരിക്കുന്നു എന്ന് മനസ്സിലാക്കാം. അതേ സമയം കൃത്രിമം കാട്ടി സർക്കാർ ഭൂമി ഹാരിസൺ കമ്പനിക്ക് തീറെഴുതാനായിട്ട് കൂട്ടുനിന്ന 4 റവന്യൂ ഉദ്യോഗസ്ഥർക്ക് എതിരെയും കൃത്രിമമായി രേഖകൾ തിരുത്താൻ

വഴിയൊരുക്കിയ ഹാരിസൺ കമ്പനിയിലെ 4 ഉന്നതൻമാർക്കെതിരെയും ജാമ്യമില്ലാ വകുപ്പിൽ തന്നെ കേസെടുക്കണമെന്ന് 2013 ഒക്ടോബർ 26-ന് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ വിജിലൻസ് ഡിപ്പാർട്ടുമെന്റ് വ്യക്തമാക്കി യിട്ടുണ്ട്. എന്നാൽ ആ നിർദ്ദേശങ്ങളൊന്നും നടപ്പിലാക്കാനായി സർക്കാർ ഇതുവരെ ചെറുവിരൽപോലും അനക്കിയിട്ടില്ല എന്നുള്ള ആക്ഷേപവും ഉയർന്നു വരുന്നുണ്ട്. ഹാരിസൺ കമ്പനി തന്നെ കൃത്രിമമായി കൈവശം വച്ചിരിക്കുന്ന ഭൂമി സംബന്ധിച്ച് വഴുതക്കാട് സർവ്വേ ഓഫീസിലും മറ്റ് റവന്യൂ ഓഫീസുകളിലും മറ്റും സൂക്ഷിച്ചിരിക്കുന്ന മാപ്പുകൾ വ്യാജമാണെന്ന് വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഹാരിസൺ കമ്പനി തന്നെ മുന്നാധാരമായി കാണിച്ച് തട്ടിപ്പ് നടത്തിയിട്ടുള്ള 1600/1923-ാം നമ്പർ ആധാരത്തിൽ പറയുന്ന എല്ലാ ഭൂമികളും അന്യം നിൽപ്പ് നിയമ ത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് സർക്കാർ ഏറ്റെടുക്കണമെന്ന് വിജിലൻസ് പറഞ്ഞിട്ടുണ്ട്. കൂടാതെ തമിഴ്നാട്ടിലെ ചെങ്കൽപേട്ട സബ്രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യപ്പെട്ട 2804/23, 2805/23 നമ്പരായ ആധാരങ്ങളിൽ ഉൾപ്പെടുന്ന 3,000 ഏക്കർ ഭൂമിയെക്കുറിച്ചും വിജിലൻസ് അന്വേഷണം നടത്തണമെന്ന് വിജിലൻസ് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്. 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമം ലംഘിച്ച് 50,000-ൽ പരം ഏക്കർ ഭൂമി ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനി, വുഡ് ലാന്റ് ടീ എസ്റ്റേറ്റ് കമ്പനി, ശ്രീവർദ്ധൻ ട്രസ്റ്റ്, പെനിൻസുലാർ പ്ലാന്റേഷൻസ് എന്നീ സ്ഥാപനങ്ങൾ കൈവശം വച്ചിരിക്കുന്ന വിവരവും വിജിലൻസ് റിപ്പോർട്ടിലൂടെ പുറത്തു വന്നിരിക്കുയാണ്. ഇത്തരത്തിൽ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ ഹാരിസൺ കമ്പനിക്കെതിരെയും മറ്റു കമ്പനികൾക്കെതിരെയും

നടപടി സ്വീകരിക്കേണ്ട സർക്കാർ, സ്വീകരിക്കാതിരിക്കുന്ന സർക്കാർ, വയനാട് ജില്ലയിൽ കോട്ടപ്പടി വില്ലേജിലെ നെടുമ്പാലയിൽ ഹാരിസൺ കമ്പനി അനധികൃതമായിട്ട് കൈവശം വച്ചിരുന്ന സ്ഥലത്ത് താമസിച്ചിരുന്ന 7 കുടുംബങ്ങളെ ഭൂമി തട്ടിപ്പുകൾക്ക് കുപ്രസിദ്ധി നേടിയിരിക്കുന്ന ഈ ഹാരിസൺ മലയാളം കമ്പനി നൽകിയ ഹർജിയിലുണ്ടായ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെട്ടെന്ന് കുടിയിറക്കിയിരിക്കുകയാണ്. അവിടെ നമ്മൾ അതിവേഗം ബഹുദൂരമാണ്. ഞാൻ തുടക്കത്തിൽ സൂചിപ്പിച്ച ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ മറവിൽപോലും വലിയ കുംഭകോണം നടക്കുന്നു എന്ന ആക്ഷേപം ഉയർന്നു വന്നിട്ടുണ്ട്. നമ്മുടെ കടലോരവും, കായലോരവും, മലയോരവും എല്ലാം കൈക്കലാക്കാൻ ശ്രമിക്കുന്ന ഭൂമാഫി യകൾക്ക് ഒത്താശ നൽകുന്നൊരു സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചു വരുന്നതെന്നാണ് നമ്മളിപ്പോൾ മാധ്യമങ്ങളിലൂടെ അറിഞ്ഞു കൊണ്ടിരി ക്കുന്നത്. വാണിജ്യ നികുതി പിരിവ് കാര്യക്ഷമമല്ലെന്നും വിവിധ യൂണിറ്റു കളിൽ നടത്തിയ പരിശോധനയിൽ 833.26 കോടി രൂപയുടെ ക്രമക്കേട് കണ്ടെത്തിയതായിട്ടും 2012-13 വർഷത്തേയ്ക്കുള്ള ഓഡിറ്റ് റിപ്പോർട്ടിൽ സി.ആന്റ് എ. ജി. തന്നെ പറഞ്ഞിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പു മന്ത്രിയായിരുന്ന ഡോ. തോമസ് ഐസക് നടത്തിയിരുന്ന മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ് കാരണം അന്ന് നികുതിപിരിവ് വളരെ ഊർജ്ജിതമായി നടക്കുകയായിരുന്നു. തൽഫലമായി ഒരു ദിവസംപോലും ട്രഷറികൾ അടച്ചിട്ടിരുന്നില്ല. മരാമത്തു പണികളും മറ്റും ചെയ്തിരുന്ന കരാറുകാർക്ക് കൊടുക്കാനുള്ള വകയിൽ കുടിശ്ശികയു ണ്ടാക്കി വച്ചിട്ടില്ല. ഇപ്പോൾ ദുസ്സഹമായ അളവിൽ കരാറുകാർക്ക് കുടിശ്ശിക

നിർത്തിയിരിക്കുന്നതുകൊണ്ട് കോൺട്രാക്ടർമാർ ഇനി ടെണ്ടർ വിളിക്കുന്നതിൽ പങ്കെടുക്കുന്നില്ല എന്നുള്ള നിലപാടിലേയ്ക്ക് എത്താൻ നിർബന്ധിതരായിക്കൊണ്ടിരിക്കുകയാണ്. പലരും കുടുംബസമേതം ആത്മഹത്യ ചെയ്യേണ്ട വക്കിലെത്തിയിരിക്കുന്നു. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലാണ്. നികുതി പിരിവിലെ ക്രമക്കേട്, കെടുകാര്യസ്ഥത, അനാവശ്യമായിട്ടുള്ള ധൂർത്ത്, അഴിമതി എന്നിവയൊക്കെയാണ് പ്രതിസന്ധിക്ക് കാരണം. വിൽപ്പന നികുതി വകുപ്പിലെ അടിക്കടിയുള്ള ഉദ്യോഗസ്ഥ സ്ഥലംമാറ്റം പല കാര്യമായിട്ടുള്ള നികുതി പിരിവിനേയും ദോഷമായി ബാധിക്കുന്നു എന്നുള്ള ആക്ഷേപമുണ്ട്. ഒരു സ്ഥലത്ത് ഒരു ഉദ്യോഗസ്ഥൻ സ്ഥലം മാറി വന്നാൽ അവിടെയുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളെക്കുറിച്ച് പഠിച്ചുവരുമ്പോൾത്തന്നെ 6 മാസമാകും. പക്ഷേ ഈ 6 മാസം കഴിഞ്ഞ് പിന്നെ ഏകദേശം ഒന്നര വർഷത്തിനകം അയാളെ അവിടെനിന്ന് സ്ഥലംമാറ്റുകയാണ്. അതുകൊണ്ട് നികുതി പിരിവിന് നിയുക്തരായിരിക്കുന്ന ഈ ഉദ്യോഗസ്ഥരെ ചുരുങ്ങിയത് 3 വർഷമെങ്കിലും ഓരോ സ്ഥലത്തും പോസ്റ്റ് ചെയ്ത് ജോലി ചെയ്യിക്കണമെന്നുള്ള നയത്തിലേക്ക് നമ്മുടെ സംസ്ഥാന സർക്കാർ എത്തിച്ചേരണമെന്ന് എന്റെ ഭാഗത്തുനിന്ന് ഒരു നിർദ്ദേശമുണ്ട്. വില്ലേജ് ഓഫീസുകളിൽ ഭൂനികുതി അടയ്ക്കാൻ ചെല്ലുന്നവർക്ക്, അന്നുതന്നെ രസീത് കയ്യിൽ കിട്ടുകയില്ല. കാരണം രസീത് ബുക്ക് അടിച്ചു കൊടുക്കാൻ വരുന്ന താമസം. പല കാര്യങ്ങൾക്കും ഈ ഭുനികുതി അടച്ചു എന്നുള്ള കരം തീർത്ത രസീത് വലിയ രേഖയാണ്. നമ്മുടെ സർക്കാരിന് കാശും കൊണ്ടങ്ങോട്ട് ചെല്ലുന്നവർക്ക് അത് വാങ്ങി വച്ചിട്ട് ഒരു രേഖ കൊടുക്കാനായിട്ട് കഴിയുന്നില്ല. ഇതു സംബന്ധിച്ച പത്ര റിപ്പോർട്ടുകൾ ധാരാളമുണ്ട്. പൊതുജനത്തെ ഇങ്ങനെ

വലപ്പിക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാനത്തൊട്ടാകെ പ്രകൃതി ദുരന്തങ്ങൾ കൊണ്ട് നേരിടേണ്ടി വന്ന നഷ്ടങ്ങളുണ്ടായിട്ടുണ്ടെങ്കിലും തിരുവനന്തപുരം ജില്ലയിലാണ് ഇപ്പോൾ വന്ന ഈ വേനൽ മഴ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അങ്ങേയറ്റത്തെ കേടുപാടുകളും, കഷ്ട നഷ്ടങ്ങളും ഉണ്ടായിരിക്കുന്നത്. പക്ഷേ ഈ വേനൽ മഴയ്ക്കു മുൻപുതന്നെ ഈ ജില്ലയിൽ 2012–13, 2013–14 എന്നീ വർഷങ്ങളിൽ കൃഷിക്കാർക്ക് കിട്ടേണ്ട നഷ്ടപരിഹാരം 12.50 കോടി രൂപയാണ്. ജില്ലാ കാർഷിക സമിതിയിലൊക്കെ ഞങ്ങൾ ഇതുന്നയിച്ച് ക്ഷീണിച്ചിരിക്കുകയാണ്. ഇക്കഴിഞ്ഞ വേനൽക്കാലത്തെ മഴക്കെടുതി കൂടാതെയാണ് ഈ തുക. ഇതുവരെ കൊടുത്തിട്ടുള്ളത് 1 കോടി രൂപപോലും വരുന്നില്ല. കെട്ടിടങ്ങൾക്കും, കൃഷിയിടങ്ങൾക്കും, യന്ത്ര സാമഗ്രികൾക്കും, മനുഷ്യരുടെയും വളർത്തു മൃഗങ്ങളുടെയും ജീവനുമൊക്കെ നേരിട്ട കെടുതിക്ക് കുറഞ്ഞ രീതിയിലെങ്കിലും ഒരു സാമ്പത്തിക സാന്ത്വനം കൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ 12.50 കോടിരൂപയിൽ 17 ലക്ഷംരൂപയും, 30 ലക്ഷംരൂപയുമൊക്കെയാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളികളുടെ പ്രവർത്തനം തന്നെ ഈ പേമാരി കാരണം കഷ്ടത്തിലായി. അവർക്ക് എന്തെങ്കിലുമൊരു സാന്ത്വനമോ, സഹായമോ എത്തിച്ചതായിട്ട് രേഖയില്ല. നിർമ്മാണ മേഖലയിലെ പ്രതിസന്ധികൾ കാരണം ഏകദേശം 15,000 കോടി രൂപയുടെ വരുമാന നഷ്ടമാണ് ആ മേഖലയ്ക്ക് ഉണ്ടായിരിക്കുന്നത് എന്നാണ് പറയുന്നത്. കരാറുകാർക്ക് പറഞ്ഞിട്ടുള്ള തുക നൽകുന്നില്ല എന്നുള്ളത് നിരവധി തൊഴിലാളികളെ പട്ടിണിയിലാക്കുകയാണ്. ഓപ്പറേഷൻ കുബേര ഈ നാട്ടിൽ ഇങ്ങനെ പ്രാവർത്തികമാക്കേണ്ടി വരുന്നത് നിർമ്മാണരംഗം

പോലെയുള്ള നിർണ്ണായകമായിട്ടുള്ള മേഖലകളിൽ ചെയ്തു തീർത്ത പണികൾക്കു വേണ്ടി.... തീർക്കാൻ വേണ്ടി കരാറുകാരും മറ്റും ഉണ്ടാക്കി വച്ച ധനകാര്യ ബാദ്ധ്യതകൾ കൊടുത്തു തീർക്കാൻ കരാറുകാർക്ക് കൊള്ളപ്പലിശക്കാരെ മാത്രം ആശ്രയിക്കേണ്ടി വരുമ്പോഴാണ്. അപ്പോൾ ആ ഓപ്പറേഷൻ കുബേരയ്ക്ക് ആസ്പദമായ പ്രവർത്തനങ്ങളുടെ സ്രോതസ്സ് തുടങ്ങുന്നത് ഈ സർക്കാരിന്റെ കെടുകാര്യസ്ഥതയിൽ നിന്നാണെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ദിരാ ആവാസ് യോജന പോലെ താഴെയ്ക്കിടയിലുള്ളവർക്കു വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതികളുടെ മുഴുവൻ തുകയും വിതരണം ചെയ്യാതെ അട്ടിമറിച്ചു കിടക്കുകയാണ്. ഉള്ള വീടൊക്കെ പൊളിച്ചിട്ടാണ് ആളുകൾ ഈ കെട്ടിടങ്ങൾ വയ്ക്കാൻ തുടങ്ങിയത്.  അത് ലിന്റൽ ലെവൽ വരെ നിൽക്കുകയാണ്. ജനം എവിടെയാണ് പോകേണ്ടത്? ഇപ്പോൾത്തന്നെ ലക്ഷം വീട് കോളനിയെ ഒറ്റ വീടാക്കുന്നതിന് ഒരു പദ്ധതി വന്നു. അതും പണം കൊടുക്കാതെ പാതി വഴിയിൽ നിൽക്കുകയാണ്. നമ്മുടെ ഗവേഷകർക്ക്, ശാസ്ത്രജ്ഞൻമാർക്ക്, പരിസ്ഥിതി വകുപ്പിന് ഈ മണലിന് ബദലായിട്ട് മറ്റെന്തെങ്കിലും ഒരു സാമഗ്രി, ഒരു കോമ്പൗണ്ടോ, മൂലകം വേണമെന്ന് ഞാൻ പറയുന്നില്ല, അത് കണ്ടുപിടിക്കാനുള്ള രീതിയിൽ നമ്മുടെ ഗവേഷണം പോകുന്നില്ല.  അതുപോലെയാണ് ഈ കാലാവസ്ഥാ വ്യതിയാനങ്ങൾ, പ്രൊ-ആക്റ്റിവായിട്ട്, അത് സംഭവിക്കുന്നതിന് മുമ്പായിട്ട് തന്നെ മനസ്സിലാക്കി നേരിടാനുള്ള, അതിനെ തരണം ചെയ്യാൻ ജനങ്ങളെ....... താപനില കൂടുമ്പോഴാണ് കാലാവസ്ഥാ വ്യതിയാനങ്ങൾ വേനൽ മഴ പോലെയുള്ളവ ഇവിടെ വരുന്നത്.  ഇതിന്റെ ഇരയാവുകയാണ് ഈ സംസ്ഥാനം. അങ്ങനെയുള്ളൊരു ഗവേഷണ പ്രക്രിയ, അങ്ങനെയൊരു ഗവേഷണ നയം ഇവിടെ വേണമെന്ന് നമ്മുടെ സർക്കാരിന് തോന്നണം.

മി. ചെയർമാൻ: യെസ്... കൺക്ലൂഡ്...

ശ്രീമതി ജമീല പ്രകാശം: സർ, ഇനിയും ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. ഞാനിവിടെ വച്ച് ചുരുക്കുകയാണ്. പ്രത്യേകിച്ച് ദേശീയ രാഷ്ട്രീയത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. ഏത് സർക്കാരിനും നമ്മൾ 6 മാസം കൊടുക്കണമെന്നാണ്. നമുക്ക് കാത്തിരിക്കാം. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കേരളത്തിന്റെ സാമ്പത്തിക യാഥാർത്ഥ്യങ്ങളെ പരിപൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് യാഥാർത്ഥ്യബോധത്തോടുകൂടി ചുവടുകൾ വയ്ക്കുന്ന കേരളത്തിന്റെ ഏറ്റവും ബഹുമാന്യനും പ്രിയങ്കരനുമായിട്ടുള്ള ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിസാർ ഈ നിയമസഭയിൽ എത്തിയിട്ട് ഇന്ന് 16972 ദിവസം തികയുന്ന ദിനമാണ്. അതോടൊപ്പംതന്നെ അദ്ദേഹം മന്ത്രിയെന്ന നിലയിൽ ഈ സഭയിൽ എത്തിയിട്ട് 8249 ദിവസം തികയുന്നൊരു അവസരം കൂടിയാണ്. പാലാ നിയോജക മണ്ഡലം രൂപീകൃതമായതിനുശേഷം ആ നിയോജക മണ്ഡലത്തിൽ നിന്ന് തുടർച്ചയായി അദ്ദേഹം നിയമസഭയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ് – 49 വർഷക്കാലഘട്ടം. 12 തവണ വളരെ വലിയ നിലയിൽ തന്നെ ബഡ്ജറ്റ് അവതരിപ്പിക്കുകയും റിക്കാർഡ് സൃഷ്ടിക്കുകയും ചെയ്ത ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി, 12 മന്ത്രിസഭകളിൽ മന്ത്രിയാകുകയും ഏറ്റവും കൂടുതൽ തവണ ധനവകുപ്പും അതുപോലെത്തന്നെ നിയമവകുപ്പും കൈകാര്യം ചെയ്തുയെന്നുള്ളതും

ശ്രദ്ധേയമാണ്. ഇത്രത്തോളം വലിയ നിലയിൽ നീങ്ങുന്ന കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി കേരളത്തിന് വലിയൊരു അഭിമാനമാണ്. ലോക ത്തിലെ ജനാധിപത്യ സംവിധാനങ്ങളിൽ ഇന്നേവരെ ഒരു ജനപ്രതിനിധിക്കും, ഒരു ഭരണകർത്താവിനും കൈവരിക്കാൻ കഴിയാത്ത ശ്രീ. കെ. എം. മാണി സാറിന്റെ നേട്ടം ഒരു ലോക റിക്കാർഡ് തന്നെയാണ് എന്ന് സൂചിപ്പിക്കട്ടെ. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ മികച്ച നിലയിലുള്ള ധനകാര്യ മാനേജ്മെന്റ് നമ്മുടെ സംസ്ഥാനത്തെ വളരെ വലിയ നിലയിൽത്തന്നെ പുരോഗതിയിലേക്ക് കൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ്.

സംസ്ഥാന വരുമാനത്തിന്റെ സിംഹഭാഗവും ശമ്പളം, പെൻഷൻ, പലി ശ എന്നിവയ്ക്കുവേണ്ടി ചെലവഴിക്കുകയാണ്. അങ്ങനെയൊരു സാഹചര്യ ത്തിൽ വികസനത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടി പണം കണ്ടെ ത്തുക എന്നുള്ളത് ഏറെ ശ്രമകരമാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അങ്ങനെയൊരു സാഹചര്യത്തിലാണ് മികവുറ്റ നിലയിൽ കേരളത്തെ കൊണ്ടുപോവുകയെന്ന വളരെ ബുദ്ധിമുട്ടുള്ള ചുമതല ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഏറ്റെടുത്തിരിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി നല്ല നിലയിൽ കേരളത്തിലെ മുഴുവൻ ജനവിഭാഗങ്ങളെയും മനസ്സിൽ സ്വാംശീകരിച്ചുകൊണ്ട് കേരളത്തിന്റെ വികസനം ആഗ്രഹിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ലോകവ്യാപകമായി സാമ്പത്തികരംഗത്ത് മാന്ദ്യം അനുഭവപ്പെടുകയും നാണ്യപ്പെരുപ്പം ഉണ്ടാവു കയും രാജ്യത്തിന്റെ സാമ്പത്തിക വളർച്ച കഴിഞ്ഞവർഷം ശരാശരി അഞ്ചര ശതമാനത്തിൽ മാത്രം എത്തിനിൽക്കുകയും ചെയ്ത സന്ദർഭത്തിൽ ഇന്ത്യ യിൽ ഏറ്റവും കൂടുതൽ സാമ്പത്തിക വളർച്ച കൈവരിച്ച സംസ്ഥാനമാക്കി

കേരളത്തെ മാറ്റുവാൻ ബഹുമാനപ്പെട്ട കെ. എം. മാണിക്കു കഴിഞ്ഞു. അതിന്റെഫലമായി കേരളത്തിന് 11 ശതമാനത്തിന്റെ സാമ്പത്തിക വളർച്ച യാണ് നേടാൻ കഴിഞ്ഞത്. മികച്ച ധനകാര്യ മാനേജ്മെന്റിന്റെയും ആസൂത്രണ മികവിന്റെയും സാക്ഷിപത്രമാണിത്. ഗൾഫ് രാജ്യങ്ങളിൽ വിസ നിയമം കർക്കശമാക്കിയതും ഡോളറിനുണ്ടായ വിലവർദ്ധനവും മൂലം പ്രവാസികൾ കേരളത്തിലേയ്ക്ക് അയയ്ക്കുന്ന പണത്തിന് കാതലായ കുറവുണ്ടായി. ആ പണം മാർക്കറ്റിലേയ്ക്ക് വരുന്ന സാഹചര്യമല്ല ഉണ്ടായത്. ആ പണം സേവിംഗ്സായും ഡിപ്പോസിറ്റായും ബാങ്കുകളിലേയ്ക്ക് വരുന്ന സാഹചര്യമുണ്ടായപ്പോൾ മാർക്കറ്റിൽ ചലനമുണ്ടാകാതെ വന്നത് നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. അതുപോലെതന്നെ റബ്ബറിന്റെ ഉല്പാദനക്കുറവും ഇറക്കുമതി നയവും റബ്ബറിന്റെ വലിയ തോതിലുള്ള വിലയിടിവിന് സാദ്ധ്യതയുണ്ടാവുകയും ആ നിലയ്ക്ക് മാർക്കറ്റിലേയ്ക്ക് പണം പോകാതെവരുന്ന സാഹചര്യവും നികുതി വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം ഭക്ഷ്യവിഭവങ്ങളുടെ ലഭ്യത ക്കുറവ് സൃഷ്ടിച്ച വിലക്കയറ്റവും സാധാരണക്കാരന്റെ കുടുംബ ബഡ്ജറ്റിനെ സാരമായി ബാധിച്ചിട്ടുണ്ട്. അങ്ങനെയൊരവസ്ഥയിൽ ആഢംബര സാധനങ്ങൾ വാങ്ങുന്നതിനോ നികുതി കൊടുത്ത് വാങ്ങേണ്ട സാധനങ്ങൾ വാങ്ങുന്നതിന് ആളുകൾ പുറകോട്ടുപോവുകയോ അല്ലെങ്കിൽ അത് വാങ്ങാതിരിക്കാൻ നിർബന്ധിതമാവുകയും ചെയ്തുവെന്നുള്ളതാണ് യാഥാർത്ഥ്യം. അന്യസംസ്ഥാന തൊഴിലാളികൾ ധാരാളമായി ഇവിടേയ്ക്ക് വരുന്നുണ്ടെങ്കിലും അവർ വാങ്ങുന്ന പണം അവരുടെ സംസ്ഥാനങ്ങളി ലേയ്ക്ക് ഒഴുക്കുകയാണ്. അത് മാർക്കറ്റിൽ ചെലവഴിച്ച് ചലനങ്ങൾ

ഉണ്ടാക്കാത്തതും നികുതി വരുമാനത്തെ കാര്യമായി ബാധിച്ചിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ആഗോള സാമ്പത്തിക മാന്ദ്യം കേരളത്തെ ബാധിക്കാതിരിക്കാൻ ഉൽപ്പാദന രംഗത്ത് ഉത്തേജനവും വളർച്ചയും ലക്ഷ്യമിടുന്ന ധനകാര്യനയം, കൃഷിക്കാർക്കും മത്സ്യത്തൊഴിലാളികൾക്കും മൃഗസംരക്ഷണരംഗത്തുമെല്ലാം കൂടുതൽ സബ്സിഡി ഇളവുകൾ നൽകുകയും കൂടുതൽ നിക്ഷേപവും തൊഴിലും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചും അടിസ്ഥാന സൗകര്യവികസനത്തിന് വൻ നിക്ഷേപം നടത്തിക്കൊണ്ടുമാണ് ഈ സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അടിസ്ഥാന വികസന സൗകര്യമെന്ന് പറഞ്ഞാൽ കേരളത്തിൽ ഏത് ഭാഗത്തുനോക്കിയാലും വളരെ നല്ല നിലയിൽ നിർമ്മിക്കുന്ന റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ ഒക്കെ നമുക്ക് കാണാൻ കഴിയും. ഇവിടെ സാമ്പത്തികമായ നിലയിൽ ബാദ്ധ്യത വരുമെന്നുള്ളത് നമുക്കേവർക്കുമറിയാവുന്നതാണ്. മെട്രോ റെയിൽ പദ്ധതി ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾക്കൊക്കെ പണം ചെലവഴിച്ചുകൊണ്ടിരിക്കുമ്പോൾ സാമ്പത്തികമായി ബാദ്ധ്യതയുണ്ടാവുകയെന്നത് സ്വാഭാവികമാണ്. അതോടൊപ്പം തന്നെ അരി, ഗോതമ്പ് തുടങ്ങിയ ധാന്യവർഗ്ഗങ്ങളെയും പയർ വർഗ്ഗങ്ങളെയും നികുതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ടും കുറച്ചുകൊണ്ടുമുള്ള ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സാധാരണക്കാരെ സഹായിക്കാൻ വേണ്ടിയാണ് ഇതൊക്കെ ചെയ്തിട്ടുള്ളത്. പെട്രോൾ ഉൽപ്പന്നങ്ങളുടെ വില കേന്ദ്ര സർക്കാർ പലതവണ വർദ്ധിപ്പിച്ചപ്പോഴും അതിലൂടെ സംസ്ഥാനത്തിന് നേടാമായിരുന്ന വരുമാനം പൂർണ്ണമായി ഒഴിവാക്കാൻ ഈ ഗവൺമെന്റ് സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്. നികുതി വരുമാന വർദ്ധനവിനേക്കാൾ ജനതാൽപ്പര്യത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഒരു നടപടിയാണ് ഈ

ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്ത് ധനകാര്യ മാനേജ്മെന്റിനെ ശക്തിപ്പെടുത്തിക്കൊണ്ടുപോകുന്ന ഒരു ഗവൺമെന്റ് പ്രത്യേകിച്ച് ധനകാര്യ വകുപ്പുമന്ത്രി നികുതി പിരിവ് നടത്തി സംസ്ഥാന ഖജനാവിന് വലിയ തോതിൽ വർദ്ധനവുണ്ടാക്കി എന്നതിനുപരി യായി പറയേണ്ട മറ്റൊരു കാര്യം കൂടിയുണ്ട്. ജനനന്മയെ ലക്ഷ്യമാക്കിയുള്ള അദ്ദേഹത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങൾ ഇന്ന് ലോകത്തിന് മാതൃക മായി നിൽക്കുകയാണ്. ജീവകാരുണ്യപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ കാരുണ്യലോട്ടറി, ലോട്ടറി സംവിധാനത്തെയാകെ മാറ്റുകയുണ്ടായി. ഒരു കാലഘട്ടത്തിൽ അഴുക്കുചാലിൽ വീണതുപോലെയായിരുന്ന ലോട്ടറി ഇന്ന് തെളിമയാർന്ന അരുവിപോലെ ആക്കിയത് ശ്രീ. കെ. എം മാണിയാണ്. ഒരു കാലത്ത് സാന്റിയാഗോ മാർട്ടിനെപ്പോലെയുള്ള മാഫിയകളുടെ കൈകളിൽ നിന്ന് ലോട്ടറിയെ പരിപൂർണ്ണമായി മോചിപ്പിച്ചുകൊണ്ട് ലോട്ടറി സംവിധാ നത്തെ വളരെ നല്ല നിലയിലെത്തിക്കാൻ സാധിച്ചു. ഭൂട്ടാൻ, സിക്കിം ലോട്ടറി കൾ ഇപ്പോൾ കേരളത്തിലില്ല. ഇവിടത്തെ ലോട്ടറി മാത്രമാണുള്ളത്. ഈ ലോട്ടറി വളരെ നല്ലനിലയിൽ നടത്തിക്കൊണ്ടുപോകുക മാത്രമല്ല, കാരുണ്യ ലോട്ടറി സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് രോഗികളായ ആളുകളെ സഹാ യിക്കുന്ന ഒരു വലിയ പദ്ധതിയുമായി സംസ്ഥാന സർക്കാർ മുന്നോട്ടു വന്നിരിക്കുകയാണ്. ഇന്ന് 36818 പേർക്കാണ് കാരുണ്യ ലോട്ടറിയിലൂടെ സഹായം നൽകിയിട്ടുള്ളത്. മാത്രമല്ല, 387 കോടി രൂപ കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ ഈ സംസ്ഥാനത്തെ രോഗികൾക്ക് നൽകിയിട്ടുള്ളത്. ഹീമോഫീലിയ, ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ-കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സകൾക്ക് പണം കൊടുക്കു

വാൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നനാഡി എന്നിവയ്ക്ക് മാരക രോഗങ്ങൾ സംഭവിക്കുന്നവർക്ക്, അതോടൊപ്പം അവയവം നൽകുന്ന വ്യക്തിക്ക് ഒരു ലക്ഷം രൂപ, അവയവം സ്വീകരിക്കുന്ന വ്യക്തിക്ക് 2 ലക്ഷം രൂപ അങ്ങനെ ഏത് തരത്തിലുമുള്ള ഗുരുതരമായ രോഗങ്ങൾ ബാധിക്കുന്ന ആളുകളെയും സഹായിക്കുന്ന ഒരു ഗവൺമെന്റായി മാറാൻ കാരുണ്യ ലോട്ടറിയിലൂടെ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാർ ആശുപത്രികൾ, പരിയാരം-കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ അതോടൊപ്പം തന്നെ 68 സർക്കാരിതര ആശുപത്രികൾ, 28 ഡയാലിസിസ് സെന്ററുകൾ എന്നിവ ഈ പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിരിക്കുകയാണ്. അതോടൊപ്പം തന്നെയാണ് കാരുണ്യഹോമുകൾ, രോഗികളുമായി ആശുപത്രിയിലേയ്ക്ക് വരുന്ന പാവപ്പെട്ട ആളുകൾക്ക് പണം കൊടുക്കാതെ താമസിക്കുന്നതിനുവേണ്ടിയുള്ള കാരുണ്യഹോമുകൾ കേരളത്തിൽ വരികയാണ്. കാരുണ്യ ഡയാലിസിസ് സെന്ററുകൾ, ഈ സംസ്ഥാനത്ത് സ്ഥാപിക്കുകയാണ്. അനാഥ കുടുംബത്തിന്, മാതാപിതാക്കൾ മരണമടയുകയോ, അംഗവൈകല്യം ഉണ്ടാവുകയോ ചെയ്യുന്ന കുടുംബങ്ങൾക്ക് ഒരു മാസം 2,000 രൂപയുടെ സഹായം കൊടുക്കുന്ന വലിയ പദ്ധതി ഇവിടെ നടപ്പിലാക്കുകയാണ്. ഇതുപോലെയുള്ള സാമൂഹ്യസേവനപ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് കഴിഞ്ഞകാലഘട്ടങ്ങളിലെ സങ്കൽപ്പങ്ങൾക്ക് മാറ്റം വരുത്തിയിരിക്കുകയാണ് ഈ ഭരണകൂടം. ഇത്തരം എല്ലാതരത്തിലുമുള്ള സാമ്പത്തിക ബാദ്ധ്യതകളൊക്കെ ഉണ്ടാകുമ്പോഴും സർക്കാർ ജീവനക്കാരുടെ

ഡി.എ. കുടിശ്ശിക കൊടുത്തുതിർക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. നിരവധി സാമൂഹ്യക്ഷേമപദ്ധതികൾ ഈ സംസ്ഥാനത്ത് വളരെ നല്ല നിലയിൽത്തന്നെ നടപ്പിലാക്കിക്കൊടുക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുകയാണ്. വാർദ്ധക്യകാല പെൻഷൻ 300 രൂപയിൽ നിന്ന് 500 രൂപയാക്കി വർദ്ധിപ്പിക്കുകയും അഗതി-വിധവാ പെൻഷനുകൾ 500 രൂപയിൽനിന്ന് 700 രൂപയാക്കി വർദ്ധിപ്പിക്കുകയും വികലാംഗപെൻഷൻ 500 രൂപയിൽ നിന്ന് 700 രൂപയായി വർദ്ധിപ്പിക്കുകയും ഈ പെൻഷനുകളെല്ലാം തന്നെ കൊടുത്തുകൊണ്ടിരിക്കുകയുമാണ്. കർഷകത്തൊഴിലാളി പെൻഷൻ, അവിവാഹിതർക്കുള്ള പെൻഷൻ, വിവാഹ ധനസഹായം, തൊഴിലില്ലായ്മ വേതനം ഇതൊക്കെ നൽകിക്കൊണ്ട് പാവപ്പെട്ടവരുടെയും കഷ്ടപ്പെടുന്നവരുടെയും രോഗികളുടെയും പക്ഷത്തുനിന്നുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്ന കാഴ്ച കാണാൻ കഴിയും. ഇങ്ങനെ വളരെ ഭംഗിയായ നിലയിൽ ഈ സംസ്ഥാനത്തെ മുന്നോട്ടു നയിക്കുന്ന ധനകാര്യ വകുപ്പിനെയും ശ്രീ. കെ. എം. മാണിയെയും അഭിനന്ദിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, പാവപ്പെട്ട മലയാളികളുടെ ഏറ്റവും വലിയൊരു സ്വപ്നമാണ് ഒരുപിടിമണ്ണിന് ഉടമകളായി മാറുക എന്നുള്ളത്. അങ്ങനെയുള്ള പാവപ്പെട്ട മലയാളികളുടെ സ്വപ്നത്തിന് ചിറകുനൽകി, അവരുടെ സ്വപ്നം യാഥാർത്ഥ്യമാക്കിയത് ഈ സംസ്ഥാന സർക്കാരാണ്. അതിന് വലിയ നിലയിൽ നേതൃത്വം വഹിച്ച, മുൻകൈയെടുത്ത ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിനെ മുക്തകണ്ഠം പ്രശംസിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേരളത്തിലെ പാവപ്പെട്ട

ആളുകളുടെ സ്വപ്നം സാക്ഷാത്കരിച്ചുവെന്നതിലൂടെ കേരള ചരിത്രത്തിൽ അദ്ദേഹത്തിന്റെ പേര് തങ്കലിപികളാൽ എഴുതപ്പെടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. മാത്രമല്ല, രണ്ടരലക്ഷത്തോളം ഭൂരഹിതരായ ആളുകൾക്ക് ഭൂമികൊടുക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുക യാണ്. പ്രധാനപ്പെട്ട മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്, 1965-ലാണ് സംസ്ഥാനത്ത് റീസർവ്വേ പദ്ധതികൾ ആരംഭിച്ചത്. റീസർവ്വേ നടപടികൾ ആരംഭിച്ച് 48 വർഷം പൂർത്തീകരിച്ചിട്ടുപോലും അത് എങ്ങുമെത്തിക്കാൻ കഴിഞ്ഞിട്ടില്ല. 770 ഓളം വില്ലേജുകളിൽ ഇനിയും റീസർവ്വേ നടക്കേണ്ടതായിട്ടുണ്ട്. ഈ റീസർവ്വേ പ്രവർത്തനങ്ങൾ അടിയന്ത രമായി നടത്തുന്നതിനാവശ്യമുള്ള നടപടികൾ സ്വീകരിക്കണം. ഇന്ന് നമ്മുടെ നാട് വിവരസാങ്കേതിക വിദ്യയിൽ വൻമുന്നേറ്റം കൈവരിച്ചുകൊണ്ടിരിക്കുക യാണ്. അതിന്റെ എല്ലാവശങ്ങളും ഉൾക്കൊണ്ട് ഇതിനായി ആധുനിക രീതി യിൽ പരിശീലനം കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ ഇ-പേമെന്റ് സമ്പ്രദായം നടപ്പിലാക്കിയിരിക്കുക യാണ്. ഭൂമി സംബന്ധമായ കാര്യങ്ങൾക്ക് പണമടയ്ക്കുന്നതിന് വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഈ കാലത്ത് ഇ-പേമെന്റ് സമ്പ്രദായം നടപ്പിലാ ക്കിയാൽ ഈ മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും. ഡാറ്റാ ബാങ്കിനെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്ത് വലിയ പരാതികൾ നില നിൽക്കുകയാണ്. പല സ്ഥലങ്ങളിലും വർഷങ്ങളായി കര ഭൂമിയായി കിട ക്കുന്നതിനെ നിലമായും നിലമായി കിടക്കുന്ന ഭൂമിയെ കരയായും രേഖപ്പെടു ത്തിയിരിക്കുകയാണ്. റീസർവ്വേ നടപടികൾ ആരംഭിച്ച് വർഷങ്ങൾ കഴി

ഞ്ഞിട്ടും അതിന്റെ പ്രവർത്തനങ്ങൾ എങ്ങുമെത്തിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഡാറ്റാബാങ്കിൽ ഉണ്ടായിട്ടുള്ള ന്യൂനത പരിഹരിക്കുകയും ശാസ്ത്രീയമായ നിലയിൽ അത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ഈ കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ വളരെ നല്ല നിലയിലുള്ള മാനേജ്മെന്റും ഭരണസംവിധാനവും ഉപയോഗപ്പെടുത്തി ജനപക്ഷത്തുനിന്ന് പ്രവർത്തിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണിക്ക് വലിയ വിജയത്തോടുകൂടി സീറ്റുകൾ നേടുന്നതിനുള്ള സാഹചര്യമുണ്ടായിട്ടുള്ളത്. അത് തിരിച്ചറിയാനുള്ള യാഥാർത്ഥ്യബോധം ഇടതുപക്ഷ നേതാക്കന്മാർ കാണിക്കണമെന്നാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ഇരുട്ടുകൊണ്ട് ഓട്ട അടക്കരുത്. ഈ ലോകസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് മുമ്പ് ഇവിടെ ഇടതുപക്ഷ സ്നേഹിതന്മാർ ഉയർത്തിയിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് എല്ലാവർക്കുമറിയാം. അതൊക്കെ തകർന്നടിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് യാഥാർത്ഥ്യബോധം ഉൾക്കൊണ്ട് മുന്നോട്ടുപോകാൻ സാധിക്കണം. വർഗ്ഗീയ ശക്തികൾക്കെതിരെ യോജിച്ചുള്ള പോരാട്ടം നടത്തേണ്ടത് ആവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിൽ ആ നിലയ്ക്ക് യോജിച്ചുനീങ്ങേണ്ട ഒരവസരമാണിതെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. മതേതരത്വ ശക്തികൾ ഒരുമിച്ച് കൈകോർത്തുപിടിച്ച് മുന്നോട്ടുപോകേണ്ട ഒരു കാലഘട്ടമാണിത്. രാജ്യത്തെ സ്നേഹിക്കുന്ന, രാജ്യത്തിന്റെ ഉന്നത മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഏതൊരു വ്യക്തിയും കാലഘട്ടമാവശ്യപ്പെടുന്നത് മനസ്സിലേയ്ക്ക് കൊണ്ടുവരേണ്ടത് ആവശ്യമാണ്. അതുകൊണ്ട് ഈ കാലഘട്ടം നമ്മോടാവശ്യപ്പെടുന്നത് ഇത്തരത്തിലുള്ള വർഗ്ഗീയവാദികൾക്കെതിരെയുള്ള യോജിച്ച പോരാട്ടമാണ്. അത് ആത്മാവിൽ ഏറ്റെടു

ത്തുകൊണ്ട് മുന്നോട്ടുപോകാൻ ഭരണ–പ്രതിപക്ഷ ഭേദമില്ലാതെ ഒന്നിച്ചു നീങ്ങാമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, 2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ കാർഷികാദായ നികുതിയും വിൽപ്പന നികുതിയും ഭവന നിർമ്മാണ നികുതി, ഭൂ നികുതി, ജില്ലാഭരണവും പലവകയും, പ്രകൃതി ക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്നിവയ്ക്കായുള്ള ധനാഭ്യർത്ഥനകളെ തുറന്ന മനസ്സോടെ ഞാൻ ആദ്യംതന്നെ പിന്തുണയ്ക്കുകയാണ്. മാണി സാറിന്റെ കീഴിലുള്ള നികുതി വകുപ്പ് നികുതി പിരിക്കുക മാത്രമല്ല, ജനങ്ങളെ ദുരിതത്തിൽനിന്നും സഹായിക്കുക കൂടിയാണ് ചെയ്യുന്നത്. ഇന്ന് നമ്മുടെ നാട്ടിൽ പട്ടിണിയല്ല കൂടുതലായുള്ളത്. കാലാകാലങ്ങളിൽ വന്ന ഗവൺമെന്റുകൾ പട്ടിണി മാറ്റുവാനായി 1 രൂപയ്ക്ക് അരി, 2 രൂപയ്ക്ക് അരി – ഈ രീതിയിലൊക്കെ കൊടുത്തുകൊണ്ട് പട്ടിണി മാറ്റുന്ന ഒരു സാഹചര്യം നമ്മുടെ സമൂഹത്തിലുണ്ട്. ഇന്ന് നമ്മുടെ നാട്ടിൽ ഏറ്റവുമധികം ചൂഷണം ചെയ്യപ്പെടുന്നത് ആരോഗ്യ മേഖലയാണെന്ന കാര്യം നമുക്കെല്ലാവർക്കുമറിയാം. പല മരുന്ന് കമ്പനികളും ഹോസ്പിറ്റലുകളുമൊക്കെ ആരോഗ്യ മേഖലയെ കൂടുതൽ ചൂഷണം ചെയ്യുമ്പോൾ നമ്മുടെ പാവപ്പെട്ട ജനത അതിൽ വളരെയധികം ബുദ്ധിമുട്ടുന്ന ഒരു സാഹചര്യമാണ് ഇന്നുള്ളത്. ഈ ചൂഷണമാണ് ഈ സർക്കാരിന് 'കാരുണ്യ' ലോട്ടറി തുടങ്ങാനുള്ള സാഹചര്യമുണ്ടാക്കിക്കൊടുത്തത്. ഞാൻ എം.എൽ.എ. ആയതിനുശേഷം എന്നെ സമീപിക്കുന്ന രോഗികളുടെ എണ്ണം പലപ്പോഴും എന്നെ അതിശയപ്പെടു

ത്തിയിട്ടുണ്ട്. അപ്പോഴും മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാസഹായം കൊടുക്കുന്നുണ്ടായിരുന്നു. അതിനു ശേഷമാണ് ബഹുമാനപ്പെട്ട കെ.എം. മാണി 'കാരുണ്യ' ലോട്ടറി പദ്ധതി കൊണ്ടുവന്നത്. കേരളത്തിലെ പാവപ്പെട്ട രോഗികൾക്ക് വളരെയധികം ആശ്വാസം നൽകിയിട്ടുള്ളതാണ് ഈ 'കാരുണ്യ' ലോട്ടറി. മാരകരോഗങ്ങ ളാൽ ബുദ്ധിമുട്ടുന്ന രോഗികൾക്ക് വളരെയധികം ആശ്വാസമേകിക്കൊണ്ടാണ് ഇന്ന് 'കാരുണ്യ' ലോട്ടറി മുന്നോട്ടുപോകുന്നത്. പുതിയ 'കാരുണ്യ പ്ലസ്' ലോട്ടറി രോഗികൾക്ക് കൂടുതൽ സഹായകരമാകുന്ന ഒരവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാ നുള്ളത്, ഇതിന്റെ ഭാഗമായി വളരെ കുറച്ച് ഹോസ്പിറ്റലുകളാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. അത് കൂടുതൽ ഹോസ്പിറ്റലുകളിലേയ്ക്ക് വ്യാപിപ്പിച്ച് കൂടുതൽ ആളുകൾക്ക് പ്രയോജനകരമാക്കുവാനുള്ള ഒരു നീക്കം ബഹുമാന പ്പെട്ട മാണി സാറിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ഈ അവസര ത്തിൽ അഭ്യർത്ഥിക്കുന്നു. കേരളത്തിൽ ആദ്യമായി ആലുവ ജില്ലാ ഹോസ്പി റ്റലിലാണ് ഹീമോഫീലിയ സെന്റർ തുടങ്ങിയത്. ഹീമോഫീലിയ രോഗിക ളുടെ അവസ്ഥ വളരെ ദയനീയമാണ്. പലപ്പോഴും ഹീമോഫീലിയ രോഗി കളെ നേരിട്ട് സന്ദർശിക്കാനും അവരുടെ ദു:ഖങ്ങൾ മനസ്സിലാക്കുവാനും എനിക്ക് സാധിച്ചിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് 2 ലക്ഷം രൂപയുടെ ചികിത്സാ ധനസഹായമാണ് 'കാരുണ്യ' ലോട്ടറിയിലൂടെ ഇപ്പോൾ നൽകു ന്നത്. അവരുടെ തുടർ ചികിത്സയ്ക്കായി 1 ലക്ഷം രൂപ കൂടി അനുവദിക്കുകയാണെങ്കിൽ അത് അവർക്ക് വളരെയധികം ആശ്വാസകര മാണ്. ആലുവയിലെ ഹീമോഫീലിയ സെന്ററിന്റെ ഉത്ഘാടനവേളയിൽ

ബഹുമാന്യനായ വി.ഡി. സതീശൻ എം.എൽ.എ.-യും ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഹീമോഫീലിയ രോഗികൾക്ക് പെൻഷൻ അനുവദിക്കണമെന്ന്, ആ സ്റ്റേജിൽവച്ചുതന്നെ അഭ്യർത്ഥിച്ചു. ഹീമോഫീലിയ ബാധിച്ച കുട്ടികളെ നേരിട്ട് കണ്ട് മനസ്സിലാക്കിയപ്പോൾ അദ്ദേഹം അന്ന് അവിടെ വച്ചുതന്നെ ആ കുട്ടികൾക്കായി പെൻഷൻ പ്രഖ്യാപിക്കുകയുണ്ടായി. അത് അവരുടെ കുടുംബത്തിലുള്ളവർക്ക് വലിയൊരു സഹായഹസ്തമായി മാറുകയാണ്. ഇന്ന് ചെക്ക്പോസ്റ്റുകളെക്കുറിച്ച് ഉള്ളതും ഇല്ലാത്തതുമായ അഴിമതികൾ നിറഞ്ഞ വാർത്തകൾ പലപ്പോഴും പത്രങ്ങളിൽ വായിക്കാറുണ്ട്. കേരളത്തിലെ ചെക്ക്പോസ്റ്റുകളിലെ അഴിമതിയും കാലതാമസവും ഒഴിവാക്കുന്നതിനായി എല്ലാ ചെക്ക്പോസ്റ്റുകളെയും സംയോജിതമായ ചെക്ക്പോസ്റ്റുകളാക്കി മാറ്റണം. ചെക്ക്പോസ്റ്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് ഓൺലൈൻ വഴി മന്ത്രി ഉൾപ്പെടെയുള്ള മേലുദ്യോഗസ്ഥന്മാർ അത് നിരീക്ഷിച്ച് അഴിമതിരഹിത ചെക്ക്പോസ്റ്റുകളാക്കി മാറ്റിയാൽ അതിലൂടെ സർക്കാരിന് കൂടുതൽ നികുതി വരുമാനമുണ്ടാക്കാൻ സാധിക്കുന്നതാണ്. അതുപോലെ ഭവനനിർമ്മാണം - നമ്മുടെ നാട്ടിലെ ധാരാളം ആളുകൾക്ക് സ്വന്തമായി ഒരു വീടില്ല എന്നത് വളരെയധികം ദു:ഖകരമായ കാര്യമാണ്. മറ്റുള്ള സംസ്ഥാനങ്ങളിലെ ജനങ്ങളിൽ നിന്നും വ്യത്യസ്തരാണ് മലയാളികൾ. മലയാളിയെ സംബന്ധിച്ചിടത്തോളം 'ഒരു വീട്' എന്നത് അവന്റെ സ്വപ്നമാണ്. ഇവരുടെ സ്വപ്നം യാഥാർത്ഥ്യമാക്കാനായി 'എല്ലാവർക്കും വീട്' എന്ന ഒരു പദ്ധതി നമ്മുടെ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുവാനായി ഒരു പാർപ്പിട നയവും സർക്കാർ പ്രഖ്യാപിച്ചിരുന്നു. പഞ്ചായത്തുകളിൽ ഒരു വീടിന് 75,000 രൂപയായിരുന്നു മുമ്പ്

അനുവദിച്ചിരുന്നത്. ഇപ്പോൾ അത് 2 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ഇപ്പോൾ ആ തുക പഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്നാണ് കൊടുക്കുന്നത്. ഇതുമൂലം കൂടുതൽ ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം അവിടത്തെ പഞ്ചായത്ത് പ്രസിഡന്റും മെമ്പർമാരുമടക്കമുള്ള ജനപ്രതിനിധികൾ സൂചിപ്പിക്കുന്നുണ്ട്. അതുകൊണ്ട് പാർപ്പിട പദ്ധതിക്കായി പഞ്ചായത്തിന് ഒരു പ്രത്യേക ഫണ്ട് നൽകി കൂടുതൽ പാവപ്പെട്ടവർക്ക് വീട് അനുവദിച്ച് നൽകിക്കൊണ്ട് 'കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീട്' എന്ന പദ്ധതി ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തിയാക്കുവാൻ ഞാൻ ബഹുമാനപ്പെട്ട മാണി സാറിനോട് അഭ്യർത്ഥിക്കുകയാണ്. വളരെയധികം വരുമാനക്കുറവുള്ള പഞ്ചായത്തുകൾ നമ്മുടെ കേരളത്തിലുണ്ട്. ആ പഞ്ചായത്തുകൾക്ക് തനത് ഫണ്ട് വയ്ക്കുവാൻ സാധിക്കാത്ത ഒരു സാഹചര്യമുണ്ട്. അതാണ് ഇതിന് പ്രത്യേക ഫണ്ട് അനുവദിക്കാൻ അഭ്യർത്ഥിക്കുന്നത്. പ്രകൃതിക്ഷോഭം വരുമ്പോൾ റവന്യൂ വകുപ്പിന്റെ പ്രവർത്തനരീതിയെക്കുറിച്ച് നമുക്കറിയാം. ഇത്തവണ വരൾച്ച വന്നപ്പോൾ മുഖ്യമന്ത്രിയുടേയും റവന്യൂ വകുപ്പുമന്ത്രിയുടേയും നേതൃത്വത്തിൽ ജില്ലയിലെ മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും വകുപ്പുമന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ യോഗം വിളിച്ചുചേർത്ത് നടപടികളെടുത്തതിനാൽ വരൾച്ചയെ പ്രതിരോധിക്കാൻ ഒരുപരിധിവരെ നമുക്ക് സാധിച്ചു. അതിന് ഞാൻ പ്രിയപ്പെട്ട മുഖ്യമന്ത്രിയേയും ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രിയേയും റവന്യൂ വകുപ്പുമന്ത്രിയേയും ഈ അവസരത്തിൽ പ്രത്യേകിച്ച് അഭിനന്ദിക്കുവാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ വർഷകാലത്ത് വെള്ളപ്പൊക്കമുണ്ടായപ്പോൾ മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും

മറ്റുള്ള മന്ത്രിമാരുടെയും നിർദ്ദേശപ്രകാരം ജില്ലാഭരണകൂടത്തിന്റെയും ജന പ്രതിനിധികളുടെയും നേതൃത്വത്തിൽ ഒരു വലിയ ദുരിതാശ്വാസ പ്രവർത്തന മാണ് നടത്തിയത്. ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർക്ക് വളരെ വർഷ ങ്ങളായിട്ട് 1,000 രൂപയാണ് കൊടുത്തുവരുന്നത്. ഇത് വളരെ വർഷങ്ങൾക്കു മുമ്പ് കൊടുത്തുതുടങ്ങിയ ഒരു തുകയാണ്. ഇന്ന് നമ്മുടെ നാട്ടിലെ സാമ്പ ത്തിക ബുദ്ധിമുട്ടുകളെക്കുറിച്ചൊക്കെ നമുക്കറിയാം. ഇന്നത്തെ കാലത്ത് ഒരു കുടുംബത്തെ സംബന്ധിച്ചിടത്തോളം 1,000 രൂപ കൊണ്ട് ഒന്നും ചെയ്യാൻ സാധിക്കില്ല. ആ ദുരിതാശ്വാസ തുക മിനിമം 5,000 രൂപയെങ്കിലുമായി വർദ്ധിപ്പിക്കണം. വെള്ളപ്പൊക്കമുണ്ടായി പലായനം ചെയ്യുമ്പോൾ ചില ആളുകൾ ക്യാമ്പുകളിൽ വരാൻ മടിക്കും. ചിലപ്പോൾ മാരകമായ അസുഖ ങ്ങൾകൊണ്ടോ അതല്ലെങ്കിൽ പ്രായപൂർത്തിയായ പെൺകുട്ടികൾ ഉള്ളതു കൊണ്ടോ അവർ ക്യാമ്പുകളിൽ പോകാനായി മടിക്കുമ്പോൾ അവർ അറി യുന്ന വീടുകളിലേയ്ക്ക്, സ്വന്തക്കാരുടെ വീടുകളിലേയ്ക്ക് മാറിത്താമസി ക്കുന്നതിനുള്ള ഒരു സാഹചര്യമുണ്ടാകും. അങ്ങനെയുള്ള ആളുകൾക്കും ഈ ദുരിതാശ്വാസ തുക അനുവദിക്കണം. കാരണം, അവരും ഇവിടെ യാതന അനുഭവിക്കുന്നവരാണ്. ഒരുപക്ഷേ ഇവരും ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് വരികയാണെങ്കിൽ അവരുടെ ഭക്ഷണവും മറ്റ് ചിലവുകളു മൊക്കെക്കൂടി ഗവൺമെന്റിന് നല്ലൊരു തുകയാണ് ചെലവാകുന്നത്. ഇവർ മറ്റുള്ള വീടുകളിലേയ്ക്ക് പോകുമ്പോൾ ആ തുക ലാഭമാണ്. അപ്പോൾ സ്വാഭാവികമായും അവർക്കുകൂടി ആ തുക അനുവദിക്കുന്ന ഒരു സാഹചര്യ മുണ്ടാകണം. കാരണം, ഈ കഴിഞ്ഞ വർഷകാലത്ത് ഡാം തുറന്നുവിട്ട് വെള്ളപ്പൊക്കമുണ്ടായപ്പോൾ ആലുവ പ്രദേശത്തുള്ള സഹോദരന്മാരും

സഹോദരിമാരും വളരെയധികം യാതന അനുഭവിച്ച ആളുകളാണ്. അവരൊക്കെ ഈ തുക ഞങ്ങൾക്കും തരണമെന്ന് ആവശ്യപ്പെട്ടപ്പോൾ സ്വാഭാവികമായും ഞങ്ങളൊക്കെ ചിന്തിച്ചപ്പോൾ ആ പൈസ അവർക്കും അർഹതപ്പെട്ടതുതന്നെയാണ്. അതുകൊണ്ട് ഗവൺമെന്റ് അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കണമെന്ന് ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു.

നമ്മുടെ നാട്ടിൽ പ്രകൃതിക്ഷോഭങ്ങൾ വരുമ്പോൾ ജില്ലാ ഭരണകൂടത്തിന് ഫണ്ട് അനുവദിച്ച് നൽകുന്നതിലുള്ള കാലതാമസം ദുരിതാശ്വാസ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്ന സാഹചര്യം പലപ്പോഴും ഉണ്ടാകാറുണ്ട്. എന്നിരുന്നാലും ഇത്തരം സന്ദർഭങ്ങളിൽ ഗവൺമെന്റ് അടിയന്തമായി ഇടപെട്ടുകൊണ്ട് തുക അനുവദിക്കാറുണ്ട്. ജില്ലാ കളക്ടർമാർക്ക് കണ്ടിജൻസി ഫണ്ടായി മിനിമം ഒരു കോടി രൂപയെങ്കിലും നേരത്തെകൂട്ടിത്തന്നെ അനുവദിച്ചാൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സുഗമമായി നേതൃത്വം നൽകാൻ സാധിക്കും. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അതാത് താലൂക്കുകളിലെ തഹസീൽദാർമാർ നേരിട്ടാണ് ഇടപെടുന്നത്. അവർക്ക് ഇതുവരെ കണ്ടിജൻസി ഫണ്ട് അനുവദിച്ചിട്ടില്ല. അവർക്കും കണ്ടിജൻസി ഫണ്ട് അനുവദിച്ച് അഡ്വാൻസായി കൊടുത്താൽ ദുരിതാശ്വാസ പ്രവർത്തനത്തിന് ആക്കം കൂട്ടുവാൻ സാധിക്കും. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തഹസീൽദാർമാർ എപ്പോഴും ഏത് കാര്യത്തിനും ഓടിയെത്തുന്നവരാണ്. താലൂക്ക് ഓഫീസിലെ വാഹനങ്ങളുടെ അവസ്ഥ വളരെ ദയനീയമാണ്, ഒരു പ്രശ്നമുണ്ടായാൽ പലപ്പോഴും യഥാസമയം സംഭവസ്ഥലത്തെത്തിച്ചേരുവാൻ കഴിയുന്നില്ല. അതുകൊണ്ട്

തഹസീൽദാർമാർക്ക് പുതിയ വാഹനം അനുവദിച്ചാൽ അവരുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. കേരളത്തിലെ 14 ജില്ലകളിലും ഇ-ഗവേണൻസ് നടപ്പാക്കാൻ തീരുമാനിച്ചെങ്കിലും അതിന്റെ നടപടികൾ പൂർത്തിയായിട്ടില്ല. കളക്ടറേറ്റിനേയും താലൂക്കിനേയും വില്ലേജിനേയും ബന്ധിപ്പിച്ച് ഓൺലൈൻ നെറ്റ്‌വർക്ക് സംവിധാനം നടപ്പിലാക്കിയാൽ കെട്ടിക്കിടക്കുന്ന ഫയലുകൾക്ക് തീർപ്പ് കൽപ്പിക്കുവാനും ജില്ലാ കളക്ടർമാർക്ക് ജില്ലയിലെ റവന്യൂ ഓഫീസുകളെ മോണിറ്റർ ചെയ്യുവാനും സാധിക്കും. ഇന്ന് പല ഓഫീസുകളിലും ധാരാളം ഫയലുകൾ പെന്റിംഗ് ആണ്. അതുകൊണ്ടാണ് ഇങ്ങനെയൊരു സംവിധാനം ഏർപ്പെടുത്തണമെന്ന് പറയുന്നത്. കേരളത്തിലെ എൻ.ജി.ഒ. ക്വാർട്ടേഴ്സുകളിൽ അനധികൃതമായി താമസിക്കുന്ന ധാരാളം ആളുകളുണ്ട്. പെൻഷൻ ആയിട്ടും കുടികിടപ്പവകാശംപോലെ അവിടെ താമസിക്കുന്നവരുണ്ട്. സ്വന്തം വീടുകൾ വാടകയ്ക്ക് നൽകിയിട്ടാണ് പല ഉദ്യോഗസ്ഥരും ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നത്. അങ്ങനെയുള്ള ആളുകളെ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് അതാത് ജില്ലകളിലെ കളക്ടർമാർക്ക് നിർദ്ദേശം നൽകണം. അർഹതപ്പെട്ട അനേകം ആളുകൾ വെയിറ്റിംഗ് ലിസ്റ്റിലുണ്ട്, അവർക്ക് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ ഓരോ ജില്ലയിലുമായി 14 വില്ലേജുകളെയാണ് സ്മാർട്ട് വില്ലേജുകളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഈ വില്ലേജുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഉദ്യോഗസ്ഥരെ ആധുനിക സാങ്കേതിക ഭരണരീതിയും ജനസൗഹൃദ സമീപനവും സ്വീകരിക്കുവാൻ പരിശീലിപ്പിക്കുകയും വേണം. ഇത്തരത്തിൽ വില്ലേജുകൾ രൂപീകരിക്കുമ്പോൾ ഒരു

പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ആലുവ മണ്ഡലത്തിലും ഒരു സ്മാർട്ട് വില്ലേജ് എത്രയുംവേഗം അനുവദിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. ഇ-ഗവേണൻസിന്റെ ഭാഗമായി അക്ഷയ കേന്ദ്രങ്ങൾവഴി വില്ലേജ് ഓഫീസിൽനിന്നുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട്. പല വില്ലേജ് ഓഫീസുകളിൽനിന്നും വളരെ അകലെയായാണ് അക്ഷയകേന്ദ്രങ്ങൾ ഇന്ന് സ്ഥിതി ചെയ്യുന്നത്. ഇത് സാധാരണക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഈ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ വില്ലേജ് ഓഫീസിൽത്തന്നെ ഒരു ഫ്രണ്ട് ഓഫീസ് സംവിധാനമൊരുക്കുവാൻ സർക്കാർ തയ്യാറാകണമെന്ന് ബഹുമാനപ്പെട്ട മിനിസ്റ്ററോട് ഞാൻ അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്ത് അക്ഷയകേന്ദ്രങ്ങൾ വളരെ കുറവാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വില്ലേജ് ഓഫീസിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. പല വില്ലേജ് ഓഫീസിലും ആകെ ഒന്നോ രണ്ടോ മുറിയേയുള്ളൂ. അവിടെ ഫ്രണ്ട് ഓഫീസിനുള്ള സൗകര്യംതന്നെയില്ല. വില്ലേജ് ഓഫീസുകളുടെ സൗകര്യം കൂടുതൽ മെച്ചപ്പെടുത്തണമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അൻവർ സാദത്ത്: സർ, വില്ലേജ് ഓഫീസിലെ സൗകര്യക്കുറവിനെക്കുറിച്ച് പല വില്ലേജ് ഓഫീസർമാരും പറയാറുണ്ട്. പഴയ വില്ലേജ് ഓഫീസുകളുടെ അവസ്ഥ വളരെ ദയനീയമാണ്. ആലുവയിൽ പുതിയതായി രണ്ട് വില്ലേജ് ഓഫീസുകൾ അനുവദിച്ചുതന്ന മിനിസ്റ്ററോട് പ്രത്യേകമായി നന്ദി പറയുന്നു. ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ കമ്പ്യൂട്ടറുകളിലൂടെയും സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണെങ്കിൽ വീടുകളിൽത്തന്നെയിരുന്ന് സർട്ടിഫിക്കറ്റ് എടുക്കാൻ കഴിയുന്ന

സാഹചര്യമുണ്ടാകും, അത് വളരെ പ്രയോജനപ്രദമായിരിക്കും. ഇത്തരമൊരു തീരുമാനമെടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വസ്തുവിന്റെ കരവും റവന്യൂ റിക്കവറി തുകയും ഓൺലൈൻവഴി അടയ്ക്കാനുള്ള സംവിധാനം ഇതുവരെ പ്രാവർത്തികമായിട്ടില്ല. എത്രയുംവേഗം ഇത് നടപ്പിലാക്കണം. അതോടൊപ്പം പൊതുജനങ്ങൾക്ക് വസ്തുവിന്റെ വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കുവാനുള്ള നടപടിയും സ്വീകരിക്കണം. പോക്കുവരവിനെക്കുറിച്ച് ബഹുമാനപ്പെട്ട പി.സി. വിഷ്ണുനാഥ് എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പോക്കുവരവെന്നാൽ വില്ലേജ് ഓഫീസുകളിൽ പോവുക, വരിക എന്ന രീതിയിലുള്ള സമീപനമാണ് വില്ലേജ് ഓഫീസുകളിൽ നടക്കുന്നത്. ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയാൽ ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും, പുറമ്പോക്ക് ഭൂമിയും കള്ള ആധാരങ്ങളുമൊക്കെ മനസ്സിലാക്കാനും സാധിക്കും. പട്ടയവിതരണത്തിന്റെ കാര്യം ഇവിടെ ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ സൂചിപ്പിച്ചു. ഈ സർക്കാർ വന്ന് മൂന്നുവർഷംകൊണ്ട് ഒരു ലക്ഷത്തിൽപ്പരം പട്ടയം നൽകിയിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഞ്ചുവർഷം കൊണ്ട് വെറും എൺപത്തിനാലായിരത്തിലധികം പട്ടയങ്ങളാണ് കൊടുക്കാൻ സാധിച്ചത്. മൂന്നുവർഷംകൊണ്ട് ഒരു ലക്ഷത്തിലധികം പട്ടയം കൊടുത്ത ഈ മന്ത്രിയെ നിങ്ങൾക്ക് എങ്ങനെയാണ് വിമർശിക്കാൻ കഴിയുന്നത്? പാവപ്പെട്ട ജനത അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കും, യാതൊരു സംശയവുമില്ല. ഭൂമിയില്ലാത്തവർക്ക് പട്ടയം നൽകുന്നത് വലിയൊരു സേവനമായിട്ടാണ് ഞങ്ങൾ കാണുന്നത്. ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

കേരളത്തിന്റെ റവന്യൂ ഭരണത്തിന് പുതിയ മുഖച്ഛായയാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നൽകിക്കൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ പ്രവർത്തനം അഭിനന്ദനാർഹമാണ്. ഈ സർക്കാരിന്റെ സ്വപ്ന പദ്ധതിയായ 'ഭൂരഹിത രില്ലാത്ത കേരളം' എന്ന പദ്ധതിയുടെ പ്രധാന ശിൽപ്പി ശ്രീ. അടൂർ പ്രകാശാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. അടൂർ പ്രകാശും ചേർന്നുകൊണ്ട് യാഥാർത്ഥ്യമാക്കുന്ന ഈ പദ്ധതി ശ്രീമതി സോണിയാ ഗാന്ധിയാണ് ഉദ്ഘാടനം ചെയ്തത്. അതിന് പലരും ആക്ഷേപവും പറയുക യുണ്ടായി. പക്ഷേ, ശ്രീമതി സോണിയാ ഗാന്ധി ഉദ്ഘാടനം ചെയ്ത ആ പദ്ധതി കേരളത്തിലെ യു.ഡി.എഫ്. സർക്കാർ യാഥാർത്ഥ്യമാക്കും. അത് കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് വളരെ ഗുണം ചെയ്യുമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ബി. സത്യൻ</u> : സർ, 2014–2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ കാർഷികാദായ നികുതിയും വില്പന നികുതിയും, ഭവന നിർമ്മാണം, ഭൂനികുതി, ജില്ലാഭരണവും പലവകയും, പ്രകൃതിക്ഷോഭംമൂല മുള്ള ദുരിതാശ്വാസത്തിന് എന്നീ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. 2013–14 സാമ്പത്തിക വർഷം കടന്നുപോയത് ഒരു അപ്രഖ്യാപിത സാമ്പത്തിക അടിയന്തരാവസ്ഥയിലൂടെയാണ്. വിവിധ വകുപ്പു കളുടെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളിൽ ധനകാര്യ വകുപ്പിന്റെ കർശന മായ നിയന്ത്രണം, ഒരു ഇടപെടൽ ഒരുപക്ഷെ കേരള ചരിത്രത്തിൽ ഒരു കാലത്തുണ്ടായിരുന്നതായി കാണുകയില്ല. ബഹുമാന്യനായ മുഖ്യമന്ത്രി

പോലും ആസൂത്രണ വകുപ്പിന്റെ ഒരു രഹസ്യ യോഗം വിളിച്ചു, അത് പരസ്യമായി എല്ലാ മാധ്യമങ്ങളിലും വന്നതാണ്. പദ്ധതിനിർവ്വഹണത്തിനായി ആ സാമ്പത്തികവർഷം നീക്കിവച്ച 13,000 കോടി രൂപയിൽ 75.72 ശതമാനം മാത്രമാണ് കഴിഞ്ഞ സാമ്പത്തികവർഷം വിവിധ വകുപ്പുകൾ ചെലവഴിച്ചത്. 2013-14 സാമ്പത്തിക വർഷത്തിൽ 3,150 കോടി രൂപ വിവിധയിനത്തിൽ ചെലവഴിക്കാതെ പാഴാക്കിയെന്നും അതല്ല മിച്ചം പിടിക്കാൻവേണ്ടി നിർദ്ദേശിച്ചു എന്നുമാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആസൂത്രണ വകുപ്പാണ് ഇതിന് നേതൃത്വം നൽകിയത്. സംസ്ഥാനത്തെ ആസൂത്രണ വകുപ്പ് 21 മന്ത്രിമാരുടേയും വകുപ്പുകളിലെ നിർവ്വഹണ പ്രവർത്തനങ്ങളുടെ പുരോഗതിയും വിലയിരുത്തി. ആസൂത്രണ ബോർഡിന്റെ യോഗം 21 വകുപ്പു മന്ത്രിമാരുടേയും പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. മുഖ്യമന്ത്രിയുടെ ഇടപെടലിനെത്തുടർന്നാണ് യോഗം നടന്നത് എന്നാണ് കാണുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ട്രഷറി നിയന്ത്രണം ഏർപ്പെടുത്താനും 3,150 കോടി രൂപ വെട്ടിച്ചുരുക്കാനും വേണ്ടി ആവശ്യപ്പെട്ടത് ആ യോഗത്തിലാണെന്നാണ് അറിയാൻ കഴിഞ്ഞത്. എന്തായാലും കർശനമായ ട്രഷറി നിയന്ത്രണം ഉണ്ടായിരുന്നു. ഇങ്ങനെയാണോ ഒരു നല്ല ധനകാര്യ മാനേജുമെന്റെന്ന് എനിക്കറിയില്ല. കാരാറുകാരുടെ മാത്രം കുടിശ്ശിക 2,350 കോടി രൂപയാണ്. സംസ്ഥാനം കുത്തുപാളയെടുത്തുവെന്ന് എല്ലാ പത്രങ്ങളും എഴുതുന്ന അവസ്ഥയുണ്ടായി. ഇവിടെ നല്ല ധനകാര്യ മാനേജുമെന്റിനെക്കുറിച്ചുള്ള മഹാപ്രസംഗങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വമ്പൻ പദ്ധതികൾ ഇവിടെ പ്രഖ്യാപിക്കുന്നു. അതൊന്നും നടപ്പാക്കാനാവാതെ ജനപ്രതിനിധികളായ നമ്മളെല്ലാം ജനങ്ങളുടെയും മുന്നിൽ വളരെ

പ്രയാസപ്പെട്ട് നിൽക്കുകയാണ്. പദ്ധതി ആസൂത്രണത്തിന്റെ അടിതെറ്റി. ആസൂത്രണ വകുപ്പ് നിർദ്ദശങ്ങളെല്ലാം കാറ്റിൽപ്പറത്തി. ഏറ്റവും പ്രധാനപ്പെട്ട വകുപ്പായ ഗ്രാമവികസന വകുപ്പിന്റെ കഴിഞ്ഞ സാമ്പത്തികവർഷത്തെ ധനവിനിയോഗം 30 ശതമാനമായി ചുരുങ്ങി. നഗരാസൂത്രണ വകുപ്പ് ചെല വഴിച്ചത് പദ്ധതിവിഹിതത്തിന്റെ 31.18 ശതമാനമാണ്. ജലവിഭവ വകുപ്പ് 51.19 ശതമാനവും റവന്യൂ വകുപ്പ് 52 ശതമാനവുമാണ് ചെലവഴിച്ചത്.

ശ്രീ. കെ സി. ജോസഫ് : സർ, ബഹുമാനപ്പെട്ട അംഗം കുറെ കണക്കു കൾ ഇവിടെ പറഞ്ഞു. ഈ കണക്കുകൾ എവിടെനിന്നാണ് ഉദ്ധരിക്കുന്നത്; അതിന് ആധികാരികതയുണ്ടോ; ആ രേഖകൾ മേശപ്പുറത്ത് വയ്ക്കാമോ?

ശ്രീ. ബി. സത്യൻ : സർ, കഴിഞ്ഞ സാമ്പത്തികവർഷം ഓരോ വകുപ്പുകളുടെയും പ്രവർത്തന പുരോഗതി സംബന്ധിച്ച് ആസൂത്രണ വകുപ്പ് നടത്തിയ അവലോകനവുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിൽ വന്ന കണക്കു കളാണ്. ഇതിനെ സംബന്ധിച്ച ആധികാരികമായ രേഖ എന്റെ കൈവശമില്ല. ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ എത്ര ശതമാനമാണെന്നുള്ളത് അങ്ങേയ്ക്ക് വിശദീകരിക്കാവുന്നതേയുള്ളു.

മി. ചെയർമാൻ : ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ സഭയിൽ കണക്കുകൾ പറയരുത്. വ്യക്തമായ തെളിവുണ്ടെങ്കിൽ പറയാം.

ശ്രീ. ബി. സത്യൻ : സർ, മാധ്യമങ്ങളിൽ വരുന്ന കാര്യങ്ങളാണ് ഇവിടെ കൂടുതലും പറയുന്നത്. അത് ശരിയല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് വിശദീകരിക്കുവാനുള്ള അവസരമുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പുൾപ്പെടെ വിവിധ വകുപ്പുകൾക്കായി നീക്കിവച്ച പണം നൂറു ശതമാനം ചെലവഴിച്ചു എന്നു പറയുകയും എന്നാൽ അത് 72 ശതമാനമായി ചുരുങ്ങു

കയും ചെയ്തു എന്നുള്ളത് മാധ്യമങ്ങളിൽ വന്നതാണ്. എം.എൽ.എ. മാർക്ക് പ്രത്യേക ഫണ്ട് പ്രഖ്യാപിച്ചപ്പോൾ എല്ലാവരും സന്തോഷിച്ചു. എന്നാൽ 2013–14 സാമ്പത്തികവർഷത്തിൽ അടിസ്ഥാനസൗകര്യ വികസനം, സ്കൂളുകൾ, റോഡുകൾ എന്നിവയ്ക്കുവേണ്ടി എം.എൽ.എ.മാർ എഴുതി ക്കൊടുത്തതൊന്നും ധനകാര്യ വകുപ്പ് അനുവദിച്ചില്ല പലതരത്തിലുള്ള കാരണങ്ങൾ പറഞ്ഞ് മരാമത്തുവകുപ്പും നിർവ്വഹണ പ്രവർത്തനം നടത്താൻ അനുവദിച്ചില്ല. ഈ നിലയിലേക്ക് വരികയാണ്. ത്വരിതഗതിയിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് പ്രചരണം നടത്തുകയും അതേസമയം അതൊന്നും ചെയ്യാനുള്ള അനുമതി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ലഭിക്കു ന്നുമില്ല എന്നുള്ളതാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. അതിവേഗം ബഹുദൂരം, കരുതലും വികസനവും, ബഹുജന സമ്പർക്ക പരിപാടി......, അവസാനം മിഷൻ 676 കൂടി ഇവിടെ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ ഘട്ടത്തിൽ ഭവന നിർമ്മാണരംഗത്തെക്കുറിച്ച് പറയാതിരിക്കാൻ തരമില്ല. ഇന്ന് മഹാനായ അയ്യങ്കാളിയുടെ ചരമദിനമാണ്. അദ്ദേഹം 19–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂരിൽ ജനിച്ചു. സാമൂഹ്യ നവോത്ഥാന നായകനായി മാറിയ അയ്യങ്കാളി തുടങ്ങിവച്ച സമര ങ്ങൾ പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ്, ഇടതുപക്ഷ, മതേതര പ്രസ്ഥാനങ്ങൾ ഏറ്റെടുത്തു. ഇന്നാട്ടിലെ പട്ടികജാതി വിഭാഗത്തിൽപെട്ടവരെയും ദുർബല വിഭാഗത്തിൽപ്പെട്ടവരെയും ഒരു തുണ്ടു ഭൂമിയുടെ ഉടമയാക്കി മാറ്റാനും അവർക്ക് ഭവനം നിർമ്മിച്ചു കൊടുക്കുവാനുംവേണ്ടി 1975 കാലഘട്ടത്തിൽ സഖാവ് എം.എൻ. ഗോവിന്ദൻ നായർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ അതിബൃഹത്തായ പദ്ധതിയായിരുന്നു ലക്ഷം വീട് പദ്ധതി. ഞങ്ങൾ

പഞ്ചായത്ത് പ്രതിനിധി ആയിരുന്നപ്പോൾ അത് ഇരട്ട വീടാക്കാൻ തീരുമാനിച്ചു – ഒരു കൂരയ്ക്കു കീഴിൽ ഒരു മതിലിനാൽ വേർതിരിക്കപ്പെടുന്ന രണ്ടു കുടുംബങ്ങൾ. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വളരെ സമഭാവനയോടുകൂടി അത് കാണുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. ആ പദ്ധതി നിങ്ങൾ അട്ടിമറിച്ചു. ഇപ്പോൾ ഒരുപാട് പ്രഖ്യാപനങ്ങളാണ് ഇവിടെ പറഞ്ഞുകേൾക്കുന്നത്. മഹാഭൂരിപക്ഷം വരുന്ന പട്ടികവിഭാഗത്തിൽപ്പെട്ടവർ അധിവസിക്കുന്നത് കോളനികളിലും ചേരിപ്രദേശങ്ങളിലുമാണ്. അവിടെ പൈപ്പില്ല, വെള്ളമില്ല, റോഡില്ല, അടിസ്ഥാന സൗകര്യങ്ങളൊന്നുംതന്നെയില്ല. ഇതെല്ലാം മറന്ന് ഈ പദ്ധതികളുമായി മുന്നോട്ടുപോകുമ്പോൾ ഇത് പറയാതിരിക്കാൻ നിർവ്വാഹമില്ല.

വളരെ ഭാവനാപൂർണ്ണമായി ആവിഷ്ക്കരിച്ച പദ്ധതിയാണ് സമ്പൂർണ്ണ ഭവന പദ്ധതി. കേരളത്തിന്റെ ശില്പിയായ സഖാവ് ഇ.എം.എസ്.–ന്റെ പേരിൽ ഇ.എം.എസ്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി എന്ന പദ്ധതിക്ക് രൂപം നല്കി. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും നല്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതിക്ക് തുടക്കമിട്ടത്. ഇതുകൂടാതെ ഇപ്പോൾ നിരവധി പുതിയ ഭവനനിർമ്മാണപദ്ധതികളും കൊണ്ടുവന്നിട്ടുണ്ട്. ഇതിന്റെയെല്ലാം അവസ്ഥ എന്താണ്; ഒരു ഭവന നിർമ്മാണ നയം ഈ ഗവൺമെന്റിനുണ്ടോ; ഒന്നോ രണ്ടോ സെന്റ് ഭൂമിയുള്ളവർക്കും കോളനികളിലും പുറമ്പോക്കുകളിലും താമസിക്കുന്നവർക്കുമായി ഒരു ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ? ഭവനനിർമ്മാണത്തിനുള്ള ധനസഹായം 2 ലക്ഷം രൂപയായി

ഉയർത്തി, ബ്ലോക്ക് പഞ്ചായത്തിന്റെ ചുമലിൽ വച്ചുകൊടുത്തു. അവരുടെ കയ്യിൽ പണമില്ലെന്നുപറഞ്ഞപ്പോൾ ബാങ്കുകളിൽനിന്ന് വായ്പയെടുക്കാൻ നിർദ്ദേശിച്ചു. അവർ ഏത് ബാങ്കിൽനിന്നും വായ്പയെടുക്കാനാണ്? 'മുകളിൽ ആകാശം താഴെ ഭൂമി' എന്നുപറഞ്ഞതുപോലെ ഉണ്ടായിരുന്ന വീടും പൊളിച്ചിട്ട് പൂർത്തീകരിക്കാൻ കഴിയാതെ പാവപ്പെട്ട ആളുകൾ ടാർപ്പയുടേയും ഓലക്കൂരയുടേയും കീഴിൽ കിടക്കുകയാണ്. ഭവന നിർമ്മാണ പദ്ധതിയുടെ അവസ്ഥ ഇതാണ്. ധനകാര്യ വകുപ്പും ഭവന നിർമ്മാണ ബോർഡും വേറെ പല പദ്ധതികളും ആവിഷ്ക്കരിച്ചു. അവയൊന്നും വെളിച്ചം കണ്ടില്ല. ഭവന നിർമ്മാണത്തിന്റെ ചുമതലയുള്ള തിന്റെ പേരിൽ ധനകാര്യ വകുപ്പ് പല ഭവന നിർമ്മാണ പദ്ധതികൾ കൊണ്ടു വന്നുവെങ്കിലും മൂന്നുവർഷമായിട്ടും തുടങ്ങിയിട്ടില്ല. എപ്പോൾ ആരംഭിക്കു മെന്നും അറിയില്ല. ഭവന നിർമ്മാണത്തെക്കുറിച്ച് പറയുമ്പോൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് വന്നുകൊണ്ടിരിക്കുന്ന വിഷയങ്ങൾകൂടി സൂചിപ്പി ക്കേണ്ടതുണ്ട്. റവന്യൂ വകുപ്പിന്റെ, എല്ലാവർക്കും ഭൂമി നല്കുന്ന സീറോ ലാന്റ് പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലുള്ള ആളുകൾക്ക് കാസർഗോഡാണ് ഭൂമി കൊടുത്തിരിക്കുന്നത്. അവർക്ക് എങ്ങനെയാണ് അവിടെ പോയി താമസിക്കാൻ കഴിയുന്നത്? ഇക്കാര്യങ്ങൾ ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ആ പദ്ധതിയിലെ അപാകത കൾ ഉദ്യോഗസ്ഥർ ഉണ്ടാക്കിയിരിക്കുന്നതാണ്. സമീപ പ്രദേശങ്ങളിൽ സ്ഥല മില്ലാഞ്ഞിട്ടല്ല, മനപ്പൂർവ്വം ചെയ്യുന്നതാണ്. കാരണം കാസർഗോഡ് ജില്ല യിൽ സ്ഥലം കൊടുക്കുമ്പോൾ അവിടേയ്ക്ക് ആളുകൾ പോവില്ല. അതുകൊണ്ടാണ് അങ്ങനെ ചെയ്തിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചു,

റവന്യൂ വകുപ്പിലെ കളക്ടർ മുതൽ വില്ലേജ് ഓഫീസർ വരെയുള്ളയുള്ള വരുടെ പ്രവർത്തനം വഴിയാണ് ജനം സംസ്ഥാന ഗവൺമെന്റിനെ വിലയിരുത്തുന്നത്. അതിഭീകരമായ സംഭവമാണ് എന്റെ വീടിനടുത്തുള്ള കടകംപള്ളിയിൽ നടന്നത്. ഭൂമി തട്ടിപ്പിന്റെ കേന്ദ്രബിന്ദുവായി ആ സ്ഥലം മാറി. സ്വാതന്ത്ര്യ സമരസേനാനികളും പ്രഗത്ഭരായ ഒട്ടനവധി ആളുകളും ജീവിച്ചിരിക്കുന്ന പ്രദേശമാണ് കടകംപള്ളി. ആ പ്രദേശം ഇപ്പോൾ അറിയപ്പെടുന്നത് ഭൂമി തട്ടിപ്പിന്റെ കേന്ദ്രമായാണ്. അതും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടന്നിട്ടുള്ളതാണ്. ഏതാണ്ട് 50–60 വർഷമായി ഭൂമിയുടെ അവകാശം അതായത് തണ്ടപ്പേരും പട്ടയവുമൊക്കെ കൈവശമുണ്ടായിരുന്ന ഏതാണ്ട് 150-ഓളം വസ്തു ഉടമകൾ, വർഷങ്ങളായി വീടുവച്ച് താമസിക്കുന്ന അറുപതോളം ആളുകൾ, 2013 ഏപ്രിൽ വരെ അവർക്ക് കരം അടയ്ക്കാൻ കഴിയുമായിരുന്നു. ഒരു സുപ്രഭാതത്തിൽ കരം എടുക്കുന്നില്ല. അന്വേഷിച്ചപ്പോഴാണറിയുന്നത് സലിം രാജ് എന്നയാൾ ഈ സ്ഥലമെല്ലാം വാങ്ങി എന്നുള്ള വിവരം. മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന സലിം രാജ് ഉൾപ്പെടെയുള്ള സംഘം വ്യാജ പട്ടയമുണ്ടാക്കി, പല ഭാഗപത്രങ്ങളാക്കിത്തിരിച്ച്, ഏതാണ്ട് 44 ഏക്കറോളം വരുന്ന സ്ഥലത്തിൽ ഒന്നര ഏക്കർ സ്ഥലത്തിന് 3587 എന്ന തണ്ടപ്പേരുണ്ടാക്കി പോക്കുവരവ് ചെയ്തുകഴിഞ്ഞപ്പോഴാണ് ആ പാവപ്പെട്ട ആളുകൾ സ്ഥലം അന്യാധീനപ്പെട്ട കാര്യം അറിഞ്ഞത്. അവിടെയാണ് സുതാര്യതയുണ്ടാകേണ്ടത്, അതിവേഗം ബഹുദൂരം സഞ്ചരിക്കേണ്ടത്. തങ്ങളുടെ ആകെയുള്ള ഒരു തുണ്ടുഭൂമിക്ക് കരം അടയ്ക്കാൻ ചെല്ലുമ്പോൾ തണ്ടപ്പേരിൽ മാറ്റം വരുത്തിയിരിക്കുന്നു, പട്ടയം മാറ്റിയിരിക്കുന്നു എന്നുപറഞ്ഞ് മുഖ്യമന്ത്രിയുടെ സുതാര്യ കേരളവും

ബഹുജന സമ്പർക്കപരിപാടിയും ഉൾപ്പെടെ ഗവൺമെന്റ് സെക്രട്ടേറിയറ്റ് മുതൽ വില്ലേജ് ഓഫീസ് വരെയുള്ള സ്ഥലങ്ങളില്ലൊം ഇവർ പരാതി കൊടുത്തു. ഒരു നടപടിയുമുണ്ടായില്ലെന്നുമാത്രമല്ല ഈ പാവങ്ങളുടെമേൽ കേസ്സെടുക്കുകയാണുണ്ടായത്. അങ്ങനെയാണ് ഇവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 19462/2004 എന്ന റിട്ട് പെറ്റീഷൻ ഫയൽ ചെയ്തത്. അങ്ങനെ ഹൈക്കോടതിയുടെ സിംഗിൾബഞ്ച് സിബി.ഐ. അന്വേണത്തിന് ഉത്തരവിട്ടു. സലിം രാജിന്റെ മൊബൈൽ നമ്പരുകൾ പരിശോധിക്കണമെന്നാവശ്യപ്പെട്ടു. അപ്പോൾ ശ്രീ. ദണ്ഡപാണി എന്ന അഡ്വക്കേറ്റ് ജനറൽ കോടതിയിൽ ഹാജരായി ഉത്തരവ് സ്റ്റേ ചെയ്യിച്ചു. 50-60 വർഷമായി അവിടെ അധിവസിക്കുന്ന പാവങ്ങൾ അവരുടെ ഭൂമി അന്യാധീനപ്പെട്ടപ്പോൾ ഒരു ഗവൺമെന്റ് നിഷ്ക്രിയമായി കാഴ്ചക്കാരനെപ്പോലെ നിന്നതുകൊണ്ടാണ് അവർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചത്. മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് വരുന്നവർ ക്രിമിനൽ സ്വഭാവമുള്ള ആളുകളാണോ എന്ന് പരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശിച്ച കാര്യം നമുക്ക് അറിയാമല്ലോ. ആ പരാമർശം നീക്കിക്കിട്ടാൻവേണ്ടി ഡിവിഷൻ ബഞ്ചിലേയ്ക്ക് പോയില്ലേ? ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് പറയുന്നു, മിഷൻ 676 -ൽ ഉൾപ്പെടുത്തി അവിടെ വീടുവച്ച് താമസിക്കുന്ന അറുപതോളം വരുന്ന പാവപ്പെട്ട ആളുകളുടെ നികുതി സ്വീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. കടകംപള്ളിയിൽ ഭൂനികുതി സ്വീകരിച്ചു തുടങ്ങിയെന്ന് ഇന്നത്തെ മലയാള മനോരമ പത്രത്തിൽ വന്നിട്ടുണ്ട്. ഇതുകേട്ടാൽതോന്നും എല്ലാവരുടെയും ഭൂനികുതി സ്വീകരിക്കുമെന്ന്. എന്നാൽ അങ്ങനെയല്ല, കടകംപള്ളി

വില്ലേജിലെ റവന്യൂ രേഖകളിൽ സംഭവിച്ച ക്രമക്കേടുകളെ സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ ഭാഗമായി 7 തണ്ടപ്പേർ രജിസ്റ്ററുകൾ സി.ബി.ഐ.-യുടെ കൈവശമായതിനാൽ ആയിരത്തോളം കൈവശക്കാർക്ക് നികുതി ഒടുക്കാൻ കഴിഞ്ഞിരുന്നില്ല. ഒരേ തണ്ടപ്പേരിലുള്ള ബാക്കി ഭൂരിപക്ഷം ആളുകൾക്കും നികുതി അടയ്ക്കാൻ കഴിയാത്ത സാഹചര്യം വന്നപ്പോൾ ആ തണ്ടപ്പേർ ഒഴിവാക്കിക്കൊണ്ട് ബാക്കിയുള്ള ആളുകൾക്ക് നികുതി അടയ്ക്കാം എന്ന് ഗവൺമെന്റ് പറഞ്ഞു. തർക്ക വിഷയവുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഒരുപാട് ആളുകളുണ്ട്. അവരുടെ സർവ്വെ നമ്പരുകൾ ഞാൻ പറയുന്നില്ല. ആ സർവ്വെ നമ്പരുകൾ ഒഴികെ എന്നാണ് പറയുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം അങ്ങേയ്ക്ക് അനുവദിച്ചതിനേക്കാൾ അഞ്ചുമിനിറ്റ് കൂടുതലെടുത്തു.

ശ്രീ. ബി. സത്യൻ: സർ, കേസ്സിന് പോയത് കുറ്റമാണോ? ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയണം. അവർക്കവകാശവും അസ്തിത്വവുമുള്ള സ്വന്തം ഭൂമി മറ്റൊരാൾ തട്ടിയെടുത്തത് തിരികെ ലഭിക്കാൻ വേണ്ടി നീതിപീഠത്തിന്റെ മുന്നിലേയ്ക്ക് ഈ ആളുകൾ പോയി. കേസ് കൊടുത്തതുപ്രകാരം സി.ബി.ഐ. അന്വേഷണത്തിനുവിട്ടു.

ശ്രീ. വി. ശിവൻകുട്ടി: സർ, കടകംപള്ളി ഭൂമി തട്ടിപ്പിനെക്കുറിച്ചാണല്ലോ സംസാരിച്ചുകൊണ്ടിരിക്കുന്നത്. 7 തണ്ടപ്പേർ രജിസ്റ്ററുകൾ പരിശോധനയ്ക്കായി സി.ബി.ഐ. കൊണ്ടുപോയി എന്നാണ് ഇപ്പോൾ പറയുന്നത്. അപ്പോൾ ആ 7 തണ്ടപ്പേർ രജിസ്റ്ററിലുള്ളവർക്ക് കരം ഒടുക്കാൻ കഴിയുന്നില്ല. സാധാരണഗതിയിൽ ഒരു അന്വേഷണ ഏജൻസി ഇത്തരം രജിസ്റ്ററുകൾ എടുത്തുകൊണ്ടുപോകുന്ന അവസരത്തിൽ അതിന്റേ ഫോട്ടോകോപ്പി

എടുത്തുവയ്ക്കുകയോ അല്ലെങ്കിൽ ഒറിജിനൽ അവിടെവച്ചശേഷം ഫോട്ടോ കോപ്പി എടുത്തുകൊണ്ടുപോകുകയോ ചെയ്യുന്ന രീതിയാണുള്ളത്. അവിടത്തെ ആളുകളെ കരം അടപ്പിക്കാതിരിക്കാനായി മനഃപ്പൂർവ്വം സ്വീകരിച്ചിരിക്കുന്ന നടപടിയാണിതെന്നുള്ള വിവരം അങ്ങേയ്ക്ക് മനസ്സിലായിട്ടില്ലേ;

ശ്രീ. ബി. സത്യൻ: സർ, മനസ്സിലായി. കോടതിയിൽ പോയത് അവരുടെ അവകാശം സ്ഥാപിച്ചുകിട്ടാനാണ്. അവർ എതിരാളികളല്ല. അവരുടെ ഭൂമിക്ക് എല്ലാ രേഖകളുമുണ്ട്. നികുതി സ്വീകരിക്കാനും ആ ഭൂമി അവരുടേതുതന്നെയാണ് എന്ന് എസ്റ്റാബ്ലിഷ് ചെയ്യാനുമുള്ള തീരുമാനം എടുക്കാത്തത് എന്തുകൊണ്ടാണ്? റവന്യൂ അതോറിറ്റിയുമായി ബന്ധപ്പെട്ടുള്ള വിഷയം –ഈ ജില്ലയിൽ ഇപ്പോൾ അഞ്ചാമത്തെ കലക്ടറാണ്. ജില്ലയിൽ ഒരു സംഭവം ഉണ്ടായിക്കഴിഞ്ഞാൽ എല്ലായിപ്പോഴും മന്ത്രിമാരെ വിളിക്കാൻ കഴിയില്ല. ആ അവസരത്തിൽ നമ്മളെ സഹായിക്കേണ്ടത് കലക്ടറും എ.ഡി.എം, ആർ.ഡി.ഒ, ഡെപ്യൂട്ടി കലക്ടർ, തഹസിൽദാർ എന്നിവരുമുൾപ്പെടുന്ന ജില്ലാഭരണകൂടമാണ്. ഇലക്ഷൻ ഡ്യൂട്ടിക്ക് വന്നത് അന്യജില്ലയിലെ തഹസിൽദാർമാരാണ്. അവർ ഇതുവരെ തിരികെ പോയിട്ടില്ല, സീറ്റിൽ ഇരിക്കുന്നുമില്ല. അവരെ കാണാനും കഴിയുന്നില്ല. അതുകൊണ്ട് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കൊന്നും ഒരു സഹായവും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഒരു കരാറുകാരനും ഒരു പണിയും ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. അവർ പറയുന്നത് ഒരു പൈസയും കിട്ടുന്നില്ല, അതുകൊണ്ട് പണി ഏറ്റെടുക്കാൻ ആവില്ല എന്നാണ്. സാമ്പത്തിക ഭദ്രതയും അച്ചടക്കവും പാലിച്ച് നല്ല സമ്പദ്സമൃദ്ധിയിൽ കാര്യങ്ങൾ പോകണമെന്നാണെങ്കിൽ നിശ്ചയമായും കുടിശ്ശികകളും ബാധ്യതകളുമൊക്കെ തീർത്ത് തദ്ദേശ ഭരണസ്ഥാപനങ്ങളേയും ഞങ്ങളേയും രക്ഷിക്കാ

നാവശ്യമായ നടപടികൾ സ്വീകരിക്കണം. ഞങ്ങൾ, എം.എൽ.എ.-മാർ ചില വർക്കുകൾ എടുത്തിട്ടുണ്ട്, അത് ചെയ്യാൻ ആളെ കിട്ടുന്നില്ല. സാധാരണ മരാമത്ത് പണികൾ ചെയ്ത് ബില്ലുകൾ സബ്മിറ്റ് ചെയ്യുമ്പോഴുള്ള സീനി യോറിറ്റി ലിസ്റ്റ് കണക്കാക്കി മാത്രമേ എം.എൽ.എ.-മാർ ഏറ്റെടുത്ത പണി കൾക്കും പേമെന്റ് നടത്തുകയുള്ളൂ എന്ന നിലയിലേയിലേയ്ക്ക് കാര്യങ്ങൾ വന്നപ്പോൾ എം.എൽ.എ.-മാരുടെ വർക്കുകളും ഏറ്റെടുക്കാൻ ആരും തയ്യാറല്ല. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

ശ്രീ. എ.എ. അസീസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലി ക്കുകയാണ്. അനുകൂലിക്കുന്നതിന് കാരണമുണ്ട്. ഞാൻ കഴിഞ്ഞ സമ്മേളന ത്തിൽ പ്രതിപക്ഷനിരയിൽനിന്നും സംസാരിച്ച ഒരു അംഗമാണ്.

മി. ചെയർമാൻ: ഓരോ രാഷ്ട്രീയ പാർട്ടികൾ അതാത് നിലപാടുകളെ ടുക്കും. അത് പലതും നമ്മൾ കണ്ടിട്ടുള്ളതാണ്. അതുകൊണ്ട് ആ മെമ്പർക്ക് എന്താണ് പറയാനുള്ളതെന്ന് ബാക്കിയുള്ള മെമ്പർമാർ കേൾക്കുക. അതാണ് സഭയിൽ വേണ്ടത്...... .പ്ലീസ്.....പ്ലീസ്...............

ശ്രീ. എ. എ. അസീസ്: സർ, നാളിതുവരെ എൽ.ഡി.എഫ്.-നുവേണ്ടി യാണ് സംസാരിച്ചിട്ടുള്ളത്. ഇപ്പോൾ യു.ഡി.എഫ്.-നുവേണ്ടി സംസാരി ക്കേണ്ടി വന്നതിൽ സന്തോഷവും മറ്റൊരു തരത്തിൽ ദു:ഖവുമുണ്ട്. ഞാൻ ആർ.എസ്.പി.-യുടെ സംസ്ഥാന കമ്മിറ്റി സെക്രട്ടറിയാണ്. പാർട്ടി ഇത്തരത്തിൽ ഒരു തീരുമാനമെടുത്തതോടെ സഭയിൽ ഞങ്ങളുടെ അംഗ സംഖ്യ മൂന്നായി.

<u>മി. ചെയർമാൻ</u>: സഭയിൽ ഒരു അംഗം സംസാരിക്കുമ്പോൾ അത് മറ്റ് അംഗങ്ങൾ ക്ഷമയോടു കേൾക്കുക.

<u>ശ്രീ. എ. എ. അസീസ്</u>: ഇനി ആർ.എസ്.പി.-എ എന്നോ ആർ.എസ്.പി. -ബി എന്നോ ഇല്ല. ഞങ്ങൾ വഞ്ചനാപരമായോ, അധാർമ്മികമായോ ഒരു തീരുമാനവും കൈകൊണ്ടിട്ടില്ല. തിരക്കഥ എഴുതി നടപ്പാക്കിയതുമല്ല. ലോക് സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സുകാരനായ ഫിലിപ്പോസ് തോമസിനെ പത്തനംതിട്ട മണ്ഡലത്തിലും അബ്ദുറഹ്മാനെ പൊന്നാനി മണ്ഡലത്തിലും മുൻ രാഷ്ട്രപതി ശ്രീമതി പ്രതിഭാ പാട്ടീലിന്റെ ഉപദേഷ്ടാവായിരുന്ന ക്രിസ്റ്റി ഫെർണാണ്ടസിനെ എറണാകുളം മണ്ഡലത്തിലും ലോക്സഭാ സീറ്റ് നൽകിയിട്ടും, 34 കൊല്ലം മുന്നണിയിൽ പ്രവർത്തിച്ച, ആർ.എസ്.പി.-യിൽ നിന്നും തട്ടിപ്പറിച്ച ലോക്സഭാ സീറ്റ് നൽകാൻ തയ്യാറാകാതെ പാർട്ടിയെ അപമാനിക്കുകയും വഞ്ചിക്കുകയും ചെയ്തതുമൂലമാണ് മുന്നണി വിട്ടത്. ഇടതുപക്ഷ ക്രമീകരണം ദുബ്ബലമാണ്. 34 വർഷം ഭരണം നടത്തിയ ബംഗാളിലെ 3800 ബൂത്തിൽ 10 വോട്ടിനുതാഴെ മാത്രമാണ് അവർക്ക് ഇത്തവണ ലഭിച്ചത്. 12,000-ൽപ്പരം പഞ്ചായത്തുവാർഡുകളിൽ ഇടതുപക്ഷ ത്തിന് മത്സരിക്കാൻ സ്ഥാനാർത്ഥികളില്ലാതായി. ദേശീയ തലത്തിൽ, എൻ.ഡി.എ. ഗവൺമെന്റിന്റെ ജനദ്രോഹ നയങ്ങളെച്ചെറുക്കാൻ ഇടതു പക്ഷവും കോൺഗ്രസ്സും ചേർന്നുളള യോജിച്ച പോരാട്ടം അനിവാര്യമാണെ ന്നാണ് ആർ.എസ്.പി.-യുടെ വിലയിരുത്തൽ. താമസംവിനാ സി.പി.എം.-ഉം സി.പി.ഐ.-യും ഇക്കാര്യം അംഗീകരിക്കുമെന്നാണ് ഞങ്ങൾ മനസ്സിലാ ക്കുന്നത്. സി.പി.എം.-ന്റെ പാലക്കാട് സമ്മേളനം സ്പെഷ്യൽ പ്ലീനമാ യിരുന്നു. ആ സ്പെഷ്യൽ പ്ലീനം കൂടിയതുതന്നെ പാർട്ടി സഖാക്കളെ

ഉപദേശിക്കാൻ വേണ്ടിയാണ്. പാർട്ടി നേതാക്കന്മാരുടെ പ്രവർത്തനം എങ്ങനെയായിരിക്കണം; നേതാക്കന്മാരുടെ ഭാഷ ഏതുതരത്തിലായിരിക്കണം; ആംഗ്യ ഭാഷകൾ ഏതുതരത്തിലായിരിക്കണം എന്നൊക്കെ ആ സമ്മേളനത്തിൽ നല്ലതുപോലെ വിശദീകരണം നടത്തിയതായിട്ടാണ് പത്രങ്ങളിൽ വായിക്കാൻ സാധിച്ചത്. സി.പി.എം.-ന്റെ വക്താവാണ് ശ്രീ. എളമരം കരീം എന്ന് ഇന്നലെയാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. കാരണം നമ്മുടെ മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും അതുപോലെ തന്നെ സി.പി.എം.-ന്റെ നേതാക്കന്മാരും സി.പി.ഐ.-യുടെ നേതാക്കന്മാരായ ശ്രീ. പ്രകാശ് കാരാട്ടും ശ്രീ. എ.ബി. ബർദാനുമെല്ലാം തന്നെ 'പരനാറി' പ്രയോഗം തെറ്റായി പോയി എന്ന് വിലയിരുത്തി. എന്നാൽ അതെല്ലാം ശരിയായിരുന്നുവെന്നും ധാർമ്മികമായിരുന്നുവെന്നും സ്ഥാപിക്കാൻ വേണ്ടിയാണ് ഇന്നലെ ഒരു പ്രസംഗം നടത്തിയപ്പോൾ എനിക്ക് കേൾക്കാൻ കഴിഞ്ഞത്. പാലക്കാട് സമ്മേളനത്തിൽ നേതാക്കന്മാർക്ക് ധാർഷ്ട്യം പാടില്ല എന്നാണ് പറഞ്ഞത്. നേതാക്കന്മാർ വിനയത്തോടുകൂടി പ്രവർത്തിക്കണം. ആ ധാർഷ്ട്യവും വിനയവുമൊക്കെയാണോ നമ്മൾ കണ്ടത്? ആ ധാർഷ്ട്യവും വിനയവുമൊക്കെയാണോ സി.പി.എം.-ന്റെ നേതാക്കന്മാരിൽ നിന്നുണ്ടായത്.

മി. ചെയർമാൻ: അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കുക. പ്ലീസ്.........പ്ലീസ്............

ശ്രീ. എ. എ. അസീസ്: തകർന്നടിഞ്ഞ സാഹചര്യത്തിൽ രോഷം കൊണ്ടിട്ട് കാര്യമില്ല.

മി. ചെയർമാൻ: ഒരു മെമ്പർ സംസാരിക്കുമ്പോൾ അത് എന്താണെന്ന് ക്ഷമയോടുകൂടി കേൾക്കുക. രണ്ടു ഭാഗത്തുനിന്നുമുള്ള മെമ്പർമാർ ബഹളമുണ്ടാക്കുന്നത് ശരിയല്ല.

ശ്രീ. എ.എ. അസീസ്: സർ, സംസാരിച്ചതെല്ലാം വായിൽ തോന്നി യതാണ്. പരാജയപ്പെടുമെന്ന് കണ്ടാൽ തെരഞ്ഞെടുപ്പു പ്രസംഗം ഇത്തരത്തി ലായിരിക്കണമോ? പത്രമാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും എല്ലാം അപലപിച്ച ഒരു കാര്യമാണ്. എന്നുമാത്രമല്ല, കൊല്ലം ലോക്സഭാ മണ്ഡലത്തിലെ പ്രബുദ്ധരായ സമ്മതിദായകർ 37,000 വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി പ്രതികാരം വീട്ടുകയാണ് ചെയ്തത്. ഇപ്പോൾ അതിനെ ന്യായീകരിക്കുക യാണ് ചെയ്തത്. അതുകൊണ്ട് രാഷ്ട്രീയമായി എനിക്ക് ഇതു മാത്രമാണ് പറയാനുള്ളത്. റവന്യൂ വകുപ്പിനെ സംബന്ധിച്ച് എനിക്ക് ഒന്നുരണ്ട് നിർദ്ദേശ ങ്ങളുണ്ട്. റവന്യൂ വകുപ്പിൽ ഒരു കാലഘട്ടത്തിൽ അഹമ്മദ് നഗർ പരിഷ്ക്കാരം നടപ്പാക്കിയിരുന്നു. മറ്റൊരു കാലഘട്ടത്തിൽ വയലും വീടും പദ്ധതി നടപ്പാക്കിയിരുന്നു. കാരണമെന്തെന്ന് ചോദിച്ചാൽ, നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ വിവിധ വകുപ്പുകളെ സംബന്ധിച്ച് പരിശോധി ക്കുമ്പോൾ ഫയലുകളുടെ മെല്ലെപ്പോക്ക് കാണാൻ കഴിയുന്നത് റവന്യൂ വകുപ്പിലാണ്. അതിനു പരിഹാരം കാണാനായി ചില പരിഷ്ക്കാരങ്ങൾ, റവന്യൂ വകുപ്പ് സെക്രട്ടറിമാർ, ചില വകുപ്പുമന്ത്രിമാരുടെ നിർദ്ദേശാനു സരണം നടപ്പാക്കിയിരുന്നു. അത് കാര്യക്ഷമമായി നടന്നിരുന്നു. ഇന്നിപ്പോൾ അത് കാര്യക്ഷമമായി നടത്താൻ റവന്യൂ വകുപ്പുമന്ത്രി ശ്രമിച്ചുകൊണ്ടിരിക്കു കയാണ്. അതിന്റെ ഭാഗമായിട്ടാണ് 'തല ചായ്ക്കാൻ ഇടമില്ലാത്ത ആളുകൾക്ക് തല ചായ്ക്കാൻ ഇടം നൽകുന്ന' ഒരു ബൃഹത് പദ്ധതിയായ

'സീറോ ലാന്റ്ലെസ്' പദ്ധതി കൊണ്ടുവന്നത്. അതുപോലെ തന്നെ ധനകാര്യ വകുപ്പ് നടപ്പാക്കിയ ജീവകാരുണ്യ പ്രവർത്തനം – കാരുണ്യ പദ്ധതി വഴി വേദനയനുഭവിക്കുന്ന പതിനായിരക്കണക്കിന് ആളുകൾക്കാണ് ചികിത്സാധന സഹായം നൽകിയിട്ടുള്ളത്. ഈ രണ്ടു പദ്ധതികളും ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ മുഖമുദ്രയാണ്. ഗവൺമെന്റിന് ഏറ്റവും നല്ല സൽപ്പേര് അവകാശപ്പെടാൻ കഴിയുന്ന പദ്ധതികളാണ്. അനേകായിരം ആളുകൾക്ക് ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി; അനേകായിരം ആളുകളെ മരണത്തിൽനിന്നും രക്ഷപ്പെടുത്തുന്ന പദ്ധതി. ഇതൊക്കെ സ്വാഗതാർഹമായ, ബൃഹത്തായ രണ്ടു പദ്ധതികളാണ്. അങ്ങനെ ഈ പദ്ധതികളൊക്കെ നടപ്പാക്കുമ്പോൾ റവന്യൂ വകുപ്പ് റീ-സർവ്വേ സമയബന്ധിതമായി ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തന്നെ നടപ്പാക്കുകയും പൂർത്തീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ അടുത്ത കാലത്താണ് സുനാമിയുടെ കെടുതികൾ അനുഭവപ്പെട്ടത്. കൊല്ലത്ത് സുനാമി ഫ്ളാറ്റുകൾ ധാരാളമായുണ്ട്. അവിടെ താമസിക്കുന്ന ആളുകൾക്ക് ഭൗതിക സാഹചര്യമുണ്ടാക്കിക്കൊടുക്കണം.

മി. ചെയർമാൻ: ദയവായി അംഗങ്ങൾ ശ്രദ്ധിക്കുക. നമ്മൾ നിയമസഭാംഗങ്ങളാണ്. സഭയിൽനിന്നും ചേരാത്ത രീതിയിലുള്ള ശബ്ദങ്ങളാണ് വരുന്നത്. പ്ലീസ്...........പ്ലീസ്..........

ശ്രീ. എ. എ. അസീസ്: സുനാമി ഫ്ളാറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും അതിൽ താമസസൗകര്യം കിട്ടിയ ആളുകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും കഴിയുന്ന സഹായങ്ങൾ ചെയ്യണമെന്നുമാണ് മറ്റൊരു തരത്തിൽ എനിക്ക് നിർദ്ദേശിക്കാനുള്ളത്.

മി. ചെയർമാൻ: ശ്രീ. ഇ.പി. ജയരാജൻ .....പ്ലീസ്.........പ്ലീസ്...........

ശ്രീ. എ. എ. അസീസ്: നെൽവയൽ നികത്തൽ നിയമം പാസ്സാക്കുന്ന ഘട്ടത്തിലാണ്; പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും രണ്ടും മൂന്നും സെന്റ് ചതുപ്പുസ്ഥലങ്ങൾ പാവപ്പെട്ട ആളുകൾക്ക് വാങ്ങികൊടുത്തി ട്ടുണ്ട്. ആ സ്ഥലത്ത് പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ അനുവാദമില്ലാത്ത ഒരു സ്ഥിതിയാണ് ഇന്നുള്ളത്. അതുകൊണ്ട് ചതുപ്പുഭൂമികളെ നെൽവയൽ നികത്തൽ നിയമത്തിൽനിന്ന് ഒഴിവാക്കിക്കൊണ്ട് സർക്കാർ നൽകിയ ആ സ്ഥലം പാവപ്പെട്ടവർക്ക് വീടുനിർമ്മിക്കാനും താമസിക്കാനുമുള്ള സൗകര്യ മൊരുക്കണമെന്നുമാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടയ വിതരണം നടത്തുകയുണ്ടായി. പട്ടയം ലഭിക്കാനുള്ള എല്ലാ ആളുകൾക്കും പട്ടയം ലഭിച്ചിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് പല പ്രാവശ്യം നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളതാണ്. അവിടെ പട്ടികജാതിക്കാരും അല്ലാതെയുമുള്ള ആളുകൾ തിങ്ങിപ്പാർക്കുന്നുണ്ട്. അവർക്ക് പട്ടയം ലഭിക്കു ന്നതിനും; സമയബന്ധിതമായി പട്ടയം വിതരണം നടത്തുന്നതിനും; അർഹരായ ആളുകൾക്കെല്ലാംതന്നെ പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കണം. ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. ആർ. സെൽവരാജ്: സർ, 2014–15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കേരളപ്പിറവിക്കുശേഷം കേരളത്തിൽ അധികാരത്തിൽവന്നിട്ടുള്ള ഒരു

ഗവൺമെന്റും നടപ്പാക്കാത്ത പദ്ധതികളാണ് കേരളത്തിൽ ശ്രീ. ഉമ്മൻ ചാണ്ടിയും റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശും നടപ്പാക്കിവരുന്നത്. കേരളത്തിൽ തല ചായ്ക്കാനിടമില്ലാത്ത ഭവനരഹിതരും ഭൂരഹിതരുമായ ഒരു ലക്ഷം കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും നൽകുന്ന ഭൂരഹിത കേരളം പദ്ധതിയും ഭൂമികേരളം പദ്ധതിയും കേരളത്തിനുമാത്രമല്ല ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കുകൂടി മാതൃകയാണ്. ഇവയെല്ലാം കേരളത്തിലെ യു.ഡി. എഫ്. ഗവൺമെന്റിന്റെ മാത്രം പ്രത്യേകതയാണ്. കേരളത്തിലെ ജനങ്ങൾ വളരെ കാലമായി ആഗ്രഹിച്ചിരുന്ന പുതിയ താലൂക്കുകളുടെ രൂപീകരണവും വില്ലേജുകളുടെ പുനർനിർണ്ണയവും റവന്യൂ വകുപ്പിനെ സംബന്ധിച്ചിട ത്തോളം വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. മറ്റൊന്ന്, വില്ലേജ് ഓഫീസുക ളിൽനിന്ന് ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകൾ ഇപ്പോൾ അക്ഷയ സെന്ററുകളിലൂ ടെയാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. വില്ലേജ് ഓഫീസുകളും അക്ഷയ സെന്ററുകളും തമ്മിൽ വളരെ അകലത്തിലായതിനാൽ ആളുകൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഇതൊഴിവാക്കുന്നതിനുവേണ്ടി വില്ലേജ് ഓഫീസുക ളിൽ അടിയന്തരമായി ഫ്രണ്ട് ഓഫീസ് സംവിധാനമുണ്ടാക്കണം. കേരളത്തി ലുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ഒട്ടനവധി പ്രകൃതിക്ഷോഭങ്ങളുണ്ടാകാറുണ്ട്. ഈ പ്രകൃതിക്ഷോഭങ്ങൾ വലിയ വിപത്താണ് കേരളത്തിലുണ്ടാക്കുന്നത്. ഇത്തരത്തിലുള്ള പ്രകൃതിക്ഷോഭ ങ്ങൾ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനും അവയ്ക്ക് അടിയന്തരമായി പരിഹാര മാർഗ്ഗം കണ്ടെത്തുന്നതിനും ശക്തമായ ദുരന്ത നിവാരണ അതോറിറ്റി കേരള ത്തിലുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. ദുരന്ത നിവാരണ അതോറിറ്റി ശക്തമായി പ്രവർത്തിച്ചാൽ ഇന്നുണ്ടാകുന്ന കാലവർഷക്കെടുതികളിൽ പലതും ഒഴിവാക്കാനാകും. കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച

വർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ റവന്യൂ വകുപ്പും കൃഷി വകുപ്പും തമ്മിലുള്ള അഭിപ്രായവ്യത്യാസം തിരുവനന്തപുരം ജില്ലയിൽ നില നിൽക്കുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടായ കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള യാതൊരു നടപടിയും മൂന്ന് വർഷമായി സ്വീകരിച്ചിട്ടില്ല എന്നത് പ്രത്യേകമായി പറയാതിരിക്കാൻ നിർവാഹമില്ല. അതുപോലെ കടൽക്ഷോഭത്തെ പ്രകൃതിക്ഷോഭമായി അംഗീകരിക്കാൻ ഇതുവരെ തയ്യാറായിട്ടില്ല. ഗവൺമെന്റ് അടിയന്തരമായി ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. പ്രകൃതിക്ഷോഭത്തിൽ കടൽഭിത്തി തകരുന്നത്, തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ വീടും മറ്റ് വസ്തുക്കളും നഷ്ടപ്പെടുന്നതിനും നഷ്ടപരിഹാരം നൽകുകയും പ്രകൃതി ക്ഷോഭത്തിൽ ഉൾപ്പെടുത്തി അവർക്ക് താമസസൗകര്യമുണ്ടാക്കുന്നതിനുള്ള പുനരുദ്ധാരണ പദ്ധതികൾ ഏർപ്പെടുത്തേണ്ടതും അത്യാവശ്യമാണ്. റവന്യൂ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെല്ലാം അത്യന്തം ആധുനികവും നവീനരീതിയിലുള്ള പ്രവർത്തന ങ്ങളുമാണ് എന്ന് പറയാതിരിക്കാൻ നിർവാഹമില്ല. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷത്തിൽ വമ്പിച്ച നികുതി പിരിവാണ് കാണുന്നത്. നികുതി പിരിവിനും സാമ്പത്തിക മാനേജ്മെന്റിന് നേതൃത്വം കൊടുക്കുന്നത് പരിചയ സമ്പന്നനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി അവർകളാണ്. മറ്റ് വർഷങ്ങളെ അപേക്ഷിച്ച് നികുതി പിരിവിൽ വൻ വർദ്ധനവാണുണ്ടായിട്ടുള്ളത്. 2014 മെയ് മാസം വരെ 250376.25 കോടി രൂപയുടെ നികുതി വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ചെക്പോസ്റ്റുകളെല്ലാം സജീവമാക്കിക്കൊണ്ട് അവിടെ ഇ-ഡിക്ലറേഷനും എസ്.എം.എസ്. അലർട്ട്

സംവിധാനവും ഓൺലൈൻ സംവിധാനങ്ങളും ഏർപ്പെടുത്തുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ അമരവിളയിൽ ഒരു സംയോജിത ചെക്പോസ്റ്റ് സ്ഥാപിച്ചതിന്റെ ഫലമായി ദേശീയ പാതിയിലുണ്ടായിരുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ചെക്പോസ്റ്റിൽ സ്ഥാപിച്ചിരുന്ന വെയിംഗ് മെഷീൻ പ്രവർത്തനരഹിതമായിട്ട് കാലങ്ങളായി. ഇത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇതുവരെ അത് ശരിയാക്കു ന്നതിന് സാധിച്ചിട്ടില്ല. ഇപ്പോൾ സ്വകാര്യ മാനേജ്മെന്റുകളെ ഏൽപ്പിച്ചാണ് കൃത്യനിർവഹണം നടത്തുന്നത്. ഇത് അടിയന്തരമായി വകുപ്പ് പരിശോ ധിക്കണം. അതുപോലെ ചെക്പോസ്റ്റിലൂടെ 2014 മെയ് മാസം 31 വരെ 208.81 കോടി രൂപ പിരിച്ചെടുക്കാൻ നികുതി വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. നികുതി വകുപ്പിന് ഇതൊരു പുത്തനുണർവാണ്. അതുപോലെ ലോട്ടറി വിൽപ്പനയിലൂടെ 5500 കോടി രൂപ വരുമാനമുണ്ടാക്കുന്നതിന് സാധിച്ചി ട്ടുണ്ട് എന്നത് എടുത്തുപറയാതിരിക്കാൻ സാധിക്കില്ല. പതിനൊന്ന് താലൂക്കു കളിലായി ലോട്ടറിയുടെ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം വന്നിട്ടുണ്ട്. അങ്ങനെ വന്നാൽ നെയ്യാറ്റിൻകര താലൂക്കിൽകൂടി ഒരു ലോട്ടറി ഓഫീസ് ആരംഭിക്കണമെന്നാണ് എന്റെ വിനയപൂർവമായ അഭ്യർത്ഥന. സർവീസിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഒരു സംഘടനയും ആവശ്യപ്പെടാത്ത എല്ലാവിധ സേവന വേതന വ്യവസ്ഥകളും അംഗീകരിച്ചു കൊടുക്കുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട് എന്നതാണ് ഏറ്റവും വലിയ പ്രത്യേകത. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നെയ്യാറ്റിൻകര ആശുപത്രിയെ ജനറൽ ആശുപത്രിയായും ചെങ്കൽ പി.എച്ച്.സി.യെ സി. എച്ച്.സി ആയും ഉയർത്തുകയുണ്ടായി. ഈ രണ്ട് ആശുപത്രികളിലെയും

പോസ്റ്റ് ക്രിയേഷനുവേണ്ടിയുള്ള നിർദ്ദേശം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മുന്നിലാണ്. ഈ ആവശ്യം പരിഗണിക്കണമെന്ന് വിനയ പൂർവം അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്. കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ഇന്നത്തെ അവസ്ഥക്ക് മാറ്റമുണ്ടാകണം. 1971-ലെ ഹൗസിംഗ് ബോർഡ് നിയമം പരിഷ്കരിക്കണം. ഹൗസിംഗ് ബോർഡ് എസ്റ്റാബ്ലിഷ്മെന്റ് റെഗുലേഷൻ ഭേദഗതിക്കുള്ള അംഗീകാരം ത്വരിതപ്പെടുത്തണം. ഹൗസിംഗ് ബോർഡിന് പ്രവർത്തന മൂലധനം അനുവദിക്കേണ്ടത് അത്യന്താപേക്ഷി തമാണ്. സ്വന്തമായി 100 ഏക്കറോളം സ്ഥലമുള്ളതിൽ ഒരു സെന്റ് ഭൂമി പോലും യാതൊരു പ്രവർത്തനങ്ങളുമില്ലാതെ കിടക്കുകയാണ്. അവിടെ സ്വന്തമായി മറ്റ് സ്ഥാപനങ്ങൾക്കായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ഹൗസിംഗ് ബോർഡിനെ സംബന്ധിച്ച മറ്റൊരു പ്രധാന കാര്യം അവിടെ സ്ഥിരമായി ഒരു സെക്രട്ടറി ഇല്ല എന്നതാണ്. ഡെപ്യൂട്ടേഷനിൽ മാറിമാറി വരുന്ന സെക്രട്ടറിമാരാണ് ഇതിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത്. അതിന്റെ ഫലമായി വകുപ്പിനോട് താല്പര്യമില്ലാത്ത സെക്രട്ടറിമാരും വരുന്നു. അതുകൊണ്ട് കാര്യക്ഷമതയുള്ള ഒരു സ്ഥിരം സെക്രട്ടറിയെ നിയമിക്കേണ്ടത് അത്യാവശ്യമാണ്. ധനകാര്യ മാനേജ്മെന്റ് വളരെ ശക്തമായ രീതിയിലാണ് മുന്നോട്ടുകൊണ്ടുപോകുന്നത്. ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം ധാരാളം ക്ഷേമപദ്ധതി കളും പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. അവിവാഹിതരായ അമ്മമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എല്ലാ പെൻഷനുകളിലും വരുത്തി യിട്ടുള്ള വർദ്ധനവുമൊക്കെ സാധാരണ ജനങ്ങളെ ആശ്വസിപ്പിക്കാൻ കഴിയുന്ന പദ്ധതികളാണ്. ഈ പദ്ധതികളുമായി മുന്നോട്ടുപോകുന്നതിന്

നേതൃത്വം നൽകുന്ന ധനകാര്യമാനേജ്മെന്റാണ് ഇന്ന് കേരളത്തിലുള്ളത് എന്നതാണ് നമുക്ക് ഏറ്റവും ആശ്വാസകരമായ കാര്യം. ഇതിനുവേണ്ടി വിനിയോഗിക്കുന്ന ധനത്തിന് ഈ സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി അനുകൂലിക്കുകയാണ്. ഇന്നലെ പ്രസംഗമധ്യേ പ്രതിപക്ഷ ഉപനേതാവ് ഒരു പരാമർശം നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഗവൺമെന്റ് ഭൂരിപക്ഷമില്ലാത്ത ഗവൺമെന്റാണെന്നും ചാക്കിട്ടുപിടിച്ചും കൂറുമാറ്റം നടത്തിയുമാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്നുമുള്ള പ്രഖ്യാപനം നടത്തുകയുണ്ടായി.

2012 മാർച്ച് 8-ാം തീയതി മുതൽ ഇടതുപക്ഷ പാർട്ടിക്കുണ്ടായ അപചയം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് മറന്നുപോയെന്നാണ് ഞാൻ കരുതുന്നത്. അന്നുമുതൽ പാർട്ടിക്കുണ്ടായ അപചയവും ജീർണ്ണത ബാധിച്ച നേതൃത്വത്തിനെതിരെ പാർട്ടിയിലെ നേതാക്കന്മാരും സഖാക്കളും കൊഴിഞ്ഞുപോകുന്നതും സ്ഥിരംശൈലിയായി മാറിയിരിക്കുന്നുവെന്നുള്ളത് പറയാതിരിക്കാൻ നിർവ്വാഹമില്ല. സാധാരണ നേതാക്കന്മാരിൽ നിന്നുമാത്രമല്ല, പി.ബി. അംഗങ്ങൾ വരെ കൂട്ടത്തോടെ പൊഴിഞ്ഞുപോകുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. പ്രിയങ്കരനായ എന്റെ സുഹൃത്തും കഴിഞ്ഞ ഗവൺമെന്റിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ ശ്രീ. എം.എ. ബേബി, എന്റെ രൂപതക്കാരൻ കൂടിയാണ്. അദ്ദേഹം വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്നിട്ടും ക്ലാസിൽ പോകാതെയും അറ്റൻഡൻസ് ഇടാതെയുമുള്ള കുട്ടികൾ പരീക്ഷയ്ക്ക് പോകുന്നതുപോലെയുള്ള പുതിയ സംവിധാനത്തിലേ

യ്ക്കാണ് നിയമസഭയെ ഉപയോഗിക്കുന്നത്. നിയസഭയിൽ അറ്റൻഡൻസ് രേഖപ്പെടുത്താതെ വോട്ട് ചെയ്യും. ശ്രീ. എം.എ. ബേബി അടക്കം പി.ബി. യിൽനിന്നും പിരിഞ്ഞുപോകാൻ നിൽക്കുകയാണ്. മാത്രമല്ല, എൽ.ഡി. എഫ്.-ൽ ഉണ്ടായിരുന്ന ഓരോ ഘടകകക്ഷികളും കൂറുമാറി, എൽ.ഡി. എഫ്.-നെ എന്നെന്നേയ്ക്കുമായി ഉപേക്ഷിച്ച് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇനിയും എൽ.ഡി.എഫ്.-ലുള്ള ഘടകകക്ഷികൾ യു.ഡി.എഫ്.-ലേയ്ക്ക് വരുന്നതിനുള്ള ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അത്തരത്തിൽ അധ:പതിച്ചുകൊണ്ടുള്ള സി.പി.എം. നേതൃത്വമണ് കേരളത്തിൽ എൽ.ഡി. എഫ്.-നെ നയിക്കുന്നതെന്നുള്ളത് ഇനിയെങ്കിലും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിനെ പോലുള്ള ആളുകൾ മനസ്സിലാക്കണം. ബംഗാളിലെയും ഇൻഡ്യയിലെയും അവസ്ഥയൊന്നും ഞാൻ പറയുന്നില്ല. ഇൻഡ്യയിൽ ചെങ്കോട്ടയിലും ചെങ്കൊടി പാറിപ്പിക്കുമെന്ന് പറഞ്ഞ സി.പി.എം.-ന്റെ ഇൻഡ്യയിലെയും കേരളത്തിലെയും അവസ്ഥ എന്താണ്? സാർവ്വദേശീയ രംഗത്ത് സോവിയറ്റ് യൂണിയൻ ഉൾപ്പെടെ ഒട്ടനവധി കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ ഉള്ളതായി പ്രഖ്യാപിക്കുകയും അതിൽ അഹങ്കരിക്കുകയും ചെയ്തിരുന്നു. ഇന്ന് ലോകത്തിൽ ഏതെങ്കിലും ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രമുണ്ടോ; കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഈറ്റില്ലമെന്ന് ഉറപ്പിച്ചുപറയാൻ ഇൻഡ്യയിൽ ഏതെങ്കിലും സംസ്ഥാനമുണ്ടോ? ഇന്നലെ പ്രതിപക്ഷ ഉപ നേതാവ് ഒരു കാര്യംകൂടി പറഞ്ഞു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ പുറകിലോട്ട് പോയെങ്കിലും ശക്തിയായി മുന്നോട്ടുവരുന്ന പാരമ്പര്യമാണുള്ള തെന്നാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട സഭ അറിയുന്നതിനുവേണ്ടി പറയുകയാണ്. പണ്ട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം തെരഞ്ഞെടുപ്പിൽ പുറകിലോട്ട് പോയപ്പോഴെല്ലാം ആ പാർട്ടി ശക്തിയായി ഒറ്റക്കെട്ടായി

ഏകാഗ്രതയോടുകൂടി മുന്നോട്ടുവന്നു. എന്നാൽ ഇന്നതുണ്ടോ? ജീർണ്ണത ബാധിച്ച പാർട്ടി നേതൃത്വത്തിന്റെ പിടിപ്പുകേടുകൊണ്ട് പുറകോട്ട് പൊയ്ക്കൊണ്ടിരിക്കുന്ന പാർട്ടി സഖാക്കളും പാർട്ടി അണികളുമാണ് ഇന്ന് കേരളത്തിലുള്ളത്. അതുകൊണ്ട് ഒരു കാലത്തും നിങ്ങൾ ഇനി കേരളത്തിലും ഇൻഡ്യയിലും തിരിച്ചുവരില്ലെന്നുള്ളത് മനസ്സിലാക്കി മുന്നോട്ട് പോകണമെന്നുകൂടി ഞാൻ വിനയപൂർവ്വം ഈ സഭയിൽ അഭ്യർത്ഥിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ടും പിന്താങ്ങിക്കൊണ്ടും എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. തികച്ചും അസാധാരണമായ ചില സംഭവങ്ങൾക്കാണ് ഈ സഭ സാക്ഷ്യം വഹിക്കുന്നത്. പ്രിയങ്കരനായ ആർ.എസ്.പി. നേതാവ് ശ്രീ. എ.എ. അസീസ്, ഈ വർഷം ജനുവരി മാസം അവതരിപ്പിച്ച ബഡ്ജറ്റിന്റെ ചർച്ചകളിൽ എതിർത്ത് സംസാരിക്കുകയും ഇപ്പോൾ അതിന്റെ ഡിമാന്റ് ചർച്ചയിൽ അനുകൂലിച്ച് സംസാരിക്കുകയും ചെയ്യുന്നു. എണ്ണിയെടുക്കാവുന്ന ദിവസങ്ങൾക്കകം ഓന്തിന്റെ നിറം മാറുന്നതുപോലെ മാറിയ ഒരു പാർട്ടിയെക്കുറിച്ച് എന്താണ് പറയേണ്ടത്; എത്ര നാണക്കേടാണിത്. ബഹുമാനപ്പെട്ട സ്പീക്കർ, ചർച്ചയിൽ പങ്കെടുക്കുന്നവരെ ലിസ്റ്റ് ചെയ്യുമ്പോൾ കാലുമാറ്റക്കാരുടെയും കുതികാൽ വെട്ടിപ്പുകാരുടെയും ഘോഷയാത്ര കാണാൻ കഴിയും. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കഴിഞ്ഞ 45 വർഷക്കാലം ഒന്നിച്ച് ഉണ്ട്, ഉറങ്ങി, എല്ലാ അർത്ഥത്തിലും ഒരുമിച്ച് നടന്നവർ എത്രവേഗമാണ് ഒരു സീറ്റിന്റെ പേരിൽ അതുവരെ വിശ്വസിച്ചിരുന്ന

പ്രാണവായുവിനെപ്പോലും തള്ളിപ്പറഞ്ഞുകൊണ്ട് നിറം മാറിയ, കാലു മാറിയ സാഹചര്യമാണ് ഇവിടെ ഉണ്ടായത്.

‘അങ്കുശമില്ലാത്ത കാപട്യമേ നിന്നെ

ആർ.എസ്.പി.യെന്നു വിളിക്കുന്നു ഞാൻ’.

അക്ഷരാർത്ഥത്തിൽ ആർ.എസ്.പി.യെ അങ്ങനെ വിളിക്കാൻ കഴിയും. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി സഖാവ് പന്ന്യൻ രവീന്ദ്രൻ, സാധാരണ തൊഴിലാളിയായി, തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ നേതാവായി, ഉജ്ജ്വലങ്ങളായ പോരാട്ടങ്ങളുടെ നടുവിൽ ഉശിരോടെ നയിച്ച് സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേതൃനിരയിലേയ്ക്ക് ഉയർന്നു വന്നപ്പോൾ അദ്ദേഹത്തെ ആണും പെണ്ണും കെട്ടവനായി ചിത്രീകരിക്കാൻ നിങ്ങൾക്ക് മാത്രമേ കഴിയൂ. ഏതാണ്ട് ഉപ്പുചാക്കിന് കയ്യും കാലും വച്ചതു പോലുള്ള നേതാക്കന്മാരുടെ വരവ് കണ്ടാൽ ഈ രാജ്യം ഇടിഞ്ഞുവീഴുമെന്ന് തോന്നിപ്പോകും. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. തൊഴിലാളി വർഗ്ഗത്തെക്കുറിച്ച് പറയാനൊന്നും നിങ്ങൾക്ക് യാതൊരു അവകാശവും യോഗ്യതയുമില്ല. അവർ എവിടെ നിൽക്കുന്നുവെന്നുള്ളത് ജനം മനസ്സിലാക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രസ്ഥാനം രാജ്യസഭാ സീറ്റ് വച്ചുനീട്ടിയിട്ട് അതുവേണ്ടെന്ന് പറഞ്ഞവരാണ് ഇപ്പോൾ ലോകസഭാ സീറ്റ് തർക്കവുമായി കളംമാറി ആടിയതെന്ന് നമ്മൾ കണ്ടു കഴിഞ്ഞു. അവർക്ക് എന്ത് രാഷ്ട്രീയം, എന്ത് നിലപാട്; ആരുടെ താൽപ്പര്യ മാണ് അവരെ മുന്നോട്ട് നയിക്കുന്നതെന്ന് ജനങ്ങൾക്ക് തീർച്ചയായും ബോദ്ധ്യമാകും. കോൺഗ്രസ്സുകാരെക്കുറിച്ച് ഞാൻ കൂടുതലായൊന്നും പറയേണ്ടതില്ല, എപ്പോഴും പറയുന്നതുതന്നെയാണ്. ഇനിയും പറയണമെങ്കിൽ

യാതൊരു മടിയുമില്ല. കേരള രാഷ്ട്രീയത്തെ ഇതുപോലെ മലീമസമാക്കിയ സന്ദർഭം ഉണ്ടായിട്ടുണ്ടോ? ഇനിയും ആളുകൾ യു.ഡി.എഫ്.–ലേയ്ക്ക് വരുമെന്ന് പറയുമ്പോൾ എത്ര കയ്യടിയാണ്. കാലുമാറ്റക്കാരുടെ കൂടാരമായി യു.ഡി.എഫ്. മുന്നണി മാറിയെന്ന കാര്യത്തിൽ വല്ല സംശയവുമുണ്ടോ? പരസ്യമായി പ്രഖ്യാപിതമായ രാഷ്ട്രീയം പറഞ്ഞുകൊണ്ട് ........ഞങ്ങൾക്ക് നിലപാടുണ്ട്, ആ രാഷ്ട്രീയ നിലപാട് ഉയർത്തിപ്പിടിച്ചുകൊണ്ട് നിൽക്കുന്ന പ്രസ്ഥാനമെന്ന നിലയിൽ ഒന്നോ രണ്ടോ സീറ്റിന്റെയല്ല പ്രശ്നം, നമുക്ക് ഈ രാജ്യത്തെ ജനങ്ങളുടെ പ്രശ്നമാണ് വലുതെന്ന് നിങ്ങൾ ഓർത്തിരിക്കണം. ജനങ്ങളുടെ മൗലികമായ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച് പോരാട്ടം നടത്തുമ്പോൾ അവിടെ ഇടതുപക്ഷങ്ങൾ ഒന്നിച്ചുനിൽക്കണമെന്ന് ഞങ്ങൾ പ്രാണവായുവിനേക്കാൾ ഉറച്ചുവിശ്വസിക്കുന്നു. നിങ്ങൾക്ക് സീറ്റും സ്ഥാനമാനങ്ങളുമാണ് പ്രശ്നമെങ്കിൽ ഞങ്ങൾക്കതല്ല പ്രശ്നമെന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കണം. കേരളത്തിൽ വിചാരിച്ചത്രയും സീറ്റ് കിട്ടിയില്ല. ഞങ്ങൾ പരാജയപ്പെട്ടോ; നാലിൽ നിന്ന് എട്ടായത് പരാജയമാണോ? അതിനെക്കാൾ കൂടുതൽ കിട്ടുമെന്ന് ഞങ്ങൾ വിചാരിച്ചു. അതിൽ ഞങ്ങൾക്ക് പറ്റിയ വീഴ്ചകൾ പരിശോധിക്കുകയാണ്. രാജ്യമൊട്ടാകെ നിങ്ങൾക്ക് പറ്റിയ പരാജയത്തെ കാണാതിരിക്കുന്നുവെങ്കിൽ നിങ്ങളാണ് മൂഢസ്വർഗ്ഗത്തിലെന്ന് പറയുന്നതിൽ യാതൊരു പ്രയാസവുമില്ല. കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പരാജയം ഏറ്റുവാങ്ങി. ഈ തെരഞ്ഞെടുപ്പോടുകൂടി ലോകം അവസാനിക്കാൻ പോകുന്നില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. ഞങ്ങൾ ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ച്, ജനങ്ങളോടൊപ്പംനിന്ന്, അവരുടെ അവകാശപോരാട്ട സമരങ്ങളിൽ അവരെ നയിച്ച് ഈ പ്രസ്ഥാനം മുന്നോട്ടുകൊണ്ടുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ഞാൻ അതിലേയ്ക്ക് ദീർഘമായി പോകുന്നില്ല. ഏതായാലും അവസരവാദ രാഷ്ട്രീയത്തിന്റെ കൊടി ഉയർത്തലിന് അന്ത്യമുണ്ടാകുമെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. ഈ ഡിമാന്റ് ചർച്ചയിൽ നിരവധി വിഷയങ്ങൾ പറയാൻ കരുതിവച്ചിരുന്നതാണ്. അതെല്ലാം പറയാൻ കഴിയുമോയെന്ന് എനിക്കറിയില്ല. 'ഭൂരഹിതരില്ലാത്ത കേരളം' എന്നതാണ് വരാൻ പോകുന്ന ജനുവരി മാസം 1-ാം തീയതിയിലെ മുദ്രാവാക്യം. അതിന് ഇനി 6 മാസം മാത്രമാണുള്ളത്. എത്ര പേർക്കാണ് ഗവൺമെന്റ് ഭൂമി കൊടുത്തത്? എന്റെ കയ്യിൽ അതിന്റെ കണക്കുണ്ട്. ആലപ്പുഴ ജില്ലയിൽ മാത്രം ഭൂരഹിതരായ 14000 ആളുകളുണ്ട്. അതിൽ ഭൂമി കൊടുത്തത് 13 പേർക്കാണ്. ഇനിയുള്ള 6 മാസം കൊണ്ട് ബാക്കിയുള്ള ആളുകൾക്ക് ഭൂമി കൊടുക്കുമോ? ഭൂരഹിതരായ 2,45,000 പേർക്ക് സംസ്ഥാനത്ത് ഭൂമി കൊടുക്കുമെന്നാണ് ഗവൺമെന്റ് പ്രഖ്യാപനം നടത്തിയത്. ശ്രീമതി സോണിയാ ഗാന്ധി വന്ന് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ 37000 പേർക്ക് പട്ടയം കൊടുത്തുവെന്ന് പ്രഖ്യാപിച്ചു. ആ 37000 പേരുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അതിൽ എത്ര പേർക്ക് ഭൂമി കിട്ടി. മഹാഭൂരിപക്ഷം ആളുകളും ഭൂമിയില്ലാതെ പട്ടയവുമായി അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. ഉള്ള ഭൂമി വാസയോഗ്യമല്ല. അതുസംബന്ധിച്ച് ധാരാളം കാര്യങ്ങൾ പറയാനുണ്ട്. നിങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യം തന്നെ ചീട്ടുകൊട്ടാരം പോലെ തകരുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്.

പാവങ്ങൾക്ക് കൊടുക്കാൻ ഭൂമിയുണ്ട്, പക്ഷേ വൻ പ്രമാണിമാർ കൈവശം വച്ചുകൊണ്ടിരിക്കുകയാണ്. ക്ലബുകളുടെയും മറ്റു പല സാംസ്കാ

രിക സംഘടനകളുടെയും പേരിൽ വൻ പ്രമാണികളായവർ കൈവശം വച്ചു കൊണ്ടിരിക്കുന്ന നൂറ് കണക്കിന് ഏക്കർ കണ്ണായ ഭൂമി ഈ തിരുവനന്തപുരം നഗരത്തിൽ തന്നെയുണ്ട്. പിടിച്ചെടുക്കുവാൻ നിങ്ങൾക്ക് ആർജ്ജവമുണ്ടോ എന്നാണ് അറിയേണ്ടത്. കൊച്ചിയിലും കോഴിക്കോടും ഇത്തരത്തിലുള ഭൂമി കളുണ്ട്. ചില നടപടികൾ ഞങ്ങൾ എടുത്തു. നിങ്ങൾ ആ കാര്യത്തെക്കുറിച്ച് മിണ്ടുന്നില്ല. എവിടെനിന്ന് ഭൂമി നിങ്ങൾ പിടിച്ചുകൊടുക്കും എന്നാണ് അറിയേണ്ടത്. കായൽ – കടൽ പുറംപോക്കുകൾ പ്രമാണിമാരുടെ കൈവശ മായി. പാവങ്ങൾക്ക് വീടുവക്കാൻ അനുവാദമില്ല. റിസോർട്ട് മാഫിയകൾ റിസോർട്ട് കെട്ടി ഉയർത്തുകയാണ്, അതിനനുമതിയുണ്ട് അവിടെ യാതൊരു തടസ്സങ്ങളുമില്ല. നമ്മുടെ സംസ്ഥാനത്തെ എല്ലാ തീരങ്ങളിലും നമുക്കത് കാണാൻ കഴിയും. കായൽത്തീരവും കടൽത്തീരവും പ്രമാണിമാരുടെ കൈപ്പിടിയിൽ ഒതുങ്ങി. നിർമ്മാണ മേഖല സ്തംഭിച്ചുനിൽക്കുകയാണ്. വീടു നിർമ്മാണത്തിനാണെങ്കിലും റോഡുനിർമ്മാണത്തിനാണെങ്കിലും ഏതു നിർമ്മാണ രംഗത്താണെങ്കിലും ഇന്ന് വലിയ സ്തംഭനാവസ്ഥയാണ് നേരിട്ടു കൊണ്ടിരിക്കുന്നത്. കേരളത്തിലെ വികസിച്ചുകൊണ്ടിരിക്കുന്ന, പതിനായിര ങ്ങൾ, ലക്ഷങ്ങൾ പണിയെടുത്തുകൊണ്ടിരുന്ന, അവർക്ക് അത്രയേറെ തൊഴി ലവസരങ്ങൾ കൊടുത്തുകൊണ്ടിരുന്ന രംഗമായിരുന്നു നിർമ്മാണമേഖല. നമുക്കറിയാം ആസ്സാം, ബീഹാർ, യു. പി. തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും നിർമ്മാണ മേഖലയിൽ പണിയെടുക്കാനായി ആയിരങ്ങളാണ് ട്രെയി നുകളിൽ ഞായറാഴ്ച വൈകിട്ട് നമ്മുടെ സംസ്ഥാനത്ത് വന്നിറങ്ങുന്നത്. അവരൊക്കെ തിരികെ പോയിക്കൊണ്ടിരിക്കുകയാണ്. സിമന്റിന് വിലകൂടി, കമ്പിക്ക് വില കൂടി, ചരല് കിട്ടാനില്ല, മെറ്റല് കിട്ടാനില്ല. നിർമ്മാണ ഉരുപ്പടി കൾക്കെല്ലാം തീ വിലയായി, തീ വിലകൊടുത്താൽ കിട്ടും. സാധാരണക്കാരന്

പ്രാപ്യമല്ലാത്ത ഒരു സ്ഥിതിവിശേഷമായി നിർമ്മാണമേഖല മാറുന്നു. ഒരു വീട് വയ്ക്കുക എന്നുപറയുന്നത് സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിലെ ഏറ്റവും വലിയ സ്വപ്നമാണ്. ഇന്ന് അത് സാധ്യത പ്രായമാക്കുവാൻ കഴിയുമോ? ഒരു സാധാരണക്കാരന് വീടുവയ്ക്കുക എന്നുപറഞ്ഞാൽ ജീവിതം മുഴുവൻ ഋണഭാരംകൊണ്ട് വല്ലാത്ത ദുരിതം അനുഭവിക്കേണ്ടിവരുന്നു. അതാണിവിടെ നടക്കുന്നത്. ഗവൺമെന്റിന് അതുസംബന്ധിച്ച് എന്താണ് പറയാനുള്ളത്? ചരലുവാരുന്നത് നിരോധിച്ചു, മണൽ വാരുന്നത് നിരോധിച്ചു, പകരം സംവിധാനമെന്താണ്? മെറ്റൽ കിട്ടാനില്ല. ക്വാറിമടകളിലൊക്കെ പ്രശനങ്ങളാണ്. അധികമായ നികുതി അടിച്ചേൽപ്പിച്ച്, ക്വാറി ഉടമകളിൽനിന്ന് അധികമായ വരുമാനമുണ്ടാക്കാൻ ഗവൺമെന്റ് നീക്കം ആരംഭിച്ചപ്പോൾ ക്വാറികളിൽ നിന്നുവരുന്ന മെറ്റലുകൾ, മെറ്റൽപൊടികൾ, എം. സാന്റ് ഉൾപ്പെടെയുള്ളവയ്ക്ക് തീവില കൊടുക്കേണ്ടി വരുന്നു. നമ്മുടെ നിർമ്മാണമേഖല സ്തംഭിക്കുന്നു. ആലപ്പുഴ ജില്ലയിലെ മഹാഭൂരിപക്ഷം പ്രദേശങ്ങളിലും റോഡ് നിർമ്മിക്കണമെങ്കിൽ വിദൂരസ്ഥല ങ്ങളിൽനിന്നും ഗ്രാവലും, പൂഴിയും കൊണ്ടുവരണം. പുതിയ ഫോർമേഷൻ ഉണ്ടാകണമെങ്കിൽ ഗ്രാവലും പൂഴിയും കൂടിയേ കഴിയൂ. എന്നാൽ കോട്ടയ ത്തുനിന്നോ മറ്റു വിദൂരപ്രദേശത്തുനിന്നോ കൊണ്ടുവന്നാൽ അതു മുഴുവൻ പോലിസ് പിടിച്ചെടുക്കുകയാണ്. ആഭ്യന്തര വകുപ്പുമന്ത്രി കേൾക്കേണ്ട കാര്യമാണ്. പൂഴി, ഗ്രാവൽ, മെറ്റൽ മുതലായവ കയറ്റിവരുന്ന എല്ലാ ലോറികളും ആലപ്പുഴ ജില്ലയിലടക്കം പോലീസ് പിടിക്കുകയാണ്. പണം കൊടുത്തില്ലെങ്കിൽ കേസ്സെടുക്കുക, മൂന്നും നാലും ആഴ്ചകൾ ലോഡുമായി വാഹനം കിടക്കുക, ടയർ നഷ്ടപ്പെടുക എന്ന വല്ലാത്തൊരു അവസ്ഥയിലാ ണ്. ഒരു ലോഡ് ചരലോ, ഗ്രാവലോ വേണമെങ്കിൽ മുൻപ് കൊടുത്തിരുന്ന

തിന്റെ മൂന്നും നാലും ഇരട്ടി വില കൊടുക്കേണ്ടിവരുന്നു പാവങ്ങളാണ് അതിന്റെ ദുരിതം പേറുന്നത്. കടൽത്തീരം കടൽക്ഷോഭം കൊണ്ട് വല്ലാതെ വിറങ്ങലിക്കുകയാണ്. വീടുകൾ നിലം പൊത്തുകയാണ്. ആ വീടുകൾ സംരക്ഷിക്കുവാൻ കൊണ്ടുവരുന്ന കരിങ്കല്ല് പോലീസുകാർ പിടിച്ച് കളക്ടറേറ്റിൽ കൊണ്ടുപോയി ഇട്ടു. ആഴ്ചകളളോളമായി അവിടെ കിടക്കുകയാണ്. എത്ര ഭയങ്കരമായ നഷ്ടമാണ്? എത്ര വലിയ ദുരിതമാണ് സാധാരണ ജനങ്ങൾക്ക് വരുത്തിവയ്ക്കുന്നത്? ഇപ്രകാരമുള്ള നടപടികൾകൊണ്ട് നിർമ്മാണ മേഖല സ്തംഭിച്ചുനിൽക്കുന്ന കാഴ്ചയാണ് കാണുന്നത്. ഭവന നിർമ്മാണമേഖലയിൽ ഏതു പദ്ധതിയാണ് നടക്കുന്നത്. ദാരിദ്ര്യമേഖലയിൽ താഴെയുള്ളവരുടെ വീടിന്റെ പദ്ധതിക്ക് ഞങ്ങൾ രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിച്ചു എന്ന് ഇവിടെ പലപ്പോഴും വീമ്പിളക്കാറുണ്ട്. എത്ര വീട് ഈ ഗവൺമെന്റ് വന്നതിനുശേഷം നിർമ്മിച്ചു? വീടു ലഭിച്ചവർ, യോഗ്യരായ ആളുകൾ, ഗുണഭോക്താക്കൾ, നിലവിലുണ്ടായിരുന്ന വീട് പൊളിച്ച് പുതിയ നിർമ്മാണപ്രവർത്തനത്തിലേർപ്പെട്ടിട്ട് വർഷങ്ങളായി പൂർത്തിയാക്കാൻ കഴിയുന്നില്ല. സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം കൊടുക്കുന്നില്ല എന്നതല്ലേ സത്യം. ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ വിഹിതം അവരേൽപ്പിച്ചു, സംസ്ഥാന ഗവണമെന്റ് അവരുടെ വിഹിതം കൊടുക്കുന്നില്ല എന്നിട്ടുപറയുന്നു നിങ്ങൾ വായ്പയെടുക്കൂ എന്ന്. എവിടെനിന്ന് വായ്പയെടുക്കാൻ കഴിയും? സഹകരണ ബാങ്കിൽനിന്ന് വായ്പയെടുക്കണമെങ്കിൽ അവർക്ക് നൽകേണ്ട പലിശ 10.5 ശതമാനമാണ്, സഹകരണ ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുക്കുന്നത് 11.5 ശതമാനത്തിന്, അവർ കൊടുക്കുന്നത് 14.5 ശതമാനത്തിന്. ആ പലിശ കൊടുക്കാതിരിക്കാൻ അവർക്കെങ്ങനെ സാധിക്കും? അവരോട് പറയുകയാണ് 10.5

ശതമാനത്തിന് വായ്പയെടുക്കാൻ. ഒരു ഗ്രാമപഞ്ചായത്തും ഈ സംസ്ഥാനത്ത് ഭവനനിർമ്മാണത്തിന് ഈ രൂപത്തിൽ വായ്പയെടുത്തിട്ടില്ല എന്നാണ് എല്ലായിടത്തുനിന്നും ലഭിക്കുന്ന വാർത്തകൾ. ഗവൺമെന്റിന്റെ ഐ.എ.വൈ. പദ്ധതിയായാലും മറ്റ് ഭവനനിർമ്മാണ പദ്ധതിയാണെങ്കിലും എല്ലാം ഇന്ന് മേശയ്ക്കകത്ത് മരിച്ചിരിക്കാനുള്ള യോഗം മാത്രമാണ്. ഇ. എം.എസ്. പാർപ്പിട പദ്ധതി, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലോകത്ത് ഏറ്റവും വലിയ ഒരു മൂവ്മെന്റ് ആയി വളർച്ചെയെടുത്തു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇ.എം.എസ്. എന്നുപറഞ്ഞില്ലെങ്കിൽ പറയേണ്ട, ഒരു പാർപ്പിട പദ്ധതി നിങ്ങൾക്ക് ഉണ്ടോ? ഏതു പദ്ധതിയാണുള്ളത്? കഴിഞ്ഞ പത്ത് നാൽപത് വർഷത്തിനുള്ളിൽ ഇവിടെ കാർഷികപരിഷ്കാരം വന്നതിനുശേഷമുള്ള കാലയളവിൽ 5 സെന്റും 10 സെന്റും 3 സെന്റും കിട്ടിയവരുടെ കുടുംബങ്ങളിൽ എത്രയോ കുടുംബങ്ങൾ ഇന്ന് ഒന്നിച്ചുപാർക്കുകയാണ്. അവരെയൊന്ന് മാറ്റിപാർപ്പിക്കാൻ കഴിയുന്നില്ല. രണ്ടുസെന്റ് ഭൂമി വാങ്ങാൻ ഇന്ന് പ്രയാസമാണ്. ഒരു വീടു വയ്ക്കുക എന്നുപറയുന്നത് അതിനെക്കാൾ വലിയ പ്രയാസമായി മാറുകയാണ്. അത്തരം കാര്യങ്ങളിൽ വ്യാപകമായ നടപടി സ്വീകരിക്കാൻ, പ്രാവർത്തികമായ നടപടി ആവിഷ്ക്കരിക്കാൻ ഈ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല എന്നതാണ് സത്യം. ഞാനതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. നിങ്ങൾ പ്രഖ്യാപിച്ച പദ്ധതികൾ തന്നെ ഇവിടെ തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. കേരളം ഏറ്റവും വലിയ സെൻസിറ്റീവ് പ്രദേശമാണെന്ന് കേന്ദ്ര ഗവൺമെന്റ് വിവിധ പഠനത്തിലൂടെ അറിയിച്ചതാണ്. 2012-ൽ നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത അവരറിയിച്ചു. കടൽക്ഷോഭം, പ്രകൃതി ദുരന്തങ്ങൾ അങ്ങനെ എണ്ണിയാലൊടുങ്ങാത്ത ദുരന്തങ്ങൾ നമ്മളെ വേട്ടയാടിക്കൊ

ണ്ടിരിക്കുകയാണ്. കടൽക്ഷോഭത്തിന്റെ കാര്യം ഇവിടെ അടിയന്തരപ്രമേയമായി വരികയുണ്ടായി. കേരളത്തിന്റെ തീരം കടൽക്ഷോഭത്താൽ ആടിയുലയുകയാണ്. നൂറ് കണക്കിന് വീടുകൾ, ആയിരക്കണക്കിന് തെങ്ങുകൾ, ഭൂമി, ഇവ നഷ്ടപ്പെടുന്നു. നമുക്ക് ഇത്തരം ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ആളുകളെ മാറ്റിപാർപ്പിക്കാൻ ആവശ്യമായ സ്ഥിരം സംവിധാനത്തെക്കുറിച്ച് എത്രകാലങ്ങളായി ആലോചിക്കുന്നു. ഡിസാസ്റ്റർ മാനേജ്മെന്റ് ഫലപ്രദമായി പ്രവർത്തിക്കുന്നുവെങ്കിൽ, അവരുടെ ഫണ്ട് വേണ്ടരൂപത്തിൽ ഉപയോഗിക്കുന്നുവെങ്കിൽ ഇത്തരം സംഭവങ്ങൾ വരുമ്പോൾ ചെലവഴിക്കുന്നതിനുപകരം, സ്ഥായിയായി അതിനെ നേരിടാൻ ആവശ്യമായ സംവിധാനങ്ങളൊരുക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല? ഞങ്ങളുടെ പ്രദേശത്ത് കടൽതീരത്ത് വീടു മാറി പാർക്കേണ്ടവർ പള്ളിയുടേയും അമ്പലങ്ങളുടേയും കെട്ടിടങ്ങളിൽ പോയി പാർക്കേണ്ടിവരികയാണ്. അവരുടെ പ്രയാസങ്ങളെല്ലാം ഞാൻ നേരിട്ട് കണ്ടതാണ്. അത്തരം സന്ദർഭങ്ങളിൽ സ്ഥിരം സംവിധാനം എന്തുകൊണ്ട് നമുക്ക് ഉണ്ടാക്കിക്കൂടാ? കടൽക്ഷോഭം കൊണ്ടുമാത്രമല്ല, വേനൽമഴക്കാലത്തും ദുരിതമായിരുന്നു. കൃഷിനാശം വ്യാപകമായി സംഭവിച്ചു, 31 പേർ മരിച്ചു. അത്തരം ദുരിതങ്ങൾ പേറുന്ന ആൾക്കാർക്ക് ആശ്വാസമെത്തിക്കുവാൻ ഈ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു എന്നാണ് എനിക്ക് അറിയേണ്ടത്. നടപടി സ്വീകരിക്കുവാൻ കഴിയുന്നില്ല എന്നുമാത്രമല്ല, ഒന്നോടിയെത്തി അവരുടെ കണ്ണീരൊപ്പുവാൻ പോലും കഴിയുന്നില്ല എന്നുള്ളതാണ് സത്യം. എല്ലാ അർത്ഥത്തിലും ഈ ഗവൺമെന്റ് ഒരു പരാജയമാണ്, അതുകൊണ്ട് ഈ ഡിമാന്റിനെ ഞാനെതിർക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഏതൊരു മനുഷ്യന്റെയും ഏറ്റവും വലിയ ഒരാഗ്രഹമാണ് ഒരു തുണ്ട് ഭൂമിയും ഒരു കൂരയും. ഒരു തുണ്ട് ഭൂമിയില്ലാത്ത ആളുകൾക്ക് മുഴുവനും ഭൂമി നൽകാനുള്ള ധീരമായ നടപടിയെടുത്ത് മുൻപോട്ടുപോയ റവന്യൂ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. പൂർണ്ണമായും പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലായെങ്കിൽപ്പോലും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെങ്കിലും ഭൂരഹിതരില്ലാത്ത ജില്ല എന്ന പ്രഖ്യാപനം നടത്തുവാൻ കഴിഞ്ഞു എന്നകാര്യം വളരെ അഭിമാനകരമാണ്. മറ്റു ജില്ലകളിലേക്കുകൂടി അങ്ങ് കാണിച്ച ആ പ്രവർത്തനത്തിന്റെ ആവേശം നടപ്പിലാക്കി കേരളത്തിലെ മുഴുവൻ ആളുകൾക്കും ഒരു തുണ്ട് ഭൂമിയുടെയെങ്കിലും ഉടമകളാക്കി തീർക്കാനുള്ള ഗവൺമെന്റിന്റെ വലിയ പരിശ്രമമായി മാറ്റാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. 12 താലൂക്കുകളാണ് ഒറ്റയടിക്ക് അങ്ങ് പ്രഖ്യാപിച്ച് നടപ്പിലാക്കിയെന്നത് ചെറിയകാര്യമല്ല. താലൂക്ക് വന്നാൽ താലൂക്ക് ഉയർന്നതാണോ എന്നുചോദിക്കും. പക്ഷേ വികസനത്തിനുവേണ്ടി കാത്തുനിൽക്കുന്ന ഒരുപാട് അവികസിത പ്രദേശങ്ങൾക്ക്, ഒരു താലൂക്ക് വരുന്നതോടുകൂടി അവിടത്തെ സാധാരണക്കാരായ ജനങ്ങൾക്ക്, അധികാര സ്ഥാനങ്ങളിലെത്തുവാനുള്ള സൗകര്യമായിത്തീരുകയാണ്. സാമ്പത്തികമായ ധാരാളം പരാധീനതകളും പരിമിതികളും ഉണ്ടെങ്കിലും ഒരുപാട് സ്ഥലത്ത്, ഉദാഹരണമായി പട്ടാമ്പി അടക്കമുള്ള പലസ്ഥലങ്ങളിലും കൊണ്ടോട്ടി, കാസർഗോഡ് അടക്കമുള്ള ജില്ലകളിൽ ഇങ്ങനെയുള്ള 12 താലൂക്ക് കൊണ്ടുവരുവാൻ കഴിഞ്ഞു എന്നത് ഈ ഗവൺമെന്റിന്റെ ഈ രംഗത്തുള്ള അധികാര വികേന്ദ്രീകരണത്തേയും ഇച്ഛാശക്തിയേയുമാണ് കാണിക്കുന്നത്. വില്ലേജ് ഓഫീസുമുതൽ സെക്രട്ടേറിയറ്റ് വരെയുള്ള അടിസ്ഥാനസൗകര്യങ്ങൾ

വർദ്ധിക്കുന്നു. വില്ലേജ് ഓഫീസ് എന്നുപറയുമ്പോൾ സാധാരണക്കാരന്റെ സെക്രട്ടേറിയറ്റാണ്. അവിടെ മുൻപ് വളരെ പ്രയാസങ്ങളായിരുന്നു. ഇടക്കാലത്ത് കുറെ നല്ല വില്ലേജാഫീസുകളുണ്ടായിട്ടുണ്ട്. എത്ര വില്ലേജാഫീസുകൾ വലുതായിട്ടുണ്ടെങ്കിലും രണ്ട് മുറികളാണ് ആവറേജ് വില്ലേജാഫീസിന്.

ഇപ്പോൾ ഇവിടെ അങ്ങുതന്നെ വിവിധങ്ങളായ സർട്ടിഫിക്കറ്റുകൾ കൊടുക്കാനുള്ള 23 ഇനത്തോളം ജനസേവന പരിപാടികൾ ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. ഇത്രയും ആളുകൾ വില്ലേജ് ഓഫീസിൽച്ചെന്നാലൊന്നും നിന്നുതിരിയാനുള്ള ഇടമില്ല. അപ്പോൾ അതുകൊണ്ട് വില്ലേജ് ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിനായി അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുകയെന്നുള്ളത് ഗ്രാമീണ ജനതയോട് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയൊരു സേവനമായിരിക്കുമെന്ന് ഞാൻ കരുതുകയാണ്. വില്ലേജ് ഓഫീസുകളെ കമ്പ്യൂട്ടർവൽക്കരിച്ചുകൊണ്ട് പൂർണ്ണമായ അർത്ഥത്തിൽ ജില്ലാ കളക്ടറേറ്റുമായി ബന്ധപ്പെടാനുള്ള സൗകര്യങ്ങളുണ്ടാകണം. ഇപ്പോൾ വീഡിയോ കോൺഫറൻസിംഗ് തലസ്ഥാനത്തുനിന്ന് കളക്ടറേറ്റുവരെ സാദ്ധ്യമാകുന്നുണ്ട്. കളക്ടർക്ക് ജില്ലയിലുള്ള മൊത്തം വില്ലേജ് ഓഫീസുകളുമായി വീഡിയോ കോൺഫറൻസിംഗ് നടത്തി കാര്യങ്ങൾ പറയുവാനും മനസ്സിലാക്കുവാനും മെസ്സേജ് കൊടുക്കുവാനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കാൻ അങ്ങ് പരിശ്രമിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുകയുണ്ടായി. ജനകീയ ഭരണകൂടങ്ങളായതുകൊണ്ടായിരിക്കാം, പഞ്ചായത്ത് പ്രസിഡന്റുമാർക്കൊക്കെത്തന്നെ ഏറെക്കുറെ വാഹനങ്ങളും മറ്റ് സൗകര്യങ്ങളുമുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അതുപോ

ലെതന്നെ ഭരണഘടനാപരമായ പ്രൊട്ടക്ഷനുള്ളതുകൊണ്ട് അവർക്ക് ധാരാളം സൗകര്യങ്ങൾ നമ്മൾ ചെയ്തുകൊടുത്തിട്ടുണ്ട്. നമ്മളും അതിനുമുമ്പെ ജനകീയാസൂത്രണത്തിന്റെ ഭാഗമായിരുന്നു. അതുപോലെതന്നെ വില്ലേജ് ഓഫീസുകളും ശക്തിപ്പെടേണ്ടതായിട്ടുണ്ട്. ഏത് മലയിലായിരുന്നാലും അവിടെ ഓടിയെത്തേണ്ടത് വില്ലേജ് ഓഫീസർമാരാണ്. റവന്യൂ വകുപ്പിനെ സംബന്ധിച്ച് ധാരാളം പോരായ്മകളും കുറവുകളുമുണ്ടെങ്കിലും താഴെക്കിടയിലുള്ള വില്ലേജ് ഓഫീസർമാർക്കും അതുപോലുള്ള ഉദ്യോഗസ്ഥന്മാർക്കും മലഞ്ചെരിവുപോലുള്ള പ്രദേശത്ത് പെട്ടെന്ന് ഓടിയെത്തണമെങ്കിൽ വാഹന സൗകര്യം കൂടിയേതീരൂ. അതുകൊണ്ട് കഴിയുമെങ്കിൽ അധികം താമസിയാതെ വില്ലേജ് ഓഫീസുകൾക്ക് വാഹനം നൽകാനുള്ള സൗകര്യമുണ്ടാക്കണം. കളക്ടറേറ്റുകളുടെ സ്ഥിതി അതിലേറെ ദയനീയമാണ്. നമ്മുടെ സെക്രട്ടേറിയറ്റും അതുപോലെതന്നെ നിയമസഭയുടെയും അങ്കണങ്ങൾ എത്ര മനോഹരമാണ്. ചിരിക്കുന്ന പൂക്കളും, ജലധാരയുമൊക്കെത്തന്നെ ഇവിടെ വരുന്ന ആളുകൾക്ക് നമ്മുടെ രാജ്യത്തോടും സംവിധാനത്തോടുതന്നെയും ഒരു മതിപ്പുണ്ടാക്കും. പക്ഷെ, കളക്ടറേറ്റിലേക്ക് പോയാൽ സ്ഥിതി വളരെ ദയനീയമാണ്. കളക്ടർക്കുതന്നെ അങ്ങോട്ടു കടക്കാൻ കഴിയാത്ത അത്ര മാത്രം മണൽനിറച്ച വണ്ടികളുടെ ഒരു കൂനയാണ് കാണാൻ കഴിയുന്നത്. അവിടെ അങ്കണവുമില്ല, അങ്കണതൈമാവുമില്ല. കളക്ടറേറ്റുകളിലേക്ക് ഭീതി കൂടാതെ കടക്കാൻ കഴിയുകയില്ല, ഒരു ആക്രികടയിലേക്ക് പോകുന്നതുപോലെയാണ് തോന്നുന്നത്. ഈ ഗവൺമെന്റിന്റെയോ മുൻഗവൺമെന്റിന്റെയോ ഒന്നും കുറ്റമല്ല, പക്ഷെ മന്ത്രിമാർ വന്നാലും അവിടേക്കു കടന്നുചെല്ലാൻ സാധിക്കാത്ത സ്ഥിതിയാണ്. അതുപോലെതന്നെ ഡി.ഡി.സി.ക്ക് എം.എൽ.എ.മാർ പോയാൽ വാഹനം നിർത്തിയിടാനുള്ള സൗകര്യമില്ല. കളക്ടർക്കു

തന്നെ പതുക്കെയൊന്ന് കടക്കാൻ പറ്റുന്നവിധത്തിലാണ് അവിടത്തെ ചുറ്റുപാട്. മലപ്പുറം കളക്ടറേറ്റിന്റെ സ്ഥിതിയാണ് പറയുന്നത്. വിശാലമായ അങ്കണമാണെങ്കിൽപ്പോലും ഒന്നോ രണ്ടോ ഏക്കർ സ്ഥലമുണ്ടെങ്കിൽപ്പോലും അവിടെയൊക്കെത്തന്നെ വാഹനങ്ങൾ നിറഞ്ഞിരിക്കുകയാണ്. അവിടെ മാത്രമല്ല കടന്നുപോകുന്നിടത്തൊക്കെത്തന്നെ വാഹനങ്ങളാണ്. ആക്രികടകളിൽപ്പോലെ നിറയെ വാഹനങ്ങൾ കാണുന്നുണ്ടെങ്കിൽ ഒന്നുറപ്പിക്കാം ഒന്നുകിൽ ഇവിടെ കളക്ടറേറ്റുണ്ട് അല്ലെങ്കിൽ പോലീസ് സ്റ്റേഷനുണ്ട് അല്ലെങ്കിൽ താലൂക്ക് ഓഫീസുകളുണ്ട്. ഇപ്പോൾ നിലവിലുള്ള നിയമം കേരളാ എസ്റ്റേറ്റ് ആന്റ് ഫോർഫീച്ചേഴ്സ് ആക്ട് 1964 അടിയന്തരമായി ഭേദഗതി ചെയ്യണം. പിടിക്കുന്ന വണ്ടികൾ പെട്ടെന്ന് ഡിസ്പോസ് ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകണം. ഹൈക്കോടതിയുടെയൊക്കെതന്നെ ഇടപെടലുകൾ ഉണ്ടെങ്കിലും കുറ്റമറ്റ രീതിയിൽ ഒന്നുകിൽ വലിയ തുക ഫൈൻ ഈടാക്കി വരുമ്പോൾത്തന്നെ വണ്ടി വിട്ടുകൊടുക്കാനുള്ള സൗകര്യങ്ങളുണ്ടാക്കണം, അതില്ലാത്ത വണ്ടികൾ എന്തുവിലകൊടുത്തും തൂക്കിവിൽക്കണം. അതല്ലാതെ രാജ്യത്തിനുതന്നെ അപമാനമായി ഒരു കളക്ടറേറ്റിലേക്ക് കടന്നുചെല്ലുമ്പോൾ ഒരു ആക്രികടയിലേക്ക് പോകുന്നതുപോലെയായാൽ ആർക്കെങ്കിലും അതംഗീകരിക്കാൻ കഴിയുമോ? അതുകൊണ്ട് അത് മാറ്റിയെടുക്കാൻ അങ്ങ് പ്രത്യേകമായി ശ്രദ്ധിക്കണം. ഇതെല്ലാം മണലുമായി ബന്ധപ്പെട്ട പ്രശ്നമാണ്. മണൽ എന്നുപറഞ്ഞാൽ വെറുമൊരു തൊഴിൽ പ്രശ്നം മാത്രമാണോ? മണൽ ഒരു തൊഴിൽ പ്രശ്നമായിമാത്രം കാണാതെ ജനങ്ങൾക്കാവശ്യത്തിന് മണൽ ലഭിക്കണം. പക്ഷെ നമ്മുടെ ആവാസവ്യവസ്ഥയെയും നദികളെയുമൊക്കെ നമ്മൾ സംരക്ഷിക്കുകയും വേണം. നമുക്ക് അന്യസംസ്ഥാനങ്ങളായ

പഞ്ചാബ്, ആന്ധ്രാ പ്രദേശ് എന്നിവിടങ്ങളിൽനിന്ന് അരിയും കർണ്ണാടക യിലും മറ്റ് സംസ്ഥാനങ്ങളിലും നിന്ന് പച്ചക്കറികളും വിദേശ രാജ്യങ്ങ ളിൽനിന്ന് പെട്രോളും വരുന്നുണ്ട്. ഇങ്ങനെ വിദേശരാജ്യങ്ങളിൽനിന്ന് നമ്മുടെ ആവശ്യത്തിനനുസരിച്ച് സാധനങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ എന്തുകൊണ്ട് നമ്മുടെ ആവശ്യത്തിന് മണൽ മറ്റ് രാജ്യങ്ങളിൽനിന്ന് ഇറക്കുമ തി ചെയ്യുന്നതിനെക്കുറിച്ച് ആലോചിച്ചുകൂടാ? നിയമസഭയുടെ ഒരു ടീം മറ്റ് സംസ്ഥാനങ്ങളിൽ വിസിറ്റ് ചെയ്തുകൊണ്ട് മണൽ ലഭ്യമാക്കാൻ കഴിയുമെ ങ്കിൽ പ്രൈവറ്റ് മേഖലയിലോ ഗവൺമെന്റ് മേഖലയിലോ കൊണ്ടുവരാൻ കഴിഞ്ഞാൽ ഇവിടത്തെ മണൽ പ്രശ്നം പരിഹരിക്കാൻ കഴിയുമോ എന്നു ള്ളത് പരിശോധിക്കുകയാണെങ്കിൽ നമ്മുടെ മണൽ പ്രശ്നവും കളക്ടറേറ്റുക ളെയും അതുപോലെതന്നെ മറ്റ് പ്രദേശങ്ങളെയും നമ്മുടെ പുഴകളെയു മൊക്കെ നമുക്ക് സംരക്ഷിക്കാൻ സാധിക്കും. അതുകൊണ്ട് അതൊന്ന് ഗൗരവമായി ആലോചിക്കണമെന്ന് ഞാൻ പറയുകയാണ്. അതുപോലെ തന്നെ മറ്റൊരു വിഷയമാണ് റീസർവ്വേ നടപടി. ഒരു ഓഫീസിലോ പോലീസ് സ്റ്റേഷനിലോ താലൂക്ക് ഓഫീസിലോ ഗവൺമെന്റ് ഹൈസ്കൂളിലോ പോയി എത്ര സ്ഥലമുണ്ടെന്ന് അന്വേഷിച്ചാൽ അതിനുള്ള കൃത്യമായ രേഖ ബന്ധപ്പെട്ടവരുടെ കൈവശമില്ല. അതുകൊണ്ട് യഥേഷ്ടം ഭൂമികൈയേറ്റ ങ്ങൾ നടക്കുകയാണ്. ഈ അത്യന്താധുനിക സൗകര്യങ്ങളുണ്ടാകുമ്പോൾ ഹൈബ്രിഡ് സാങ്കേതികവിദ്യയും ഏരിയൽ ഫോട്ടോഗ്രാഫിയുമൊക്കെയുള്ള സൗകര്യമുണ്ടാകുമ്പോൾ അതൊക്കെ നമ്മൾ ഉപയോഗപ്പെടുത്തണ്ടേ? അങ്ങുതന്നെ മുൻകൈയെടുത്തുകൊണ്ട് അങ്ങയുടെ നിലയിലുള്ള സബ്ജക്ട് കമ്മിറ്റി വിവിധ സംസ്ഥാനങ്ങൾ സന്ദർശിക്കുകയുണ്ടായി, വളരെ സന്തോഷകരംതന്നെയാണ്. അങ്ങയുടെ റിപ്പോർട്ട് ഞാൻ വായിക്കുകയു

ണ്ടായി. ആ റിപ്പോർട്ടിനകത്ത് ആശാവഹമായ കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. അങ്ങ് ആന്ധ്രാപ്രദേശിലും കർണ്ണാടകയിലും മറ്റ് സംസ്ഥാനങ്ങളിലുമൊക്കെ പോയപ്പോൾ അവർ നമ്മേക്കാൾ ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ടെന്ന് ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്. അങ്ങനെയുള്ള സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നമുക്ക് റീ-സർവ്വേ നടത്തി കൃത്യമായി ഗവൺമെന്റ് ഭൂമി എത്രയുണ്ടെന്ന് കണക്കാക്കണ്ടേ? അതല്ലാതെ മുമ്പ് ഒരിടത്ത് ഗവൺമെന്റ് ഭൂമിയാണ് എന്ന് തിരിച്ചറിയുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കൊടി നാട്ടുകയുണ്ടായി. അതാണോ ഗവൺമെന്റ് ഭൂമി തിരിച്ചറിയാനുള്ള നടപടികൾ? റവന്യൂവകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ചുവടുപിടിച്ചുകൊണ്ട് മറ്റൊരു സ്ഥലത്തുപോയി കൊടി നാട്ടുകയുണ്ടായി. ഗവൺമെന്റ് ഭൂമിയാണിത് എന്നൊരു ബോർഡ് വയ്ക്കുന്നതിനുപകരമായി നമുക്ക് വ്യക്തമായ രേഖയുടെയും ഫോട്ടോഗ്രാഫിയുടെയുമൊക്കെത്തന്നെ അടിസ്ഥാനത്തിൽ വ്യക്തമായി മനസ്സിലാക്കുന്ന വിധത്തിൽ റീ-സർവ്വേ ശക്തിപ്പെടുത്തി മുന്നോട്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ലാന്റ് അക്വിസിഷൻ. ലാന്റ് അക്വിസിഷന്റെ പേരുംപറഞ്ഞ് നിരവധി വികസന പ്രവർത്തനങ്ങൾ മുടങ്ങികിടക്കുകയാണ്. പുതിയ ലാന്റ് അക്വിസിഷൻ നടപടിയിൽ കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഭേദഗതിവന്നതോടുകൂടി നിലവിലുള്ള എല്ലാ പ്രവർത്തനങ്ങളും സ്തംഭിച്ചിരിക്കുകയാണ്. പൊതുവേ അബല, പോരെങ്കിൽ ഗർഭിണിയെന്നുപറയുന്നതുപോലെ നമ്മുടെ ലാന്റ് അക്വിസിഷനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും വർഷങ്ങളെടുത്ത് വളരെ മന്ദഗതിയിലാണ് നടക്കുന്നത്. നമ്മൾ എ.എസ്. കൊടുത്ത് പണം നീക്കിവച്ച വികസനപ്രവർത്തനങ്ങൾക്ക് 2 സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതെങ്കിലും

വർഷങ്ങളോളം നീണ്ടുപോകുകയാണ്. ഒരു ടൗണിന്റെ കേന്ദ്രമൊന്ന് വികസിപ്പിക്കണമെങ്കിൽ അക്വിസിഷൻ നടപടികൾക്ക് പണം നീക്കിവച്ചാലുമിന്ന് ബുദ്ധിമുട്ടി മുന്നോട്ടുപോകുകയാണ്. ലാന്റ് അക്വിസിഷൻ നടപടിയിൽ ഇപ്പോൾ സെൻട്രൽ ഗവൺമെന്റിന്റെ പുതിയ ആക്ട് വന്നതിനുശേഷം വരേണ്ട റൂൾസ് ഇതുവരെ ഫ്രെയിം ചെയ്തിട്ടില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അടിയന്തരമായി നമ്മുടെ ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചുകൊണ്ട് കാലവിളംബമില്ലാത്തതരത്തിൽ പത്തോ പതിനഞ്ചോ ദിവസംകൊണ്ട് അതിനാവശ്യമായിട്ടുള്ള റൂൾസ് ഫ്രെയിം ചെയ്ത് ലൂപ്ഹോൾസ് ഉണ്ടാക്കികൊണ്ട് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെയാണ് നമ്മുടെ റിവർ മാനേജ്മെന്റ് ഫണ്ടിനെ സംബന്ധിച്ച് പറയാനുള്ളത്. റിവർ മാനേജ്മെന്റ് ഫണ്ട് ഇങ്ങനെയുള്ള മണൽനിറച്ച വണ്ടികളിൽനിന്നുമൊക്കെ പിഴയായി പിടിച്ചെടുക്കുന്ന പണം, അവിടെയുള്ള നദികൾ സംരക്ഷിക്കുന്നതിനാണ് ഇന്ന് ഉപയോഗിക്കുന്നത്. പക്ഷെ നദിയുടെ കരയിൽ താമസിക്കുന്ന കുടിവെള്ളം കിട്ടാതെ പ്രയാസപ്പെടുന്ന ആളുകൾക്ക് കുടിവെള്ളമെത്തിക്കുന്നതിനുള്ള സംവിധാനത്തിനുകൂടി റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ താലൂക്ക് സഭകളെ സംബന്ധിച്ചുപറയുമ്പോൾ ഡി.ഡി.സി. മീറ്റിംഗുകൾ പലപ്പോഴും ഒരു ചടങ്ങായിമാത്രം മാറുന്നുണ്ടോയെന്ന് സംശയിക്കുകയാണ്? എടുത്ത തീരുമാനങ്ങൾ വായിച്ചുപോരുമെന്നല്ലാതെ അത് നിർബന്ധമായും ഫോളോഅപ് ചെയ്യുന്നുണ്ടോയെന്നുള്ളത് അന്വേഷിക്കണം. ഉദ്യോഗസ്ഥന്മാർ മറ്റ് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ചുകൊണ്ട് ഡി.ഡി.സി. മീറ്റിംഗുകൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടിയുണ്ടാക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. താലൂക്ക് സഭയെന്നുപറഞ്ഞാൽ

ഇപ്പോൾ പേരിനൊരു സഭ നടക്കുന്നുണ്ട് എന്നേയുള്ളൂ. ഇപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ എനിക്ക് മൂന്ന് താലൂക്ക് സഭകളിൽ പോകണം. അതിലേയ്ക്ക് പോകണമെങ്കിൽ മന്ത്രിമാർ ഡി.ഡി.സി.യിലേക്ക് പോകുന്നതു പോലെ എം.എൽ.എ.യ്ക്കും ഓരോന്നിലും അറ്റന്റ് ചെയ്യണമെങ്കിൽ ഒരു പ്രതിനിധിയെ അയയ്ക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാക്കിത്തീർക്കണെമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ എന്റെ സംസാരം ദീർഘിപ്പിക്കാനുദ്ദേശിക്കുന്നില്ല. ഇന്നുരാവിലെ ശ്രീ. മുല്ലക്കര രത്നാകരൻ ഇൻഡ്യയിലെ കഴിഞ്ഞ പാർലമെന്റ് തെരെഞ്ഞെടുപ്പിനെ സംബന്ധിച്ച് വിശകലനം ചെയ്ത് നടത്തിയ പ്രസംഗം കണ്ണുതുറപ്പിക്കുന്നതാണ്. അത് എന്നെ അങ്ങേയറ്റം ആകർഷിക്കുകയുണ്ടായി. വസ്തുതാപരമായി ഇടതുപക്ഷ മുന്നണിക്കുണ്ടായ പരാജയത്തെ സംബന്ധിച്ച് മതേതര ശക്തികൾക്കുണ്ടായ പരാജയത്തെ സംബന്ധിച്ച് ഒരു പുനർചിന്തനത്തിനും മാറ്റി ചിന്തിക്കുന്നതിനും ഒരു ശരിയായ ദിശയിലേയ്ക്കുള്ള ഒരു അവതരണം അദ്ദേഹം നടത്തുകയുണ്ടായി.

പക്ഷെ അങ്ങനെയാണോ നമ്മുടെ സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മുഴുവൻ അങ്ങനെയാണോ പൊയ്ക്കൊണ്ടിരിക്കുന്നത്. തെരഞ്ഞെടുപ്പുകളിൽ പരാജയമുണ്ടാകുമെന്നത് സ്വാഭാവികമാണ്. പരാജയപ്പെടാത്ത പാർട്ടികളും നേതാക്കന്മാരും കുറവായിരിക്കും. പക്ഷെ പരാജയപ്പെട്ടാൽ ആ പരാജയം തിരുത്തി നമ്മൾ മുന്നോട്ടുപോകണ്ടെ. ഇടതുപക്ഷം പരാജയപ്പെടുന്നതിൽ വേദനിക്കുന്ന ആളാണ് ഞാൻ. കാരണം, നിങ്ങൾ രണ്ടാം സ്ഥാനത്തെങ്കിലും നില്ക്കണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ്. പല മണ്ഡലങ്ങളിലും നിങ്ങൾ 5–ാം സ്ഥാനത്തേയ്ക്ക് പോയത് ഒരു

ജനാധിപത്യ മതേതര ചിന്തയുള്ള ആളെന്ന നിലയ്ക്ക്, പ്രത്യേകിച്ച് ന്യൂനപക്ഷങ്ങളോടൊപ്പം നിൽക്കുന്ന പാർട്ടികളെന്ന നിലയ്ക്ക് അവിടെ വർഗ്ഗീയവാദികളായിട്ടുള്ള ശക്തികൾ രണ്ടാം സ്ഥാനത്തേയ്ക്ക് വരുന്നത് ഇവിടത്തെ ജനാധിപത്യ ശക്തികളെയൊക്കെതന്നെ അലോസരപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് ഇടതുപക്ഷം ശരിയായ ദിശയിലേക്ക് വരണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. മുമ്പ് ലാ കോളേജിലെ കുട്ടികളൊക്കെ പഠിച്ചിട്ടുള്ളത് A.K.G Vs State of Kerala (State of Madras). 1957-ൽ എ.കെ.ജി. പൗരാവകാശത്തിനുവേണ്ടി ജയിലിൽ കിടന്ന് പോരാട്ടം നടത്തി സ്വന്തമായി കേസ് വാദിക്കുകയും ആ കേസ് ജയിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഭരണഘടന പഠിക്കുന്ന ആളുകൾ ആദ്യം പഠിക്കുന്നത് എ.കെ.ജി.യെക്കുറിച്ചാണ്. അതുപോലെ തെരഞ്ഞെടുപ്പുകഴിഞ്ഞാൽ ഇ.എം.എസ്-ന്റെ ലേഖനങ്ങളുണ്ടായിരുന്നു. എം.വി.ആർ. മറുഭാഗത്ത് പോയപ്പോൾ അദ്ദേഹമെഴുതിയ ഒറ്റയാൻ കമ്മ്യൂണിസ്റ്റ് എന്ന ലേഖനം എത്ര മനേഹരമായ വിമർശനമായിരുന്നു. ഒരു ബന്ദ് കഴിഞ്ഞാൽ ബന്ദും ബന്ദിനുശഷവും അദ്ദേഹം വിശകലനം ചെയ്യും. ഒരു പ്രതിപക്ഷ ബഹുമാനമതിനകത്തുണ്ടാകും, ഒരു വിശകലനവും താത്വികമായ കാര്യവുമുണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയാണോ. പരനാറി എന്നതാണോ നല്ല വാക്ക് അതോ ചെറ്റ എന്നതാണോ നല്ലവാക്ക് എന്നാണോ ഇപ്പോഴുള്ള കുട്ടികൾ പഠിക്കേണ്ടത്. ആ വിഭാഗത്തിൽപ്പെട്ട ആളുകളിൽനിന്ന് ഇങ്ങനെയുള്ള വാക്കുകൾ വരുമ്പോൾ നമ്മുടെ പൂർവികന്മാരെക്കുറിച്ച്, അവരുടെ പാരമ്പര്യത്തെക്കുറിച്ച് നമ്മൾ ഓർക്കേണ്ടതില്ലേ. അതുപോലെതന്നെ 1809-ലെ കുണ്ടറ വിളംബരം വളരെ പ്രസിദ്ധമാണ്. വിദേശ ആധിപത്യത്തോടുകൂടി പോരാടിയ നമ്മുടെ ധീരനായ പോരാളി വേലു

തമ്പിദളവയുടെ കുണ്ടറ വിളംബരം നമ്മുടെ രാജ്യസ്നേഹത്തെ തട്ടിയുണർത്തുന്ന പ്രഖ്യാപനമാണ്. അതിനുശേഷം ഇപ്പോൾ രണ്ടാമതൊരു കുണ്ടറ വിളംബരമുണ്ടായിട്ടുണ്ട്. ആ കുണ്ടറ വിളംബരം മൗലികമായ കാര്യത്തെ സംബന്ധിച്ച് ആദർശപരമായ കാര്യത്തെ സംബന്ധിച്ച് ശ്രീ. എം.എ. ബേബി നടത്തിയിട്ടുള്ള പ്രഖ്യാപനമാണ്. ആ പ്രഖ്യാപനത്തിൽ അദ്ദേഹത്തിന് ഉറച്ചു നിൽക്കാൻ കഴിയുമോ; ആ പ്രഖ്യാപനത്തിൽ അദ്ദേഹത്തിന് ഉറച്ചു നിൽക്കാനുള്ള രാഷ്ട്രീയ സാഹചര്യമുണ്ടോ? മുമ്പ് അരിയല്ലൂരിൽ തീവണ്ടി അപകടമുണ്ടായപ്പോൾ ലാൽബഹുദൂർ ശാസ്ത്രി രാജിവച്ച ഒരു പാരമ്പര്യം തന്നെയുണ്ട്. ആ പാരമ്പര്യത്തിലേക്ക് രാഷ്ട്രീയമായ മര്യാദകൾ, രാഷ്ട്രീയമായ ജനാധിപത്യ ബോധങ്ങൾ, സ്വന്തം അസംബ്ലി മണ്ഡലത്തിലും പാർലമെന്റ് മണ്ഡലത്തിലും ഒരുപോലെ ദയനീയമായി പരാജയപ്പെടുമ്പോൾ രാജിവയ്ക്കണമെന്നൊരാൾ പറയുകയാണെങ്കിൽ ആ രാജിക്കാവശ്യമായ സൗകര്യം ഉണ്ടാക്കികൊടുക്കുകയല്ലേ വേണ്ടത്. അങ്ങനെയുള്ള ഉദാത്തമായ ചില മാതൃകകൾ ഉണ്ടാവുകയാണെങ്കിൽ അത് നല്ലതല്ലേ. അത് നമ്മുടെ ജനാധിപത്യത്തേയും ഇടതുപക്ഷ പ്രസ്ഥാനത്തേയും ശക്തിപ്പെടുത്തില്ലെ. അതല്ല, അതും ഒരു നാടകീയമാണോ എന്ന് ഞാൻ സംശയിക്കുകയാണ്. ഒരുദിവസം വന്ന് ഒപ്പിടാതെ വോട്ടു ചെയ്യുകയെന്നുപറഞ്ഞാൽ പറഞ്ഞതിൽ ഉറച്ചുനില്ക്കുന്നില്ലായെന്നാണോ മനസ്സിലാക്കേണ്ടത്. ഒരു വ്യക്തമായ കാഴ്ചപ്പാട് ഈകാര്യത്തിൽ നമുക്കുണ്ടാകേണ്ടതല്ലെ. അതുപോലെ ബഹുമാനപ്പെട്ട ശ്രീ. എ. എ. അസീസ് ഇവിടെ സംസാരിച്ചപ്പോൾ ഇത്രമാത്രം അസഹിഷ്ണുത കാണിക്കേണ്ട ആവശ്യമുണ്ടോ. ഇതൊക്കെ സ്വാഭാവികമല്ലേ. സി.പി.ഐ.(എം) യുടെ ഭാഗത്തുള്ളവർ സന്തോഷിക്കണ്ട.

1969–ൽ നിങ്ങൾ അങ്ങനെ പോയതല്ലെ. 1967– ൽ ഇ.എം.എസ്. മന്ത്രിസഭയിൽനിന്ന് മറുഭാഗത്ത് പോയി അച്ചുതമേനോനുമായി ഒരു ഗവണ്മെന്റുണ്ടാക്കിയത് നിങ്ങൾ മറന്നുപോയോ? ആ അച്ചുതമേനോന്റെ ഗവണ്മെന്റാണ് കേരളത്തിലെ ഏറ്റവും നല്ല ഗവണ്മെന്റുകളിൽ ഒന്നായി മാറിയത്. എന്തായിരുന്നു അന്ന് സി.പി.ഐ.(എം)യുടെ അന്തസ്സ്. അച്ചുതമേനോൻ, എം. എൻ. ഗോവിന്ദൻ നായർ തുടങ്ങിയ നേതാക്കന്മാരുടെ നീണ്ട നിര, ഒരുപാട് എം. എൽ.എ.മാർ, ഒരുപാട് എം.പി.മാർ തുടങ്ങിയവരൊക്കെ നിറഞ്ഞുനിന്ന് കേരളത്തിന് ധാരാളം നല്ല നിയമനിർമ്മാണങ്ങളുണ്ടാക്കികൊടുത്തില്ലെ. അതുപോലെതന്നെ കൊല്ലം പട്ടണത്തിൽനിന്ന് മുമ്പ് ശ്രീകണ്ഠൻനായർ എന്ന അതികായകൻ ഒരുപാട് വർഷക്കാലം ജയിച്ചുവന്നിരുന്നു. അങ്ങനെയുള്ള ശ്രീകണ്ഠൻനായരുടെ പാർട്ടിക്കൊരു സീറ്റ് നിഷേധിച്ചു. എത് മനുഷ്യനായാലും പാർട്ടിയായാലും ആത്മാഭിമാനമെന്നൊന്നില്ലെ. ആത്മാഭിമാനത്തിനെ വ്രണപ്പെടുത്തുമ്പോൾ സ്വാഭാവികമായും പ്രതികരിക്കുന്നവൻ മനുഷ്യനാണ്. അവർക്ക് തുടർച്ചയായുള്ള അവഗണനയും അവജ്ഞയുമുണ്ടാകുമ്പോൾ സ്വാഭാവികമായും അവർ മറുഭാഗത്തേക്ക് പോകും. പക്ഷെ ശ്രീകണ്ഠൻ നായരുടെയും, ടി. കെ. ദിവാകരന്റെയും ബേബി ജോണിന്റെയും പാർട്ടി ഇന്ന് യു.ഡി.എഫ്.–ലേയ്ക്ക് വന്നപ്പോൾ അന്തസ്സോടുകൂടി തലയുയർത്തി നില്ക്കാൻ അവസരമുണ്ടായി എന്നുള്ളതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഇവിടെ വരുന്ന പാർട്ടികൾക്ക് അവരുടേതായ വ്യക്തിത്വവും നിലനില്പുകളുണ്ട്. അതല്ലാതെ കൂടെ നിൽക്കുന്നവരെ മുഴുവൻ ചവിട്ടിത്തേയ്ക്കുക, അവർക്ക് സംസ്ഥാന സമ്മേളനം നടത്താൻ കഴിയാതിരിക്കുക ഇങ്ങനെയൊക്കെ ചെയ്യുന്നതുകൊണ്ട് സ്വാഭാവികമായും അവർ മറുപക്ഷത്തേയ്ക്ക്

പോകും. ഇനിയെങ്കിലും കാര്യങ്ങൾ മനസ്സിലാക്കണമെന്നുപറയാനാണ് ഞാൻ ഇതിവിടെ പറഞ്ഞത്. അതുകൊണ്ട് തെരഞ്ഞെടുപ്പ് പരാജയമുണ്ടായാൽ ശരിയായ ദിശയിലേയ്ക്കും ശരിയായ മാർഗ്ഗത്തിലേയ്ക്കും പോകുവാനുള്ള അവലോകനങ്ങൾ നടത്തണം. ഇപ്പോൾ ടി.വി.യിലൊക്കെ വന്നുകൊണ്ടിരിക്കുന്നതും ഞാൻ മനസ്സിലാക്കിയതും ആർ.എസ്.പി. നമ്മുടെ ഭാഗത്തുനിന്ന് പോയത് അങ്ങേയറ്റം ഖേദകരമായിപ്പോയി എന്നാണ് സി.പി. ഐ.(എം) ന്റെ കമ്മിറ്റിയിൽ പറയുന്നതെന്നാണ്. അങ്ങനെയുള്ളൊരവലോകനം സി.പി.ഐ(എം) ന്റെ സംസ്ഥാന കമ്മിറ്റിയിൽ നടക്കുമ്പോൾ ഇവിടെ ഇങ്ങനെയൊരു ചർച്ചയിൽ പങ്കെടുക്കുന്ന മുതിർന്ന ഒരു നേതാവിനോട് ഇത്രമാത്രം അസഹിഷ്ണുത കാണിക്കുന്നത് ശരിയാണോ. അതുകൊണ്ട് നമ്മൾ യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യങ്ങളായും വസ്തുതകളെ വസ്തുതകളായും കാണണം എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിറുത്തുന്നു.

ശ്രീ. സാജു പോൾ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ കാര്യകാരണസഹിതം എതിർക്കുകയാണ്. കാരണം, ഒരുവിധത്തിലും അനുകൂലിക്കത്തക്കവിധത്തിൽ ഒരുപാട് പ്രഖ്യാപനങ്ങൾ...... ഭരണകക്ഷി അംഗങ്ങൾതന്നെ പ്രസംഗിച്ചപ്പോൾ എല്ലാവരുടെയും പ്രസംഗങ്ങളിൽ മൂന്നിലൊന്ന് ഭാഗം ഈ ഗവണ്മെന്റിനെ വിമർശിക്കുകയാണ് ചെയ്തത്. ഞങ്ങൾ വിമർശിക്കുന്നതുപോലെയല്ലായെന്നുമാത്രം. ഭരണകക്ഷി അംഗങ്ങൾതന്നെ റവന്യൂ വകുപ്പിനെയായാലും ധാകാര്യ വകുപ്പിനെയായാലും ശക്തമായി വിമർശിക്കുകയും പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഇപ്പോൾ മൂന്നുവർഷമായി. നമുക്കൊന്ന് തിരിഞ്ഞു

നോക്കാനും തെരഞ്ഞ് നോക്കാനുമുള്ള സമയമാണിപ്പോൾ. അങ്ങനെ തിരിഞ്ഞും തെരഞ്ഞും നോക്കികഴിയുമ്പോൾ നടത്തിയ പ്രഖ്യാപനങ്ങളൊക്കെ എവിടെ; എത്ര പദ്ധതികളുണ്ടാക്കി? ഇതിനുമുമ്പ് നടത്തിയ പ്രഖ്യാപനങ്ങളൊക്കെയൊന്ന് പഠിക്കാനും അതുപോലെ എന്തൊക്കെ നടന്നുവെന്ന് വിലയിരുത്താനും ഒരു കമ്മീഷനെ എല്ലാ വകുപ്പുകളിലും നിയമിച്ചാൽ തെറ്റില്ല. ഇവിടെയിപ്പോൾ നമുക്ക് വകുപ്പുമന്ത്രിമാരില്ല. എല്ലാവരും വാഗ്ദാന മന്ത്രിമാരായി മാറി. പ്രകടനപത്രികയിൽ കുറേ വാഗ്ദാനം നല്കി, ബഡ്ജറ്റ് പ്രസംഗത്തിൽ കുറെ വാഗ്ദാനങ്ങൾ നല്കി. എല്ലാ മന്ത്രിമാരും പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെയൊരു സാഹചര്യത്തിൽ ധനകാര്യ-റവന്യൂ വകുപ്പുകളുടെ ധനാഭ്യർത്ഥന ഒരുമിച്ച് വന്നത് ഏതായാലും നന്നായി. കാരണം, ഭൂമിയിൽനിന്നാണ് നമുക്ക് വരുമാനമുണ്ടാകുന്നത്. ഇപ്പോൾ യഥാർത്ഥത്തിൽ വരവും ചെലവും നിലച്ചു. ശ്രീ. തോമസ് ഉണ്ണിയാടൻ പ്രസംഗിച്ചപ്പോൾ റബ്ബറിന്റെ വിലയിടിഞ്ഞതും റബ്ബർ ഉത്പാദനം കുറഞ്ഞതും ആഗോളതാപനവും എല്ലാംപറഞ്ഞു. എന്നിട്ട് മാണി സാറിനെ എങ്ങനെയാണ് അദ്ദേഹത്തിന്റെ അരുമ ശിക്ഷ്യൻ ഒന്ന് ന്യായീകരിക്കാൻ പെടാപാടുപെട്ടതെന്ന് ശ്രീ. തോമസ് ഉണ്ണിയാടൻ പ്രസംഗിച്ചപ്പോൾ കണ്ടതാണ്. അതുപോലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഓരോ പ്രശ്നങ്ങളുമെടുത്ത് പരിശോധിച്ചാൽ ആറന്മുള മുതൽ ഇങ്ങോട്ട് കീറാമുട്ടികളായ ആ വകുപ്പിന്റെ മുമ്പിലുള്ള പ്രശ്നങ്ങളൊന്ന് നോക്കണം. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ഗൺമാന്റെ നേതൃത്വത്തിൽ നടത്തിയ ഭൂമി തട്ടിപ്പ്, ഇവിടെ പലരും പറഞ്ഞതുപോലെ ഭൂമി എല്ലാവർക്കും കൊടുക്കുന്ന ഭൂരഹിതരില്ലാത്ത കേരളം പദ്ധതി കോൺഗ്രസിന്റെ അഖിലേന്ത്യാ അദ്ധ്യക്ഷയായ യു.പി.എ. യുടെ ചെയർപേഴ്സണെ കൊണ്ടുവന്ന് ഉദ്ഘാടനം ചെയ്യിച്ചതാണ്. പക്ഷെ

തൃശ്ശൂർകാർക്ക് കാസർഗോഡും എറണാകുളത്തുകാർക്ക് ഇടുക്കിയിലുമൊക്കെയാണ് ഭൂമി കൊടുത്തിരിക്കുന്നത്. ഉള്ളതുവച്ചേ കൊടുക്കാൻ കഴിയുകയുള്ളുയെന്നാണ് ശ്രീ. ജോസഫ് വാഴക്കന്റെ ഗുരുവായ കെ.കരുണാകരൻ പറഞ്ഞിട്ടുണ്ടുള്ളത്. അത് കെ.കരുണാകരന്റെ വിഖ്യാതമായ ഒരു പ്രഖ്യാപനമാണ്. അത് സത്യമാണ്, ഉള്ളതുവച്ചേ കൊടുക്കാൻ കഴിയുകയുള്ളൂ. എന്നിട്ട് പിന്നെ ഭൂരഹിതരില്ലാത്ത കേരളമെന്ന് പറയുന്നതെങ്ങനെയാണ്. ആളുകൾ തൃശ്ശൂരും ഭൂമി കാസർഗോഡുമായാൽ ഭൂരഹിതരാകുമോ? സ്ഥലമേറ്റെടുക്കൽ വിഷയമെടുത്താൽ ശബരി റയിൽപാതയുടെ കാര്യംമാത്രം നോക്കിയാൽമതി. എറണാകുളം ജില്ലയിൽപ്പോലും അത് പൂർത്തീകരിക്കാൻ കഴിഞ്ഞില്ലല്ലോ. രണ്ട് വില്ലേജിൽ തുടങ്ങിയിടത്തുതന്നെ നില്ക്കുകയാണ്. 20 വർഷമായി ശബരി റെയിൽപാതയുടെ സ്ഥലമേറ്റെടുക്കൽ തുടങ്ങിയിട്ട്. നിങ്ങൾക്ക് 8 കേന്ദ്ര മന്ത്രിമാരും കേന്ദ്രത്തിലും കേരളത്തിലും ഭരണവുമുണ്ടായിരുന്നിട്ടും ശബരി റെയിൽപാതയുടെ കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഇനി ശ്രീ. നരേന്ദ്ര മോദി സർക്കാരിൽ നിന്നാണോ ഇത് നടത്തിയെടുക്കുന്നത്. ശ്രീ. ജോസഫ് വാഴക്കനും ശ്രീ. ടി. യു. കുരുവിളയും പ്രതിപക്ഷത്തുള്ള ശ്രീ.ജോസ് തെറ്റയിലും ഞാനുമെല്ലാമടക്കം എറണാകുളം ജില്ലയിൽ എത്ര കാലുപിടിച്ചുപറഞ്ഞു. എന്നിട്ട് ഇവിടെവന്ന് ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ നിങ്ങൾക്കല്ലാതെ സാധിക്കുമോ? പെരുമ്പാവൂർ റൗൺ ബൈപ്പാസ് റോഡിന്റേതുൾപ്പെടെയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ നടത്താനുണ്ട്. അതുപോലെ പട്ടയപ്രശ്നത്തിൽ എന്താണ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്? ഇപ്പോൾ എല്ലായിടത്തും കെട്ടിവച്ചിരിക്കുകയാണ്. സ്വന്തംപേരിൽ സ്ഥലമുള്ളവർക്കും വീടുവച്ച് താമസിക്കാത്തവർക്കും പട്ടയം

കൊടുക്കുന്നില്ല. പട്ടയം കിട്ടിയിട്ടുവേണ്ടെ അവർക്കൊരു വീടുവയ്ക്കാൻ. എന്താണ് അതിനൊരു ന്യായം പറയാനുള്ളത്. ഈ പറയുന്നത് ശരിയല്ലെങ്കിൽ നിങ്ങൾ പരിശോധിക്കണം. ഇപ്പോൾ ക്ലാസിഫിക്കേഷൻ അനുസരിച്ച് സ്റ്റാർ പദവിയുള്ളവർക്കേ ബാർ കൊടുക്കുകയുള്ളു. ബാർ ഉള്ളവർക്കേ സ്റ്റാർ പദവി കിട്ടുകയുള്ളു. നിങ്ങൾ ഈ പ്രശ്നം പരിഹരിക്കുമോ? ഇവിടെ എന്റെ സുഹൃത്ത് ശ്രീ. അൻവർ സാദത്ത് പ്രസംഗിച്ചപ്പോൾ ദുരന്ത നിവാരണത്തെക്കുറിച്ചു പറഞ്ഞു. എറണാകുളത്ത് എന്താണ് ചെയ്തത്? ഒരാളെപ്പോലും അറിയിക്കാതെ പാതിരാത്രിയിൽ ഇടമലയാർ ഡാം തുറന്നുവിട്ട് എറണാകുളം ജില്ലയെ മുഴുവൻ മുക്കികൊല്ലുന്ന പ്രവർത്തനം നടത്തിയത് നിങ്ങളല്ലേ. പെരിയാർ മുഴുവൻ നിറഞ്ഞുകവിഞ്ഞ് നെടുമ്പാശ്ശേരി വിമാനത്താവളത്തിലടക്കം വെള്ളം കയറിയ ആ സർക്കാർ നിർമ്മിത ദുരന്തം സൃഷ്ടിച്ച ആളുകളാണ് ഇവിടെ ദുരന്തനിവാരണത്തെക്കുറിച്ച് പറയുന്നത്. വേനൽ മഴയും, കാലവർഷവും, തുലാവർഷവും വരൾച്ചയുമെല്ലാം ഈ കേരളത്തെ അങ്ങേയറ്റം അമ്പരപ്പിച്ച സാഹചര്യങ്ങളുണ്ടായി. എന്നിട്ട് കേന്ദ്രത്തിൽനിന്ന് എന്തുകിട്ടി?

നമ്മുടെ സർവ്വെ ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമത പരിശോധിക്കണ്ടേ? പോക്കുവരവ് നടക്കാത്തതിന്റെ കാരണമെന്താണ്? സർവ്വെയർമാർ പോയി സർവ്വെ നടത്തി പോക്കുവരവ് ചെയ്തു കൊടുക്കണം. ഇവിടെ പറഞ്ഞില്ലേ പോക്കുവരവിന്റെ അവസ്ഥ. ആറൻമുള ഭൂമിതട്ടിപ്പ്, ഭൂരഹിതരില്ലാത്ത കേരളം, സ്ഥലം ഏറ്റെടുക്കൽ, പട്ടയം, ദുരന്തനിവാരണം, സർവ്വെ, റിവർ മാനേജ്മെന്റ് ഫണ്ട് ഇങ്ങനെ ഓരോന്നായി എടുക്കണം. എനിക്ക് ബഹുമാനപ്പെട്ട മന്ത്രി അടൂർ പ്രകാശിനോട് പറയാനുള്ളത്, അദ്ദേഹം വരുന്നത് വളരെ

പ്രശസ്തമായൊരു സ്ഥലത്തു നിന്നാണ്, അതിപ്രശസ്തരായ ആളുകൾ, അടൂർ ഭാസി, അടൂർ പങ്കജം, അടൂർ ഭവാനി, അടൂർ ഗോപാലകൃഷ്ണൻ എല്ലാവരും സിനിമയുമായി ബന്ധപ്പെട്ട ആളുകളാണ്. അവിടെ നിന്നും വരുന്ന കേരളത്തിലെ ഭരണാധികാരികളിൽ ഒരാളായ ശ്രീ. അടൂർ പ്രകാശ് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകൈയെടുക്കണം എന്ന അപേക്ഷയാണ് എനിക്കുള്ളത്. എല്ലാ അർത്ഥത്തിലും ദുരന്ത കഥാപാത്രമായി അങ്ങ് മാറാതിരിക്കാൻ,..............അടൂർ ഭാസി സിനിമയിൽ വളരെ രസകരങ്ങളായ രംഗങ്ങൾ അവതരിപ്പിച്ച് നമ്മെ കോരിത്തരിപ്പിച്ചിട്ടുള്ളതാണ്. അദ്ദേഹം ഒരിക്കൽ ഒറ്റപ്പെട്ട ഒരു പ്രദേശത്തുപോയി താമസിക്കാൻ സ്ഥലം തേടിയ കഥ തന്നെ ഓർത്താൽ മതി. അദ്ദേഹം പല വീടുകളിലും പോയി ചോദിച്ചു. എല്ലാവീട്ടുകാരും പറഞ്ഞു ഇവിടെ സ്ത്രീകളുണ്ട്, കിടക്കാൻ പറ്റില്ലെന്ന്. അവസാനം ചെന്ന വീട്ടിൽ ഇവിടെ സ്ത്രീകളുണ്ടോയെന്ന് ചോദിച്ചു. എന്തിനാണെന്ന് വീട്ടുകാർ ചോദിച്ചപ്പോൾ എനിക്കൊന്ന് കിടക്കാനാണെന്ന് പറഞ്ഞു. അങ്ങനെ അടൂർ ഭാസിക്കു പറ്റിയ അബദ്ധമൊന്നും ശ്രീ. അടൂർ പ്രകാശിനുണ്ടാകരുത്. കൂടെ നിൽക്കുന്നവരെയൊക്കെ സൂക്ഷിക്കണം എന്നു പറയുന്നതിനുവേണ്ടിയാണ് ഞാൻ ഇതു പറഞ്ഞത്. ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് പറയുമ്പോൾ ബഹുമാന്യനായ ഡോ. തോമസ് ഐസക് സർവ്വതല സ്പർശിയായി വളരെ കൃത്യമായി അതിനെ സംബന്ധിച്ച് സൂചിപ്പിച്ചു. എന്തെല്ലാം പരിഷ്ക്കാരങ്ങൾ കൊണ്ടു വന്നതാണ്, ഇ-ഫയലിംഗ്, ഇ-പേമെന്റ്, ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ്-അഴിമതിരഹിത വാളയാർ, ഇതെല്ലാം പോയില്ലേ? നികുതി യുക്തിസഹമാക്കാൻ കഴിഞ്ഞോ? പ്ലൈവുഡ്, സ്വർണ്ണം, കോഴി, തുണി, തടി തുടങ്ങിയ ഏതെങ്കിലും മേഖലയിലെ നികുതി യുക്തിസഹമാക്കാൻ നമുക്ക് കഴിഞ്ഞോ? ധനകാര്യവകുപ്പ് പണം കൊടുക്കാനില്ലാത്ത ഏതെങ്കിലും

വിഭാഗമുണ്ടോ? ജയിൽപ്പുള്ളികളുടെ തലമുടി വെട്ടിയ ബാർബർമാർക്കു പോലും പൈസ കൊടുക്കാത്ത സർക്കാരിനെയാണ് ചീഫ്വിപ്പ് അടക്കം പിന്താങ്ങികൊണ്ടിരിക്കുന്നത്. എന്തെങ്കിലും ഒരു ന്യായമുണ്ടോ? ജയിൽപ്പുള ളികളുടെ തലമുടി വെട്ടിയ ബാർബർമാർക്കു പൈസ കൊടുക്കാത്ത ഗവൺമെന്റിനെ പിന്താങ്ങിയ ഈ ചീഫ് വിപ്പ് സ്വർഗ്ഗത്തിൽ പോകുമോ? മാംസഗോപുരശരീരിയായി മാണി സാറിനെ മറഞ്ഞുനിൽക്കുകയാണ്. എന്തെ ങ്കിലും ന്യായമുണ്ടോ? നമ്മുടെ നാട്ടിലെ നെല്ലു കൊടുത്ത കൃഷിക്കാർ.........

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ശ്രീ. സാജു പോൾ തലമുടി വെട്ടിയിട്ട് എത്ര കാലമായി?

ശ്രീ. സാജു പോൾ: ഞാൻ പത്ത് ദിവസത്തിലൊരിക്കൽ മുടിവെട്ടുന്ന താണ്. ഞാൻ പഠിച്ച ബോർഡിംഗ് സ്കൂളിൽ ശങ്കരൻ കുട്ടി എന്നയാൾ വന്ന് 120 പേരുടെ തലമുടി ഒരു ദിവസം തന്നെ വെട്ടുമായിരുന്നു. ഇന്നിവിടെ ശ്രീ. തോമസ് ചാണ്ടി ഒരു വിഷയം ഉന്നയിച്ചു. സംഭരിച്ച നെല്ലിന്റെ വില കൊടുത്തോ? 400 കോടി രൂപ കൊടുക്കാനില്ലേ? കുട്ടനാട്ടിലും പാലക്കാടൻ വയലേലകളിലും തൃശൂരിലെ കോൾ നിലങ്ങളിലുമൊക്കെ ഈ ഖദർധാരി കൾക്കു പോകണ്ടേ? കരാറുകാർക്ക് പൈസ കൊടുത്തിട്ടുണ്ടോ? അതു പോലെ തന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ കാര്യം. എല്ലാ ഭരണകക്ഷി എം.എൽ.എ മാരും ചുറ്റും നിന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ക്കൊണ്ട് അമ്പതിനായിരം രൂപ, ഒരു ലക്ഷം രൂപയൊക്കെ എഴുതിപ്പിച്ചു. ആംബുലൻസിലൊക്കെ ആളുകളെ കൊണ്ടുവന്ന് എഴുതിയ തുക എവിടെ യെങ്കിലും കൊടുത്തിട്ടുണ്ടോ? ജനസമ്പർക്ക പരിപാടി, എത്ര കോടി രൂപ യാണ് എഴുതി കൊടുത്തത്............ ഞാനും പറഞ്ഞിട്ടുണ്ട്. പൈസ കിട്ടിയി

ട്ടുണ്ടോ? തേൻ എന്നു പറഞ്ഞാൽ തേൻ ആകുമോ? കാശിന് കാശുതന്നെ കൊടുക്കണ്ടേ. ലോട്ടറി ടിക്കറ്റിന്റെ സമ്മാനം ലഭിച്ച ആളുകൾക്ക് പൈസ കൊടുത്തിട്ടില്ല.

ശ്രീ. വി. പി. സജീന്ദ്രൻ: കുന്നത്തുനാട് താലൂക്കിൽ ചികിത്സാ സഹായ ത്തിനായോ ദുരിതാശ്വാസത്തിനായോ മുഖ്യമന്ത്രിക്ക് കൊടുത്തതിൽ ശ്രീ. സാജുപോളിന് ഏതെങ്കിലും കിട്ടാനുണ്ടെങ്കിൽ ഞാൻ വാങ്ങിത്തരാം.

ശ്രീ. സാജു പോൾ: ശ്രീ. സജീന്ദ്രൻ ഇവിടെ വന്നിട്ട് മൂന്നു വർഷമേ ആയിട്ടുള്ളൂ. ഞാന് വന്നിട്ട് 13 വർഷമായി. എനിക്ക് മുഖ്യമന്ത്രിയുടെ ദുരിതാ ശ്വാസ നിധിയിൽ നിന്ന് ഫണ്ട് വാങ്ങാൻ ശ്രീ. സജീന്ദ്രന്റെ ശുപാർശ യൊന്നും വേണ്ട. അതല്ല വിഷയം....... അനുവദിച്ച തുക കൊടുത്തിട്ടുണ്ടോ?

ശ്രീ. രാജു എബ്രഹാം: ശ്രീ. സാജു പോൾ മുഖ്യമന്ത്രിക്ക് അപേക്ഷ കൊടുത്തിട്ട് പണം കിട്ടിയില്ല. പക്ഷെ, ശ്രീ. സജീന്ദ്രൻ അത് വാങ്ങിത്തരും എന്നാണ് പറയുന്നത്. മുഖ്യമന്ത്രി കൊള്ളത്തില്ല എന്നാണ് ശ്രീ. സജീന്ദ്രൻ പറയുന്നത്.

ശ്രീ. സാജു പോൾ: ഞാൻ പറയുന്നത് മുഖ്യമന്ത്രി ഫണ്ടനുവദിക്കുന്നി ല്ലെന്നല്ല. അനുവദിച്ച തുക ആളുകൾക്ക് കിട്ടുന്നില്ല. ഞാൻ പറഞ്ഞത് നിങ്ങൾ തെറ്റദ്ധരിച്ചതാണ്. ഫണ്ട് അനുവദിക്കുന്നുണ്ട്. അക്കാര്യങ്ങളി ലൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ഉദാരമനസ്കനാണ്. അപകടം സംഭവിക്കുന്നവർക്ക് ഒരു ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. അനുവദിച്ച തുക മാണി സാർ കൊടുക്കുന്നില്ലെന്നാണ് പറയുന്നത്...... ഞാൻ ഇരിക്കാം...... ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അസ്വസ്ഥനാകേണ്ട കാര്യമില്ല. ഞാൻ

ചോദിക്കുന്ന കാര്യങ്ങൾക്ക് മന്ത്രിമാർ മറുപടി പറഞ്ഞോളും...... (ബഹളം)..............

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. സജീന്ദ്രൻ.....പ്ലീസ്

<u>ശ്രീ. സാജു പോൾ</u>: ഞാൻ പറയുന്നത് കേരളാ ഗവൺമെന്റ് കരാറുകാർക്ക്, നെല്ല് കൊടുത്ത കർഷകർക്ക്, ദുരിതാശ്വാസ നിധിയിൽനിന്നും പണം അനുവദിച്ച പാവപ്പെട്ട ജനങ്ങൾക്ക്, ലോട്ടറി സമ്മാനം കിട്ടിയവർക്ക്, പെൻഷൻകാർക്ക്, എം.എൽ.എ മാരുടെ അലവൻസ് 15-ാം തീയതിയ്ക്കുശേഷമല്ലേ ഇപ്പോൾ കിട്ടുന്നത്, കുടിവെള്ളം ടാങ്കറിൽ എത്തിച്ചുകൊടുത്തവർക്ക്, ക്ഷേമനിധി ആനുകൂല്യം കിട്ടുന്നവർക്ക്, സ്കൂൾ കുട്ടികളുടെ പുസ്തകം, യൂണിഫോം, തൊഴിലുറപ്പ് പദ്ധതിയിലുള്ളവർക്ക്, പഞ്ചായത്തുകൾക്ക് ആർക്കെങ്കിലും ഈ സർക്കാർ കൃത്യസമയത്ത് പൈസ കൊടുക്കുന്നുണ്ടോ? ഒറ്റയാൾക്കു മാത്രമേ കുടിശ്ശിക യില്ലാത്തതായുള്ളൂ. അത് സാക്ഷാൽ സരിത എസ്. നായർക്കു മാത്രമാണ്. സരിതയ്ക്കുള്ള പൈസ എല്ലാവരും കൊടുത്തു. ബാക്കി മുഴുവൻ ആളുകൾക്കും കുടിശ്ശികയാണ്. അല്ലെങ്കിൽ നിങ്ങൾ നഷേധിക്ക്. 2500 കോടി രൂപ കുടിശ്ശിക കിട്ടാനുള്ള കരാറുകാർ...... ശ്രീ. സജീന്ദ്രന്റേയും ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെയും ഉൾപ്പെടെ മണ്ഡലങ്ങളിൽ കരാർ ജോലി ചെയ്തവർക്ക് പൈസ കിട്ടാനില്ലേ. ഇതിന്റെ പ്രശ്നം മാണി സാറിന്റെ മനസ്സാണ്. മാണി സാറിന്റെ മനസ്സ് ഇത്രയും നാൾ ഡൽഹിയിലായിരുന്നു. ഇപ്പോൾ ഡൽഹിയിൽ നിന്ന് മാറി. കഴിഞ്ഞ ദിവസം മാണി സാർ പറഞ്ഞു. എനിക്ക് മുഖ്യമന്ത്രിയാകാൻ അതിമോഹമൊന്നുമില്ലെന്ന്. മോഹമില്ലെന്ന് പറഞ്ഞിട്ടില്ല. അതിമോഹമില്ലെന്നേ പറഞ്ഞിട്ടുള്ളൂ. മോഹമില്ലെന്ന് പറഞ്ഞിട്ടില്ല. അത് ഞാൻ വളരെ അടിവരയിട്ട് സൂചിപ്പിക്കുകയാണ്.

ഞാൻ ജനിക്കുന്നതിന് മുമ്പ് കേരളാ നിയമസഭയിൽ അംഗമായ ബഹുമാനപ്പെട്ട മാണി സാറിനെ ഏറ്റവും ബഹുമാനിച്ചുകൊണ്ടു തന്നെയാണ് ഞാൻ പറയുന്നത്. എല്ലാ വകുപ്പിലും സ്തംഭനമാണ്. ഉദ്യോഗസ്ഥരുടെ..............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കേരളാ കോൺഗ്രസ് രൂപം കൊണ്ടിട്ട് 50 വർഷമായി ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളിൽ ഇതേ സമയത്ത് രൂപം കൊണ്ട പ്രാദേശിക കക്ഷികളൊക്കെ ആ സംസ്ഥാനത്തിന്റെ ഭരണകക്ഷിയായി. അവിടുത്തെ മുഖ്യമന്ത്രിയുമായി. എന്നിട്ടും മാണി സാറിന് ആകാൻ സാധിക്കാത്തത് കോൺഗ്രസ്സിന്റെ കൂടെതന്നെ കൂടിക്കൂടി ഒന്നും ഇല്ലാതായതുകൊണ്ടാണെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. സാജു പോൾ: സർ, അത് തന്നെയാണ് ഞാൻ പറഞ്ഞത്, അസംതൃപ്തരുടെ കൂടാരത്തിൽ നിന്ന് മാണി സാർ പുറത്തിറങ്ങണം. ജനാധിപത്യത്തിൽ ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തുന്ന ഭരണമായിരുന്നു. അസംതൃപ്തർ അസംതൃപ്തർക്കുവേണ്ടി അസംതൃപ്തരായ ഉദ്യോഗസ്ഥരാൽ നടത്തുന്ന ഭരണമായി കേരള ഭരണം മാറിയെന്നാണ് ഞാൻ പറഞ്ഞത്. അസംതൃപ്തരല്ലാത്ത ഏതെങ്കിലും കൂട്ടരുണ്ടോയെന്ന് ഞാൻ ഇന്റർനെറ്റിൽ സെർച്ച് ചെയ്തുനോക്കി. കരാറുകാർ, ബാറുകാർ, ക്വാറി ഉടമസ്ഥർ, ക്രഷറുള്ളവർ, ജ്വല്ലറിയുള്ളവർ, നിർമ്മാതാക്കൾ, സർക്കാർ ജീവനക്കാർ, ആശാ വർക്കർ, അംഗനവാടി ജീവനക്കാർ, റബ്ബർ കർഷകർ, തൊഴിലുറപ്പ് തൊഴിലാളികൾ, കർഷക തൊഴിലാളികൾ ഇവരിൽ ആരാണ് അസംതൃപ്തിയില്ലാത്തവരായുള്ളത്? നെറ്റിൽ സെർച്ച് ചെയ്തിട്ടുപോലും ഈ സർക്കാരിനെ അനുകൂലിക്കുന്നവരായി ആരെയും കണ്ടില്ല. ഇവിടെ കർഷകരുടെ ആത്മഹത്യ കഴിഞ്ഞ്, കരാറുകാരുടെയും ബാറുകാരുടെയും

ആത്മഹത്യ വരാൻ പോകുകയാണ്. ഇനി എല്ലാറ്റിനും പ്രതിവിധി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനസമ്പർക്കവും......., എമർജിംഗ് കേരള അതുപോലെയുള്ള പദ്ധതികൾ കഴിഞ്ഞ് ഒരു മിഷൻ 676. ആ പദ്ധതിയെ മിഷൻ 786 എന്നാക്കുമെന്നാണ് ഞാൻ വിചാരിച്ചത്. 786 ആക്കാൻ വേണ്ടി ലീഗുകാർ സമ്മർദ്ദം ചെലുത്തിയിരുന്നു. പക്ഷേ ഈ 676 എന്താണ്? കോടാങ്കി ശാസ്ത്രത്തിലും മറ്റു ഗണിതശാസ്ത്രത്തിലും തപ്പിനോക്കി. 676 എന്ന നമ്പരിട്ടിരിക്കുന്നത് വളരെ ബുദ്ധിപൂർവ്വമാണ്. അക്കങ്ങൾ കൂട്ടിനോക്കിയാൽ 10. ഈ 676 ദിവസവും മുഖ്യമന്ത്രിയായി തുടരുക എന്ന ഒറ്റ പദ്ധതിയേയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രിമാരും കുറെ ഐ.എ.എസ്. ഉദ്യോഗസ്ഥരും ചെല്ലുവന്നരോട് നിങ്ങൾ പോയി **** കാണാനാണ് പറയുന്നത്. ഈ **** ഏതാണെന്ന് ഞാൻ അന്വേഷിച്ചു. **** അല്ല, ഒരു **** ഇവിടെ വന്നിട്ടുണ്ട്. **** നിങ്ങൾക്ക് ബാർ ലൈസൻസ് വേണോ? ****[*] കാണൂ......,

ശ്രീ. സി. പി. മുഹമ്മദ്: സർ, പോയിന്റ് ഓഫ് ഓർഡർ. ****എന്ന് പറഞ്ഞ് ആക്ഷേപിച്ചത് രേഖയിൽ നിന്നും നീക്കം ചെയ്യണം.

ശ്രീ. സാജു പോൾ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ അത് രേഖയിൽ നിന്ന് നീക്കം ചെയ്യാൻ പറയുന്നില്ല. കാരണം സംസാരം ഒരു വ്യക്തിയുടെ സംസ്കാരത്തെ തിരിച്ചറിയുമെന്നതുകൊണ്ട് ശ്രീ. സാജു പോളിന്റെ സംസ്കാരമതായിരിക്കും. അത് രേഖയിൽ നിന്ന് നീക്കം ചെയ്യാൻ പാടില്ല.

---

[*] ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.

ശ്രീ. സാജു പോൾ: സർ, ഞാനല്ല അത് പറഞ്ഞത്. കേരളം ഭരിക്കുന്ന മന്ത്രിമാർ തന്നെയാണ്........, (ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, പ്ലീസ്. ഇതിന്റെ പേരിൽ തർക്കം വേണ്ട..... (ബഹളം).....

ശ്രീ. സാജു പോൾ: ഇപ്പുറത്തിരുന്ന ചിലർ അപ്പുറത്ത് ചെന്ന് സംസാരിച്ചപ്പോൾ ഭയങ്കരമായി പ്രോത്സാഹനം കൊടുക്കുന്നത് കണ്ടു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സാജു പോൾ, പ്ലീസ് കൺക്ലൂഡ്, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. സാജു പോൾ: ഇപ്പുറത്തിരുന്ന ശ്രീ. ആർ. സെൽവരാജും ശ്രീ. എ. എ. അസീസും അപ്പുറത്ത് ചെന്നപ്പോൾ 156 സീറ്റുണ്ടായിരുന്ന കോൺഗ്രസിന് 44 സീറ്റായി മാറി. ഹിന്ദു പത്രത്തിൽ 'I am 44, my party has also 44', എന്ന് രാഹുൽ ഗാന്ധി പറയുന്നതായി ഒരു കാർട്ടൂൺ വന്നിരുന്നു. അപ്പോൾ കോൺഗ്രസിന് 272 സീറ്റ് കിട്ടണമെങ്കിൽ രാഹുൽ ഗാന്ധിക്ക് 272 വയസ്സാകണോ, അല്ലാതെ കിട്ടുമോ? ഇപ്പുറത്തിരുന്ന ചിലയാളുകൾ അപ്പുറത്ത് ചെന്നു. എനിക്ക് കോൺഗ്രസ്സുകാരോട് പറയാനുള്ളത് നിങ്ങൾ കാണിച്ച .......(ബഹളം)........, ഞാൻ ഒറ്റക്കാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഈ കോൺഗ്രസുകാർ എച്ചിൽ കാണിച്ചപ്പോൾ അപ്പുറത്തു ചെന്നയാളുകൾ, ബി. ജെ.പി. ചിക്കൻ ബിരിയാണി കാണിച്ചാൽ എവിടെ നിൽക്കുമെന്ന് നിങ്ങൾ ആലോചിച്ചുനോക്കണം. ശ്രീ. പി.ടി തോമസിന്റെ ഒരു പ്രസ്താവന കൂടി പറഞ്ഞ് അവസാനിപ്പിക്കാം. കോൺഗ്രസ് ഒറ്റുകാരുടെ കൂടാരമെന്നാണ് ശ്രീ. പി.ടി. തോമസ് പറയുന്നത്. ഇന്ത്യയെ ഒറ്റുകൊടുത്തതിന്റെ പേരിലാണ്

നിങ്ങൾക്ക് 44 സീറ്റായത്. അത് ഓർത്തിരിക്കുക എന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥകളെ ഞാൻ എതിർക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ ശ്രീ. സാജു പോൾ ****[*]പറഞ്ഞ ആ വാക്ക് രേഖയിലുണ്ടാകില്ല. രേഖയിൽ നിന്ന് നീക്കം ചെയ്യുന്നു. അങ്ങനെ പറയുന്നത് ശരിയല്ല. അത് ശരിയല്ല. .......(ബഹളം)...... അത് ശരിയല്ല. .......( ബഹളം)......

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇവിടെ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയനെതിരെയും പറഞ്ഞല്ലോ, അപ്പോൾ അതും രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയെ പ്പറ്റി പറഞ്ഞാലും അത് നീക്കം ചെയ്യാം......(ബഹളം)......

ശ്രീ. വി. ഡി. സതീശൻ: സർ, ഒരിക്കലുമില്ലാത്ത തരത്തിൽ വികസന പ്രവർത്തനങ്ങൾക്ക് പണമനുവദിച്ച ധനമന്ത്രിയും കിടക്കാൻ ഒരിടമില്ലാത്ത പാവപ്പെട്ടവർക്ക് കിടപ്പാടമുണ്ടാക്കുന്ന ഭൂപരിഷ്ക്കരണ നിയമത്തിന് ശേഷ മുള്ള ഏറ്റവും വലിയ വിപ്ലവകരമായ പദ്ധതി നടപ്പാക്കുന്ന റവന്യൂ മന്ത്രിയും അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ വളരെ അഭിമാനത്തോടുകൂടി പിന്തുണയ്ക്കുകയാണ്. 2008-ലെ ആഗോള സാമ്പത്തിക മാന്ദ്യത്തിനുശേഷം ലോകവും നമ്മുടെ രാജ്യവും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണെന്നുള്ള യാഥാർത്ഥ്യം വിസ്മരിച്ചുകൊണ്ടാണ് സാമ്പ

[*] ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നീക്കംചെയ്തു.

ത്തിക കാര്യവുമായി ബന്ധപ്പെട്ട വിഷയങ്ങളെ നമ്മൾ സമീപിക്കുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കനത്ത പരാജയത്തിന് വഴിതെളിയിച്ച ഒരുപാട് അപ്രിയങ്ങളായ തീരുമാനങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനകാലത്ത് യു.പി.എ. ഗവൺമെന്റിന് സ്വീകരിക്കേണ്ടിവന്നിട്ടുണ്ട്. അതിനെ വിമർശിച്ച് അധികാരത്തിൽ വന്ന മോഡി സർക്കാരും അത്തരത്തിലുള്ള ഗുരുതരമായ ചില തീരുമാനങ്ങൾ എടുക്കേണ്ടിവരുമെന്നുള്ള മുന്നറിയിപ്പ് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡി തന്നെ നൽകിക്കഴിഞ്ഞു. മധുവിധു കാലം അധികദിവസം നീണ്ടുനിൽക്കില്ല എന്ന് എല്ലാവർക്കുമറിയാം. ഈ സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി രാജ്യത്ത് എല്ലായിടത്തും നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഇന്നിവിടെ ആദ്യം സംസാരിച്ച മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, സംസ്ഥാനത്തെ നികുതി വരുമാനം ഗണ്യമായി കുറയുന്നു എന്നുള്ള ആക്ഷേപമാണ് ഉന്നയിച്ചത്. 21% ആയിരുന്ന ദേശീയ ശരാശരി കഴിഞ്ഞ വർഷം 12.4% ആയി കുത്തനെ ഇടിഞ്ഞു. അന്ന് 19% ആയിരുന്ന സംസ്ഥാനത്തിന്റെ നികുതി വരുമാനം 11% ആയി കുറഞ്ഞു. ദേശീയ തലത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നികുതി വരുമാനത്തിൽ 40% മുതൽ 60% വരെ കുറവുണ്ടായിട്ടുണ്ട്. ദേശീയതലത്തിലെ ശരാശരിയിലും കുറവ് വന്നിട്ടുണ്ട്. നമ്മുടെ കടം 3% ൽ നിന്നും 3.5% മാക്കി ഉയർത്തിയെന്നാണ് മറ്റൊരു ആക്ഷേപം ഉന്നയിച്ചത്. കടമെടുക്കുന്നത് വരുമാനത്തിന്റെ 3% മായി നിജപ്പെടുത്തിയിട്ടുണ്ട്. ആ ധനഉത്തരവാദിത്ത നിയമം, അതിന്റെ സമയവും മറ്റു കാര്യങ്ങളും കേന്ദ്ര സർക്കാർ തന്നെ നീട്ടിക്കൊടുത്തിട്ടുണ്ട്. മാത്രമല്ല ഈ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി സംസ്ഥാനങ്ങൾ അനുഭവി

ക്കുന്ന സാമ്പത്തിക സമ്മർദ്ദമെന്താണെന്ന് അറിഞ്ഞുകൊണ്ട് കഴിഞ്ഞ വർഷം യു.പി.എ. ഗവൺമെന്റ് തന്നെ 0.5% കൂടുതലായി കടമെടുക്കാൻ സംസ്ഥാന സർക്കാരുകളെ അനുവദിച്ചിട്ടുണ്ട്. 3% എന്നത് 3.5% മാക്കി ആ കടമുയർത്തിയത് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയല്ല. ഇവിടെ കോൺട്രാക്ടർമാർക്ക് നൽകേണ്ട പണം കുടിശ്ശികയാണെന്നത് ഗൗരവതരമായ ഒരു വിഷയമാണ്. പക്ഷേ അതിനെ ആക്ഷേപിച്ച ഡോ. ടി. എം. തോമസ് ഐസക്, അദ്ദേഹം ധനകാര്യമന്ത്രിയായിരുന്ന രണ്ടാം വർഷത്തിൽ ധാരാളം കുടിശ്ശികയുണ്ടായിരുന്ന സ്ഥലത്തുനിന്നും കുടിശ്ശിക ഇല്ലാതാക്കി. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ എങ്ങനെയാണ് അദ്ദേഹം കുടിശ്ശിക ഇല്ലാതാക്കിയത്? അന്നത്തെ പി.ഡബ്ല്യ.ഡി. മന്ത്രിയായിരുന്ന ശ്രീ. ടി. യു. കുരുവിള ഇവിടെയിരിക്കുന്നുണ്ട്. ആ സാമ്പത്തിക വർഷം പി.ഡബ്ല്യു. ഡി. ക്ക് ഒറ്റ പൈസ കൊടുത്തില്ല, ഒരു വർക്കും കൊടുത്തില്ല. അന്ന് ഇവിടെ എം.എൽ.എ. മാരായി ഇരിക്കുന്നയാളുകൾക്ക് ഓർമ്മയുണ്ടാകുമല്ലോ? ഒരു കൊല്ലം ഒരു വർക്കും പി.ഡബ്ല്യു.ഡി.-ക്ക് കൊടുത്തില്ല. പിന്നെ എന്താണ് കുഴപ്പം? ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി.-ക്ക് ധനകാര്യ വകുപ്പുമന്ത്രി ഒരു വർക്കും ഒരു തുകയും കൊടുക്കുന്നില്ലെങ്കിൽ അടുത്ത കൊല്ലമാകുമ്പോൾ ഒരു കുടിശ്ശികയുമുണ്ടാകില്ല. അപ്പോൾ ശാസ്ത്രീയമായ രീതിയിലല്ല, തന്ത്രപരമായ സമീപനം കൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഡോ. ടി. എം. തോമസ് ഐസക് കോൺട്രാക്ടർമാരുടെ കുടിശ്ശിക മാറ്റിയത്. ആ സമീപനം ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി എടുക്കുന്നില്ല എന്നതുകൊണ്ടാണ് വികസന കാര്യങ്ങൾക്ക് അദ്ദേഹം ധാരാളമായി പണമനുവദിച്ചു എന്ന് ഞാൻ പറഞ്ഞത്.

അതുപോലെ എക്സൈസിന്റെ വരുമാനം ഭയങ്കരമായി വർദ്ധിച്ചുവെന്നും അത് മാത്രമാണ് വർദ്ധിച്ചതെന്നുമാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. 2013–14 –ൽ എക്സൈസിന്റെ വരുമാനം 54 ശതമാനമായി വർദ്ധിച്ചിരുന്നു. 2013–14 സാമ്പത്തിക വർഷം മാർച്ച് 31–ാം തീയതിക്ക് മുമ്പാണ് ബാറുകളുടെ ലൈസൻസുകൾ പുതുക്കേണ്ടിയിരുന്നത്. ഇപ്രാവശ്യം പുതുക്കിയില്ല. മാർച്ച് 31–ാം തീയതി കഴിഞ്ഞ് ഈ സാമ്പത്തിക വർഷം ഏപ്രിൽ മാസത്തിലാണ് ബാറുകളുടെ ലൈസൻസ് പുതുക്കിക്കൊടുത്തത്. 316 ബാറുകളുടെ ലൈസൻസ് പുതുക്കി കൊടുത്തപ്പോൾ ഒരു ബാറിന് 23 ലക്ഷം രൂപ വച്ച് 7268 കോടി രൂപ 2014 ഏപ്രിലിൽ കിട്ടി. കഴിഞ്ഞ മാർച്ചിലെ അക്കൗണ്ടിലേയ്ക്ക് പോകേണ്ട പൈസ ഈ ഏപ്രിലിൽ വന്നതാണ് എക്സൈസിന്റെ വരുമാനം 54 ശതമാനമായി ഉയരാൻ കാരണം. ഇത് ഡോ. ടി.എം. തോമസ് ഐസകിന് അറിഞ്ഞുകൂടാത്ത കാര്യമാണോ? അദ്ദേഹം എക്സൈസിൽ മാത്രമാണ് വരുമാനം ഉണ്ടാക്കിയതെന്നാണ് ആക്ഷേപിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ മദ്യത്തിൽനിന്നുള്ള വരുമാനം കുറയുകയാണ് ചെയ്തത്. അതിനുള്ള കാരണം ആകെ വരുമാനത്തിന്റെ 22 ശതമാനമാണ് സാധാരണ മദ്യത്തിൽ നിന്ന് ലഭിക്കുന്നത്. 2013–14–ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 25 ശതമാനമാക്കി ഉയർത്താൻ കഴിയുമെന്നുള്ള പ്രതീക്ഷയിലായിരുന്നു. കാരണം, എല്ലാ വർഷവും മദ്യത്തിന്റെ വരുമാനം വർദ്ധിച്ചുവരുകയാണ്. 2013–14–ലെ ബിവറേജസ് കോർപ്പറേഷനിലെ ഔട്ട്ലെറ്റുകളിലെ ക്വാണ്ടിറ്റിവൈസ് കളക്ഷൻ ഒരു ശതമാനം കുറഞ്ഞു. അതുകൊണ്ട് ബഡ്ജറ്റ് എസ്റ്റിമേറ്റ്സിൽ പ്രതീക്ഷിച്ചി

രുന്ന 25 ശതമാനം വരുമാനം 8 ശതമാനമായി കുറഞ്ഞു. അതിനർത്ഥം മദ്യത്തിൽ നിന്നും നമ്മൾ പ്രതീക്ഷിച്ച 920 കോടി രൂപയുടെ വരുമാനം 2013–14 –ൽ കുറയുകയാണ് യഥാർത്ഥത്തിൽ ഉണ്ടായത് എന്നതാണ്. സംസ്ഥാനത്തിന്റെ ധനകാര്യ അവസ്ഥയെക്കുറിച്ച് വസ്തുതകൾക്ക് നിരക്കാത്ത കാര്യമാണ് ഡോ. ടി.എം. തോമസ് ഐസക് ഇവിടെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചത്. നികുതി വരുമാനം കുറഞ്ഞുവരുന്നത് ഗൗരവതരമായി കാണേണ്ട വിഷയമാണ്. നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും തേടണം. റവന്യൂ ജില്ലാ തലങ്ങളിലും എല്ലാ ജില്ലാ തലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള റിവ്യൂ മീറ്റിംഗുകൾ ഉണ്ടാകണം. ടാക്സ് കളക്ഷൻ കിട്ടേണ്ട എല്ലാ സെക്ടറിലും പ്രത്യേകമായ ടാർജറ്റുകൾ കൊടുക്കണം. ഓരോ ക്വാർട്ടറുകൾ കഴിയുമ്പോഴും ആ പർട്ടിക്കുലർ സെക്ടറിൽ ഏതെങ്കിലും ഏരിയയിൽ വരുമാനം കുറഞ്ഞാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ വിശദീകരണം നൽകണം. മദ്യത്തിൽ നിന്നുള്ള വരുമാനം, സ്വർണ്ണത്തിൽ നിന്നുള്ള വരുമാനം, മോട്ടോർ വെഹിക്കിളുമായി ബന്ധപ്പെട്ട വരുമാനം, വാറ്റ് നികുതിയുമായി ബന്ധപ്പെട്ട വരുമാനം തുടങ്ങി അനുദിനം അസാധാരണമായി ഏതെങ്കിലും മേഖലയിലെ വരുമാനം കുറഞ്ഞെന്ന് കണ്ടാൽ അത് പ്രത്യേകമായി നോട്ട് ചെയ്തുകൊണ്ട് അവിടെ എന്തുകൊണ്ടാണ് വരുമാനം കുറഞ്ഞതെന്ന് പഠിക്കാൻ വേണ്ടിയുള്ള സംവിധാനംകൂടി നികുതി വകുപ്പിൽ ഉണ്ടാകണം. അതുമല്ലെങ്കിൽ പെട്ടെന്ന് ഓരോ വകുപ്പിലേയും നികുതികൾ കുറഞ്ഞുവരുന്നത് ഗൗരവതരമായി കാണണം. വരുമാനം നഷ്ടപ്പെടുന്ന സ്ഥിതി ഏതെങ്കിലും സെക്ടറിൽ ഉണ്ടെങ്കിൽ ആ സെക്ടറിനെക്കുറിച്ച്, വ്യവസായത്തെക്കുറിച്ച്, വ്യാപാരത്തെക്കുറിച്ച് പ്രത്യേക

മായി പഠിക്കാനും അത് വിലയിരുത്താനും നികുതിവരുമാനം കുറയാനുണ്ടായ സാഹചര്യത്തെക്കുറിച്ച് മനസ്സിലാക്കാനുമുള്ള സംവിധാനങ്ങൾകൂടി നികുതി വകുപ്പിനുണ്ടാകണം. വലിയ fluctuation ആണ് നികുതി വരുമാനത്തിൽ പലപ്പോഴായി കണ്ടുവരുന്നത്. ഇവിടെ പ്രധാനപ്പെട്ട റവന്യൂ വകുപ്പിന്റെ ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ച നടക്കുകയാണ്. ഇവിടെ പലരും റീസർവ്വേ സംവിധാനത്തെക്കുറിച്ച് സൂചിപ്പിച്ചു. നമ്മുടെ ഭൂവിസ്തൃതിയെക്കുറിച്ച്, നമ്മുടെ ഭൂവിഭവങ്ങൾ, ഭൂമിയിൽ നിന്നും കിട്ടുന്ന മറ്റ് റിസോഴ്സസുകൾ ഇതിനെയെല്ലാം സംബന്ധിച്ച വളരെ വിശദവും കൃത്യവുമായ വിവരങ്ങൾ, നമ്മുടെ വികസനത്തെ സംബന്ധിച്ചും പുരോഗതിയെ സംബന്ധിച്ചുമുള്ള അടിസ്ഥാന രേഖകളാണ്. വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ഡോക്യുമെന്റ്സും ഡേറ്റയും മുഖേനയാണ്. ആ ഡേറ്റയുടെയും സ്ഥിതിവിവരക്കണക്കുകളുടെയും കൃത്യമായ വിവരങ്ങളെയും അടിസ്ഥാനമാക്കിയല്ലാതെ ആധുനികകാലത്ത് ഒരു പദ്ധതിയും ആസൂത്രണം ചെയ്യാനോ ഒരു വികസന പദ്ധതിയും നടപ്പിലാക്കാനോ നമുക്ക് കഴിയില്ല. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലും കോടതികളിലും നിലവിലിരിക്കുന്ന കേസ്സുകൾ പരിശോധിച്ചാൽ 80 ശതമാനം കേസ്സുകളും സിവിൽ ഡിസ്പ്യൂട്ടുകളാണ്. അതിർത്തികളെ സംബന്ധിച്ച തർക്കങ്ങൾ, ഭൂമിയെ സംബന്ധിച്ച തർക്കങ്ങൾ, സഹോദരന്മാർ തമ്മിൽ, കുടുംബാംഗങ്ങൾ തമ്മിൽ, അയൽക്കാർ തമ്മിൽ, ഭൂമി വാങ്ങിക്കുന്നവനും വിൽക്കുന്നവനും തമ്മിൽ തർക്കങ്ങൾ, വർഷങ്ങളായി ഈ ഭൂമിയുടെ പ്രശ്നം പരിഹാരമില്ലാതെ മുൻസിഫ് കോടതിയിലും സബ് കോടതിയിലും ജില്ലാ കോടതിയിലും ഹൈക്കോടതിയിലും റിവിഷൻ പെറ്റീഷനും സെക്കന്റ് അപ്പീലും സുപ്രീംകോ

ടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനുമായി അവസാനിക്കാത്ത നിരന്തരമായ വ്യവഹാരങ്ങളായി സംസ്ഥാന സർക്കാരിന്റെ ഖജനാവിൽ നിന്ന് ചോർച്ചയുണ്ടാക്കുകയും അതേയവസരത്തിൽ സാധാരണ ജനങ്ങളുടെയിടയിൽ അസ്വസ്ഥത ഉണ്ടാക്കുന്ന തരത്തിലുള്ള തർക്കങ്ങൾ പെരുകുകയുമാണ് ചെയ്യുന്നത്. ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ള ഈ തർക്കങ്ങളുടെയെല്ലാം അടിസ്ഥാനം കൃത്യമായ, വിശദമായ, പ്രിസൈസായ വിവരങ്ങൾ ഭൂമിയെ സംബന്ധിച്ച് ഇല്ലായെന്നുള്ളതാണ്. ആധുനിക ലോകത്ത് റീ–സർവ്വേയുമായി ബന്ധപ്പെട്ട് ജി.ഐ.എസ്., മാപ്പിംഗ്, കഡസ്ട്രൽ മാപ്പിംഗ്, സാറ്റ്ലൈറ്റ് സർവ്വേ ഉൾപ്പെടെയുള്ള ഒരുപാട് പുതിയ ആധുനിക സങ്കേതങ്ങളുണ്ടായി. നമ്മുടെ നാട്ടിൽ റീ–സർവ്വേ പഴയ കൺസർവേറ്റീവായിട്ടുള്ള സിസ്റ്റത്തിലൂടെ മുന്നോട്ടുപോവുകയാണ്. ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ കഴിയണം. ലാന്റ് റിക്കോർഡ്സിന്റെ അടിസ്ഥാനത്തിലുള്ള സേവനങ്ങൾ, സർവ്വീസുകൾ ജനങ്ങൾക്ക് നൽകുന്നത്........... ഭൂമി കൃത്യമായി സർവ്വേ ചെയ്ത് കൃത്യമായ കണക്കുകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിച്ചാൽ ഈ തർക്കങ്ങളെല്ലാം ഇല്ലാതാകുന്ന ഒരവസ്ഥയുണ്ടാകും. എന്തുകൊണ്ട് ഇതിന് നമുക്ക് കഴിയുന്നില്ല? കഴിഞ്ഞ 43 വർഷമായി റീ സർവ്വേ ആരംഭിച്ചിട്ട്. കുറച്ച് വില്ലേജുകൾ മാത്രമാണ് റീ–സർവ്വേകൾ ചെയ്തിട്ടുള്ളത്. എന്താണ് റീ–സർവ്വേയുടെ റിസൾട്ട്? റീ–സർവ്വേയിലൂടെ സർക്കാർ പുറമ്പോക്കും വനഭൂമിയും മിച്ച ഭൂമിയുമെല്ലാം പലസ്ഥലത്തും ഭൂമി തട്ടിപ്പുകാരുടെകയ്യിലെത്തി. സാധാരണക്കാരന് അവന് സ്വന്തമെന്ന് കരുതിയ ഓരോ സെന്റും നേരം ഇരുട്ടി വെളുത്തപ്പോൾ അന്യന്റേതായിമാറി. സമീപ കാലത്താണ് എന്റെ നിയോജകമണ്ഡലത്തിലെ ഒരു വില്ലേജിൽ റീ–സർവ്വേ നടത്തിയത്. വ്യാപകമായ പരാതി കാരണം

എനിക്ക് ആ വില്ലേജിലേയ്ക്ക് കയറാൻ സാധിക്കുന്നില്ല. സാധാരണക്കാരായ, പാവങ്ങളായ ആളുകൾ 10 സെന്റുണ്ടായിരുന്നവർക്ക് റീ-സർവ്വേ കഴിഞ്ഞപ്പോൾ അഞ്ച് സെന്റ് ഭൂമിയായി മാറി. 20 സെന്റുണ്ടായിരുന്ന ആളിന് റീ-സർവ്വേ കഴിഞ്ഞപ്പോൾ 25 സെന്റായി മാറി. എന്തടിസ്ഥാനമാക്കി യാണ് റീ-സർവ്വേ നടത്തുന്നത്? ഈ റീ സർവ്വേ നടന്നു കഴിഞ്ഞാൽ എല്ലാ വിഭാഗം ജനങ്ങളിലും പരാതികൾ മാത്രമാണ് ഉണ്ടാകുന്നത്. ഉദ്യോഗസ്ഥരുടെ കയ്യിലാണ് ഓരോരുത്തരുടെയും ഭൂമിയിരിക്കുന്നത്. നമ്മൾ ആധാരം അലമാ രയിൽ കെട്ടി വച്ചിട്ട് കാര്യമില്ല. അലമാരയിലിരിക്കുന്ന ആധാരത്തിലെ സ്കെച്ചുകളും കണക്കുകളും അതിരുകളുമെല്ലാം റീ-സർവ്വേക്കാരൻ വന്നാൽ അപ്രത്യക്ഷമാകുന്ന സ്ഥിതിയാണ്. ഇത് അലമാരയിൽ വച്ചിട്ട് കാര്യമില്ല, റീ-സർവ്വേ കഴിഞ്ഞാൽ സ്കെച്ച് വേറെയാണ്. സാധാരണക്കാരന്റെ ഭൂമിക്ക് യാതൊരു സുരക്ഷിതത്വവുമില്ലാത്ത തരത്തിൽ ഇങ്ങനെ റീ-സർവ്വേ നടത്തി സർക്കാരിന്റെ ഖജനാവ് കൊള്ളയടിച്ചിട്ട് എന്ത് കാര്യം എന്ന് പുനഃപരിശോധി ക്കേണ്ട സമയമായി. ഈ റീ-സർവ്വേയുമായി ബന്ധപ്പെട്ട് വർഷങ്ങളായി നട ക്കുന്ന..... റീ-സർവ്വേ ഇപ്പോഴുള്ളതല്ല പ്രസന്റ് സിറ്റുവേഷൻ മാത്രമല്ല ഞാൻ പറയുന്നത്. 43 വർഷക്കാലമായി ഈ സംസ്ഥാനത്ത് നടക്കുന്ന റീ-സർവ്വേ യിൽ സംസ്ഥാനത്തുടനീളം കുറ്റകരമായ ഗൂഢാലോചന, കൃതൃമ രേഖ തയ്യാ റാക്കൽ, അഴിമതി, സ്വജനപക്ഷപാതം, സർക്കാരിനെ വഞ്ചിക്കൽ എന്നീ കുറ്റ കൃത്യങ്ങളാണ് വ്യാപകമായി നടന്നുവരുന്നത്. പൂർത്തിയാക്കിയെന്ന് പറ യുന്ന 864 വില്ലേജുകളിലെ റീ-സർവ്വേ അപൂർണ്ണമാണ്, കൃത്യവുമല്ല വ്യാപക മായ പരാതികളാണ് നിലനിൽക്കുന്നത്. അതുകൊണ്ട് എല്ലാ സ്ഥലങ്ങളിലും കൃത്യമായ സർവ്വേ അദാലത്തുകളും നടത്താൻ ഗവൺമെന്റ് തയ്യാറാകണം.

അത് താൽക്കാലികമായ പരിഹാരം മാത്രമേ ആകുന്നുള്ളൂ. എന്നാൽ ഇതിനൊരു പരിഹാരം ഉണ്ടാക്കാനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. റവന്യൂ വകുപ്പുമന്ത്രി ചെയർമാനും ശ്രീ. പാലോട് രവി അടക്കമുള്ളവർ അംഗങ്ങളുമായ സബ്ജക്ട് കമ്മിറ്റിയുടെ വളരെ നല്ല റിപ്പോർട്ടാണ് ഇവിടെ കൊടുത്തത്. അതിന് ഞാൻ സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങളെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ സഞ്ചരിച്ച് ബാക്കിയുള്ള സ്ഥലങ്ങളിൽ എന്ത് നടക്കുന്നുവെന്ന് മനസ്സിലാക്കി അവർ കൃത്യമായ ശുപാർശ നടത്തിയിട്ടുണ്ട്. മൂന്ന് വർഷക്കാലത്തിനകം സംസ്ഥാനത്ത് റീ-സർവ്വേ പൂർത്തിയാക്കാനുള്ള ശുപാർശയാണ് സബ്ജക്ട് കമ്മിറ്റിക്ക് കൊടുത്തിട്ടുള്ളത്. നിരവധി സംസ്ഥാനങ്ങളിൽ വിജയകരമായി റീ-സർവ്വേ പൂർത്തിയാക്കിയത് ഔട്ട്സോഴ്സിംഗ് നടത്തിയിട്ടാണ്. ഔട്ട്സോഴ്സിംഗ് നടത്തി റീ-സർവ്വേ പൂർത്തിയാക്കണം. ആധുനികമായ സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് റീ-സർവ്വേ പൂർത്തിയാക്കണമെന്നാണ് സബ്ജക്ട് കമ്മിറ്റി റിപ്പേർട്ട് ചെയ്തിട്ടുള്ളത്. അതിന് ആരാണ് തടസ്സം? Lucrative ബിസിനസ്സായി കൊണ്ടുനടക്കുന്ന കുറേ ഉദ്യോഗസ്ഥന്മാരാണ് തടസ്സം നിൽക്കുന്നത്. ഇവിടെ നടക്കുന്നത് ഉദ്യോസ്ഥ ഭരണമല്ല, ജനാധിപത്യ ഭരണമാണ്. ജനങ്ങൾക്കുവേണ്ടി നടത്തുന്ന ഭരണമാണെന്ന് അങ്ങ് തെളിയിച്ചുകൊണ്ട് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയും ഈ സർക്കാരും ആ സബജ്ക്ട് കമ്മിറ്റി ഐക്യകണ്ഠേന സമർപ്പിച്ചിട്ടുള്ള ഈ റിപ്പോർട്ട് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ വളരെ പ്രധാനപ്പെട്ട മറ്റൊരു വിഷയം, ഭൂരഹിതരായ ആളുകൾക്ക് ഭൂമി കൊടുക്കുന്ന പരിപാടിയെപ്പറ്റി പലരും പരാതി പറഞ്ഞു. ഇത് ഒറ്റദിവസം

കൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യമാണോ? കാസർഗോഡ്, കണ്ണൂർ ജില്ല യിലുള്ള എല്ലാ ഭൂരഹിതർക്കും ഈ സർക്കാർ പൂർണ്ണമായി ഭൂമി കൊടുത്തു. അതിന് ഞാൻ റവന്യൂ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. ബാക്കിയുള്ള സ്ഥലങ്ങളിലെ കുറേ ആളുകൾക്ക് ഭൂമി കൊടുത്തുകഴിഞ്ഞു. ഇവിടെ പല എം.എൽ.എ.മാരും പരാതിപ്പെട്ടതുപോലെ എറണാകുളം, തിരുവനന്തുപരം ജില്ലയിലുള്ള ആളുകളെ, അപേക്ഷകരെ ചില ഉദ്യോഗസ്ഥർ വിളിച്ചുവരുത്തി കാസർഗോഡ് ജില്ലയിൽ ഭൂമി കിട്ടിയാൽ പോകണം, പോകാൻ തയ്യാറാ ണെന്ന് നിർബന്ധമായി എഴുതി വാങ്ങിക്കുകയാണ്. അങ്ങ് അതിനെ തടയ ണം. എറണാകുളത്തും തൃശ്ശൂരുമുള്ള അപേക്ഷകർ എങ്ങനെയാണ് കാസർഗോഡ് പോകുന്നത്. അപ്പോൾ ഭൂമിയുടെ ലഭ്യതക്കുറവുണ്ട്. പല ജില്ല യിലും ഭൂമി ഇല്ലാത്ത പ്രശ്നമുണ്ട്. നമുക്കിവിടെ വളരെ പ്രധാനപ്പെട്ട പ്രശ്നം, ലക്ഷക്കണക്കിന് ഏക്കർ ഭൂമി കേരള ഗവൺമെന്റ് പാട്ടത്തിന് കൊടുത്തിട്ടു ണ്ട്. പാട്ടക്കാലാവധി പൂർത്തിയാക്കിയാലും പാട്ട നിബന്ധനകൾ ലംഘി ച്ചാലും നമുക്ക് തിരിച്ചുപിടിക്കാം. ഇതല്ലാതെ തന്നെ കുറച്ച് ഭൂമി ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി തിരിച്ചുപിടിക്കണം. ഭൂപരിഷ്ക്കരണ നിയമത്തിനുശേ ഷമുള്ള ഈ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട് ഈ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വിപ്ലവകരമായ പദ്ധതി നമുക്ക് എല്ലാവർക്കും ഒരുമിച്ച് നിന്ന് യാഥാർത്ഥ്യമാക്കണമെങ്കിൽ സംസ്ഥാന സർക്കാർ നിയമനിർമ്മാണം നടത്തി ഈ പാട്ടഭൂമി തിരിച്ചുപിടിക്കണം. തോട്ട ങ്ങളും കൃഷി നടക്കുന്ന ഭൂമിയും പിടിക്കണ്ട, കൃഷിഭൂമിക്കെതിരായും തോട്ട ങ്ങൾക്കെതിരായുമുള്ള നിലപാട് വേണ്ട. തോട്ടങ്ങളല്ലാതെ, കൃഷി നടത്തുന്ന ഭൂമിയല്ലാതെ ഓരോരുത്തരുടെയും കൈവശമിരിക്കുന്ന, ഒരു കാര്യവുമി ല്ലാതെയിരിക്കുന്ന ഭൂമി, അതുതന്നെ പാട്ട നിബന്ധനകളുടെ ലംഘനമാണ്.

ഏത് പർപ്പസിനുവേണ്ടിയാണ് ഭൂമി ലീസിന് കൊടുത്തിരിക്കുന്നത് ആ പർപ്പസിനുവേണ്ടിയല്ലാതെ അത് ഉപയോഗിക്കാൻ പാടില്ല, ഭൂമി വെറുതെയിടാൻ പാടില്ല. അങ്ങനെ വെറുതെ കിടക്കുന്ന പതിനായിരക്കണക്കിന് ഏക്കർ ഭൂമി കേരളത്തിലുണ്ട്.

ഈ പദ്ധതിക്ക് പതിനായിരം ഏക്കർ ഭൂമി വേണമെന്നാണ് പറഞ്ഞിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് (യു.ഡി.എഫ്. ഗവൺമെന്റ്) ഈ നിയമസഭയിൽ നിയമനിർമ്മാണം നടത്തി പതിനായിരം ഏക്കർ ഭൂമി ഐഡന്റിഫൈ ചെയ്ത് തിരിച്ചുപിടിക്കാനുള്ള ധീരമായ തീരുമാനമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നമുക്ക് അവകാശപ്പെട്ട നമ്മുടെ സർക്കാരിന്റെയും ജനങ്ങളുടെയും ഭൂമി അനാവശ്യമായി കൈവശം വച്ചിരിക്കുന്ന ആളുകളുടെ കയ്യിൽനിന്ന് പിടിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഡിസാസ്റ്റർ മാനേജുമെന്റ് രൂപീകരിച്ച കാലത്ത് അത്ര ഗൗരവമായ പ്രശ്നങ്ങളില്ല. പക്ഷേ ഇന്ന് പ്രകൃതി ദുരന്തങ്ങൾ വ്യാപകമായി ആവർത്തിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ധാരാളം പാറ ക്വാറികൾ നന്നായി നടക്കുന്നതുകൊണ്ട് ലാന്റ് സ്ലൈഡുകളും വെള്ളപ്പൊക്കവും അപകടമരണങ്ങളുമുണ്ടാകുന്നു. ശാസ്ത്രീയമായ ഒരു സംവിധാനങ്ങളും നമുക്കില്ല. വികസിത രാജ്യങ്ങളിലും അപകടങ്ങളുള്ള സ്ഥലങ്ങളിലുമെല്ലാം അത്തരം അപകടങ്ങളുണ്ടാകുമ്പോൾ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് ജനങ്ങൾക്കും ഫോഴ്സുകൾക്കും കൃത്യമായ പരിശീലനം കൊടുക്കും. ദൗർഭാഗ്യവശാൽ നമ്മുടെ ഡിസാസ്റ്റർ മാനേജുമെന്റിന് അതില്ല.

അത് കുറെക്കൂടി ശക്തമാക്കാൻ വേണ്ട തീരുമാനങ്ങളെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല. രാഷ്ട്രീയമൊന്നും പറയുന്നില്ല. ഇവിടെ ഒരു വിവാദമുണ്ടായി. നമ്മളെല്ലാം രാഷ്ട്രീയ പ്രവർത്തകരാണ്; പൊതു പ്രവർത്തകരാണ്. ജനങ്ങൾ ബഹുമാനിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. നമുക്ക് പരസ്പരം ആക്ഷേപങ്ങളുന്നയിക്കാം, ആരോപണങ്ങളുന്നയിക്കാം, വിമർശിക്കാം. പക്ഷേ വാക്കുകൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിച്ച് ഉപയോഗിച്ചില്ലെങ്കിൽ നമ്മൾതന്നെ പരിഹാസ്യ രാകും. ജനങ്ങൾ നമ്മളെ പുച്ഛത്തോടും പരിഹാസത്തോടുംകൂടി നോക്കിക്കാ ണുന്ന ഒരു കാലം വരും. ശ്രീ. എൻ. കെ. പ്രേമചന്ദ്രനെക്കുറിച്ച് ശ്രീ. പിണറായി വിജയൻ ഉന്നയിച്ച വാക്കും, ശ്രീ. പന്ന്യൻ രവീന്ദ്രനെക്കുറിച്ച് ശ്രീ. ചന്ദ്രചൂഡൻ പറഞ്ഞതും, ശ്രീ. ചന്ദ്രചൂഡനെക്കുറിച്ച് ശ്രീ. പി. തിലോ ത്തമൻ പറഞ്ഞതും, ശ്രീ. വി. എം. സുധീരനെക്കുറിച്ച് ശ്രീ. സാജു പോൾ പറഞ്ഞതും ആവർത്തിക്കാൻ പാടില്ല. അത്തരം വാക്കുകൾ നമ്മൾ ഉപ യോഗിക്കരുത്. വൃത്തികെട്ട വാക്കുകൾ പറഞ്ഞ് പരസ്പരം ആക്ഷേപിക്കു ന്നവരാണ് രാഷ്ട്രീയക്കാരെന്ന് ജനങ്ങൾ വിലയിരുത്തും. നമ്മൾ തമ്മിൽ ആക്ഷേപങ്ങളുന്നയിക്കുമ്പോഴും വിമർശനങ്ങളുന്നയിക്കുമ്പോഴും പരസ്പര ബഹുമാനം നിലനിർത്തിക്കൊണ്ട് ആദരവോടുകൂടി സംസാരിക്കാൻ കഴി ഞ്ഞാൽ ജനങ്ങൾ നമ്മളെ ബഹുമാനിക്കുമെന്ന് വിനയപൂർവ്വം പറഞ്ഞു കൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തെ കടക്കെണിയിലേക്ക് തള്ളിവിടുന്നതും ലോകശ്രദ്ധ

ആകർഷിച്ച കേരള ഭൂപരിഷ്ക്കരണ നേട്ടങ്ങളെ അട്ടിമറിക്കുന്നതിനുംവേണ്ടി പ്രവർത്തിക്കുന്ന രണ്ട് ഡിപ്പാർട്ടുമെന്റുകളെയും ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി അനുദിനം വഷളായിക്കൊണ്ടിരിക്കുന്നുവെന്നതിൽ സംശയമൊന്നും വേണ്ട. സാമ്പത്തിക പ്രതിസന്ധിയില്ല, ഞെരുക്കം മാത്രമേയുള്ളൂ എന്നാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇടയ്ക്കിടയ്ക്ക് പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങനെ പറഞ്ഞ് മയപ്പെടുത്താൻ ശ്രമിക്കുമ്പോഴും സർക്കാരിന്റെ വരവും ചെലവും തമ്മിൽ 7,000 കോടി രൂപയുടെ വിടവുണ്ടാകുമെന്നതാണ് യാഥാർത്ഥ്യം. ധനകാര്യ/റവന്യൂ/വാണിജ്യ നികുതി വകുപ്പുകൾ ഈ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി നിരവധി നിർദ്ദേശങ്ങൾ സമർപ്പിച്ചെങ്കിലും അതൊന്നും ഫലപ്രദമായ രൂപത്തിൽ നടപ്പിലാക്കുന്നതിനാവശ്യമായ യാതൊരു നടപടിയും സ്വീകരിക്കപ്പെട്ടിട്ടില്ല. ഇപ്പോൾ ഏതാണ്ട് ഒന്നേകാൽ ലക്ഷം കോടിരൂപയുടെ കടബാദ്ധ്യതയാണ് കേരള സംസ്ഥാന ഗവൺമെന്റിനുള്ളത്. ഓരോ വർഷം കഴിയുമ്പോഴും ബാദ്ധ്യത കൂടിവരികയാണ്. വരുമാനത്തിലെ കുറവാണ് ബാദ്ധ്യത കൂടാൻ കാരണം. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോഴേക്കും കടബാദ്ധ്യത 2,00,000 കോടി രൂപയാകാനുള്ള സാദ്ധ്യതയാണ് കാണുന്നത്. ദൈനംദിന ചെലവിനു പോലും പണമില്ല. എല്ലാ കാര്യങ്ങൾക്കും കടംവാങ്ങുന്നു എന്നതാണ് ഇന്നത്തെ സ്ഥിതി. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളം ഭരിച്ചിരുന്ന 5 വർഷക്കാലം പുതിയ നികുതിയൊന്നും ചുമത്താതെ നികുതി വരുമാനവും മറ്റ് വരുമാനവും വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ മുന്നോട്ടു പോയി. എന്നാൽ ഇന്ന് എല്ലാം തകിടംമറിഞ്ഞു. വാണിജ്യ നികുതി

പിരിവ് കാര്യക്ഷമമല്ല. 833 കോടി രൂപയുടെ ക്രമക്കേടുണ്ടെന്ന് സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിലാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മാണി സാർ അത് ശ്രദ്ധിക്കണം. സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ 833 കോടി രൂപയുടെ ക്രമക്കേടുണ്ടെന്ന് കണ്ടുപിടിച്ചു. കാർഷികാദായ നികുതി വകുപ്പിൽ നികുതിദായകൻ അംഗീകരിച്ച 7.39 ലക്ഷം രൂപയുടെ യഥാർത്ഥനഷ്ടം 73.93 ലക്ഷമാക്കി തെറ്റായി പരിഗണിച്ച് ക്രയവിക്രയം ഒഴിവാക്കി 33.27 ലക്ഷത്തിന്റെ കാർഷികാദായ നികുതി കുറവ് ചുമത്തി. കാർഷികാദായ നികുതി വകുപ്പുമായി ബന്ധപ്പെടുത്തിയാണിത്. അതുപോലെ മോട്ടോർ വാഹന നികുതി വകുപ്പിൽ 370 കേസ്സുകളിൽ 9.55 കോടി രൂപ നഷ്ടപ്പെടുത്തി. ഇതും സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടാണ്. ഒറ്റത്തവണ നികുതി നിർണ്ണയം, അധികഭാരം കയറ്റിയ വാഹനങ്ങൾക്കുള്ള പിഴ, ഭൂനികുതി, കെട്ടിട നികുതി എന്നിവയിലും വീഴ്ചയുണ്ടായി. ഇതെല്ലാം സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടാണ്. ചെക്ക്പോസ്റ്റുകളിലെ വരുമാനം കുറഞ്ഞു. ഭരണകക്ഷിക്ക് ഇഷ്ടപ്പെട്ട ആളുകളെയാണ് ചെക്ക്പോസ്റ്റുകളിൽ ഇപ്പോൾ നിയമിക്കുന്നത്. 2001–2006–ലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളം ഭരിക്കുന്ന അവസരത്തിൽ ഞാനും അന്ന് ജനപ്രതിനിധി യായിരുന്നു. മൂന്ന് മാസക്കാലത്തേക്ക് വാളയാർ ചെക്ക്പോസ്റ്റിലേക്ക് എന്നെ നിയമിക്കണം, മൂന്നുമാസംകൊണ്ട് എന്റെ എല്ലാ പ്രശ്നവും പരിഹ രിക്കാമെന്ന് എന്നോട് ചില ആളുകൾ വന്ന് പറയാറുണ്ട്. 2006 മുതൽ 2011 വരെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളം ഭരിച്ചപ്പോൾ ചെക്ക്പോസ്റ്റിലേക്ക് ആർക്കും നിയമനം വേണ്ട. അഴിമതിരഹിത വാളയാർ എന്ന മുദ്രാവാക്യം വച്ചുകൊണ്ട് സമ്പൂർണ്ണമായും അഴിമതിരഹിതമായി

വാളയാർ ചെക്ക്പോസ്റ്റാക്കിനെ മാറ്റാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞെങ്കിൽ ഇപ്പോൾ വീണ്ടും അഴിമതിയുടെ കൂത്തരങ്ങായി വാളയാർ ചെക്ക്പോസ്റ്റ് മാറിയിരിക്കുകയാണ്. എന്താണ് മാണി സാറിന് പറയാനുള്ളത്? പാലക്കാട് ഇരുമ്പുരുക്ക് കമ്പനികളുണ്ട്. അവ നികുതി വെട്ടിപ്പ് കേന്ദ്രങ്ങളാണ്. നികുതി കൊടുക്കാതെ സാധനങ്ങൾ കടത്തിക്കൊണ്ടുപോകുകയാണ്. അതിനൊക്കെ ആളുകൾ കൃത്യമായി കമ്മീഷൻ വാങ്ങുന്നു. ഈ നിലയിലാണ് പോകുന്നതെങ്കിൽ രൂക്ഷമായ പ്രതിസന്ധി കേരളത്തിലുണ്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല. അതുപോലെ ഈ ഗവൺമെന്റ് ഭവന നിർമ്മാണവുമായി ബന്ധപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുകൾ ഐ.എ.വൈ. വീടുകൾ അനുവദിക്കുമ്പോൾ ആ വീടുകൾക്ക് 2,00,000 രൂപയാക്കി വർദ്ധിപ്പിച്ചുകൊടുത്തു. 2,00,000 രൂപയായി വർദ്ധിപ്പിച്ചുകൊടുക്കാൻ തീരുമാനിക്കുമ്പോൾ 50,000 രൂപ ഗവൺമെന്റ് കൊടുക്കുമെന്ന് പറഞ്ഞു. 2012–2013-ലാണ് ഈ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. ഇതുവരെ നയാപൈസ കൊടുത്തില്ല. ഇവിടെ മിനിഞ്ഞാന്ന് പൊതുഭരണ വകുപ്പിന്റെ ചർച്ചയുമായി ബന്ധപ്പെട്ട് ഇതിനെ സംബന്ധിച്ച കാര്യങ്ങൾ വന്നപ്പോൾ ബഹുമാന്യനായ മന്ത്രി പറഞ്ഞത് 50,000 രൂപവച്ച് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും കൊടുത്തു എന്നാണ്. എന്റെ മണ്ഡലത്തിലെ നെൻമാറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെ ഞാൻ വിളിച്ച് അന്വേഷിച്ചപ്പോൾ നയാപൈസ കൊടുത്തിട്ടില്ല. 2012–2013, 2013–2014 വർഷങ്ങളിൽ നയാപൈസ കൊടുക്കാതെ നിയമസഭയിൽ തെറ്റിദ്ധാരണാജനകമായിട്ടുള്ള പ്രസ്താവനയാണ് മന്ത്രി നടത്തിയത്. ഇങ്ങനെയാണ് ഗവൺമെന്റിന്റെ പ്രവർത്തനം. ശ്രീ. എ. കെ. ബാലൻ ഇവിടെ

സബ്മിഷൻ ഉന്നയിച്ചപ്പോഴും ഇതിനെസംബന്ധിച്ച് അങ്ങനെതന്നെയാണ് മന്ത്രി മറുപടി പറഞ്ഞത്. പക്ഷേ ഇത് കൊടുക്കുന്നതിനുവേണ്ടിയുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇങ്ങനെയാണോ ഭരണം. അതു പോലെ ഗുരുതരമായ അലംഭാവമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും നിര വധി കാര്യങ്ങളിലുണ്ടാകുന്നത്. രൂക്ഷമായ പ്രകൃതിക്ഷോഭം കേരളത്തിലു ണ്ടായി. കേരളത്തിൽ കഴിഞ്ഞ വർഷം മഴക്കെടുതിമൂലം രൂക്ഷമായിട്ടുള്ള പ്രശ്നങ്ങളുണ്ടാക്കി. മഴക്കെടുതിമൂലം ധാരാളം ആളുകൾ കൊടിയ ദുരിത ത്തിലും കഷ്ടപ്പാടിലും ചെന്നുപെട്ടു. ഈ പ്രതിസന്ധി പരിഹരിക്കാൻ 94 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചു. ഒന്നും വിതരണം ചെയ്തില്ല.

കഴിഞ്ഞവർഷം 891 ഗ്രാമങ്ങൾ വെള്ളത്തിലായി. എട്ടിടത്ത് ഉരുൾപൊ ട്ടി. 131 ആളുകൾ മരിച്ചുപോയി. 715 കേന്ദ്രങ്ങളിൽ രണ്ട് ലക്ഷത്തോളം ആളുകൾ ദുരിതാശ്വാസ ക്യാമ്പിലെത്തി. 8482 ഹെക്ടർ കൃഷി നശിച്ചു. 549 വീടുകൾ തകർന്നു. 9491 വീടുകൾ ഭാഗികമായി തകർന്നു. 93 കോടി രൂപ യുടെ കൃഷിനാശം സംഭവിച്ചു. നയാപൈസ ദുരിതം ബാധിച്ചയാളുകൾക്ക് കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായില്ല. എന്തു ദുരിതാശ്വാസ പ്രവർത്തനമാണിവിടെ നടക്കുന്നത്? ഒരു ഗവൺമെന്റുണ്ടോ ഇവിടെ? ജനങ്ങൾ ദുരിതമനുഭവിക്കുമ്പോൾ അവരെ സഹായിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. അങ്ങനെ യാതൊരു നടപടിയും സ്വീ കരിക്കുന്നില്ല. രൂക്ഷമായ പ്രകൃതിക്ഷോഭം കഴിഞ്ഞതിനുശേഷം കൊടും വരൾച്ച വന്നു. 7,800 കോടി രൂപയുടെ കൃഷി നശിച്ചുപോയി. 8,000 കോടി

രൂപയുടെ കേന്ദ്രധനസഹായം ആവശ്യപ്പെട്ടപ്പോൾ കിട്ടിയത് 64 കോടി രൂപയാണ്. നഷ്ടത്തിന്റെ കണക്ക് പറഞ്ഞ് അത് വാങ്ങിയെടുക്കാനും കിട്ടിയ സംഖ്യ നഷ്ടംപറ്റിയ ആളുകൾക്കും ദുരിതമനുഭവിക്കുന്നയാളുകൾക്കും കൃത്യമായി കൊടുക്കാനും സർക്കാരിന് സാധിച്ചില്ല. എന്തിനാണ് ഇങ്ങനെയൊരു ഗവൺമെന്റ്? ഈ വർഷം വേനൽമഴയുടെ രൂപത്തിലാണ് ദുരിതം ജനങ്ങളെ വേട്ടയാടിയത്. സർക്കാരിന്റെ സഹായമൊന്നുമില്ല. ഈ നിലയിൽ കേരളത്തിലെ ജനങ്ങൾ ഗുരുതരമായ പ്രതിസന്ധിയിൽ കിടന്ന് നട്ടംതിരിയുമ്പോൾ അവരെ സഹായിക്കുന്നതിന് ആവശ്യമായ യാതൊരു നടപടിയും സ്വീകരിക്കാത്ത സർക്കാരാണ് കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. അട്ടപ്പാടിയിലെ ആദിവാസി ഭൂമി പ്രശ്നം. ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഒരു യൂണിറ്റിൽ 43 ഉദ്യോഗസ്ഥന്മാരെ നിമയിച്ചു. ഇപ്പോൾ അത് പിരിച്ചുവിട്ടു. എന്തിനാണ് പിരിച്ചുവിട്ടത്; ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണ്ടേ? യഥാർത്ഥത്തിലുള്ളതിനേക്കാൾ ഭൂമി ഇപ്പോൾ അട്ടപ്പാടിയിലെ ആളുകളുടെ പേരിലുണ്ട്. വിവിധ ആളുകൾക്ക് ഒരേ രീതിയിലുള്ള രേഖകളാണ് കൊടുത്തിരിക്കുന്നത്. അതിലെ പ്രശ്നങ്ങളെല്ലാം പരിഹരിക്കണം. കൃത്യമായ ഇതിന്റെ സർവ്വേ നടത്തി ആദിവാസികളുടെ ഭൂമി ഏതാണെന്ന് യാഥാർത്ഥ്യം അംഗീകരിക്കുന്നതിനുവേണ്ടിയാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അത്തരമൊരു സമീപനം സ്വീകരിച്ചത്. യാതൊരു നടപടിയും സ്വീകരിക്കാതെ ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാതെ ഈ

യൂണിറ്റ് എന്തിനാണ് ഗവൺമെന്റ് പിരിച്ചുവിട്ടതെന്നതിനെ സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രി മറുപടി പറയണം. ജനകീയ പ്രശ്നങ്ങൾക്ക് മുമ്പിൽ മുഖംതിരിച്ചുനിൽക്കുന്ന സർക്കാരാണ്. ചിലരുടെ കാര്യം വന്നാൽ ഗവൺമെന്റിന് വലിയ സ്നേഹമാണ്. കടകംപള്ളി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ടുള്ള കേസ് തിരുവനന്തപുരം സി.ബി.ഐ. കോടതിയിൽ നടക്കുകയാണ്. സി.ബി.ഐ. തിരുവനന്തപുരത്ത് പ്രത്യേക കോടതിയിൽ സമർപ്പിച്ച എഫ്.ഐ.ആർ.-ൽ ഈ കേസിൽ മുഖ്യമന്ത്രിയുടെ ഓഫീസ് റവന്യൂ ഉദ്യോഗസ്ഥരുമായി ചേർന്ന് ഗൂഢാലോചന നടത്തിയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസിൽ റവന്യൂ ഉദ്യോഗസ്ഥരും തമ്മിൽ ഗൂഢാലോചന, സലിംരാജിന് ഉന്നത ബന്ധം- ദുരുപയോഗം ചെയ്തു. കേസെടുക്കാൻപോലും പോലീസ് തയ്യാറായില്ല, ശ്രീ. വർക്കല കഹാർ എം.എൽ.എ.-യുടെ ബന്ധുക്കളിൽ പ്രതികളായ 7 പേരും സർക്കാർ ഉദ്യോഗസ്ഥരാണ്. തട്ടിപ്പ് സംബന്ധിച്ച് നിരവധി പരാതികൾ വന്നിട്ടും യാതൊരു നടപടിയുമെടുക്കാൻ ഗവൺമെന്റ് തയ്യാറായില്ല. കോടതിയിൽ സി.ബി.ഐ. കൊടുത്ത റിപ്പോർട്ടിലാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. ഇത്തരമൊരു സ്ഥിതിവിശേഷം നിലിൽക്കുമ്പോഴും ഗവൺമെന്റ് ഫലപ്രദമായ രൂപത്തിൽ പ്രവർത്തിക്കുന്നില്ല. ശക്തമായിട്ടുള്ള നടപടി സ്വീകരിക്കേണ്ടേ; ഗവൺമെന്റ് ഈ നിലയിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ഗുരുതരമായ പ്രശ്നങ്ങൾ കേരളീയ സമൂഹത്തിനുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള ശക്തമായ നടപടി സ്വീകരിക്കണം. ഗവൺമെന്റ് ആ നിലയിലുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ജനദ്രോഹകരമായ ഭരണത്തിന് പിന്തുണകൊടുക്കുന്ന ഈ

ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഇവിടെ കഴിഞ്ഞ മൂന്ന് ദിവസങ്ങളായി ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള നിരവധി ചർച്ചകൾ നടക്കുന്നുണ്ട്. ഈ ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് വൻപരാജയം ഏറ്റുവാങ്ങേണ്ടിവന്നു. ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റാണ്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അപ്പുറത്തുള്ളയാളുകൾ ഇടതുപക്ഷത്തെ നോക്കി ഉപദേശങ്ങൾ ചൊരിയുകയാണ്. ഫാസിസത്തിനെതിരെ ഒന്നിച്ചണിനിരക്കണമെന്ന് അപ്പുറത്തുള്ളയാളുകളുടെ ആഹ്വാനം. ഫാസിസത്തിനെതിരായ സമരത്തിലും പോരാട്ടത്തിലും ഇടതുപക്ഷജനാധിപത്യപ്രസ്ഥാനത്തെ ആരും ഉപദേശിക്കേണ്ട കാര്യമില്ല. അണ്ണാൻകുഞ്ഞിനെ മരംകയറ്റം പഠിപ്പിക്കേണ്ട കാര്യമില്ല. ഇടതുപക്ഷജനാധിപത്യ പ്രസ്ഥാനം എല്ലാകാലത്തും വർഗ്ഗീയതയ്ക്കും ഫാസിസത്തിനുമെതിരെ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുള്ളതാണ്. ഇടതുപക്ഷജനാധിപത്യമുന്നണിയും പ്രസ്ഥാനവും എല്ലാകാലത്തും വർഗ്ഗീയതയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുള്ള പ്രസ്ഥാനമാണ്. 2004–ൽ യു.പി.എ. ഗവൺമെന്റ് ഇടതുപക്ഷത്തിന്റെ പിന്തുണയിലാണ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നത്. 2004 മുതൽ 2009 വരെയുള്ള 5 വർഷക്കാലത്തെ ഭരണത്തിനിടയിൽ ഇടതുപക്ഷപ്രസ്ഥാനവും കോൺഗ്രസ്സും തമ്മിലുണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ കോമൺ മിനിമം പരിപാടിവച്ചുകൊണ്ടാണ് 5 വർഷം യു.പി.എ. ഗവൺമെന്റ് കേന്ദ്രം ഭരിച്ചത്. അങ്ങനെവരെ ഭരിച്ച് ജനങ്ങളെ സമീപിച്ചപ്പോൾ കോൺഗ്രസ്സിന് വീണ്ടും ഭൂരിപക്ഷം കിട്ടി. ഈ കോമൺ മിനിമം പരിപാടി ഫലപ്രദമായ രൂപത്തിൽ നടപ്പിലാക്കിയപ്പോൾ അതിന്റെ ക്രെഡിറ്റ് മുഴുവൻ

കോൺഗ്രസ്സിനാണ് കിട്ടിയത്. എന്നാൽ ഇടതുപക്ഷജനാധിപത്യപ്രസ്ഥാനം കാലാകാലമായി ഉയർത്തിപ്പിടിക്കുന്ന സാമ്രാജ്യത്വവിരുദ്ധ നിലപാടിന് തുരങ്കം വയ്ക്കുന്ന ആണവകരാറുമായി മുന്നോട്ടുപോകാൻ തീരുമാനിച്ച പ്പോൾ ഇടതുപക്ഷ ജനാധിപത്യപ്രസ്ഥാനം ഈ ഗവൺമെന്റിനുള്ള പിന്തുണ പിൻവലിച്ചു. അങ്ങനെ പിൻവലിച്ചപ്പോൾ, ഭൂരിപക്ഷം നഷ്ടപ്പെട്ടപ്പോൾ ലോക്സഭയിൽ കള്ളക്കളി നടത്തി തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷമുണ്ടാക്കി 2009-ൽ വീണ്ടും അധികാരത്തിൽ വന്നു. ഇടതുപക്ഷത്തിന്റെ പിന്തുണയില്ലാ തെയാണ് 5 വർഷം ഭരിച്ചത്. ഇൻഡ്യാരാജ്യം കണ്ട ഏറ്റവും വലിയ അഴിമതി യാണ് നമ്മുടെ രാജ്യത്ത് പിന്നീട് കാണാൻകഴിഞ്ഞത്. രൂക്ഷമായ, ഭീകര മായ അഴിമതിയാണ് ആകാശത്തും ഭൂമിയിലും, ഭൂമിക്കടിയിൽ പാതാള ത്തിലും നടത്തിയിട്ടുള്ളത്. അഴിമതി നടത്തിയ ഏകപാർട്ടി ലോകത്തുണ്ടെ ങ്കിൽ അത് കോൺഗ്രസ്സാണ്. 2-ജി സ്പെക്ട്രം അഴിമതിയുടെ പേരിൽ ശൂന്യാകാശത്ത്, ആദർശ് ഫ്ളാറ്റ് കുംഭകോണത്തിന്റെ പേരിൽ ഭൂമിയിൽ, കൽക്കരി കുംഭകോണത്തിന്റെ പേരിൽ ഭൂമിക്കടിയിൽ-പാതാളത്തിൽ, ആകാ ശത്തും ഭൂമിയിലും പാതാളത്തിലും അഴിമതി നടത്തിയ ലോകത്തെ ഏക പാർട്ടി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണ്, അതിന്റെ ദുരന്തമാണ് ഇന്ന് കോൺഗ്രസ്സ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. വെറുതെ ഇടതുപക്ഷപ്രസ്ഥാനത്തെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. നിത്യോപയോഗ സാധനങ്ങൾക്ക് രൂക്ഷമായ വിലക്കയറ്റം. അത് ഇടതുപക്ഷപ്രസ്ഥാനത്തിന്റെ പിന്തുണയിലാണോ? യു.പി.എ. ഗവൺമെന്റ് ഒറ്റയ്ക്ക് ഭരിച്ചപ്പോൾ പൊതുവിതരണ സംവിധാനം അട്ടിമറിച്ചു. നിത്യോപയോഗസാധനങ്ങൾ ജനങ്ങൾക്ക് ന്യായവിലയ്ക്കെത്തിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടി

സ്വീകരിച്ചില്ല. ആ നിലയിൽ ജനവിരുദ്ധഭരണം ഏറ്റവും ശക്തമായ രൂപത്തിൽ രാജ്യത്ത് ഉയർന്നുവന്നപ്പോൾ അതിനെതിരായ ജനവികാരമാണ് ഈ പാർലമെന്റ് തെരഞ്ഞെടുപ്പിലുണ്ടായത്. അതിന്റെ ഭാഗമായാണ് കോൺഗ്രസ്സ് തകർന്ന് തരിപ്പണമായത്. വൻമരമായിരുന്ന കോൺഗ്രസ്സ് നമ്മുടെ രാജ്യത്ത് അണിയില്ലാത്ത പനപോലെയായി. മഹാരാഷ്ട്രയിലെ കലാവതിക്ക് വൈദ്യുതി കൊടുക്കാൻ ആണവകരാർ കൊണ്ടു വരണമെന്നാണ് പറഞ്ഞത്. മഹാരാഷ്ട്രയിലെ കലാവതിക്ക് വൈദ്യുതി കിട്ടിയോ; ഇപ്പോൾ ആണവകരാർ നടപ്പിലാക്കിയപ്പോൾ കേരളത്തിലെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് നമ്മുടെ നാട്ടിൽ കറന്റില്ലാതെ അമ്പരന്ന് നിൽക്കുകയാണ്. ഇനി മഴ പെയ്യുമെന്ന് പ്രതീക്ഷിച്ചാണ് ശ്രീ. ആര്യാടൻ മുഹമ്മദ് നിൽക്കുന്നത്. നമ്മുടെ നാട്ടിൽ മഴ പെയ്തില്ലെങ്കിൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയുണ്ടാകും. ആ നിലയിൽ ഗുരുതരമായ പ്രശ്നങ്ങളാണ് നമ്മുടെ രാജ്യത്ത് ഉയർന്ന് വന്നുകൊണ്ടിരിക്കുന്നത്. ഇവിടെ മുൻ എം.എൽ.എ.-യും എം.പി.-യുമായിരുന്ന ശ്രീ. പി. റ്റി. തോമസ് പറഞ്ഞത് കോൺഗ്രസ്സ് ഒറ്റുകാരുടെ കൂടാരമാണെന്നും, വിശ്വസിച്ച് കൂടെ നിർത്തിയവർ പിന്നിൽനിന്ന് കുത്തിയതുകൊണ്ടാണ് എനിക്ക് ഇടുക്കി സീറ്റ് നഷ്ടമായതെന്നും കാരണംപറയാതെ സീറ്റ് നിഷേധിച്ചതിന് ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയുമടക്കം കുറ്റക്കാരാണെന്നും വീണുപോയ എന്നെ വീണ്ടും അക്രമിച്ചുവെന്നുമാണ്. ഇത് ശ്രീ. പി. റ്റി. തോമസ് എന്ന കോൺഗ്രസ്സിന്റെ നേതാവ് ഇന്നത്തെ കോൺഗ്രസ്സിനെ സംബന്ധിച്ച് പറഞ്ഞതാണ്. അതുപോലെതന്നെ കൊല്ലം ജില്ലയിൽ ഒരു കോൺഗ്രസ്സ് നേതാവ് ഡി.സി.സി. മെമ്പർ ശശീന്ദ്രബാബു പോലീസിനോട് പറഞ്ഞത് ഞാൻ കോടികൾ സമ്പാദിച്ചത് കോൺഗ്രസ്സ് നേതാക്കൻമാരുടെ

പണമിടപാടുകളിലൂടെയാണ് എന്നാണ്. ഇത് തമിഴ്നാട്ടിൽ ഒളിവിൽ കഴിയുമ്പോൾ പോലീസ് പിടിയിലായ ഡി.സി.സി. അംഗമായ ശശീന്ദ്രബാബു വെളിപ്പെടുത്തിയതായി പോലീസ് പറഞ്ഞതാണ്. നാണമുണ്ടോ നമ്മുടെ നാട്ടിലെ കോൺഗ്രസ്സുകാർക്ക്?

ഇപ്പോൾ കോൺഗ്രസ്സിന് രണ്ട് ജനറൽ സെക്രട്ടറിമാർകൂടി വന്നിട്ടുണ്ട്. ശ്രീ. പി. സി. വിഷ്ണുനാഥും ശ്രീ. എം. ലിജുവും. അതുപോലെ ശ്വേതാമേനോൻ ഫെയിം ശ്രീ. എൻ. പീതാംബരക്കുറുപ്പ് വൈസ് പ്രസിഡന്റായിട്ടുണ്ട്. ഇവിടെ കോൺഗ്രസ്സിന് ജനറൽ സെക്രട്ടറിമാർ എത്രയാണ്? എന്റെ നാടായ ആലത്തൂരിൽ കോർട്ട് റോഡ്, മെയിൻ റോഡ്, ബാങ്ക് റോഡ് എന്നിങ്ങനെ 3 റോഡുകളുണ്ട്. കോർട്ട് റോഡിലും മെയിൻ റോഡിലും ബാങ്ക് റോഡിലും ഓരോരോ സെക്രട്ടറിമാർ. കോൺഗ്രസ്സ് സെക്രട്ടറിമാരുടെ യോഗം വിളിക്കണമെങ്കിൽ പുത്തരിക്കണ്ടം മൈതാനത്ത് പോകണം. കെ.പി.സി.സി.-യുടെ യോഗം വിളിക്കണമെങ്കിൽ അത് പുത്തരിക്കണ്ടം മൈതാനത്തു വേണമെന്നാണ് ശ്രീ. കെ. മുരളീധരൻ പറയുന്നത്. ഒരു ബസ് ആക്സിഡന്റായാൽ അതിനകത്ത് കോൺഗ്രസ്സിന്റെ ഒരാളുണ്ടാകുമെന്ന് പറഞ്ഞത് അപ്പുറത്തിരിക്കുന്ന പ്രമുഖരായ നേതാക്കൻമാരാണ്. ഈ നിലയിലാണ് കോൺഗ്രസ് പൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേരളത്തെ രക്ഷിക്കാൻ ശക്തമായ നിലപാട് സ്വീകരിക്കേണ്ടിവരും. കോൺഗ്രസ്സുമായി കൂട്ടുകൂടിയതിനെ ന്യായീകരിച്ച് ആർ.എസ്.പി.-യുടെ നേതാവ് ശ്രീ. എ. എ. അസീസ് ഇവിടെ പ്രസംഗിക്കുകയുണ്ടായി. കുറച്ചു വർഷങ്ങൾക്കുമുമ്പ് പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പ് സമയത്ത് ശ്രീ. പ്രണബ്

മുഖർജിക്ക് ഇടതുപക്ഷം പിന്തുണ കൊടുക്കാൻ തീരുമാനിച്ചു. അന്ന് ഞങ്ങളെല്ലാം പ്രണബ് മുഖർജിക്ക് വോട്ട് ചെയ്ത ആളുകളാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തീരുമാനം അട്ടിമറിച്ച് പ്രണബ് മുഖർജിക്ക് വോട്ട് ചെയ്യാതെ മാറിനിന്ന, ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ആളുകളാണ് ഒരു നാണവുമില്ലാതെ കോൺഗ്രസ്സിന്റെകൂടെ ഇപ്പോൾ കൂടിയിരിക്കുന്നത്. എന്നിട്ടിപ്പോൾ പറയുകയാണ് ഞങ്ങൾ സി.പി.ഐ.–യും സി.പിഐ.(എം.)–ഉം ഒക്കെ കോൺഗ്രസിന്റെ കൂടെ വരണമായിരുന്നുവെന്ന്. അതിന് വേറെ ആളെ നോക്കിയാൽ മതി. ഞങ്ങളെ സംബന്ധിച്ച് എന്താണ് ചെയ്യേണ്ടതെന്ന് ഞങ്ങൾക്കറിയാം. പിന്നെ അപ്പുറത്ത് കാലുമാറിപ്പോയ ആളുകൾ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തെ ജീർണ്ണതബാധിച്ച പ്രസ്ഥാനമായിട്ടാണ് വിശദീകരിച്ചത്. ശ്രീ. സെൽവരാജിന്റെ പ്രസംഗം ഞാൻ കേട്ടു. ശ്രീ. സെൽവരാജ് ചെന്നുപെട്ട ജീർണ്ണതയില്ലാത്ത മഹത്തായ പ്രസ്ഥാനമാണ് കോൺഗ്രസ്സ്. ശ്രീ. സെൽവരാജ് കോൺഗ്രസ്സിൽ ചേരുമ്പോൾ 206 എം. പി.–മാർ ഉണ്ടായിരുന്നു. ഇപ്പോഴത് 44 ആയി. കോൺഗ്രസിനെ ന്യായീകരിക്കാൻ ശ്രീ. സെൽവരാജ് ഇവിടെ പല അഭിപ്രായപ്രകടനങ്ങളും നടത്തുകയുണ്ടായി. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ, ഇനി വിശദാംശങ്ങൾ വേണ്ട. പ്ലീസ് .....കൺക്ലൂഡ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ അവസാനിപ്പിക്കാം. 2009–ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി 4 സീറ്റിൽ ജയിച്ചു. 2011–ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യമുന്ന

ണിക്ക് 68 സീറ്റും ഇപ്പോൾ 8 സീറ്റും കിട്ടിയിട്ടുണ്ട്. ആ നിലയ്ക്ക് 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് 136 സീറ്റാണ് കിട്ടാൻ പോകുന്നത്. അതിൽ യാതൊരു സംശയവുമില്ല. ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം ഒരിഞ്ചുപോലും പുറകോട്ടുപോകില്ല. ശക്തമായ രൂപത്തിൽ മുന്നോട്ടുപോകും. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, കുറച്ചുദിവസങ്ങളായി നടന്ന ബഡ്ജറ്റ് ചർച്ചകളിന്മേൽ ഉയർന്നുവന്ന വിമർശനങ്ങളും നിർദ്ദേശങ്ങളും വളരെ ഗൗരവമായി ഗവൺമെന്റ് കണക്കിലെടുക്കുകയും അത് ഉൾക്കൊള്ളുകയും ചെയ്യുന്നു. ഇവിടെ പല നല്ല നിർദ്ദേശങ്ങളും വരികയുണ്ടായി. ഡോ. ടി. എം. തോമസ് ഐസക് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് സ്ഥാപിക്കാനാണ് ശ്രമിച്ചത്. അദ്ദേഹം ഇന്നുമാത്രമല്ല ഈ ഗവൺമെന്റ് വന്നപ്പോൾ മുതൽ സാമ്പത്തിക പ്രതിസന്ധി, ട്രഷറി അടച്ചുപൂട്ടും തുടങ്ങിയ മുദ്രാവാക്യങ്ങളാണ് ഉരുവിട്ടു കൊണ്ടിരിക്കുന്നത്. എന്നാൽ ട്രഷറിയിതുവരെ അടച്ചിട്ടില്ല. ട്രഷറിയിൽ 1,600 കോടി രൂപവരെ ഇപ്പോഴും ബാലൻസുണ്ട്. എല്ലാ ഗവൺമെന്റുകളുടെയും കാലഘട്ടങ്ങളിൽ കൃത്യം കൃത്യമായായാണോ കരാറുകാർക്ക് കൊടുത്തു കൊണ്ടിരിക്കുന്നത്. കുറച്ച് താമസംവരുന്നത് സ്വാഭാവികമാണ്. ലോൺ എടുത്തതിനെപ്പറ്റിയായിരുന്നു ഡോ. ടി. എം. തോമസ് ഐസക്കിന്റെ മറ്റൊരു വിമർശനം. കേരളത്തിന്റെ ലിമിറ്റ് 14,000 കോടി രൂപയാണ്.

ലോണെടുക്കുകയെന്നുപറയുന്നത് പ്ലാനിംഗ് കമ്മീഷൻതന്നെ ഓരോ ഗവൺമെന്റുകൾക്ക്, ഓരോ സ്റ്റേറ്റിനും അനുവദിച്ചുകൊടുത്തിരിക്കുന്നതാണ്. ലോണെന്നുപറയുന്നത് പ്ലാൻ റിസോഴ്സാണ്. ലോൺ എടുക്കുന്നതിൽ കുഴപ്പ മൊന്നുമില്ല. കേരളം 14,000 കോടിരൂപയിൽ 3,200 കോടിരൂപയാണ് ഇതു വരെ എടുത്തിരിക്കുന്നത്. ഫസ്റ്റ് ക്വാർട്ടറിൽ മാർജിനിലായി കുറച്ച് കൂടുതൽ വന്നുവെന്നേയുള്ളു. അതിനൊന്നും കുഴപ്പമില്ല. ഇക്കണോമിക് സ്ലോ ഡൗൺ ഇവിടെ മാത്രമല്ല ലോകമൊട്ടാകെ വന്നിരിക്കുന്നതാണ്. ആ സ്ലോ ഡൗണിന്റെ ഫലമായി റവന്യൂ ഗ്രോത്തിൽ അല്പം കുറവുണ്ടായിട്ടുണ്ട്. എൽ.ഡി.എഫ്. പോകുമ്പോൾ 400 കോടി രൂപയാണ് ബിൽ കൊടുത്തു തീർക്കാനുണ്ടായിരുന്നത് എന്ന് ഡോ. ടി. എം. തോമസ് ഐസക് വിസ്മരിക്കരുത്. 5,000 കോടി രൂപയുടെ എ.എസ്.-ന്റെ ബാധ്യതയാണ് എന്റെ ചുമലിൽ വച്ചത്. ആ ബാധ്യത മുഴുവൻ ചുമന്നുകൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ഞാൻ ഇത്രയും നാൾ കഴിഞ്ഞത്. ഒരു മുടക്കവും ഉണ്ടാക്കിയിട്ടില്ല. അപ്പോൾ ഇതൊന്നും വിസ്മരിക്കരുതെന്നു മാത്രമാണ് ഡോ. ടി. എം. തോമസ് ഐസക്കിനോട് എനിക്ക് പറയാനുള്ളത്. 1,125 കോടി രൂപയുടെ പെൻഡിംഗ് ബില്ലാണ് കൊടുത്തുതീർക്കാനുള്ളത്. 2013 ജൂലൈ വരെയുള്ളത് കൊടുത്തു. ആഗസ്റ്റ് മാസത്തെ ഉടൻ കൊടുക്കും. അങ്ങനെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതെല്ലാം കൊടുത്തുതീർത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇവിടെയെല്ലാം തകർന്നു, ഒരു കാലത്തുമില്ലാത്ത സാമ്പത്തിക പ്രതിസന്ധി എന്നൊന്നും പറയരുത്. വാട്ടർ റിസോഴ്സിനെ സംബന്ധിച്ച് ആഗസ്റ്റ് മാസം വരെയുള്ളത് കൊടുത്തു. സെപ്റ്റംബർ മാസത്തേത് ഉടൻ കൊടുക്കും. നികുതി

പിരിവിന്റെ കാര്യത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. 2013–14–ലെ ഒറിജിനൽ ടാർജറ്റ് 28,490 കോടി രൂപയായിരുന്നു. റിവൈസ്ഡ് ടാർജറ്റ് 26,686 കോടിരൂപ ആണ്. അച്ചീവ്മെന്റ് –വാണിജ്യനികതി വകുപ്പിന് 25,376 കോടി രൂപയുടെ വരുമാനം കൈവരിക്കാൻ സാധിച്ചു. ഇത് 95 ശതമാനമാണ് ഇതിന്റെ അച്ചീ വ്മെന്റ് എന്നുള്ളത് ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്. ആ നിലയ്ക്ക് പറയുമ്പോൾ ഈ ഗവൺമെന്റിനെ ഒരിക്കലും കുറ്റപ്പെടുത്താൻ കഴിയില്ല. നികുതി വളർച്ച 2014 ഏപ്രിൽ–മേയ് മാസങ്ങളിൽ 9.88 മാത്രമേയുള്ളൂ വെന്നാണ് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. അത് ശരിയല്ല. ഞാൻ അത് പരിശോധിച്ചു. ഏപ്രിൽ മാസത്തിലെ 16 ശതമാനവും മേയ് മാസത്തിലെ 10 ശതമാനവും കൂടിച്ചേർത്ത് 12 ശതമാനം ഗ്രോത്ത് കൊമേഴ്സ്യൽ ടാക്സസിൽ കൈവരിക്കാൻ സാധിച്ചു. ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതിനേക്കാൾ കൂടുതലുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റിൽ 55 ശതമാനം വളർച്ച എങ്ങനെ വന്നുവെന്ന് അത്ഭുതത്തോടുകൂടി ഡോ. ടി. എം. തോമസ് ഐസക് ചോദിക്കുകയുണ്ടായി. 313 ബാർ ലൈസൻസ് കൊടുത്ത പ്പോൾ.... ഓരോ ബാർ ലൈസൻസിനും 25 ലക്ഷം രൂപവീതമാണെന്നു തോന്നുന്നു. ആ ഫീസ് വന്നപ്പോൾ ഒരുപാട് രൂപ കിട്ടി. ടാക്സ് കളക്ഷൻ ദേശീയ രംഗത്ത് നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. വാറ്റ് ആന്റ് നോൺ വാറ്റ്. മുമ്പ് 21 ശതമാനത്തിൽ ഉയർന്നുനിന്ന വാറ്റ് കേന്ദ്രത്തിൽ 2013 –14–ൽ 12.4 ശതമാനമായി കുറഞ്ഞു. കേന്ദ്രഗവൺമെന്റിന്റെ വരുമാനം താഴോട്ട് വന്നു. ആ സ്ഥാനത്ത് കേരളത്തിന്റേത് 19 ശതമാനമാണ്. ഡോ. ടി.

എം. തോമസ് ഐസക്, അതിൽ നമ്മളെ അഭിനന്ദിക്കൂ. കേന്ദ്രത്തിൽ 12 ശതമാനവും കേരളത്തിൽ 19 ശതമാനവുമാണ്. അതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. നികുതി പിരിവിൽ അല്പം കുറവുണ്ടെങ്കിലും ഞാൻ അതിനെക്കാൾ കൂടുതലാണ് പ്രതീക്ഷിച്ചത്. അതിന് ചില കാരണങ്ങളുണ്ട്. വിദേശമദ്യത്തിന്റെ  വരുമാനത്തിൽ വന്ന കുറവാണ് ഒന്നാമത്തെ കാരണം. ലിക്വറിന്റെ കൺസംപ്ഷൻ കുറയുന്നുവെന്ന് പറയുമ്പോൾ സന്തോഷമുണ്ട്. പക്ഷേ ഗവൺമെന്റിന്റെ വരുമാനം കുറഞ്ഞു. ബിവറേജസ് കോർപ്പറേഷന്റെ ബിസിനസ് ടേൺ ഓവർ കുറഞ്ഞു. 2013–14–ൽ വിൽപനയുടെ വോളിയം ഒരുശതമാനം കുറഞ്ഞു. ഒറിജിനൽ ടാർജറ്റുമായി താരതമ്യം ചെയ്യുമ്പോൾ 920 കോടി രൂപയുടെ കുറവാണ് ബിവറേജസിൽ നിന്നുമുണ്ടായിരിക്കുന്നത്. ഗവൺമെന്റിന് 920 കോടി രൂപയുടെ കുറവുണ്ടായെങ്കിലും സമൂഹം നന്നാകട്ടെ, കുടിക്കുന്നത് കുറഞ്ഞിട്ടുണ്ടെങ്കിൽ അത് നല്ല ലക്ഷണമാണ്. സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി മോട്ടോർവാഹന വില്പനയിൽ കുറവുണ്ടായി. ഇപ്പോൾ പഴയതുപോലെ മോട്ടോർ വാഹനങ്ങളുടെ കൊടുക്കൽ വാങ്ങൽ ബിസിനസ് നടക്കുന്നില്ല.

മുൻപ് 23 ശതമാനം വളർച്ചയായിരുന്നു മോട്ടോർ വാഹനക്കച്ചവട ത്തിൽ ലഭിച്ചിരുന്നത്. 2013–14–ൽ വളർച്ചയേയില്ല നെഗറ്റീവിലേയ്ക്ക് പോകുക യാണ്.  ഇതുമൂലം 611 കോടി രൂപയാണ് നഷ്ടമുണ്ടായത്. മുൻപ് പറഞ്ഞത് 900 കോടിരൂപയുടെ നഷ്ടം. റബ്ബറിന്റെ വിലയിടിവ്, റബ്ബറിൽ നിന്നുള്ള വരു മാനം മുൻവർഷത്തേ അപേക്ഷിച്ച് 22 ശതമാനം കുറവുണ്ടായി.  കെട്ടിട

നിർമ്മാണ മേഖലയിലെ തളർച്ച; അതുപോലെ അരിയിന്മേലുള്ള നികുതി എടുത്ത് കളഞ്ഞതിന്റെ ഫലമായി 100 കോടി രൂപയുടെ വരുമാനം കുറഞ്ഞു. വർക്ക്സ് കോൺട്രാക്ടിൽ നിന്നുള്ള നികുതി കുറഞ്ഞു. 3 വർഷത്തിൽ കൂടുതലായി നികുതി കോംപൗണ്ട് ചെയ്യുന്ന സ്വർണ്ണ വ്യാപാരികൾക്ക് അനുവദിച്ച നികുതി സൗജന്യം കൊണ്ട് വരുമാനം കുറഞ്ഞു. അവശ്യ സാധനങ്ങൾ പ്രത്യേകിച്ച് ഭക്ഷ്യ എണ്ണ, പയർവർഗ്ഗങ്ങൾ, മൈദ, ആട്ട എന്നിവയുടെ നികുതി നിരക്ക് ഒരു ശതമാനമായി കുറച്ചതുകൊണ്ട് നികുതി കുറഞ്ഞു. അപ്പോൾ ഇതൊക്കെയാണ് ഇതിന്റെ കാരണം. അല്ലാതെ നികുതി ഡിപ്പാർട്ടുമെന്റിന്റെ അഡ്മിനിസ്ട്രേഷന്റെ ഒരു പോരായ്മയും കൊണ്ടല്ല, it is beyond the control of the Government. സ്വാഭാവികമായ മറ്റ് കാരണങ്ങളാൽ നികുതി വരുമാനം കുറഞ്ഞു. ഡോ. തോമസ് ഐസക്കിനറിയാം. അദ്ദേഹം നല്ല വിവരം ഉള്ള ആളാണ്. പക്ഷെ പ്രതിപക്ഷത്ത് നിന്ന് സംസാരിക്കുമ്പോൾ പ്രത്യേകിച്ചും തന്റെ സക്സസർക്കെതിരെ രണ്ടസ്ത്രം എയ്യണമല്ലോ; എയ്തില്ലെങ്കിൽ ഒക്കുമോ? അദ്ദേഹം അതുപറഞ്ഞുവെന്നല്ലാതെ ദുരുദ്ദേശമൊന്നും ഞാനതിൽ ആരോപിക്കുന്നില്ല. ഡോ. തോമസ് ഐസക്ക് കെ.എഫ്.സി. ഡയറക്ടർ ബോർഡ് അംഗമായ കൊട്ടാരക്കര പൊന്നച്ചന്റെ പേരിൽ ഉണ്ടായിട്ടുള്ള വാളകത്തെ ഒരു റിസോർട്ട് ലോണുമായി ബന്ധപ്പെട്ട് ഒരു ആരോപണം പറഞ്ഞു. ഞാൻ അത് വളരെ ഗൗരവമായി കാണുകയാണ്. ഞാൻ ഡോക്ടർ പറഞ്ഞതിൽ അവിശ്വസിക്കുന്നില്ല. അതിന്റെ നിജസ്ഥിതി എന്ത് എന്നുള്ളതിനെ സംബന്ധിച്ച് തീർച്ചയായിട്ടും ഞാൻ അന്വേഷിക്കും. ആവശ്യമായ നടപടികൾ അതിനുണ്ടാകും. 2014-15 കളക്ഷൻ മെച്ചപ്പെടുത്തുന്നതിനുള്ള തീവ്രപരിപാടി സംബന്ധിച്ച് ഇവിടെ പല മെമ്പർമാരും വളരെ ക്രിയേ

റ്റീവായിട്ടുള്ള നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി. നമുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ചില നടപടികൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. വലിയ വ്യാപാരവും ക്ലോസിംഗ് സ്റ്റോക്കും ഉള്ളതും എന്നാൽ കുറഞ്ഞ ലാഭം കണക്കിൽ കാണിക്കുന്നവരായിട്ടുള്ളതുമായ വ്യാപാരികളെ ഐഡന്റിഫൈ ചെയ്യുക. ക്രോണിക് ഡിഫാൽട്ടേഷനെയും ക്രൈം ഫയലുകളിന്മേലും പിടിമുറുക്കുക. ഓഡിറ്റ് അസസ്മെന്റ് ഇൻസ്പെക്ഷൻ അസസ്മെന്റ് പൂർത്തിയാക്കലുമെല്ലാം ഈ ഫസ്റ്റ് ക്വാർട്ടറിൽ നടത്താം എന്നുള്ള നിർദ്ദേശം കർശനമായി ഡിപ്പാർട്ടുമെന്റിന് നൽകിയിട്ടുണ്ട്. ഫയലുകളുടെ ശാസ്ത്രീയ തരംതിരിക്കലുകൾ നടത്തണം എന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇക്കണോമിക് ഇന്റലിജൻസ് വിംഗിനെ പ്രവർത്തനക്ഷമമാക്കാനും ഊർജ്ജ്വസ്വലമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വലിയ തുകകൾ ഇൻവോൾവ് ചെയ്തിട്ടുള്ള അപ്പീൽ സ്റ്റേകൾ ചെയ്തിട്ടുള്ള വെക്കേറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡിസ്പോസൽ ഓഫ് റിമാന്റഡ് കേസുകൾ അത് സ്പീഡിൽ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. വെട്ടിപ്പിന് കൂടുതൽ സാധ്യതയുള്ള സ്റ്റീൽ, പ്ലൈവുഡ് ഇവ കൊണ്ടുപോകുന്നതിന് ഓൺ–ലൈൻ ഡെലിവറി നോട്ട് കംപൽസറി ആക്കിയിട്ടുണ്ട്. വെഹിക്കിൾ ചെക്കിംഗ് ഇന്റൻസിഫൈ ചെയ്തിട്ടുണ്ട്. വർക്ക്സ് കോൺട്രാക്റ്റ്, മെറ്റൽ കൺസ്ട്രക്റ്റേഴ്സ് ഇതിലെ ലൂപ്പ് ഹോൾസ് പ്ലെഡ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി സൗജന്യം ക്ലെയിം ചെയ്യുന്നവർ സ്റ്റാറ്റ്യൂട്ടറി ഫോം സമർപ്പിക്കണം, അത് സ്ട്രിക്റ്റാക്കിയിട്ടുണ്ട്. മേജർ ചെക്ക് പോസ്റ്റുകളിൽ ടേക്ക് ഓവർ, ഓവർ ചെക്കിംഗ് കൂടെക്കൂടെ നടത്തണം എന്ന് വളരെ സ്ട്രക്റ്റായിട്ടുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഫിസിക്കൽ വേരിഫിക്കേഷൻ നടത്തണമെന്നുള്ളതും നിർദ്ദേശമായി നൽകിയിട്ടുണ്ട്. ഓൺ–ലൈൻ

വ്യാപാരം സ്ട്രിക്റ്റായി വാച്ച് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പാസഞ്ചർ വാഹനത്തിൽ കൂടിയും റെയിൽവേയിൽ കൂടിയുമുള്ള കടത്ത് കർശനമായി തടയും. ഫോറം 16 വാങ്ങലുകൾ ഇൻസ്പെക്ഷൻ വിംഗിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കും. റിട്ടേൺ നൽകാതെ വീഴ്ച വരുത്തുന്നവരുടെ വാഹനങ്ങൾ ചെക്ക് പോസ്റ്റുകളിൽ തടഞ്ഞിടും. ഈ രീതിയിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റ് കളക്ഷനെ സംബന്ധിച്ചിടത്തോളം 976 കോടി രൂപ ചെക്ക് പോസ്റ്റിൽ അഡ്വാൻസ് ടാക്സ് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. സെക്യൂരിറ്റി ഡിപ്പോസിറ്റ് 45 കോടിരൂപ ഉൾപ്പെടെ 1021 കോടി രൂപ ചെക്ക് പോസ്റ്റ് കളക്ഷനായി ലഭിച്ചിട്ടുണ്ട്. വാളയാർ സംയോജിത ചെക്ക് പോസ്റ്റ്, നിരീക്ഷണ ക്യാമറകൾ വച്ച് നിരീക്ഷണം കൂടുതൽ ശാസ്ത്രീയമാക്കണം എന്നൊക്കെ ഇവിടെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് തുടങ്ങി പല ബഹുമാനപ്പെട്ട മെമ്പർമാരും അഭിപ്രായ പ്രകടനങ്ങൾ നടത്തുകയുണ്ടായി. വാഹന നമ്പർ പ്ലേറ്റ് രേഖപ്പെടുത്തുക, വെയിംഗ് ബ്രിഡ്ജുകളിലൂടെ ലഭ്യമാകുന്ന തൂക്കം രേഖപ്പെടുത്തുക തുടങ്ങിയവയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ചെക്ക് പോസ്റ്റുകളിലൂടെയുള്ള നീക്കം നിരീക്ഷണ വിധേയമാക്കുന്നതാണ്. അവ ഫലപ്രദമായി ഏകോപിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുന്നതാണ്. നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചു വരികയാണ്. ഓഫീസുകളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരികയാണ്. സംയോജിത ചെക്ക് പോസ്റ്റകൾ അമരവിളയിൽ ആരംഭിച്ചു, മഞ്ചേശ്വരത്ത് 9 ഏക്കർ സ്ഥലം ഏറ്റെടുത്തു. വാളയാറിൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ നടന്നു വരികയാണ്. ആര്യങ്കാവിൽ ഇതുവരെ സ്ഥലം ലഭ്യമായിട്ടില്ല. വഴിക്കടവ് എൽ.എ.

നടപടികൾ ഇനിഷ്യേറ്റ് ചെയ്തുകഴിഞ്ഞു. അവിടെയും പുരോഗതിയുണ്ട്. വെയിംഗ് ബ്രിഡ്ജ് വാളയാറിൽ 3 എണ്ണം, ഗോവിന്ദപരും, ഗോപാലപുരം, മീനാക്ഷിപുരം, നടുത്തുടി, കൂട്ടുപുഴ, മഞ്ചേശ്വരം എന്നിവിടങ്ങളിൽ രണ്ടെണ്ണം വീതവും സ്ഥാപിച്ചിട്ടുണ്ട്. 20-05-2014-ൽ ഡിസ്ട്രിക്ട് കളക്ടർമാരുടെ യോഗം കൂടുകയും നികുതി പിരിവ് ഊർജ്ജസ്വലമാക്കുന്നതിനെപ്പറ്റിയുള്ള വിശദമായ ചർച്ചകൾ നടത്തുകയും ഒരു ആക്ഷൻ പ്ലാൻ തന്നെ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കളക്റ്റബിൾ ബാലൻസിന്റെ 50 ശതമാനമെങ്കിലും എത്രയും പെട്ടെന്ന് പിരിച്ചെടുക്കണമെന്നുള്ള നിർദ്ദേശമാണ് കൊടുത്തിരിക്കുന്നത്. അതുപോലെ തന്നെ എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ റിപ്പോർട്ട് ഗിഫ്റ്റ്-ന് അയച്ചുകൊടുത്തിട്ടുണ്ട്. അവരുടെ സ്റ്റഡി റപ്പോർട്ട് ലഭിച്ചു കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, ചെക്ക് പോസ്റ്റുകൾ വളരെ പ്രധാനപ്പെട്ട കാര്യമാണ്. അത് തമിഴ്നാടിന്റെ അതിർത്തിയിൽ തന്നെ ഉണ്ടാകേണ്ടതുമാണ്. അതിൽ നിന്നും വ്യത്യസ്തമായി മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ ചെക്ക് പോസ്റ്റ് 40 കിലോമീറ്റർ മാറിയാണ് വച്ചിരിക്കുന്നത്. അതിന് കുഴപ്പം എന്താണെന്ന് വച്ചാൽ അത്രയും ചുറ്റളവിലുള്ള മലയാളികൾ തമിഴ്നാട്ടുകാരായി മാറുകയാണ്. അതിനെപ്പറ്റി പലപ്രാവശ്യവും ചർച്ച ചെയ്തിട്ടുള്ളതാണ്. അത് നേരത്തെ ഇരുന്ന സ്ഥലത്തേയ്ക്ക് തന്നെ മാറ്റിയാൽ കൂടുതൽ ടാക്സ് വരാനുള്ള സാഹചര്യം ഉണ്ടാകുമെന്ന് പറയപ്പെടുന്നു. അങ്ങ് ഇത് പ്രത്യേകം പരിഗണിക്കുമോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി. സർ, പ്രത്യേകം പരിഗണിക്കാം. അതിനുവേണ്ട നടപടികൾ സ്വീകരിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാന അതിർത്തിയിൽ നിന്ന് 60 കിലോമീറ്റർ മാറിയാണ് ചെക്ക്പോസ്റ്റുള്ളത്. നമ്മുടെ നാട്ടുകാർതന്നെ ഇവിടെ ചെക്കിംഗിന് വിധേയരാകുന്നു. കർഷകരെ വളരെയധികം പീഡിപ്പിക്കുന്നു, അവർക്ക് വളരെ പ്രയാസമുണ്ടാക്കുന്നുണ്ട്. ഈ ചെക്ക്പോസ്റ്റ് സംസ്ഥാന അതിർത്തിയിലേയ്ക്ക് തന്നെ മാറ്റാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: തിങ്കളാഴ്ച ഉദ്യോഗസ്ഥരുമായി ഒരുമിച്ച് ഇരുന്ന് ചർച്ച ചെയ്ത് ഉടൻ തന്നെ അതിനുവേണ്ട നടപടികൾ സ്വീകരിക്കാം. ഗിഫ്റ്റിനെ സംബന്ധിച്ച് ഉന്നയിച്ച ചില ആക്ഷേപങ്ങളുണ്ട്. ഡോ. ഐസക് ഗിഫ്റ്റിന്റെ ഡയറക്ടർ നാരായണയെ ആ സ്ഥാനത്തുനിന്നും ഞാൻ മാറ്റി എന്ന് അങ്ങ് പറഞ്ഞത് എനിക്ക് ഹൃദയവേദനയുണ്ടാക്കി. നാരായണയെ ഞാൻ മാറ്റിയില്ല. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയെത്തുടർന്നാണ് നാരായണ പോകേണ്ടി വന്നുവെന്നുള്ളത് ശരിയാണ്. ഞാൻ മാറ്റിയില്ല. അദ്ദേഹത്തിന്റെ യോഗ്യത കോടതിയിൽ ചോദ്യം ചെയ്തു. സെലക്ഷൻ കമ്മിറ്റിയെപ്പറ്റി ആക്ഷേപമുണ്ടായി. സെലക്ഷൻ കമ്മിറ്റിയെപ്പറ്റി കോടതി പറഞ്ഞത് ഇങ്ങനെയാണ്. Search Committee should not allow it to be denigrated to the position where it will act with carp reach and will follow no procedure at all. ഈ നിലയിൽ സെർച്ച് കമ്മിറ്റിയെപ്പറ്റി കോടതി വളരെയധികം ............

ഡോ. ടി. എം. തോമസ് ഐസക്: സർ, ഡിവിഷൻ ബഞ്ച് പറഞ്ഞതെന്താണെന്ന് പറയുമോ?

ശ്രീ. കെ. എം. മാണി: ഡിവിഷൻ ബഞ്ച് പറഞ്ഞതിനെ സംബന്ധിച്ച് പരിശോധിച്ചിട്ട് പറയാം. ഡോ. ജോസ് ജേക്കബിന് താൽക്കാലിക ചുമതലകൊടുത്തു. കോടതി ഇക്കാര്യം പരിശോധിക്കുകയും അതിന് അപാകതയില്ലെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ഡോ. ജോസ് ജേക്കബ് മോശക്കാരനൊന്നുമല്ല. സി.ഡി.എസ്-ൽ പ്രോജക്ട് അസോസിയേറ്റായും പ്രോജക്ട് സൂപ്പർവൈസറായും ഐ.എം.ജി-യിൽ സീനിയർ റിസർച്ച് ഫെലോ ആയും പ്രവർത്തിച്ചിട്ടുള്ള ആളാണ്. കെ.എഫ്.സി-യിൽ നിന്നും ലോൺ എടുത്തതിനെ സംബന്ധിച്ച്........

ഡോ. ടി. എം. തോമസ് ഐസക്: പ്രോജക്ട് അസിസ്റ്റന്റ്, റിസർച്ച് അസിസ്റ്റന്റ് എന്നൊക്കെ പറഞ്ഞാൽ........

ശ്രീ. കെ. എം. മാണി: It is a policy of the Government. As far as I am concerned, I am satisfied with his performance. അതുകൊണ്ട് ഡോ. തോമസ് ഐസക്കിന് അഭിപ്രായവ്യത്യാസമുണ്ടായേക്കാം; കെ.എഫ്.സി.യിൽ നിന്നും ലോൺ അനുവദിച്ചത് സംബന്ധിച്ച് കൊട്ടാരക്കര പൊന്നച്ചനെ ബന്ധപ്പെടുത്തിയുണ്ടായ ഒരു ആരോപണം ഇവിടെ വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഗിഫ്റ്റ് ഗവേണിംഗ് ബോഡി വളരെ നല്ലതായിരുന്നു. ഇപ്പോൾ രൂപീകരിച്ചിട്ടുള്ള ഗവേണിംഗ് ബോഡിയിൽ മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസിലെ ഡയറക്ടർ, ബാഗ്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ആന്റ് ഇക്കണോമിക് ചെഞ്ചിന്റെ ഡയറക്ടർ, ഹൈദ്രബാദ് സെന്റർ ഫോർ ഫിനാൻസ് ആന്റ് ഇക്കണോമിക്സ് സ്റ്റഡീസിന്റെ ഡയറക്ടർ

തുടങ്ങിയ പ്രശസ്തരായ ആളുകളെയുംമറ്റുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഡോ. തോമസ് ഐസക് ഇതൊന്നും മനസിലാക്കാതെ വെറുതേ പറയരുത്.

ഡോ. ടി. എം. തോമസ് ഐസക്: നേരത്തേ നിലനിന്നിരുന്ന ഗവേണിംഗ് ബോഡിയെ റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ അങ്ങേയ്ക്ക് എന്തവ കാശമാണുള്ളത്?

ശ്രീ. കെ. എം. മാണി: ഗവൺമെന്റെടുത്ത നടപടികളൊക്കെ ശരിയാ ണെന്നാണ് ഗവൺമെന്റിന് ബോദ്ധ്യം. ഇനി കൂടുതൽ സമയം ഞാൻ എടു ക്കുന്നില്ല. പ്രതിപക്ഷത്തുനിന്നും നല്ല നിർദ്ദേശങ്ങളാണ് വന്നത്, ഡോ.തേമസ് ഐസക്കിന് പ്രത്യേകം നന്ദി. അദ്ദേഹം പല പോയിന്റുകളും പറഞ്ഞതുകൊ ണ്ടാണല്ലോ ഇവിടെ നല്ല ചർച്ച വന്നത്. പ്രതിപക്ഷത്തിനും പ്രത്യേകമായ നന്ദി.

ശ്രീ. കെ. സുരേഷ് കുറുപ്പ്: റബ്ബറിന് വിലയിടിഞ്ഞ് കൃഷിക്കാർ ദുരിത ത്തിലായതിന്റെ പുറമേയാണ് ലാറ്റക്സിനും റബ്ബർ തടിക്കും വാങ്ങൽ നികുതി എന്നുപറഞ്ഞ് ഇരട്ടി നികുതി വാങ്ങുകയാണ്. ഇത് കൃഷിക്കാർ തന്നെ കൊടു ക്കേണ്ടി വന്നിരിക്കുന്നു. ഇത് മാണി സാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം; അതിനൊരു പരിഹാരം കാണണം.

ശ്രീ. മാത്യൂ. റ്റി. തോമസ്: സർ, കെ.എസ്.ആർ.ടി.സി-യുടെ റിവൈവലി നുവേണ്ടി സർക്കാർ ഒരു പാക്കേജ് തയ്യാറാക്കിയിട്ടുണ്ടെന്നും ആ പാക്കേജിന് ധനകാര്യ വകുപ്പ് അനുമതി കൊടുക്കാത്തതുകൊണ്ടാണ് മുന്നോട്ടുപോകാൻ കഴിയാത്തതെന്നുമുള്ള ഒരു വാർത്തയുണ്ട്. കെ.എസ്.ആർ.ടി.സി-യുടെ റിവൈവൽ പാക്കേജിനെ സഹായിക്കുക എന്നുള്ളതാണോ ഗൺമെന്റിന്റെ പോളിസി, അതൊന്നു വ്യക്തമാക്കാമോ?

ശ്രീ. രാജു എബ്രഹാം: സർ, ബഡ്ജറ്റിന്റെ പൊതുചർച്ചയുടെ മറുപടിയിൽ എം.എൽ.എ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യം ഉടൻ പരിഗണിക്കാമെന്ന് പറഞ്ഞിരുന്നു. അതിന്റെ കോസ്റ്റ് എസ്ക്കലേഷൻ മാത്രം നോക്കിയാൽ 8 കോടി രൂപയാക്കിയാലും ഒരു തകരാറുമുണ്ടാകില്ല. അതിന് അടിയന്തരമായി അങ്ങയുടെ നല്ല മറുപടി പ്രതീക്ഷിക്കുകയാണ്.

ശ്രീ. കെ. എം. മാണി: നല്ല മറുപടിയെന്നുപറഞ്ഞാൽ ഞാൻ പറയുന്ന മറുപടി എല്ലാവർക്കും ഇഷ്ടപ്പെട്ടുവെന്ന് വരികയില്ല. എന്നിരുന്നാലും എന്നാൽ കഴിയുന്നത് നോക്കാം. ഞാനൊരിക്കലും കുഴപ്പമായി പറയുകയില്ല. പ്രതിപക്ഷം പറയുന്ന നല്ല കാര്യങ്ങൾ സ്വീകരിക്കും. കൃഷിക്കാരുടെ നികുതി സംബന്ധിച്ച് പറഞ്ഞു, കൃഷിക്കാരുടെമേൽ ഒരുപാട് നികുതിയുണ്ട്. ഒരു കേരളാ കോൺഗ്രസ്സ് പ്രവർത്തകനെന്ന നിലയിൽ പറയുകയാണെങ്കിൽ കൃഷിക്കാരുടെ മേലുള്ള നികുതി പാടില്ല, അത് എടുത്തു കളയണം എന്നു തന്നെയാണ് എന്റെ അഭിപ്രായം. അതുകൊണ്ടാണ് കാർഷികാദായ നികുതിയിൽ നിന്ന് വ്യക്തികളെയൊക്കെ ഒഴിവാക്കി മാതൃകയായത്. പക്ഷേ ഒരു ധനകാര്യ മന്ത്രിയുടെ സ്ഥാനത്തിരുന്നുകൊണ്ട്... തന്നെയുമല്ല ഇതൊരു കൂട്ടുകക്ഷി ഗവൺമെന്റുമാണ്, എനിക്ക് ഒറ്റയടിക്ക് ഒന്നും ചെയ്യാനൊക്കില്ല. ഓരോ കാര്യങ്ങളെ സംബന്ധിച്ചും ചില പരിമിതികളുണ്ട്. ഇതൊക്കെ പറയാം, ഇതിന് പിന്നിലുള്ള സ്പിരിറ്റ് ഞാൻ ഉൾക്കൊള്ളുന്നു, അതിനെ ഞാൻ ആദരിക്കുന്നു. കെ.എസ്.ആർ.ടി.സി. റിവൈവൽ വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. ഏതായാലും റിവൈവൽ പാക്കേജ് വരട്ടെ. സ്പൂൺ ഫീഡിംഗ് പോലെ കുറേശ്ശേമാത്രം രൂപ കൊടുക്കാതെ......... അങ്ങനെ കെ.എസ്.ആർ.ടി.സി.-യെ നിലനിർത്താൻ ഗവൺമെന്റിന് കഴിയില്ല. അങ്ങനെ നിലനിൽക്കാൻ കെ.എസ്.

ആർ.ടി.സി–ക്കും പറ്റില്ല. അതുകൊണ്ട് ഒരു റീസ്ട്രക്ച്ചറിംഗ് പാക്കേജ് കൊണ്ടുവരുന്നതിന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അതുസംബന്ധിച്ച കാര്യങ്ങൾ വളരെ വിദഗ്ദ്ധമായി പരിശോധിക്കുന്നുണ്ട്. അദ്ദേഹം അതിന്റെ പാക്കേജ് കൊണ്ടുവരുന്നുണ്ട്. അപ്പോൾ നമുക്കത് സംബന്ധിച്ച് പരിശോധി ക്കാം. എം.എൽ.എ–യുടെ അസറ്റ് ഫണ്ട് വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് പെട്ടെന്ന് എനിക്ക് മറുപടി പറയാവുന്ന വിഷയമല്ല. അതിനെപ്പറ്റി ആലോചി ക്കാം. ഈ ബഡ്ജറ്റ് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, റവന്യൂ വകുപ്പിന്റെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് ചർച്ചയിൽ പങ്കെടുത്ത മുഴു വൻ സാമാജികർക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ബഹുമാനപ്പെട്ട അംഗങ്ങൾ നടത്തിയ നിരീ ക്ഷണങ്ങൾ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഏറെ പ്രയോജനമുണ്ടാകു മെന്ന് ഞാൻ വിശ്വസിക്കുകയാണ്. വിമർശനങ്ങളുടെ അന്ത:സത്ത ഉൾക്കൊണ്ടും പ്രോത്സാഹനങ്ങളുടെ ഊർജ്ജംപേറിയും മുന്നോട്ടുപോകാൻ പരമാവധി ശ്രമിക്കുന്നതാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ അഭിമാനകര മായ പല കാര്യങ്ങളും റവന്യൂ വകുപ്പിൽ എനിക്ക് ചെയ്യാൻ കഴിഞ്ഞുവെന്ന് ഉറപ്പിച്ചു പറയാൻ കഴിയും. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി അതുതന്നെ യാണ് ഏറ്റവും പ്രധാനപ്പെട്ടത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ സ്വപ്നപദ്ധതി യാണ് ഭൂരഹിതരില്ലാത്ത കേരളം കെട്ടിപ്പടുക്കുക എന്നുള്ളത്. 2011 – ൽ യു. ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നടത്തിയ നയപ്രഖ്യാപന ത്തിലാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ

കൾ ക്ഷണിച്ചു. അപേക്ഷകൾ ലഭിച്ചതനുസരിച്ച് വില്ലേജ് തലങ്ങളിലും താലൂക്ക് തലങ്ങളിലും പരിശോധനകൾ നടത്തി. അർഹതപ്പെട്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ അർഹതപ്പെട്ടവരായി കണ്ടെത്തിയത് 233232 കുടുംബങ്ങളെയായിരുന്നു. എന്നാൽ നിരവധി പാവപ്പെട്ട ആളുകൾ മുഖ്യമന്ത്രിയേയും എന്നേയും കണ്ട്, അറിവില്ലായ്മകൊണ്ട് സമയത്ത് അപേക്ഷ കൊടുക്കുവാൻ കഴിഞ്ഞില്ല അതിനായി  ഒരവസരം കൂടി നൽകണമെന്നാവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നൽകുവാനുള്ള അവസരം 15.12.2013 വരെ ദീർഘിപ്പിച്ചുകൊടുത്തു. രണ്ടാം ഘട്ടത്തിൽ ലഭിച്ച അപേക്ഷകൂടി പരിശോധിച്ചു കഴിഞ്ഞപ്പോൾ  243928 പേർ അർഹതപ്പെട്ടവരെന്നു കണ്ടെത്തി.  ഇവർക്ക് ഭൂമി കണ്ടെത്തുക എന്നത് ഏറ്റവും ഭാരിച്ച ഒരു ഉത്തരവാദിത്തമായി മാറി. ഒരു സ്പെഷ്യൽ ഓഫീസറെ ഇക്കാര്യത്തിനായി നിയോഗിച്ചു. അദ്ദേഹം എല്ലാ ജില്ലകളിലും പരിശോധിച്ച് സർക്കാരിന്റെ അധീനതയിലുള്ള ഭൂമി കണ്ടെത്തുവാൻവേണ്ട നടപടികൾ സ്വീകരിച്ചു. ഇതുകൂടാതെ ഞാൻ 14 ജില്ലകളിലും എത്തിച്ചേർന്ന് വില്ലേജ് ഓഫീസർ വരെയുള്ളവരേയും റവന്യൂ ജീവനക്കാരേയും സർവ്വേ ജീവനക്കാരേയും വിളിച്ചു ചേർത്ത് സർക്കാരിന്റെ  ഈ സ്വപ്നപദ്ധതിയുമായി സഹകരിക്കുവാൻ അഭ്യർത്ഥന നടത്തി. എല്ലാവരുടേയും സഹകരണത്തോടെ സംസ്ഥാനത്തെ 100000 ആളുകൾക്ക്  ഭൂമികൊടുക്കുവാൻ കഴിയുന്ന തരത്തിൽ ഭൂമി കണ്ടെത്താൻ നടപടി സ്വീകരിച്ചു.  എന്നാൽ നിർഭാഗ്യമെന്നുപറയട്ടെ വലിയ എതിർപ്പുകളെയാണ് നേരിടേണ്ടി വന്നത്. അനധികൃതമായി ഭൂമി കൈവശം വച്ചിരുന്നവരിൽ ചിലർ കോടതിയെ സമീപിക്കുകയും  സ്റ്റേ ഉത്തരവുകൾ സമ്പാദിക്കുകയും ചെയ്തു. മറ്റു ചിലയിടങ്ങളിൽ ഭൂമി കണ്ടെത്തിയ

ഇടങ്ങളിൽ ചില രാഷ്ട്രീയ പാർട്ടിനേതാക്കന്മാരുടെ നേതൃത്വത്തിൽ പാവങ്ങൾക്ക് ഭൂമി കൊടുക്കുവാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ട് പ്രക്ഷോഭങ്ങൾ ആരംഭിച്ചു. അതിനുവേണ്ടി..... ........ആരാണെന്ന് ഇപ്പോൾതന്നെ പറയണമെങ്കിൽ പറയാം. നിങ്ങൾ ചോദിച്ചത് നന്നായി. വെങ്ങാനൂർ പഞ്ചായത്തിൽ 140 ഫ്ളോട്ടുകൾ കണ്ടെത്തി. അവിടുത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മംഗലത്തുകോണം രാജു എന്നാണ് അദ്ദേഹത്തിന്റെ പേര്. അവിടെ ഒരു ആക്ഷൻ കമ്മിറ്റിയുണ്ടാക്കി. അതിന്റെ ചെയർമാൻ, ഈ നിയമസഭയെ പ്രതിനിധാനം ചെയ്യാൻ ഭാഗ്യം കിട്ടിയ ശ്രീ. വെങ്ങാനൂർ ഭാസ്ക്കരൻ ആയിരുന്നു. അദ്ദേഹം അതിനെ തടഞ്ഞു. അതിന് അദ്ദേഹം പറഞ്ഞ കാരണം ഇപ്പോൾ ഇവിടെ കോളനികൾ ഉണ്ട്. ഇനിയും കോളനി ഞങ്ങൾക്കാവശ്യമില്ലെന്നാണ്. പാവപ്പെട്ടവർക്ക് ഭൂമികൊടുക്കാൻ സർക്കാർ തീരുമാനിച്ചത് പട്ടികജാതിക്കാർക്ക് മാത്രമായി ഏതെങ്കിലും മേഖല തിരിച്ച് കൊടുക്കാൻ നിർദ്ദേശം കൊടുത്തുകൊണ്ടായിരുന്നില്ല. എല്ലാവരേയും ഒരുപോലെ കണ്ട് പാവങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകാനാണ് ഞങ്ങൾ തീരുമാനിച്ചത്.

എന്നാൽ ഈ പദ്ധതിയെ എതിർത്തവർ മന:പ്പൂർവ്വമായി മേൽപ്പറഞ്ഞ വിധം പ്രചാരണം നടത്തിയതാണോ എന്ന് ഞാൻ സംശയിക്കുന്നു. കാരണം പാവങ്ങൾക്ക് ഒന്ന് കയറികിടക്കുവാൻ ഇടം കൊടുക്കുന്ന പദ്ധതി തകർക്കുവാൻ നടത്തിയ നിഗൂഢശ്രമങ്ങളായി ഞാൻ ഇതിനെ കാണുകയാണ്.

> "പാമ്പുകൾക്ക് മാളമുണ്ട് പറവകൾക്ക് ആകാശമുണ്ട്
> മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല" –

എന്ന് പാടി നടന്നവരെ കേരളത്തിലെ പാവങ്ങൾ എങ്ങനെ നോക്കിക്കാണുമെന്ന് നമുക്കുറപ്പുണ്ട്. പല പഞ്ചായത്തുകൾക്കും നേതൃത്വം കൊടുക്കുന്ന

വരും ഈ നിയമസഭയെ പ്രതിനിധാനം ചെയ്ത് ഞാൻ നേരത്തേ സൂചിപ്പിച്ചവരുടെയുമൊക്കെ എതിർപ്പുകൾ ഒക്കെ അവഗണിച്ചുകൊണ്ട് തന്നെയാണ് കണ്ടെത്തിയ ഭൂമി, അതായത് കേസിൽപ്പെടാത്ത ഭൂമി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചത്. 2013 സെപ്റ്റംബർ മാസം 30-ാം തീയതി ബഹുമാന്യയായ യു.പി.എ.യുടെ അദ്ധ്യക്ഷയായ സോണിയാഗാന്ധി തിരുവനന്തരപുരത്തുവച്ച് ഈ പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം നിറവേറ്റുകയുണ്ടായി. അതിനുശേഷം പല ജില്ലകളിലും കണ്ടെത്തിയ ഭൂമി പല ഘട്ടങ്ങളിലായി വിതരണം ചെയ്യുകയുണ്ടായി. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 28-02-2014-നാണ് പാലക്കാട് ജില്ലയിൽ കണ്ടെത്തിയ ഭൂമി വിതരണം ചെയ്തത്. അവസരത്തിൽ നിരവധി പാവപ്പെട്ടയാളുകൾ തങ്ങൾക്കുകൂടി ഭൂമി കിട്ടാൻ അവസരം ഉണ്ടാക്കിത്തരണമെന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിയുടെ മുമ്പിൽ ആവശ്യങ്ങളുന്നയിച്ചു. മുഖ്യമന്ത്രി ഞാനുമായി ആലോചിച്ചുകൊണ്ട് വീണ്ടും അപേക്ഷ നൽകാനുള്ള അവസരം 2014 മാർച്ച് മാസം 31-വരെ നീട്ടിക്കൊടുത്തു. ഏതാണ്ട് അറുപതിനായിരത്തിലധികം അപേക്ഷകൾകൂടി ഈ കാലഘട്ടത്തിൽ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളുടെ പരിശോധന ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. എല്ലാം കൂടി കണക്കാക്കുമ്പോൾ ഏകദേശം മൂന്നുലക്ഷത്തോളം വരുന്ന ആളുകൾക്ക് ഭൂമി കണ്ടെത്തേണ്ടതായി വരുന്നുണ്ട് എന്ന കാര്യം അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്നാംഘട്ടത്തിൽത്തന്നെ കേരളത്തിലെ രണ്ട് ജില്ലകൾ സമ്പൂർണ്ണമായി ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞു. അതിൽ ഒന്ന് കണ്ണൂർ ജില്ലയും മറ്റൊന്ന് കാസർഗോഡ് ജില്ലയുമാണ്. ഇന്ത്യയിലെ തന്നെ ഭൂരഹിതരായി ആരുമി

ല്ലാത്ത ആദ്യത്തെ രണ്ടുജില്ലകളായി കണ്ണൂർ ജില്ലയും കാസർഗോഡ് ജില്ലയും മാറുകയുണ്ടായി. ഈ പദ്ധതികളുടെ പൂർത്തീകരണത്തിന് ഇനിയും പതിനായിരം ഏക്കർ ഭൂമി കണ്ടെത്തേണ്ടതായിട്ടുണ്ട്. കേരളത്തിലെ പാവങ്ങൾക്കു വേണ്ടി ഈ പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുമ്പോൾ എല്ലാവരുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്. രാഷ്ട്രീയ പാർട്ടികൾ, സാമൂഹ്യ സംഘടനകൾ, അതിനേക്കാൾ ഉപരിയായി ബഹുമാനപ്പെട്ട കോടതിയിൽ നിന്നും ഇക്കാര്യത്തിൽ നീതിയുക്തമായ തീരുമാനങ്ങൾ പ്രതീക്ഷിക്കുകയാണ്. ഇന്ന് നിരവധിയാളുകൾ അവരുടെ കൈവശമുള്ള ഭൂമിയിൽ നിന്നും സ്വയം വിട്ടുതരാൻ മുമ്പോട്ടുവരുന്നവരുണ്ട്. ഈ സഭയിലെ തന്നെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ബി. അബ്ദുൾ റസാക് രണ്ടേക്കർ ഭൂമി തന്ന് മാതൃക കാണിക്കുകയുണ്ടായി. അദ്ദേഹത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ മാതൃക കൂടുതലാളുകൾക്ക് ഒരു പ്രചോദനമായി മാറട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്. അതിന് ഒരു തുടക്കം കുറിച്ചത് റവന്യൂ വകുപ്പിലെ തന്നെ ഒരു വില്ലേജ് ഓഫീസറാണ്. ഭൂരഹിതരില്ലാത്ത കേരളം രാജ്യത്തെ ആദ്യമാതൃകാ പദ്ധതി എന്ന നിലയ്ക്ക് ശ്രദ്ധ നേടിക്കഴിഞ്ഞിട്ടുണ്ട്. ഈ മാതൃകാ പദ്ധതിയിൽ സഹകരിച്ചുകൊണ്ട് കൂടുതൽ പേർ തങ്ങളുടെ സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ സാഹചര്യത്തിൽ മറ്റുള്ളവർക്ക് മാതൃകയാകുന്നവരുടെ കൂട്ടത്തിൽ പങ്ക് ചേരാൻ ഞാനും ആഗ്രഹിക്കുന്നു. എന്റെ കൈവശമുള്ള ഭൂമിയുടെ ഒരു ഭാഗം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി വിട്ടുകൊടുക്കാൻ തീരുമാനിച്ചതായി ഞാൻ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. എന്തായാലും ഈ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഇതുപൂർണ്ണമായും നടപ്പാക്കുക തന്നെ

ചെയ്യുമെന്ന് ഈ സഭയ്ക്ക് ഉറപ്പുതരികയാണ്. ഇവിടെ പല അംഗങ്ങളും ഇവിടെ ഭൂമി കൊടുത്തതിനെക്കുറിച്ച് വളരെ വിമർശനത്തോടുകൂടി, ബഹുമാന്യനായ പി. തിലോത്തമൻ അടക്കമുള്ള ആളുകൾ ഇവിടെ പറയുകയുണ്ടായി. ആലപ്പുഴ ജില്ലയിൽ ഏഴുപേർക്ക് മാത്രമേ ഭൂമികൊടുത്തുള്ളൂ എന്ന് അദ്ദേഹം പറഞ്ഞു. ആലപ്പുഴ ജില്ലയിൽ 256 പേർക്ക് കണ്ടെത്തിയ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. മറ്റുള്ള ജില്ലകളിൽ, കണ്ണൂർ ജില്ലയിൽ 10133 പേർക്കാണ് പട്ടയം കൊടുത്തത്. അത്രയും അപേക്ഷകരാണ് ഉണ്ടായിരുന്നത്. അതുപോലെ തന്നെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 73 പേരുണ്ടായിരുന്നു. അവർക്ക് ഒരേക്കർ ഭൂമി കൊടുത്തു. കാസർഗോഡ് 10271 പേർ അപേക്ഷകരായുണ്ടായിരുന്നു. മുഴുവൻ ആളുകൾക്കും അവിടെ ഭൂമി കൊടുത്തു. ബാക്കിയുള്ള ജില്ലകളുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ ഇപ്പോൾ കടന്നുപോകുന്നില്ല. മറ്റ് പ്രധാനപ്പെട്ട ചർച്ചാവിഷയമായി ഇവിടെ വന്നിട്ടുള്ളത് പട്ടയം കൊടുക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടാണ്. ഈ സർക്കാർ വന്നതിനുശേഷം കഴിഞ്ഞ മൂന്നുവർഷക്കാലത്തിനുള്ളിൽ 109397 പട്ടയങ്ങൾ കേരളത്തിൽ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ്, നിങ്ങളുടെ ഭരണകാലഘട്ടത്തിൽ അഞ്ചുവർഷം കൊണ്ട് കൊടുക്കാൻ കഴിഞ്ഞത് 84606 പട്ടയങ്ങൾ മാത്രമാണ്. പട്ടയവിതരണ കാര്യത്തിൽ ഇതൊരു അവസാന വാക്കായി ഞാൻ പറയുന്നില്ല. .....(ബഹളം).....

ശ്രീ. സി. ദിവാകരൻ: രേഖ മേശപ്പുറത്ത് വയ്ക്കണം.

<u>ശ്രീ. അടൂർ പ്രകാശ്</u>: വയ്ക്കാം. വയ്ക്കുന്നതിന് ഒരു കുഴപ്പവുമില്ല.....(ബഹളം).... ഇതൊക്കെ രേഖകൾ ഉള്ളതാണ്. കമ്മീഷണറേറ്റിലും മറ്റും രേഖകൾ ഉള്ളതാണ്. കാര്യങ്ങൾ പറയുമ്പോൾ ഇങ്ങനെ ചൊടിച്ചിട്ട് കാര്യമുണ്ടോ? ഞാൻ ഒരു കാര്യം പറയുന്നു, പട്ടയവിതരണ കാര്യത്തിൽ ഈ ഗവൺമെന്റ് ഇന്ന് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വളരെ ത്വരിതഗതിയിൽ നടപ്പാക്കിക്കൊണ്ട് ബഹുമാന്യരായ അപ്പുറത്തുള്ള അംഗങ്ങളും ഇപ്പുറത്തുള്ള അംഗങ്ങളും ഓരോ മേഖലയിലും പട്ടയങ്ങൾ കൊടുക്കുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ എത്രയും വേഗത്തിൽ പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കും. അതുപോലെ ഇ-ഡിസ്ട്രിക്ട് പദ്ധതി, ആധുനിക സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാരിൽ എത്തിക്കുന്നതിനുള്ള ഒരു പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്തൊട്ടാകെ ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട 23 സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തുവരുന്നത്. ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പാക്കുവാൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയപ്പോൾ ഓരോ സംസ്ഥാനത്തും രണ്ട് ജില്ലകൾ വീതം എടുത്തുകൊണ്ട് പൈലറ്റ് പ്രോഗ്രാം എന്നുള്ള നിലയിൽ നടപ്പാക്കുവാനാണ് നിർദ്ദേശം തന്നത്. പക്ഷേ നമ്മൾ ചെയ്തത് പതിന്നാല് ജില്ലകളും ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പാക്കുവാനുള്ള തീരുമാനമെടുത്തു. അത് നടപ്പാക്കി. കേരളം ഇന്ത്യയ്ക്ക് മാതൃകയായി മാറ്റിയെടുക്കുവാൻ ചുരുങ്ങിയ കാലഘട്ടം കൊണ്ട് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈയവസരത്തിൽ അപേക്ഷ സ്വീകരിക്കാൻ അക്ഷയകേന്ദ്രങ്ങളെയാണ് ചുമതലപ്പെടുത്തിയത്. ഇന്നലെ വരെ 17-06-2014 വരെയുള്ള കണക്കുകൾ 7549063 അപേക്ഷക

ളാണ് അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭിച്ചത്. 6594988 സർട്ടിഫിക്കറ്റുകൾ ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഈ സഭയിൽത്തന്നെ ഇന്ന് ബഹുമാന്യനായ അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നു. അതുപോലെ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ച നിരവധിയംഗങ്ങൾ അക്ഷയകേന്ദ്രങ്ങളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. സർട്ടിഫിക്കറ്റുകൾ വേഗം കിട്ടുന്നതിന് നടപടി ഉണ്ടാകണമെന്ന് പറഞ്ഞു. ഇന്ന് അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് പലപ്പോഴും വില്ലേജ് ഓഫീസ് ഒരു ഭാഗത്തായിരിക്കും, നാലും അഞ്ചും കിലോമീറ്ററുകൾ ദൂരത്തുനിന്നും ആളുകൾ വന്ന് അക്ഷയകേന്ദ്രത്തിൽ അപേക്ഷ കൊടുക്കാനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കഴിഞ്ഞ ദിവസവും ഈ വിഷയം സഭയിൽ ഉയർന്നുവന്നതാണ്. അതുകൊണ്ട് വില്ലേജ് ഓഫീസുകളുമായി ബന്ധപ്പെട്ടുകൊണ്ട് ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതാണ്. കമ്പ്യൂട്ടർ ഉള്ളവർക്ക് അവരവരുടെ വീടുകളിൽ ഇരുന്നുകൊണ്ട് ഇന്റർനെറ്റ് സംവിധാനം ഉപയോഗിച്ചുകൊണ്ട് 'സർട്ടിഫിക്കറ്റ് അറ്റ് ഹോം' എന്ന ഒരു പദ്ധതി ഇവിടെ നടപ്പാക്കുവാൻ വേണ്ടി ഏർപ്പാടുകൾ ഉണ്ടാക്കുകയാണ്. വീടുകളിൽ ഇരുന്നാലും അവർക്ക് സർട്ടിഫിക്കറ്റുകൾ എടുക്കുവാനുള്ള സംവിധാനം ഒരുക്കുന്നതാണ്. അതിന് മറ്റു ചില സാങ്കേതികമായ കാര്യങ്ങൾ കൂടി ഒരുക്കുവാനുണ്ട്. ആ സാങ്കേതിക കാര്യങ്ങൾ എന്നുപറയുമ്പോൾ പണം അടയ്ക്കുന്ന കാര്യങ്ങളാണ്. ബാങ്കുകളുമായി ലിങ്ക് ചെയ്തുകൊണ്ട് ആ സാങ്കേതിക കാര്യം കൂടി പൂർത്തീകരിച്ചാൽ 'സർട്ടിഫിക്കറ്റ് അറ്റ് ഹോം' എന്ന പദ്ധതി കൂടി നടപ്പാക്കുന്നതാണ്. അതുപോലെ റവന്യൂ ഇ–പേയ്മെന്റ് സിസ്റ്റം, വസ്തുവിന്റെ കരം,

ബിൽഡിംഗ് ടാക്സ്, റവന്യൂ റിക്കവറി തുടങ്ങിയവ ഓൺലൈൻ ആയി അടയ്ക്കുവാനുള്ള സംവിധാനമായ റവന്യൂ ഇ-പേയ്മെന്റ് സിസ്റ്റം, മിഷൻ 676-ന്റെ ഭാഗമായി എല്ലാ ജില്ലകളിലും നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുകയാണ്. ഇതിനായി ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ ഐ.ടി. വകുപ്പിന്റെ സഹായത്തോടെ ത്വരിതപ്പെടുത്തുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷനുൾപ്പെടെയുള്ള പല അംഗങ്ങളും സംസാരിച്ചപ്പോൾ കടലാക്രമണം, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് ഇവയൊക്കെയുണ്ടാകുന്നയവസരത്തിൽ ആളുകളെ മാറ്റിപ്പാർപ്പിക്കാനുള്ള ഒരിടത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ടിന്റെ കീഴിൽ കേരളത്തെക്കൂടി ഉൾപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് 2009-ൽ അപേക്ഷ നൽകിയതാണ്. എന്നാൽ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്രത്തിനുമുമ്പിൽ സമർപ്പിച്ചിരുന്നില്ല. 2012-ൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ യു.പി.എ. സർക്കാർ ഈ പദ്ധതിക്കായി 133 കോടി രൂപ അനുവദിച്ചു തന്നിട്ടുണ്ട്. അതിൽ 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി കേരളത്തിന് അനുവദിച്ചതിൽ മുൻ കേന്ദ്ര ആഭ്യന്തര സഹമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ വഹിച്ച പങ്ക് പ്രത്യേകമായി ഞാൻ ഈ സന്ദർഭത്തിൽ സ്മരിക്കുകയാണ്. തീരദേശ പ്രദേശങ്ങളിൽ കടലാക്രമണം, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് തുടങ്ങിയവയുണ്ടാകുമ്പോൾ ജനങ്ങളെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കാൻ ഉറപ്പുള്ള കെട്ടിടങ്ങൾ ഈ പദ്ധതിയിൻകീഴിൽ

നിർമ്മിക്കാൻ കഴിയും. അതോടൊപ്പം ഇത്തരം കെട്ടിടങ്ങളിലേയ്ക്ക് എത്തിച്ചേരുവാനായി 500 മീറ്റർ ചുറ്റളവിൽ ഉയർന്ന നിലവാരമുള്ള റോഡുകൾ നിർമ്മിക്കുവാനും കഴിയും. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ സെന്ററുമായി ബന്ധപ്പെട്ടു കൊണ്ടുള്ള പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ ലഭ്യമാകും. റീ–സർവ്വേയെക്കുറിച്ച് ഇവിടെ ഒരുപാട് ചർച്ചകൾ നടന്നു. ഭരണപക്ഷത്തും പ്രതിപക്ഷത്തുമിരിക്കുന്ന ബഹുമാനപ്പെട്ട നിരവധി അംഗങ്ങൾ റീ–സർവ്വേയുടെ കാര്യങ്ങൾ സൂചിപ്പിച്ചു. 1965–ൽ ആണ് കേരളത്തിൽ റീ–സർവ്വേ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 48 വർഷങ്ങൾ പിന്നിട്ടപ്പോഴും 864 വില്ലേജുകളിൽ മാത്രമാണ് റീസർവ്വേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇനിയും 770 വില്ലേജുകളിൽകൂടി പൂർത്തിയാക്കാനുണ്ട്. നിലവിലുള്ള ജീവനക്കാരെ വച്ചുകൊണ്ട് റീ–സർവ്വേ പൂർത്തീകരിക്കണമെങ്കിൽ ഇനിയും 60 വർഷം കൂടി പിന്നിട്ടാൽ മാത്രമേ കഴിയുകയുള്ളൂ. ഈ വിഷയം സബ്ജക്ട് കമ്മിറ്റി വിശദമായി പരിശോധിക്കുകയും പരിഹാരം കണ്ടെത്തുന്നതിനായി സർവ്വേ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിയിട്ടുള്ള കർണ്ണാടകം, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഹരിയാന എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ ഒരു നിരീക്ഷണം ഞാൻ ഇന്നലെ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി. കമ്മിറ്റി സന്ദർശിച്ച സംസ്ഥാനങ്ങളിൽ റീ–സർവ്വേ ജോലികൾ ഔട്ട് സോഴ്സ് ചെയ്താണ് പൂർത്തീകരിച്ചിട്ടുള്ളത്. ഈ രീതി നമ്മുടെ സംസ്ഥാനത്ത് അവലംബിച്ചാൽ അടുത്ത മൂന്ന് വർഷക്കാലത്തിനുള്ളിൽ കുറ്റമറ്റ രീതിയിൽ

സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയും. ഇക്കാര്യത്തിൽ സഭയുടെ പൊതുവികാരമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. സർവ്വേ വകുപ്പിലെ ഒരു ജീവനക്കാരന് പോലും ഇതുമൂലം തൊഴിൽ നഷ്ടമുണ്ടാവുകയില്ല. അക്കാര്യത്തിൽ ഞാൻ ഉറപ്പുതരുന്നു. ഭൂമി ഇടപാടുകളുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്നുണ്ടാകുന്ന പരാതികൾക്ക് മുഴുവൻ പരിഹാരം ഉണ്ടാക്കുവാൻ കഴിയുന്ന ഒരു സംവിധാനമാക്കി മാറ്റിയെടുക്കുവാൻ കഴിയും. ഭൂമിയുടെ രജിസ്ട്രേഷൻ നടക്കുമ്പോൾത്തന്നെ വസ്തുവിന്റെ സ്കെച്ചുകൂടിവെച്ച് ആധാരം രജിസ്റ്റർ ചെയ്താൽ ഇന്ന് യഥാർത്ഥത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരാതികൾക്ക് പരിഹാരമാകും. 14 ജില്ലകളിലും ഓരോ സ്മാർട്ട് വില്ലേജുകൾ ആരംഭിക്കുമെന്ന് ഞാൻ കഴിഞ്ഞ പ്രാവശ്യം പ്രഖ്യാപിച്ചിരുന്നതാണ്. അതനുസരിച്ച് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതി സൗഹൃദ മാതൃകയിലാണ് ഈ കെട്ടിടങ്ങൾ രൂപകൽപ്പനചെയ്തിട്ടുള്ളത്. ഈ വർഷം വിവിധ ജില്ലകളിലായി സ്വന്തമായി സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ 16 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ കൂടി നിർമ്മാണപ്രവർത്തനമാരംഭിക്കുന്നതാണ്. അന്യസംസ്ഥാനങ്ങളിൽ പോയി പരിശീലനം നേടുന്നതിന്റെ സാമ്പത്തിക ബാദ്ധ്യതയിൽ നിന്നും കേരളത്തിലെ യുവജനങ്ങളെ മുക്തരാക്കുന്നതിന് ഉതകുംവിധം ജി.പി.എസ്., ഇ.റ്റി.എസ്. സംവിധാനമുപയോഗിച്ചുകൊണ്ട് മോഡേൺ സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു സർവ്വേ പരിശീലനകേന്ദ്രം തിരുവനന്തപുരത്ത് പേരൂർക്കടയിൽ അടുത്ത 100 ദിവസത്തിനുള്ളിൽ ആരംഭിക്കുന്നതാണ്. വിദേശത്ത് ധാരാളം തൊഴിലവസരങ്ങളുള്ള ഈ കോഴ്സ് സംസ്ഥാനത്തെ യുവജനങ്ങൾക്ക് ഒരനുഗ്രഹമായിരിക്കും.

സർവ്വേ, റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം നൽകാൻ സംവിധാനമുണ്ടായിരിക്കുന്നതാണ്. ദുരന്ത നിവാരണത്തിനായി ഒരു സംവിധാനം ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. അൻവർ സാദത്ത് ശ്രീ. ആർ. സെൽവരാജ് തുടങ്ങിയ പല അംഗങ്ങളും ഇവിടെ ആവശ്യപ്പെട്ടു.. 13 കോടി രൂപ ചെലവഴിച്ചുകൊണ്ട് സംസ്ഥാനത്തെ ദുരന്തനിവാരണ അതോറിറ്റിക്ക് ഒരു ആസ്ഥാന മന്ദിരം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതാണ്. ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനും ഗവേഷണങ്ങളും അവലോകനവും നടത്തുന്നതിനുമുള്ള എല്ലാവിധ ആധുനിക സൗകര്യങ്ങളും ഈ കേന്ദ്രത്തിലുണ്ടാകും. ഇതിനായി കേന്ദ്ര സഹായം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. അടുത്ത 100 ദിവസത്തിനുള്ളിൽ അതിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സർവ്വേയും റവന്യൂവുമായി ബന്ധപ്പെട്ട് ധാരാളം പരാതികളുണ്ടെന്ന് ശ്രീ. വി. ഡി. സതീശനുൾപ്പടെയുള്ള ബഹുമാന്യരായ അംഗങ്ങൾ പറഞ്ഞു. ഞാൻ ചുമതലയേൽക്കുന്ന സമയത്ത് ഏകദേശം 5 ലക്ഷത്തിലധികം പരാതികളുണ്ടായിരുന്നു. ഈ പരാതികൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഓരോ ജില്ലയിലും നിർദ്ദേശം നൽകിയതിന്റെയടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം മൂന്നേമുക്കാൽ ലക്ഷത്തോളം പരാതികൾ പരിഹരിക്കുവാൻ കഴിഞ്ഞു. ധാരാളം പരാതികൾ ഇനിയും കെട്ടിക്കിടക്കുന്നു. അവ പരിഹരിക്കുന്നതിനായി ഈ നിയമസഭാ സമ്മേളനം കഴിഞ്ഞതിനുശേഷം എല്ലാ ജില്ലകളിലും നേരിട്ടുപോയി അദാലത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനേക്കാളെല്ലാം പ്രധാനമായിട്ടുള്ളത്, ഭൂരഹിതരില്ലാത്ത കേരളം കെട്ടിപ്പടുക്കുന്നതിനായി 10,000 ഏക്കർ ഭൂമി കണ്ടെത്തേണ്ടതുണ്ട്.

പലയാളുകളുടെയും കൈവശമിരിക്കുന്ന, സർക്കാർ ലീസിന് കൊടുത്തിട്ടുള്ള ഭൂമിയിൽ നിന്നും ഒരു നിശ്ചിത ശതമാനം ഈ കാര്യത്തിനുവേണ്ടി തിരിച്ചെടുക്കും. ആരൊക്കെ എതിർത്താലും അത് തിരിച്ചെടുത്തുകൊണ്ട് ഈ ഗവൺമെന്റ് പാവങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റുമെന്ന് ഞാൻ അടിവരയിട്ടു പറയുകയാണ്. ഞാൻ എതിർപ്പ് എന്ന് പറഞ്ഞത് പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളെ ഉദ്ദേശിച്ചാണെന്ന് ദയവുചെയ്ത് കരുതരുത്. പാട്ടക്കാലവധി കഴിഞ്ഞിട്ടുള്ള ഭൂമി പലയാളുകളും കൈവശം വെച്ചിട്ടുണ്ട്. അവയും തിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, വയനാട്ടിലുള്ള ഭൂരഹിതരായ ആദിവാസികൾക്ക് ഒരേക്കർ ഭൂമി വീതം നൽകുമെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. ആ പ്രഖ്യാപനം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, വയനാട്ടിലുള്ള ആദിവാസി കുടുംബങ്ങൾക്ക് ഭൂമി കൊടുക്കുന്നതിനു വേണ്ടി പട്ടികവർഗ്ഗക്ഷേമ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാന്യയായ മന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയുടെ നേതൃത്വത്തിൽ ചില പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നിങ്ങളുടെ കാലഘട്ടത്തിൽ അതിനുവേണ്ടി പണം മാറ്റിവച്ചുവെങ്കിലും നടപടികളൊന്നുമുണ്ടായില്ല. ഇപ്പോഴാണ് നടപടികളിലേക്ക് പോകുന്നത്. നടപടികൾ പൂർത്തീകരിക്കുന്നതിനനുസരിച്ച് ഭൂമി കൊടുക്കുന്നതാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട കേന്ദ്ര നിയമത്തിൽ വന്ന അമെന്റ്മെന്റ് പ്രകാരം സംസ്ഥാനത്ത് സബ് റൂൾസ് ഉണ്ടാ

ക്കാത്തതിനാൽ ഇപ്പോൾ അക്വിസിഷൻ നടപടികളൊന്നും സാധിക്കുന്നില്ല. അതിനുള്ള റൂൾസ് ഫ്രെയിം ചെയ്യാൻ ശ്രമിക്കുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ചോദിച്ചതിനൊപ്പം ഞാൻ ഒന്നുകൂടി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഈ കേന്ദ്രനിയമം വന്നുകഴിഞ്ഞപ്പോൾ കേരളമൊട്ടാകെ സ്ഥലമെടുപ്പ് കാര്യങ്ങൾ സ്തംഭനാവസ്ഥയിലായിരിക്കുകയാണ്. അത് സംബന്ധിച്ച് കഴിഞ്ഞ ദിവസം അങ്ങ് മറുപടി പറയുകയുണ്ടായി, 01-01-2014-ലെ ഉത്തരവും അങ്ങ് ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ 01–01–2014–ന് മുമ്പ് തീരുമാനിച്ച കാര്യങ്ങൾ പോലും മുന്നോട്ടു കൊണ്ടു പോകാൻ പറ്റാത്ത അവസ്ഥയിലാണ്. ഇവിടെ 6(1) നോട്ടിഫിക്കേഷനും 4(1) നോട്ടിഫിക്കേഷനും വന്ന കേസുകളിലും ഹൈലെവൽ കമ്മിറ്റി തീരുമാനിച്ച കേസുകളിലും ലാന്റ് അക്വിസിഷൻ പറ്റാത്ത ഗതികേട് നമുക്ക് സംഭവിച്ചിരിക്കുകയാണ്. ഇവയെങ്കിലും എക്സംപ്റ്റ് ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള ഒരു ഇടപെടൽ ഗവൺമെന്റ് നടത്തുമോ എന്നുകൂടി പറയുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, കേന്ദ്രത്തിൽ പുതിയ ലാന്റ് അക്വിസിഷൻ ആക്ട് വന്നതിന്റെയടിസ്ഥാനത്തിൽ നമ്മൾ അതിന്റെ റൂൾ ഫ്രെയിം ചെയ്യേണ്ടതായിട്ടുണ്ട്. എത്രയും വേഗത്തിൽ റൂൾ ഫ്രെയിം ചെയ്യുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. രണ്ട് ആഴ്ചക്കുള്ളിൽത്തന്നെ അതിന്റെ പൂർത്തീകരണത്തിലേക്ക് എത്തിച്ചേരാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇവിടെ ഭൂമി ഏറ്റെടുക്കലിനെക്കുറിച്ച് പറഞ്ഞു. അതിൽ പൊതുവായിട്ടുള്ള ആവശ്യങ്ങൾക്കുവേണ്ടി അപേ

ക്ഷിച്ചിട്ടുള്ള ഭൂമിയുണ്ട്. എന്റെ മണ്ഡലത്തിൽ ഒരു ഐ. ടി. ഐ–ക്കുവേണ്ടി ഒരേക്കറിലധികം ഭൂമി വിട്ടു തരുന്നതിനാവശ്യമായ നടപടി പൂർത്തീകരിച്ചു കൊണ്ടിരിക്കുമ്പോൾ റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉന്നതനായൊരു ഉദ്യോഗ സ്ഥനിൽ നിന്നും കിട്ടിയ വിവരം, ഇത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കു വേണ്ടി വിട്ടുകൊടുക്കുന്ന ഭൂമിയാണെന്നാണ്. പാവപ്പെട്ട ആളുകൾക്കുവേണ്ടി അനുവദിച്ച ഐ.ടി.ഐ ആണിത്. ഇപ്പോൾ അത് കിട്ടാത്തൊരു സ്ഥിതിവി ശേഷമുണ്ടായിരിക്കുകയാണ്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പൊതു ആവശ്യങ്ങൾക്കുവേണ്ടി മാറ്റി വയ്ക്കുന്ന ഭൂമി കൂടിയുൾപ്പെടുത്തുന്നത് ശരിയായിട്ടുള്ള കാര്യമല്ല. അക്കാര്യത്തിൽ അങ്ങൊരു തീരുമാനം പറയണമെന്നാണ് എന്റെ ആവശ്യം.

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങനെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി യിക്ക് വേണ്ടി എവിടെ നിന്നെങ്കിലും ഏതെങ്കിലും ഭൂമി കിട്ടാൻ സാധ്യതയു ണ്ടെങ്കിൽ അതെല്ലാം കണ്ടെത്താനാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥൻമാർ ഈ ഭൂമിയും ചിലപ്പോൾ ചൂണ്ടിക്കാണിച്ചിരിക്കും. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. എസ്. സുനിൽ കുമാർ ഈ ആവശ്യം ഉന്നയിച്ചതുകൊണ്ട് അതിന്റെ പരിഹാര മാർഗ്ഗം മുണ്ടാക്കാം. ഐ.ടി.ഐ–ക്കു വേണ്ടി മാറ്റി വച്ച ഭൂമിയാണെങ്കിൽ പൊതു ആവശ്യമെന്നുള്ള നിലയിൽ അത് നൽകുന്നതിന് യാതൊരു ബുദ്ധി മുട്ടുമുണ്ടാവില്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നല്ലതു തന്നെയാണ്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 3 സെന്റ് ഭൂമി വീതം നൽകാനാണ് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളത്. പക്ഷെ, ഉപജീവന മാർഗ്ഗ

ത്തിനായി എന്തെങ്കിലും തൊഴിൽ ചെയ്തു ജീവിക്കുന്നവർക്ക് പ്രത്യേകിച്ച് ചുമട്ടു തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർക്ക് അവരുടെ ഭൗതിക സാഹചര്യത്തിൽ നിന്ന് മാറി 40–ൽ അധികം കിലോമീറ്റർ അപ്പുറത്ത് 3 സെന്റ് ഭൂമി കൊടുക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം? ആലപ്പുഴ ജില്ല യിലുള്ളവർക്ക് കാസർഗോഡ് ജില്ലയിലാണ് ഭൂമി കിട്ടിയിരിക്കുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, ഒരാൾ താമസിക്കുന്നതിനോടു ചേർന്ന് ഭൂമി വേണമെന്ന് അവർക്ക് ആഗ്രഹം കാണും. കൊടുക്കണമെന്ന് സർക്കാരിനും ആഗ്രഹമുണ്ട്. പക്ഷേ അങ്ങനെ കൊടുക്കാൻ കഴിയുമോ എന്ന് അങ്ങേയ്ക്കു തന്നെ അറിയാവുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, പ്ലീസ് വൈൻഡ് അപ്പ്.

ശ്രീ. അടൂർ പ്രകാശ്: സർ, ഇവിടെ പറഞ്ഞതുപോലെ ഒരു ജില്ല യിൽനിന്ന് മറ്റൊരു ജില്ലയിലേക്ക് പോകാൻ ഒരു കാരണവശാലും ഒരാളോടു പോലും പറഞ്ഞിട്ടില്ല. തിരുവനന്തപുരത്തുള്ളവരോട് കാസർഗോഡ് പോകാൻ പറഞ്ഞു എന്ന് ശ്രീ. ബി. സത്യൻ അടക്കമുള്ള ചില അംഗങ്ങൾ ഇവിടെ പറഞ്ഞു, അങ്ങനെ ഒരു നിർദ്ദേശവും കൊടുത്തിട്ടില്ല. ഭൂമി കാസർഗോഡുണ്ട്. പക്ഷേ, അവർ സ്വയം ആവശ്യപ്പെട്ടാൽ മാത്രമല്ലാതെ ഒരു കാരണവശാലും കാസർഗോഡ് പോയി ഭൂമി ഏറ്റെടുക്കണമെന്നുള്ള നിർദ്ദേശം ഗവൺമെന്റ് ആർക്കും കൊടുത്തിട്ടില്ല.

ശ്രീ. എ. കെ. ബാലൻ: സർ, നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ തിൽ ഒരു ഫാക്ച്വൽ എറർ ഉണ്ടെന്നെനിക്ക് തോന്നി. അത് പരിശോധി ക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന സമയത്ത് 66,000 അളു കൾക്കാണ് പട്ടയം കൊടുത്തതെന്നു പറഞ്ഞു.

ശ്രീ. അടൂർ പ്രകാശ്: സർ,. 84,606 പേർക്കാണ് പട്ടയം നൽകിയത്.

ശ്രീ. എ. കെ. ബാലൻ: സർ, 113 പട്ടയ മേളകൾ വച്ച് 2,30,000 ആളുകൾക്കാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണ കാലഘട്ടത്തിൽ അന്നത്തെ റവന്യൂ വകുപ്പ് മന്ത്രി ശ്രീ കെ. പി. രാജേന്ദ്രൻ പട്ടയം കൊടുത്തത് അത് പരിശോധിച്ചാൽ മതി. കേന്ദ്ര വനാവകാശ നിയമപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് 26,600 ആദിവാസികൾക്ക് 33,000 ഏക്കർ ഭൂമിയുടെ പട്ടയവും കൊടുത്തു, പട്ടയം എന്നതിനെ പറയാൻ പറ്റില്ല. ആർ.ഒ.ആർ ആണ് കൊടുത്തത്. 50 കോടി രൂപ വയനാട്ടിലെ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി അനുവദിച്ചു, പക്ഷേ ഭൂമി കിട്ടിയില്ല. അതിന്റെ പ്രധാനപ്പെട്ട കാരണം എക്സ്ക്ലൂസീവ് ടൈറ്റിലുള്ള ഭൂമി ജില്ലാ കലക്ടർമാർക്ക് കണ്ടെടുക്കാൻ കഴിയുന്നില്ലെന്നുള്ളതാണ്. ആ പ്രശ്നം തന്നെയാണ് ഇപ്പോൾ നിങ്ങളുടെ മുമ്പിലുള്ളതും.

ശ്രീ. അടൂർ പ്രകാശ്: സർ, ഏതായാലും എനിക്ക് കമ്മീഷണറേറ്റിൽ നിന്ന് തന്ന കണക്കുകളനുസരിച്ചാണ് ഞാനിവിടെ പറഞ്ഞിട്ടുള്ളത്.

............(ബഹളം).........

മി. സ്പീക്കർ: നിങ്ങളിങ്ങനെ തുടങ്ങിയാൽ എങ്ങനെയാണ്? പ്ലീസ്...നിങ്ങൾ വെറുതെ ഒച്ചയെടുത്ത് ടെമ്പർ കൂട്ടുകയൊന്നും വേണ്ട. ശ്രീ. ഇ. ചന്ദ്രശേഖരനൊന്നും അങ്ങനെ ഒച്ചയെടുക്കുന്ന ആളല്ല. ശ്രീ. ശിവൻകുട്ടി ഇരിക്കൂ, ഞാൻ പറയാം. 150 മിനിട്ടാണ് എം. എൽ. എ-മാർക്ക് ഇവിടെ അനുവദിച്ചിട്ടുള്ളത്. 245 മിനിട്ട് നിങ്ങളെല്ലാവരും കൂടി സംസാരിച്ചു. അതിന് മറുപടി പറയുന്നതിന് രണ്ടു മന്ത്രിമാർക്കും കൂടി ഉള്ളത് ആകെ 30 മിനുട്ടാണ്. നിങ്ങൾ, സംസാരിക്കുമ്പോൾ അതിനിടയ്ക്കു കയറി ചോദ്യം ചോദിക്കും. അങ്ങനെ

യാണെങ്കിൽ നമുക്ക് നേരം വെളുക്കുന്നതുവരെ സഭയിലിരിക്കാം. അങ്ങനെ യൊന്നും സഭ കൂടാൻ കഴിയില്ല. നോ.. നോ.. പ്ലീസ്.. എല്ലാവർക്കും ഇവിടെ സംശയങ്ങൾ കാണും. ശ്രീ. സാജു പോൾ 1.30–ന് സഭ അവസാനിപ്പിക്ക ണമെന്ന് പറഞ്ഞയാളാണ്. ശ്രീ. ഇ. ചന്ദ്രശേഖരൻ, പ്ലീസ്....

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട റവന്യൂവും കയറും വകുപ്പു മന്ത്രി ശ്രീ. അടൂർ പ്രകാശ് കാസർഗോഡ് ജില്ലയിൽ ഭൂരഹിത പദ്ധതി യുടെ ഭാഗമായി 10,271 പേർക്ക് ഭൂമികൊടുത്തതായി ഇവിടെ പറഞ്ഞു. ഏതാനും പേർക്ക് പട്ടയം കൊടുത്തതല്ലാതെ ഭൂമികൊടുത്തെന്ന് പറയുന്ന തിന് ഒരു ന്യായീകരണവുമില്ല. ശ്രീ. രമേശ് ചെന്നിത്തലയും, ശ്രീ. അടൂർ പ്രകാശും ഞാനും അടക്കം ആ പരിപാടിയിൽ പങ്കെടുത്തതാണ്. തെരഞ്ഞെ ടുപ്പ് പ്രഖ്യാപിച്ച ദിവസം നടത്തിയ ചടങ്ങിൽ വച്ച് അവിടെ കൊടുത്ത പട്ടയമല്ലാതെ ഒരാൾക്കുപോലും ഭൂമി കിട്ടിയിട്ടില്ലെന്ന് ഞാൻ ഉറപ്പു പറയാം. മന്ത്രി അവിടെ നേരിട്ടുവന്ന്, 10,271 പേർക്ക് ഭൂമി കൊടുത്തുവെന്ന് തെളിയി ച്ചാൽ ഞാൻ ഈ സഭയിൽ നിന്ന് രാജി വയ്ക്കാം. അല്ലെങ്കിൽ മന്ത്രി രാജി വയ്ക്കുമോ?

ശ്രീ. അടൂർ പ്രകാശ്: കാസർഗോഡ് ജില്ലയിൽ അപേക്ഷ നൽകിയ മുഴുവൻ ആളുകൾക്കും ഭൂമി കൊടുക്കുന്നുണ്ട്. പട്ടയം കൊടുത്തുവെന്ന് അങ്ങ് സമ്മതിക്കുമല്ലോ? ഓരോ താലൂക്കിലും കൊടുത്തിട്ടുള്ള ഭൂമി അളന്നു തിരിച്ച് നൽകുന്ന നടപടി നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങ് ജില്ലാ കളക്ടറേറ്റിൽ പോയി അന്വേഷിച്ചാൽ ഇക്കാര്യങ്ങൾ മനസ്സിലാകും. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം രാജിവയ്ക്കേണ്ട, അങ്ങനെയൊരു സാഹസത്തിന്

തുനിയരുത്. ഏതായാലും ഞങ്ങൾ ഭൂമി കൊടുത്തെന്ന് പറഞ്ഞത് കൊടുത്ത തുതന്നെയാണ്.

ശ്രീ. കെ. മുരളീധരൻ: സർ, എന്റെ നിയോജക മണ്ഡലത്തിലുള്ള രണ്ടുമൂന്ന് അപേക്ഷകരോട് കാസർഗോഡ് ജില്ലയിലേയ്ക്ക് പോകാൻ തയ്യാ റാണെങ്കിൽ ഭൂമി നൽകുന്നതിൽ നിങ്ങൾക്ക് പ്രയോറിറ്റിതരാമെന്ന് കളക്ടറേ റ്റിൽ നിന്ന് സൂചിപ്പിച്ച വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടു ത്തുകയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട പല അംഗങ്ങളും ഇവിടെ സൂചിപ്പിച്ചതുപോലെ, ചില വില്ലേജ് ഓഫീസുകളിൽ ആളുകളോട് കാസർഗോഡ് പോകാൻ തയ്യാറാണെങ്കിൽ സമ്മതപത്രം തരാൻ പറഞ്ഞതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരുകാരണവശാലും ഒരാളിനോടു പോലും നിർബന്ധിച്ച് കാസർഗോഡ് പോകാൻ ആവശ്യപ്പെടേണ്ടതില്ലെന്നും അപേക്ഷ വാങ്ങേണ്ടതില്ലെന്നും ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, നേരത്തെ സൂചിപ്പിച്ചതുപോലെ, കടകംപള്ളി പഞ്ചായത്തിൽ ഏഴ് തണ്ടപ്പേർ രജിസ്റ്റർ സി.ബി.ഐ. എടുത്തു കൊണ്ട് പോയിരിക്കുകയാണ്. അതുകൊണ്ട് ഈ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ആളുകൾക്ക് കരമടക്കാൻ കഴിയുന്നില്ല. അവർക്ക് കരമടക്കുന്നതിനുള്ള ഒരു ബദൽ നടപടി ഉണ്ടാക്കണം. ഈ സഭയിലെ 140 എം.എൽ.എ.മാർക്കുംവേണ്ടി ഞാൻ ഇവിടെ ഒരു ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചിരുന്നു. ധനകാര്യ വകുപ്പു മന്ത്രി എത്ര രൂപ തന്നാലും ഭൂമിയില്ലാതെ ഒരു വികസന പ്രവർത്തനവും നടത്താൻ പറ്റില്ല. പുതിയ കേന്ദ്രനിയമത്തിനനുസൃതമായ സബ് റൂൾ ഉണ്ടാ ക്കുന്നതുവരെ ലാന്റ് അക്വിസിഷൻ നടത്തുന്നതിനുവേണ്ടിയുള്ള ഒരു

കോമൺ സംവിധാനമുണ്ടാകണം. പല കളക്ടർമാരും ഡെപ്യൂട്ടി കളക്ടർമാരും പല രൂപത്തിലാണ് കാര്യങ്ങൾ പറയുന്നത്. അതുകൊണ്ട് ഈ സബ് റൂൾ വരുന്നതുവരെ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ഉത്തരവ് ഇറക്കാൻ റവന്യൂ വകുപ്പുമന്ത്രി തയ്യാറാകണം.

ശ്രീ. അടൂർ പ്രകാശ്: ബഹുമാനപ്പെട്ട വി. ശിവൻകുട്ടിയും, ശ്രീ. ബി.സത്യനും കടംപള്ളി പ്രശ്നവുമായി ബന്ധപ്പെട്ട വിഷയം ഇവിടെ പറഞ്ഞിരുന്നു. പത്തൊൻപത് സർവ്വേ നമ്പറിൽപ്പെട്ട 45.54 ഏക്കർ ഭൂമി ഒഴികെ ബാക്കിയുള്ളതിന്റെ കരം സ്വീകരിക്കാൻ വേണ്ട നിർദ്ദേശം കൊടുത്തു. അതിനെപ്പറ്റി ഇന്നത്തെ പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. കടകംപള്ളിയിലെ ബാക്കിയുള്ള ആളുകളുടെ കരം സ്വീകരിച്ചുതുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു കോമൺ ഇഷ്യൂ എന്നുള്ള നിലയിൽ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട വിഷയം നേരത്തെ ഈ സഭയിൽ കൊണ്ടുവന്നതാണ്. സബ് റൂൾ ഫ്രെയിം ചെയ്യുന്നതുവരെ ഏത് തരത്തിലായിരിക്കണം അതിന്റെ നടപടികൾ സ്വീകരിക്കേണ്ടത് എന്നതിനെക്കുറിച്ച് ഒരു സർക്കുലർ രൂപത്തിൽ എല്ലാ ജില്ലകളിലും എത്തിച്ചുകൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലാന്റ് അക്വിസിഷൻ നടപടികൾ നടത്തുന്നതിനുവേണ്ടിയുള്ള പ്രൊസീഡിംഗ്സ് തുടങ്ങുവാനുള്ള നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്. ശ്രീ. അൻവർ സാദത്തിന്റെ പ്രസംഗത്തിൽ ഉന്നയിച്ച വളരെ പ്രധാനപ്പെട്ടൊരു വിഷയം റിട്ടയർ ചെയ്ത ആളുകൾ എൻ.ജി.ഒ. ക്വാർട്ടേഴ്സുകൾ ഇപ്പോഴും അനധികൃതമായി കൈവശം വച്ചുകൊണ്ടിരിക്കുന്നുവെന്നാണ്. അങ്ങനെയുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: എന്റെ മണ്ഡലത്തിലെ ചിന്നക്കനാൽ, മാങ്കുളം, വട്ടവട, കെ.ഡി.എച്ച്. തുടങ്ങിയ വില്ലേജുകളിൽ വർഷങ്ങളായി കരം ഒടുക്കുന്നതിന് തടസ്സം നേരിട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. അടൂർ പ്രകാശ്: ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം വട്ടവട ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിരവധി പരാതികൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അതുസംബന്ധിച്ച് ഇന്നും മാധ്യമങ്ങളിൽ വാർത്ത വരുന്നു. ഇതൊക്കെ പരിശോധിക്കുന്നതിനും അന്വേഷണം നടത്തുന്നതിനും വേണ്ടി ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. ഈ ഡിമാന്റുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, റബ്ബർ സംഭരണത്തിന് പണം മാറ്റിവയ്ക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരുന്നതാണ്. എന്നാൽ അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ അതിനെപ്പറ്റി ഒരു വാക്കും പറഞ്ഞില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിനു മറുപടിയായി ഉടനടി ഒരു കമ്മിറ്റി വിളിക്കുമെന്ന് പറഞ്ഞെങ്കിലും അതും ഉണ്ടായിട്ടില്ല. പതിനൊന്നര ലക്ഷം റബ്ബർ കർഷകരുടെ പ്രശ്നമാണിത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനൊരു മറുപടി പറയണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട പി.സി. ജോർജ് പറഞ്ഞത് റബ്ബർ കർഷകരുടെ നീറുന്ന പ്രശ്നമാണ്. റബ്ബർ സംഭരണത്തിനാവശ്യമായ പണം എത്ര സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും കണ്ടെത്തുമെന്ന് നിയമസഭയിൽ ഞാൻ ഉറപ്പുനൽകുകയാണ്.

<u>മി.സ്പീക്കർ</u>: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ V-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.....................
പ്രതികൂലിക്കുന്നവർ.....................
ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വില്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................
പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>: **72**

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്
12. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്

40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. ടി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി സതീശൻ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷാഫി പറമ്പിൽ
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ: 64

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ

25. ശ്രീ. ഇ. പി. ജയരാജൻ
26. ശ്രീ. ജോസ് തെറ്റയിൽ
27. ശ്രീ. എളമരം കരീം
28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
30. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
31. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
32. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
33. ശ്രീമതി കെ. കെ. ലതിക
34. ശ്രീ. മാത്യു റ്റി. തോമസ്
35. ശ്രീ. സി. കെ. നാണു
36. ശ്രീ. കെ. കെ. നാരായണൻ
37. ശ്രീ. എ. പ്രദീപ്കുമാർ
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. കെ. രാധാകൃഷ്ണൻ
40. ശ്രീ. പി. റ്റി. എ. റഹീം
41. ശ്രീ. എസ്. രാജേന്ദ്രൻ
42. ശ്രീ. ആർ. രാജേഷ്
43. ശ്രീ. റ്റി. വി. രാജേഷ്
44. ശ്രീ. കെ. രാജു
45. ശ്രീ. രാജു എബ്രഹാം
46. ശ്രീ. മുല്ലക്കര രത്നാകരൻ
47. പ്രൊഫ. സി. രവീന്ദ്രനാഥ്
48. ശ്രീ. സി. കെ. സദാശിവൻ
49. ശ്രീ. സാജു പോൾ
50. ശ്രീമതി കെ. എസ്. സലീഖ
51. ശ്രീ. എസ്. ശർമ്മ
52. ശ്രീ. വി. ശശി
53. ശ്രീ. എ. കെ. ശശീന്ദ്രൻ
54. ശ്രീ. ബി. സത്യൻ

55. ശ്രീ. വി. ശിവൻകുട്ടി
56. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
57. ശ്രീ. ജി. സുധാകരൻ
58. ശ്രീ. വി. എസ്. സുനിൽകുമാർ
59. ശ്രീ. കെ. സുരേഷ് കുറുപ്പ്
60. ശ്രീ. പി. തിലോത്തമൻ
61. ശ്രീ. തോമസ് ചാണ്ടി
62. ഡോ. ടി. എം. തോമസ് ഐസക്
63. ശ്രീ. ഇ. കെ. വിജയൻ
64. ശ്രീ. കെ. വി. വിജയദാസ്

അനുകൂലിക്കുന്നവർ : 72

പ്രതികൂലിക്കുന്നവർ : 64

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ XXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......................
പ്രതികൂലിക്കുന്നവർ......................
ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014–15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................
പ്രതികൂലിക്കുന്നവർ..................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 72

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്

27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. ടി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി സതീശൻ

57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷാഫി പറമ്പിൽ
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ</u>: 64

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ

12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. ഇ. പി. ജയരാജൻ
26. ശ്രീ. ജോസ് തെറ്റയിൽ
27. ശ്രീ. എളമരം കരീം
28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
30. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
31. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
32. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
33. ശ്രീമതി കെ. കെ. ലതിക
34. ശ്രീ. മാത്യു റ്റി. തോമസ്
35. ശ്രീ. സി. കെ. നാണു
36. ശ്രീ. കെ. കെ. നാരായണൻ
37. ശ്രീ. എ. പ്രദീപ്കുമാർ
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. കെ. രാധാകൃഷ്ണൻ
40. ശ്രീ. പി. റ്റി. എ. റഹീം
41. ശ്രീ. എസ്. രാജേന്ദ്രൻ

42. ശ്രീ. ആർ. രാജേഷ്
43. ശ്രീ. റ്റി. വി. രാജേഷ്
44. ശ്രീ. കെ. രാജു
45. ശ്രീ. രാജു എബ്രഹാം
46. ശ്രീ. മുല്ലക്കര രത്നാകരൻ
47. പ്രൊഫ. സി. രവീന്ദ്രനാഥ്
48. ശ്രീ. സി. കെ. സദാശിവൻ
49. ശ്രീ. സാജു പോൾ
50. ശ്രീമതി കെ. എസ്. സലീഖ
51. ശ്രീ. എസ്. ശർമ്മ
52. ശ്രീ. വി. ശശി
53. ശ്രീ. എ. കെ. ശശീന്ദ്രൻ
54. ശ്രീ. ബി. സത്യൻ
55. ശ്രീ. വി. ശിവൻകുട്ടി
56. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
57. ശ്രീ. ജി. സുധാകരൻ
58. ശ്രീ. വി. എസ്. സുനിൽകുമാർ
59. ശ്രീ. കെ. സുരേഷ് കുറുപ്പ്
60. ശ്രീ. പി. തിലോത്തമൻ
61. ശ്രീ. തോമസ് ചാണ്ടി
62. ഡോ. ടി. എം. തോമസ് ഐസക്
63. ശ്രീ. ഇ. കെ. വിജയൻ
64. ശ്രീ. കെ. വി. വിജയദാസ്

അനുകൂലിക്കുന്നവർ: 72

പ്രതികൂലിക്കുന്നവർ: 64

നിക്ഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ VI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......................
പ്രതികൂലിക്കുന്നവർ.......................
ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................
പ്രതികൂലിക്കുന്നവർ...................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 72

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. എ. എ. അസീസ്
13. ശ്രീ. കെ. ബാബു

14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. ടി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി സതീശൻ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷാഫി പറമ്പിൽ
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ</u>: 64

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. ഇ. പി. ജയരാജൻ
26. ശ്രീ. ജോസ് തെറ്റയിൽ
27. ശ്രീ. എളമരം കരീം

28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
30. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
31. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
32. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
33. ശ്രീമതി കെ. കെ. ലതിക
34. ശ്രീ. മാത്യു റ്റി. തോമസ്
35. ശ്രീ. സി. കെ. നാണു
36. ശ്രീ. കെ. കെ. നാരായണൻ
37. ശ്രീ. എ. പ്രദീപ്കുമാർ
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. കെ. രാധാകൃഷ്ണൻ
40. ശ്രീ. പി. റ്റി. എ. റഹീം
41. ശ്രീ. എസ്. രാജേന്ദ്രൻ
42. ശ്രീ. ആർ. രാജേഷ്
43. ശ്രീ. റ്റി. വി. രാജേഷ്
44. ശ്രീ. കെ. രാജു
45. ശ്രീ. രാജു എബ്രഹാം
46. ശ്രീ. മുല്ലക്കര രത്നാകരൻ
47. പ്രൊഫ. സി. രവീന്ദ്രനാഥ്
48. ശ്രീ. സി. കെ. സദാശിവൻ
49. ശ്രീ. സാജു പോൾ
50. ശ്രീമതി കെ. എസ്. സലീഖ
51. ശ്രീ. എസ്. ശർമ്മ
52. ശ്രീ. വി. ശശി
53. ശ്രീ. എ. കെ. ശശീന്ദ്രൻ
54. ശ്രീ. ബി. സത്യൻ
55. ശ്രീ. വി. ശിവൻകുട്ടി
56. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
57. ശ്രീ. ജി. സുധാകരൻ

58. ശ്രീ. വി. എസ്. സുനിൽകുമാർ
59. ശ്രീ. കെ. സുരേഷ് കുറുപ്പ്
60. ശ്രീ. പി. തിലോത്തമൻ
61. ശ്രീ. തോമസ് ചാണ്ടി
62. ഡോ. ടി. എം. തോമസ് ഐസക്
63. ശ്രീ. ഇ. കെ. വിജയൻ
64. ശ്രീ. കെ. വി. വിജയദാസ്

അനുകൂലിക്കുന്നവർ: 72

പ്രതികൂലിക്കുന്നവർ: 64

നിക്ഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ XI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......................
പ്രതികൂലിക്കുന്നവർ.......................
ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................
പ്രതികൂലിക്കുന്നവർ...................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: **72**

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ

29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. ടി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി സതീശൻ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ

59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷാഫി പറമ്പിൽ
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ: 64

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ

14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. ഇ. പി. ജയരാജൻ
26. ശ്രീ. ജോസ് തെറ്റയിൽ
27. ശ്രീ. എളമരം കരീം
28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
30. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
31. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
32. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
33. ശ്രീമതി കെ. കെ. ലതിക
34. ശ്രീ. മാത്യു റ്റി. തോമസ്
35. ശ്രീ. സി. കെ. നാണു
36. ശ്രീ. കെ. കെ. നാരായണൻ
37. ശ്രീ. എ. പ്രദീപ്കുമാർ
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. കെ. രാധാകൃഷ്ണൻ
40. ശ്രീ. പി. റ്റി. എ. റഹീം
41. ശ്രീ. എസ്. രാജേന്ദ്രൻ
42. ശ്രീ. ആർ. രാജേഷ്
43. ശ്രീ. റ്റി. വി. രാജേഷ്

44. ശ്രീ. കെ. രാജു
45. ശ്രീ. രാജു എബ്രഹാം
46. ശ്രീ. മുല്ലക്കര രത്നാകരൻ
47. പ്രൊഫ. സി. രവീന്ദ്രനാഥ്
48. ശ്രീ. സി. കെ. സദാശിവൻ
49. ശ്രീ. സാജു പോൾ
50. ശ്രീമതി കെ. എസ്. സലീഖ
51. ശ്രീ. എസ്. ശർമ്മ
52. ശ്രീ. വി. ശശി
53. ശ്രീ. എ. കെ. ശശീന്ദ്രൻ
54. ശ്രീ. ബി. സത്യൻ
55. ശ്രീ. വി. ശിവൻകുട്ടി
56. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
57. ശ്രീ. ജി. സുധാകരൻ
58. ശ്രീ. വി. എസ്. സുനിൽകുമാർ
59. ശ്രീ. കെ. സുരേഷ് കുറുപ്പ്
60. ശ്രീ. പി. തിലോത്തമൻ
61. ശ്രീ. തോമസ് ചാണ്ടി
62. ഡോ. ടി. എം. തോമസ് ഐസക്
63. ശ്രീ. ഇ. കെ. വിജയൻ
64. ശ്രീ. കെ. വി. വിജയദാസ്

അനുകൂലിക്കുന്നവർ: 72

പ്രതികൂലിക്കുന്നവർ: 64

നിക്ഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ XXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.......................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................
പ്രതികൂലിക്കുന്നവർ...................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 72

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്
12. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്

40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. ടി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി സതീശൻ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷാഫി പറമ്പിൽ
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ: 64

1. ശ്രീ. കെ. □വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ

25. ശ്രീ. ഇ. പി. ജയരാജൻ
26. ശ്രീ. ജോസ് തെറ്റയിൽ
27. ശ്രീ. എളമരം കരീം
28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
30. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
31. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
32. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
33. ശ്രീമതി കെ. കെ. ലതിക
34. ശ്രീ. മാത്യു റ്റി. തോമസ്
35. ശ്രീ. സി. കെ. നാണു
36. ശ്രീ. കെ. കെ. നാരായണൻ
37. ശ്രീ. എ. പ്രദീപ്കുമാർ
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. കെ. രാധാകൃഷ്ണൻ
40. ശ്രീ. പി. റ്റി. എ. റഹീം
41. ശ്രീ. എസ്. രാജേന്ദ്രൻ
42. ശ്രീ. ആർ. രാജേഷ്
43. ശ്രീ. റ്റി. വി. രാജേഷ്
44. ശ്രീ. കെ. രാജു
45. ശ്രീ. രാജു എബ്രഹാം
46. ശ്രീ. മുല്ലക്കര രത്നാകരൻ
47. പ്രൊഫ. സി. രവീന്ദ്രനാഥ്
48. ശ്രീ. സി. കെ. സദാശിവൻ
49. ശ്രീ. സാജു പോൾ
50. ശ്രീമതി കെ. എസ്. സലീഖ
51. ശ്രീ. എസ്. ശർമ്മ
52. ശ്രീ. വി. ശശി
53. ശ്രീ. എ. കെ. ശശീന്ദ്രൻ
54. ശ്രീ. ബി. സത്യൻ

55. ശ്രീ. വി. ശിവൻകുട്ടി
56. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
57. ശ്രീ. ജി. സുധാകരൻ
58. ശ്രീ. വി. എസ്. സുനിൽകുമാർ
59. ശ്രീ. കെ. സുരേഷ് കുറുപ്പ്
60. ശ്രീ. പി. തിലോത്തമൻ
61. ശ്രീ. തോമസ് ചാണ്ടി
62. ഡോ. ടി. എം. തോമസ് ഐസക്
63. ശ്രീ. ഇ. കെ. വിജയൻ
64. ശ്രീ. കെ. വി. വിജയദാസ്

അനുകൂലിക്കുന്നവർ: 72

പ്രതികൂലിക്കുന്നവർ: 64

നിക്ഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂൺ മാസം 19-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.30-ന് പിരിഞ്ഞു.)

...................